# എഴുപത് വസന്തങ്ങൾ

**Prof. GEORGE MENACHERY**

70



A LEGENDARY TRAVELLING

# എഴുപത് വസന്തങ്ങൾ

**EZHUPATHU VASANTHANGAL**
Souvenir of the
SAPTHATHI OF Chev. Prof. GEORGE MENACHERY

Released on 6 April 2008

*Printed at :*
MMB Offset Printers, Mariapuram 680 014

*Type setting:*
K. O. Francis, Thiroor.

*Layout:*
Smriti, Trichur

*Published by:*
The Sapthathi Samithi

*Price :*
Rs. 100

*Editor :*
Prof. A. M. Francis
(Principal, St. Thomas' College Trichur)

*Associate Editor:*
Rev. Bro. Louis Manjaly MMB
(Editor, Maryvijayam Magazine)



# CONTENTS


1. Editorial – Prof. A.M. Francis - 5
2. Cardinal Vithayathil - 9
3. Mar Powathil - 10
4. Mar Thazhath - 11
5. Mar Aprem - 14
6. Mar Pazhayattil - 17
7. Mar Chittilappilly - 18
8. Mar Pastor Neelankavil - 22
9. Fr. Albert Nambiaparampil - 24
10. Fr. Manikkathan CMI - 26
11. Sadhu Ittiyavirah - 28
12. Dr. J. Vellian - 30
13. Dr. Puthezhath Ramachandran - 32
14. Fr. Selvister Ponnumuthan - 34
15. Dr. Jose Thachil - 36
16. Sr. Cleopatra - 38
17. Fr. Francis Thonippara - 39
18. Fr. J. Thachil - 41
19. Dalithabandhu N.K. Jose - 44
20. Fr. Isaac Alappatt - 46
21. Dr. N.J. Francis - 48

22 Dr. A.M. Mundadan - 54

23 Prof. V.A. Varghese - 57

24. Dr. K.K. Rahulan - 60
25. Velayudhan Panikkassery - 64
26. Joseph Munjely - 66
27. Dr. Tholoor Sasidharan - 69
28. Cherian Kunianthodath - 73
29. Dr. K.M. Tome - 75
30. Dr. George Irumpayam - 78
31. Babu Velappaya - 80
32. Varghese Angamaly - 82
33. C.K. Girijakumar - 85
34. Fr. George Edakkalathur - 89
35. Mathew Madukkakuzhy - 91
36. Tom Jose Angamaly - 94
37. Jose Chittilappilly - 96
38. George Emmatty - 98
39. Baby Mookken - 100
40. Dominic Akkara - 102
41. Fr. Mundassery - 105
42. Fr. Paul Pulikken - 110
43. Henry Brownrigg, London - 112
44. Fr. Joseph Thondiparambil - 113
45. Mathew Plathottam - 115
46. Sr. Franco - 117
47. Bro. Louis Manjaly - 118
48. Dr. E. J. Thomas - 124
49. Sr. Osburga CMC - 126
50. Dr. E.J. James - 129
51. Fr. Jacob Areanatt - 134
52. V.G. Varghese - 135
53. Basil Davis U.S.A. - 138
54. John Kachiramattom - 139
55. Thanks - 145



# എഡിറ്റോറിയൽ

ചരിത്രകാരൻ, പണ്ഡിതൻ, കലാസാംസ്കാരിക പ്രവർത്തകൻ എന്നീ വ്യത്യസ്ത റോളുകളിൽ കാലത്തിന്റെ കുതിപ്പുകൾക്കിടയിലും കിതയ്ക്കാത്ത ഒരു വ്യക്തിപ്രഭയുടെ സ്ഫുരണമായി നിലകൊള്ളുകയാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരി. ഏതാണ്ടു അരനൂറ്റാണ്ടുകാലം കേരളത്തിന്റെ പൊതുവേയും തൃശൂരിന്റെ പ്രത്യേകിച്ചും സാംസ്കാരിക മണ്ഡലത്തിലും പണ്ഡിത സദസ്സുകളിലും ക്രൈസ്തവ സഭയിലും ഇതര പ്രവർത്തനമേഖലകളിലും നിറഞ്ഞു നിന്ന ഒരു വ്യക്തിത്വമാണ് പ്രൊഫ. മേനാച്ചേരി. ചർച്ച് ഹിസ്റ്ററി അസോസിയേഷൻ ഓഫ് ഇന്ത്യ, ചെന്നൈയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏഷ്യൻ സ്റ്റഡീസ്, കേരള സ്റ്റേറ്റ് ആർക്കിയോളജി ബോർഡ്, സാഹിത്യ അക്കാദമി, കോഴിക്കോട് സർവ്വകലാശാല സെനറ്റ്, ബോർഡ് ഓഫ് സ്റ്റഡീസ്, ക്രിസ്ത്യൻ പഠന ചെയർ, തൃശൂർ അതിരൂപത അത്മായ നേതൃത്വ പരിശീലനകേന്ദ്രം, കേരള ഹിസ്റ്ററി അസോസിയേഷൻ, കേരള ചരിത്ര ഗവേഷണ സമിതി – ഇവയെല്ലാം അദ്ദേഹത്തിന്റെ പ്രവർത്തനമണ്ഡലങ്ങളിൽ ചിലതുമാത്രം. ക്രൈസ്തവ സഭയുമായി ബന്ധപ്പെട്ട കേരളത്തിലെ ആദ്യത്തെ മ്യൂസിയം നിർമ്മിതിയും ക്രൈസ്തവ കലകളുടെ പ്രോത്സാഹനവും പ്രത്യേകം സ്മരിക്കേണ്ടതാണ്. പല സ്ഥാപനങ്ങളുടെ രൂപീകരണത്തിനും പിന്നീട് അവയെല്ലാം വലിയ പ്രസ്ഥാനങ്ങളാക്കി മാറ്റാനും പ്രൊഫ.



*പ്രൊഫ. എ. എം.ഫ്രാൻസീസ്*

മേനാച്ചേരിക്കു കഴിഞ്ഞിട്ടുണ്ട്. പ്രൊഫ. മേനാച്ചേരിയുടെ സപ്തതിയുടെ ഭാഗമായി അദ്ദേഹത്തിന്റെ ഓർമ്മ അനശ്വരമാക്കുകയാണ് ഈ സ്മരണികയുടെ ലക്ഷ്യം. മേനാച്ചേരിസാറിന്റെ ബഹുമുഖ പ്രതിഭയുടെ അല്പം ചില അംശമെങ്കിലും ഇതിലൂടെ പുറത്തുകൊണ്ടുവരാൻ സഹായിക്കും എന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

തൃശൂർ സെന്റ്. തോമസ് കോളേജിൽ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച പ്രൊഫ. മേനാച്ചേരി ഇന്നു അറിയപ്പെടുന്നതു ഒരു പ്രശസ്ത സഭാചരിത്രകാരൻ എന്ന നിലയിലാണ്. അദ്ദേഹം എഡിറ്റ് ചെയ്ത "ക്രിസ്ത്യൻ എൻസൈക്ലോപീഡിയ" മാത്രം മതി ആ പ്രതിഭയുടെ മാറ്റു വിളിച്ചറിയിക്കാൻ. അദ്ദേഹത്തിന്റെ സഭയോടുള്ള നിസ്സീമമായ സേവനങ്ങളെ മുൻനിർത്തി ഈ അടുത്ത കാലത്തു അദ്ദേഹത്തെ സഭയുടെ യോദ്ധാവ് (ഷെവലിയർ) എന്ന പട്ടം നൽകി മാർപാപ്പ ആദരിച്ചു.

പ്രൊഫ. മേനാച്ചേരിയുടെ ഒരു വർഷം നീണ്ടുനിന്ന സപ്തതിയുടെ പര്യവസാനമായിട്ടാണ് ഈ സ്മരണിക പുറത്തിറങ്ങുന്നത്. ഇക്കഴിഞ്ഞ ഒരു വർഷം മുഴുവനും വൈവിധ്യമാർന്ന പരിപാടികൾ കൊണ്ടു നിറഞ്ഞുനിന്നതായിരുന്നു സപ്തതിയാഘോഷം. യുവതയെ പത്രപ്രവർത്തനത്തിലേക്കും സാഹിത്യാഭിരുചിയിലേക്കും നയിക്കുന്ന പത്രപ്രവർത്തന ശില്പശാല, ചിത്രരചനാ വൈഭവം പുറത്തെടുക്കാൻ സഹായിക്കുന്ന ചിത്രകലാ ശില്പശാല, ചരിത്രവും സംസ്കാരവും ഊട്ടിയുണർത്തുന്നതിന് ചരിത്രസെമിനാറും പ്രദർശനവും, സംഗീതത്തിന്റെ സർഗ്ഗാത്മകത വെളിപ്പെടുത്തുന്ന സംഗീതത്തെകുറിച്ചുള്ള സെമിനാർ – അവയിൽ ചില തുമാത്രം. വൈവിധ്യം കൊണ്ടും സംഘാടകമികവുകൊണ്ടും മികച്ചുനിന്ന ഒരു സപ്തതിയാഘോഷം.

ഈ സ്മരണിക ഓർമ്മകളുടെ ഒരു ചികഞ്ഞെടുക്കലാണ്. പ്രൊഫ. മേനാച്ചേരി എന്ന വാഗ്മിയും ചരിത്രകാരനുമായ ബഹുമുഖ പ്രതിഭയെ തികച്ചും വ്യത്യസ്തമായ രീതിയിൽ കാണുവാനും മനസ്സിലാക്കുവാനും ഈ പ്രതിഭയെ ഭാവിതലമുറയ്ക്ക് പരിചയപ്പെടുത്താനും ഉപകരിക്കുന്നതാണ് ഈ സ്മരണിക – തീർച്ചയായും ചരിത്രത്തിലും കലയിലും സാംസ്കാരിക മേഖലയിലും ഒരദ്ധ്യാപകൻ എന്ന നിലയിലും അദ്ദേഹത്തിന്റെ സംഭാവനകളെ നിസ്സാരമായി കാണുവാൻ സാധിക്കില്ല. ഇവയെല്ലാം ഓർമ്മയുടെ ചെപ്പേടിൽനിന്നും പുറത്തുകൊണ്ടുവരുവാനാണ് ഈ സ്മരണികയിലെ ഓരോ ലേഖനങ്ങളും ശ്രമിക്കുന്നത്. വെറും കുറെ ലേഖനങ്ങളിലൂടെ പ്രൊഫ. മേനാച്ചേരിയുടെ സംഭവബഹുലമായ ജീവിതം സംക്ഷേപിക്കുക എന്നതു ശ്രമകരമാണ്. എന്നിരുന്നാലും കേര

ളത്തെ കുറിച്ചും, ക്രൈസ്തവ സഭയെകുറിച്ചും, പ്രത്യേകിച്ചും തൃശൂർ ഒരു സാംസ്കാരിക തലസ്ഥാനമാക്കുന്നതിനും ഇനിയും വളരെയധികം സ്വപ്നങ്ങൾ താലോലിക്കുന്ന പ്രൊഫ. മേനാച്ചേരിയുടെ സപ്തതി യുടെ ഒരു എളിയ ഉപഹാരമായിട്ടുമാത്രം ഈ സ്മരണികയെ കണ്ടാൽ മതി.

ഈ സ്മരണിക യാഥാർത്ഥ്യമാക്കാൻ ഇതിന്റെ പിന്നിൽ പ്രവർത്തിച്ച അനേകം വ്യക്തികളുണ്ട്. അവരെയെല്ലാം ഈ അവസ രത്തിൽ പ്രത്യേകം അനുസ്മരിക്കുന്നു, പ്രത്യകിച്ചും ഈ സ്മരണിക യുടെ സഹ എഡിറ്റർ ആയി പ്രവർത്തിച്ച റവ. ബ്ര. ലൂയിസ് മഞ്ഞ ളിയെയും, ലേഖനങ്ങൾ എഴുതി തന്നവരെയും നന്ദിയോടെ ഓർക്കു ന്നു. ഈ സ്മരണികയുടെ കവർചിത്രം ഡിസൈൻ ചെയ്ത അൽ ജസീറയിലെ ബിജുവിനോടും പുസ്തകം ഡിസൈൻ ചെയ്ത സ്മൃതിയിലെ ഡേവിഡിനോടും എല്ലാത്തിനുമുപരിയായി കൃത്യസമ യത്തു തന്നെ മനോഹരമായി അച്ചടിച്ചു സഹായിച്ച മരിയാപുരം യൂണിയൻ പ്രസ്സ് പ്രവർത്തകരോടും പ്രത്യേകം നന്ദി പറയുന്നു.

**പ്രൊഫ. എ. എം. ഫ്രാൻസീസ്**

എഡിറ്റർ.

# സപ്തതി സമിതി

(എക്സിക്യൂട്ടീവ്)

ഡോ. പ്രൊഫ. പി.വി. കൃഷ്ണൻ നായർ
*ചെയർമാൻ*

പ്രൊഫ. എ. എം. ഫ്രാൻസീസ്
പ്രിൻസിപ്പാൾ, സെന്റ് തോമസ് കോളേജ്, തൃശൂർ
*വൈസ് ചെയർമാൻ*

പ്രൊഫ. വി.പി. ജോൺസ്
*വർക്കിങ്ങ് ചെയർമാൻ*

പ്രൊഫ. വി.എ. വർഗീസ്
*ജെനറൽ കൺവീനർ*

പ്രൊഫ. കെ.സി. ജയിംസ്
*ജോ. ജെനറൽ കൺവീനർ*

ശ്രീ. ബേബി മൂക്കൻ
*ജോ. ജെനറൽ കൺവീനർ*

ശ്രീ ഡേവീസ് കണ്ണംമ്പുഴ
*ട്രഷറർ*



**കർദ്ദിനാൾ വർക്കി വിതയത്തിൽ**
*സീറോമലബാർ സഭയുടെ ശ്രേഷ്ഠമെത്രാപ്പോലീത്ത*

Message

കഴിഞ്ഞ അഞ്ചു ദശകങ്ങളിലെ ബഹുമുഖപ്രവർത്തനങ്ങളാൽ കേരളത്തിലും ഭാരതത്തിലും മാത്രമല്ല, അന്തർദ്ദേശീയ തലത്തിലും അറിയപ്പെടുന്ന ഒരു സഭാസ്നേഹിയും ചരിത്രാന്വേഷിയും കലാസ്വാദകനുമാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരി. കേരളസഭയുടെയും ഭാരതസഭയുടെയും തനിമയും പാരമ്പര്യവും പണ്ഡിതസമക്ഷം അവതരിപ്പിച്ച് പ്രശംസ നേടിയിട്ടുള്ള മഹൽവ്യക്തിയാണ് അദ്ദേഹം. സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ ഓഫ് ഇന്ത്യ, ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്സ്, ദി നസ്രാണീസ്, തോമാപീഡിയ തുടങ്ങിയ ഗ്രന്ഥങ്ങളിലൂടെ ഭാരതക്രൈസ്തവസമൂഹത്തിന്റെ പ്രൗഢിയും മഹത്വവും ലോകത്തിനു ബോധ്യപ്പെടുത്തിക്കൊടുക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തെക്കുറിച്ചു പറയുമ്പോൾ, ഒരു വിദഗ്ധസംഘത്തിന് ഏറെക്കാലം കൊണ്ട് ക്ലേശിച്ചുമാത്രം നിർവ്വഹിക്കാവുന്ന ബൃഹത്തായ ബൗദ്ധികസേവനം ഏകനായി ഹ്രസ്വകാലം കൊണ്ട് നിറവേറ്റി എന്നു പറയുന്നത് വളരെ ശരിയായിരിക്കും. ഇതിന് അദ്ദേഹത്തിന് പ്രചോദനമായത് അടങ്ങാത്ത സഭാസ്നേഹവും നമ്മുടെ പാരമ്പര്യങ്ങളിലും ചരിത്രപരമായ പൗരാണികതയിലും ഉള്ള ആഴമേറിയ അഭിമാനവുമാണ്.

സപ്തതിയുടെ നിറവിൽ എത്തിയിരിക്കുന്ന പ്രൊഫ. ജോർജ്ജ് മേനാച്ചേരിക്ക് എന്റെ ഹൃദയം നിറഞ്ഞ പ്രാർത്ഥനാശംസകൾ നേരുന്നു. എഴുപതു വർഷക്കാലംകൊണ്ട് ചെയ്തുതീർത്ത മഹത്തായ സംരംഭങ്ങളേക്കാൾ പതിന്മടങ്ങ് മഹത്വമേറിയ സേവനങ്ങൾ കാഴ്ചവെക്കാൻ അദ്ദേഹത്തിന് ഇനിയും സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. സപ്തതി ആഘോഷങ്ങൾക്ക് എല്ലാ വിജയങ്ങളും നേരുന്നു.

Message



**ആർച്ച്ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ**

# സപ്തതിയുടെ സംതൃപ്തി

പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുമായി എനിക്ക് ഏറെ അടുത്തു പരിചയമുണ്ടെന്നു പറയാനാവില്ല. സമ്മേളനങ്ങളിലും പൊതുവേദികളിലുമായാണ് ഞങ്ങൾ കണ്ടുമുട്ടിയിട്ടുള്ളത്. ചുരുക്കം ചില സന്ദർഭങ്ങളിൽ അടുത്തിരുന്നു സംസാരിക്കാൻ അവസരം കിട്ടിയിട്ടുമുണ്ട്.

ഒരു ദൗത്യബോധമുള്ള വ്യക്തിയായിട്ടാണ് എനിക്ക് അദ്ദേഹത്തെ കാണാൻ കഴിയുക. ബൗദ്ധികരംഗത്തുള്ള പ്രേഷിതപ്രവർത്തനത്തിൽ അദ്ദേഹം ഏറെ പ്രാധാന്യം നൽകിയിട്ടുണ്ട്. പ്രത്യേകിച്ചും ചരിത്രരംഗത്തിനാണ് അദ്ദേഹം ഏറെ ഊന്നൽ നൽകിയിട്ടുള്ളത്. ഇവിടെയാണല്ലോ കേരളീയരുടെ പരാധീനതയും. പക്ഷേ നമ്മുടെ ആത്മവിശ്വാസം വളർത്തുന്നതിന് ശരിയായ ചരിത്രാവബോധം കൂടിയേ തീരൂ. പല ചരിത്രരേഖകൾ കണ്ടെത്താനും അവയെ അടിസ്ഥാനമാക്കി ഗ്രന്ഥങ്ങൾ രചിച്ച് പൊതുജനത്തെ പ്രബുദ്ധമാക്കാനും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്.

മാർത്തോമ്മാ ക്രിസ്ത്യാനികളെക്കുറിച്ചു ഒരു വിജ്ഞാനകോശം രൂപപ്പെടുത്തുക എന്നത് ഏറെ ശ്രമകരമായ പരിശ്രമമാണെന്ന് നമുക്കറിയാം. എങ്കിലും അങ്ങനെയൊരു പരിശ്രമത്തിനു ആദ്യമായി മുതിർന്നത് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയാണ്. ഇത് തീർച്ചയായും മാർത്തോമാ ക്രിസ്ത്യാനികൾക്കു വലിയൊരു മുതൽകൂട്ടാണ്. സമഗ്രമായ രീതിയിൽ മാർത്തോമ്മാ ക്രിസ്ത്യാനികളെ മനസ്സിലാക്കാൻ ഈ ഗ്രന്ഥം ഏറെ സഹായകമാകും. ഇങ്ങനെയൊരു ഗ്രന്ഥം പുതിയ തലമുറയ്ക്ക് വലിയൊരു അനുഗ്രഹമാണ്.

സമൂഹത്തിനുവേണ്ടി പലതും ചെയ്തു എന്ന ചാരിതാർത്ഥ്യത്തോടെ പ്രൊഫ. ജോർജ്ജ് മേനാച്ചേരിയ്ക്ക് സപ്തതി ആഘോഷിക്കാൻ കഴിയും. ഈയവസരത്തിൽ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ ചേർന്ന് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നത് തികച്ചും സമുചിതമാണ്. ഈ ഗ്രന്ഥം അനേകർക്ക് പ്രചോദനമാകുമെന്നു കരുതുന്നു.

സപ്തതി ആഘോഷിക്കുന്ന പ്രൊഫ. ജോർജ്ജ് മേനാച്ചേരിക്ക് ആശംസകൾ. സമൂഹത്തിൽ കൂടുതൽ സംഭാവനകൾ ഇനിയും നൽകാൻ ദൈവം അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ. സ്മരണികയുടെ പ്രസാധകർക്കും അഭിനന്ദനങ്ങൾ.

Message



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

# തൃശൂർ അതിരൂപതയും പ്രൊഫ. ജോർജ്ജ് മേനാച്ചേരിയും

സീറോ – മലബാർ സഭയുടെ ഉത്തമപുത്രനായ പ്രൊഫ. ജോർജ്ജ് മേനാച്ചേരിക്ക് ഈയ്യിടെ ബനഡിക്റ്റ് 16–ാമൻ മാർപ്പാപ്പയിൽനിന്ന് ഷെവലിയർ സ്ഥാനം ലഭിച്ചതിൽ ഹാർദ്ദമായ അഭിനന്ദനങ്ങൾ നേരുന്നു.

പൗരാണികവും ഉന്നത ക്രൈസ്തവ പാരമ്പര്യമുള്ളതുമായ ഒല്ലൂർ എരിഞ്ഞേരി മേനാച്ചേരി കുടുംബത്തിൽ പിറന്ന അദ്ദേഹം സഭാതലത്തിലും ചരിത്ര–സാമൂഹ്യ–സാംസ്ക്കാരിക–പുരാവസ്തു–ഗവേഷണരംഗങ്ങളിലും വളരെ വൈദഗ്ധ്യവും അനുഭവ സമ്പത്തുമുള്ള വ്യക്തിയാണ്. സെന്റ് തോമസ് കോളെജിൽ ഞാൻ വിദ്യാർത്ഥിയായിരിക്കമ്പോൾ മുതൽ എനിക്ക് അദ്ദേഹത്തെ പരിചയമുണ്ട്. റോമിൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ സ്ഥാനാരോഹണവേളയിൽ കേരളത്തിലെ ഒരു പത്രത്തിന്റെ പ്രതിനിധിയായി അദ്ദേഹം പങ്കെടുത്തപ്പോഴും എനിക്ക് അദ്ദേഹവുമായി ബന്ധപ്പെടുവാൻ സാധിച്ചു. അദ്ദേഹത്തിന്റെ സഭാവിജ്ഞാനിയത്തെപ്പറ്റിയുള്ള അറിവു കൂടുതൽ മനസ്സിലാക്കാൻ കഴിഞ്ഞത് അപ്പോഴായിരുന്നു.

1983–ൽ തൃശൂർ മൈനർ സെമിനാരിയിൽ ഞാൻ പ്രീഫെക്ടായും ബിഷപ്പ്സ് ഹൗസിൽ സെക്രട്ടറിയായും സേവനമനുഷ്ഠിക്കുമ്പോൾ അദ്ദേഹവുമായി കൂടുതൽ അടുത്തിടപഴകാൻ സാധിച്ചു. തൃശൂർ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗമെന്ന നിലയിലും ചരിത്ര പണ്ഡിതനെന്ന നിലയിലും അദ്ദേഹം രൂപതാപ്രവർത്തനങ്ങളുടെ മുന്നണിയിലാണ് നിലകൊണ്ടിരുന്നത്.

1978–ലെ നവീകരണവർഷത്തിലും 1983–ലെ വിശ്വാസപ്രഖ്യാപന റാലിയിലും 1986 ലെ മാർപ്പാപ്പാ സന്ദർശന വേദിയിലും അദ്ദേഹം സാംസ്ക്കാരിക പൈതൃക ടാബ്ളോകൾ അവതരിപ്പിച്ച് ആ പരിപാടികളെ കൂടുതൽ

മികവുറ്റതാക്കി. തൃശൂർ ലൂർദ്ദ് കത്തീഡ്രൽ പള്ളിയോടനുബന്ധിച്ച് ചരിത്ര മ്യൂസിയം ആരംഭിച്ചതിനും പള്ളിക്കലകളുടെ ഫോട്ടോകളും പുരാതനമായ മറ്റു പടങ്ങളും മെത്രാസന മന്ദിരത്തിൽ സ്ഥാപിച്ച് കൂടുതൽ ശ്രദ്ധേയ മാക്കിത്തീർത്തതിനും അദ്ദേഹത്തോട് നമ്മൾ കടപ്പെട്ടിരിക്കുന്നു.

സെന്റ് തോമസ് എൻസൈക്ലോപീഡിയാ ഓഫ് ഇന്ത്യയും മറ്റു പ്രാമാണിക ഗ്രന്ഥങ്ങളും രചിച്ചതിലും പള്ളിക്കലകളും ചരിത്രവും സംസ്ക്കാരിക വുമായുള്ള വിഷയങ്ങളിലുമുള്ള അദ്ദേഹത്തിന്റെ അഗാധ പാണ്ഡിത്യവും സാംസ്ക്കാരിക പൈതൃകങ്ങൾ വരുംതലമുറയ്ക്കുവേണ്ടി കരുതിവയ്ക്കാനുള്ള അദ്ദേഹത്തിന്റെ തീക്ഷ്ണത വ്യക്തമാക്കുന്നു. സ്വന്തം പോക്കറ്റിൽനിന്നുപോലും പണം ചെലവാക്കി സഭയ്ക്കുവേണ്ടി പ്രയത്നിക്കാനുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥതയും നിസ്വാർത്ഥതയും അംഗീകരിക്കാതെ നിവൃത്തിയില്ല.

ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ തൃശൂർ സന്ദർശനവേളയിൽ (1986) മേനാച്ചേരി സാറുമായി കുടുതൽ അടുത്തു പ്രവർത്തിക്കാൻ എനിക്കു സാധിച്ചു. സോവനീർ കമ്മിറ്റിയിൽ ഞങ്ങളിരുവരും അംഗങ്ങളായിരുന്നു. സോവനീർ അതിമനോഹരമായി പ്രസിദ്ധീകരിക്കാൻ പ്രധാനകാരണം പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ ആത്മാർത്ഥമായ കഠിനാദ്ധ്വാനമാണ്.

**രൂപതയ്ക്ക് ചെയ്ത സേവനങ്ങൾ**

മുപ്പതു വർഷമായി പ്രൊഫ. ജോർജ്ജ് മേനാച്ചേരി തൃശൂർ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗമായി പ്രവർത്തിച്ചുവരുന്നു. അതിരൂപതയുടെ ചരിത്ര–സാംസ്ക്കാരിക സമിതിയിൽ അദ്ദേഹം സ്ഥിരാംഗമാണ്. സഭാപ്രവർത്തനങ്ങൾക്ക് ഏറ്റവും നൂതനവും പണ്ഡിതോചിതവും പ്രായോഗികവുമായ ആശയങ്ങൾ നൽകിയിട്ടുള്ള വ്യക്തിയാണ് അദ്ദേഹം.

തൃശൂരിലെ അൽമായ നേതൃത്വ പരിശീലനകേന്ദ്രത്തിൽ എക്കാലവും മുൻനിരയിൽ നിന്നു പ്രവർത്തിച്ചുവരുന്ന സാരഥിയാണ് അദ്ദേഹം. തൃശൂർ അതിരൂപതയുടെ സാംസ്ക്കാരിക വിഭാഗമായ കലാസദന്റെ സ്ഥാപനത്തിലും വളർച്ചയിലും അംഗമെന്ന നിലയിലും പ്രസിഡണ്ട് എന്ന നിലയിലും അദ്ദേഹത്തിന്റെ പങ്ക് നിസ്തുലമാണ്. പത്തു വർഷം അദ്ദേഹം കലാസദന്റെ പ്രസിഡണ്ടായിരുന്നു.

സീറോ–മലബാർ സഭയുടെ സാംസ്ക്കാരികപൈതൃകം കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി ഏറ്റവും അധികം പരിശ്രമിച്ചിട്ടുള്ള അല്മായനേതാവാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരി. സീറോ–മലബാർ ലിറ്റർജിക്കൽ സെന്ററിനോടു ചേർന്ന്, മൗണ്ട് സെന്റ് തോമസിൽ ക്രിസ്ത്യൻ മ്യൂസിയവും പാലയൂരിൽ ക്രിസ്ത്യൻ മ്യൂസിയവും രുപപ്പെടുത്തിയതിന്റെ പ്രധാനശില്പി ജോർജ്ജ് മാഷാണ്.


പല ദൈവാലയങ്ങളിലെയും പുരാതനകലാരൂപങ്ങൾ കാത്തുസൂക്ഷിക്കു

ന്നതിനും പുതിയ പള്ളിക്കലകൾ രൂപീകരിക്കുന്നതിനും മാസ്റ്റർ എന്നും ദത്ത ശ്രദ്ധനായിരുന്നു. മാർത്തോമാ ക്രിസ്ത്യാനികളുടെ ചരിത്രത്തെകുറിച്ച് പഠനം നടത്തുന്ന ആധുനിക ഗവേഷകരിൽ മുൻപന്തിയിൽ നിൽക്കുന്ന ആളാണ് അദ്ദേഹം. പല കാലങ്ങളിലും ദേശങ്ങളിലും പലവിധ വേദികളിലും അദ്ദേഹം അവതരിപ്പിച്ചിട്ടുള്ള പ്രബന്ധങ്ങൾ നിരവധിയാണ്. പല സെമിനാരികളിലും അദ്ദേഹം പള്ളിക്കലകളെകുറിച്ചും സാംസ്ക്കാരിക പൈതൃകത്തെക്കുറിച്ചും അനേകവർഷങ്ങളായി പഠിപ്പിച്ചുകൊണ്ടിരിക്കുന്നു.

പുറംരാജ്യങ്ങളിൽ സീറോ മലബാർ സഭയുടെ സാംസ്ക്കാരിക അംബാസിഡർ എന്ന് മാസ്റ്ററെ ന്യായമായും വിശേഷിപ്പിക്കാവുന്നതാണ്. ഇപ്പോൾ വത്തിക്കാനിൽനിന്ന് നൽകപ്പെട്ടിരിക്കുന്ന ഷെവലിയർ പദവി മാസ്റ്റർക്ക് അംഗീകാരവും പ്രോത്സാഹനവും ഇത്തരം രംഗങ്ങളിൽ പ്രവർത്തിക്കുന്ന അൽമായർക്ക് ഉത്തേജനവും ആയിത്തീരട്ടെ എന്നു ആശംസിക്കുന്നു.

■

# Message



Metropolitan Mar Aprem

**Chevalier George Menachery** has received an honour he deserved well from his Church in his 70th year. He dedicated his life for research and publishing facts about the history of Christianity in India, He was also known abroad for his many achievements in the field of his choice.

He was not a professor of history. He was professor of English language and literature. It is a rare privilege to be the head of the Department of English in the St.Thomas' College, Trichur, where several eminent professors had taught. When I was a student at St.Thomas' College in Trichur for the intermediate course during 1955 – 57. Fr. Mampilly was the head of the Department of English. Vengusamy, N.K. Seshan, C.J.Andrews were lecturers and N.D. George, Edmund Peters and others were tutors. George Menachery, two years older than I am, was studying in Trichinopoly. He came to teach at St.Thomas College after I had left Trichur.

Only after I became a Metropolitan in Baghdad in September 1968 and took charge in Trichur, I got acquainted with George Menachery. Our common interest in the field of Church History brought us closer instantly. He came to the United Theological College, Bangalore when I was writing my dissertation for the Doctor of Theology degree of the Senate of Serampore College. He requested me to write a chapter on my Church of the East in India, locally known as Chaldean Syrian Church. I was not an author. But the summary of my Master of Theology thesis had been published in Bangalore Theological Forum in 1967 and that had attracted the attention of the church historians in India and abroad. Recently I was delighted to note a Prof. Samuel H.Moffett in his monumental volume **History of Christianity in Asia, Volume I Beginnings to 1500**, Theological Publications of India; Bangalore 2006 (Published in America in 1996) had

included my article in his Bibliography.

I am surprised by the stamina and dedication with which George Menachery pursued his career as a Church historian. His interest in speaking and writing on various aspects of the Church past and present made him an ideal for many young aspiring writers and scholars. The fact that a team of scholars are enthusiastically arranging to celebrate the occasion of his 70th birthday in a memorable way, is an example for youngsters.

The conferring of the rare title of the 'Chevalier' on George Menachery was a happy surprise to some of his friends. But to me it was a title well deserved by Professor George Menachery. It was an honour long overdue. I myself had often said publicly that Prof. George Menachery should be made a Chevalier. When I was a student at St. Thomas' College, a very short fellow Prof. Joseph Pettah was a Chevalier. Another Church historian.V.C.George, a headmaster in Kuruvilangad (Grand father of Dr.V A. Joseph, Chairman of South Indian Bank) was a Chevalier known to me and to my senior colleagues.

While publishing the St.Thomas Encyclopedia traveling the length and breadth of our country he met the writers personally. He visited the sites of the ancient churches. He has a collection of photographs enough to write several doctoral dissertations. He must have had a lot of extra energy to publish the St.Thomas Encyclopedia, Thomapaedia etc. He created websites before many churches or theological colleges attempted to do. People around the globe knew him through his websites and personal contacts.

His work was not a leisurely work. It was hard work. He had to take leave from his College teaching to live in Madras to correct the proof sheets for his Encyclopedia. To find money was another difficult task. There is no guarantee that he will get back the borrowed money after all these books are sold. He made available many of his books in all the seminars, National or international and sold them in order to recover the money he spent for printing these books. There were no publishing houses behind him. There were no rich people to advance money to him to publish his books. Many in the writing and publishing field realize the difficulty of getting back the money one advances for printing a book. I mention it because there is a wrong notion that by writing books one can become rich quickly.

Prof. George Menachery is now the Vice - President of the Church History Association of India known as CHAI, (There is a second organization by the name CHAI, *viz* . The Catholic Hospital Association of India). Most of the members of the Church History Association of India are clergymen, Professors of Church History in Catholic, Orthodox or


Protestant seminaries. As a Vice President he is doing much for that organization more than what I had done when I was President of CHAI for two terms (1976 to 79 and 1979 to 1982). In 1979 when I was re-elected the President in the conference at Calcutta, George Menachery was with me along with his brother James Menachery, an engineer by profession. That was the time we went to see the institutions of Mother Teresa. Since the Nobel Prize for Peace was announced for Mother Teresa, there was a large queue of people to visit the Mother. So we returned without seeing the Mother. Of course I got an opportunity to see her when she visited Trichur later.

Morer than two decades ago when the Church History Association of India held its triennial conference in the Pontifical Seminary in Alwaye, myself and George Menachery were asked to be the organizers. As I was a former President, I could not decline the invitation. Myself and Menachery went to Trivandrum by train and invited the Governor in the Raj Bhavan and reached back Trichur the same day. With the help of Fr.Mathias Mundadan, we were able to get Cardinal Parecattil to preside over the session when the Governor P.Ramachandran inaugurated the conference.

An international Seminar on Indian Christianity was held in New York recently. Menachery and myself travelled together and read papers there. Then the second conference was held in Madras in January 2007. In addition to two the of us many scholars were present from Kerala. The reason for such a strong delegation from Kerala was none other than the efforts of George Menachery. Now he is persuading me and many others to participate in the 3$^{rd}$ conference to be held in Jordan, in September 2008.

I wonder how many conferences he has attended. How many publications he had his articles in. Can he recall the titles of his own articles? He had written the foreword to one of my books. I doubt very much whether he will be able to tell the number of organizations he is an office bearer of.

■




**ബിഷപ്പ് ജെയിംസ് പഴയാറ്റിൽ**

## അനുഗ്രഹാശിസ്സുകൾ

പ്രൊഫസർ ജോർജ്ജ് മേനാച്ചേരി തൃശൂർ സെന്റ് തോമസ് കോളെജിൽ എന്റെ അദ്ധ്യാപകനും സഹപ്രവർത്തകനുമായിരുന്നു. കലാലയപ്രവർത്തനങ്ങൾക്കപ്പുറം ഏറെ കാര്യങ്ങളിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അൽമായ നേതൃത്വം, ഐയ്ഫൽ ബുക്ക് സെന്റർ, സെന്റ് തോമസ് എൻസൈക്ലോപീഡിയ പ്രസിദ്ധീകരണം, ദേവാലയകലകൾ, സഭാചരിത്രപഠനം – തുടങ്ങിയവയിൽ അദ്ദേഹത്തിന്റെ താല്പര്യവും സഫലമായ പ്രവർത്തനങ്ങളും ശ്ലാഘനീയമാണ്. വിദേശപര്യടനവും, മതസാംസ്ക്കാരിക വേദികളിലെ നിറഞ്ഞുനിന്ന അദ്ദേഹത്തിന്റെ സാനിദ്ധ്യവും ശ്രദ്ധേയമാണ്.

സപ്തതിയിലെത്തിയ മേനാച്ചേരി സാറിന് ജന്മസാഫല്യവും ജീവിതവിജയവും നേരുന്നു. സംതൃപ്തിയും സുസ്ഥിതിയും സന്തോഷവും സമാധാനവും പ്രാർത്ഥനാപൂർവ്വം ഞാൻ ആശംസിക്കുന്നു. ഷെവലിയർ ആയി അംഗീകരിക്കപ്പെട്ടതിൽ അഭിനന്ദനങ്ങൾ. സപ്തതിയുമായി ബന്ധപ്പെട്ട സ്മരണികയ്ക്ക് സർവ്വവിജയവും നേർന്നുകൊള്ളുന്നു. ചിന്ന റോമ എന്നറിയപ്പെടുന്ന ഒല്ലൂരിന്റെ ഈ പ്രിയമകന്റെ വിശ്വാസവും സഭയോടുള്ള ആഭിമുഖ്യവും മതസാംസ്ക്കാരിക രംഗങ്ങളിലുള്ള സേവനവും എക്കാലത്തും സ്മരിക്കപ്പെടട്ടെ.

അഭിനന്ദനങ്ങളും അനുഗ്രഹാശിസ്സുകളും.



**മാർ പോൾ ചിറ്റിലപ്പിള്ളി**

*താമരശ്ശേരി രൂപതയുടെ മെത്രാൻ.*

# ഞാനറിയുന്ന പ്രൊഫ. മേനാച്ചേരി

പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ സപ്തതി ആഘോഷങ്ങളോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സ്മരണികയിലേയ്ക്ക് അദ്ദേഹവുമായുള്ള എന്റെ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ എഴുതുവാനുള്ള ക്ഷണം വളരെ സന്തോഷത്തോടെയാണ് ഞാൻ സ്വീകരിക്കുന്നത്. അസാധാരണമായ പ്രതിഭയാണ് മേനാച്ചേരി മാസ്റ്റർ എന്നത് ഇന്ന് ഏവരും മനസ്സിലാക്കിക്കഴിഞ്ഞ കാര്യമാണ്.

ഞാൻ പ്രൊഫ. മേനാച്ചേരിയെ പരിചയപ്പെട്ടത് 1968 – ലാണെന്നാണ് എന്റെ ഓർമ്മ. വടവാതൂർ സെമിനാരിയിൽ ഞാൻ അദ്ധ്യാപകനായി നിയമിതനായ ശേഷം അവിടെയുള്ള അദ്ധ്യാപകരെ കാണാനായി അദ്ദേഹം വരുമായിരുന്നു. സെന്റ് തോമസ് എൻസൈക്ലോപീഡിയ എന്നൊരു സ്വപ്നം അദ്ദേഹത്തിനുണ്ടായിരുന്നു. അതിൽ ഉൾപ്പെടുത്താനുള്ള ലേഖനങ്ങൾ അന്വേഷിച്ചാണ് അദ്ദേഹം വന്നിരുന്നത്. ഡോക്ടറേറ്റിന് ഞാൻ അവതിപ്പിച്ച പ്രബന്ധം പ്രസിദ്ധീകരിച്ചിട്ടില്ലാതിരുന്ന അവസരത്തിൽ അതിലെ ഒരു ഭാഗം എൻസൈക്ലൊപീഡിയായിലേയ്ക്ക് ഞാൻ നൽകുകയുണ്ടായി. പിന്നീട് അദ്ദേഹവുമായി ഇടപെട്ടപ്പോൾ ഗ്രന്ഥരചന മാത്രമല്ല, നമ്മുടെ നാട്ടിലെ പുരാതന കലാരൂപങ്ങളോടും സാംസ്ക്കാരിക പൈതൃകങ്ങളോടും അസാമാന്യമായ താല്പര്യവും അഭിമാനവുമുള്ള വ്യക്തിയാണ് അദ്ദേഹമെന്ന് ബോധ്യപ്പെടാനിടയായി. തൃശൂർ രൂപതാ ചാൻസലറായി നിയമിതനായപ്പോൾ മേനാച്ചേരി മാസ്റ്ററുമായി ബന്ധപ്പെടുന്നതിന് കൂടുതൽ അവസരങ്ങൾ എനിക്കുണ്ടായി. വളരെ സാവധാനമാണെങ്കിലും, മാസ്റ്ററുടെ ആഴമേറിയ ജ്ഞാനതൃഷ്ണയും വിവിധ വിജ്ഞാനശാഖകളിലുള്ള താല്പര്യങ്ങളും എനിക്ക് അടുത്ത് മനസ്സിലാക്കാനിടയായി. ആ കാലഘട്ടത്തിൽ മാസ്റ്ററുമായി ബന്ധപ്പെടാൻ ഇടയായ വിഷയങ്ങളെപ്പറ്റി അല്പം പരാമർശിക്കുന്നത് നല്ലതാണ്.

### 1. സെന്റ് തോമസ് എൻസൈക്ലോപ്പീഡിയ

മൂന്നു വാല്യങ്ങളിലായി പ്രസിദ്ധീകരിക്കാൻ പ്ലാനിട്ടിരുന്ന പദ്ധതി ഒരു യജ്ഞം തന്നെയായിരുന്നു. പ്രസിദ്ധീകരണത്തോടനുബന്ധിച്ച് വിവിധ പ്രശ്ന ങ്ങളെപ്പറ്റി ചർച്ചചെയ്യാനും, രൂപതാദ്ധ്യക്ഷന്റെ പ്രോത്സാഹനത്തിന്റെ പിന്നിൽ, കൊച്ചുകൊച്ചു സേവനങ്ങൾ ചെയ്തുകൊടുക്കുവാനും കഴിഞ്ഞിട്ടുണ്ടെന്നത് ഞാനിന്ന് സംതൃപ്തിയോടെ ഓർക്കുന്നു. പക്ഷേ അന്ന് അതിന്റെ ആരംഭദ ശയിൽ പ്രായോഗികമായി ഇത് നടക്കുമോ എന്നുള്ള സംശയം എന്നിൽ മുന്നി ട്ടു നിന്നിരുന്നു. ഏതായാലും രണ്ടാമത്തെ വാല്യമാണ് ആദ്യം പ്രസിദ്ധീകൃ തമായത്. അതു പുറത്തു വന്നപ്പോൾ മാസ്റ്ററുടെ ദൃഢനിശ്ചയവും പ്രതി കൂലസാഹചര്യങ്ങളെ അതിജീവിച്ചുകൊണ്ട് ലക്ഷ്യം നേടാനുള്ള കഴിവും എനിക്കു ബോധ്യപ്പെട്ടു. അതുകൊണ്ട്, പിന്നീടുള്ള പ്രസിദ്ധീകരണം യാഥാർത്ഥ്യമാകുമെന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ടായില്ല. മാർത്തോമ്മാ ക്രിസ്ത്യാനികളെക്കുറിച്ചും അവരുടെ പാരമ്പര്യങ്ങളെക്കുറിച്ചും ഇന്ന് ആധികാരികമായി പുറംലോകത്തുള്ളവർക്ക് പഠിക്കാൻ പറ്റിയ മൂന്നു വാല്യങ്ങളിലുള്ള പ്രസിദ്ധീകരണമായി ഇത് തീർന്നല്ലോ.

### 2. ക്രിസ്ത്യൻ മ്യൂസിയം

നമ്മുടെ കലാരൂപങ്ങളെപ്പറ്റിയും ഇന്ന് അഭിമാനത്തോടുകൂടി നമുക്ക് പറ യാൻ കഴിയുന്നെങ്കിൽ ആ അറിവ് ഏവർക്കും സംലബ്ധമാക്കിക്കൊടുത്തവ രുടെ മുൻപന്തിയിൽ പ്രൊഫ. മേനാച്ചേരിയാണെന്ന് ധൈര്യമായി പറയാൻ കഴിയും. എന്നെ സംബന്ധിച്ചിടത്തോളം വ്യക്തമായും ആ അറിവ് പകർന്നുതന്നത് അദ്ദേഹമാണ്. നമുക്ക് പൗരാണികമായുണ്ടായിരുന്നതെല്ലാം നശിച്ചുപോയി എന്ന് കരുതിയിരുന്നവരിൽ ഒരാളാണ് ഞാൻ. എന്റെ സ്വന്തം ഇടവകദൈവാലയത്തിൽ ഉണ്ടായിരുന്ന പുരാതനശില്പങ്ങൾ വിലപ്പെട്ടതാ ണെന്നുള്ള സത്യം എനിക്കു മനസ്സിലാക്കൻ കഴിഞ്ഞു. അതുപോലെ, കേര ളത്തിലെ വിവിധ ഭാഗങ്ങളിലുള്ള ദൈവാലയങ്ങൾ പലതും പുതുക്കി പണി യപ്പെട്ടപ്പോഴും ദൈവാലയത്തിനകത്തും പരിസരങ്ങളിലുമായി അമൂല്യശില്പ ങ്ങൾ ഇന്നുമുണ്ട്. അവയിൽ വളരെ പ്രധാനപ്പെട്ടവയെല്ലാം ഗ്രന്ഥത്തിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കാനും അതുവഴി അവയുടെ വില വലുതാണെന്ന് മനസ്സിലാക്കാനും ഇടവന്നു. തൃശൂർ രൂപതയിൽ ഒരു മ്യൂസിയം തന്നെ കത്തീ ഡ്രൽ ദൈവാലയത്തോടനുബന്ധിച്ച് ഉണ്ടാക്കിയെടുക്കാൻ മേനാച്ചേരി മാസ്റ്റർക്ക് കഴിഞ്ഞു. അതിനോട് ആത്മാർത്ഥമായി സഹകരിക്കാൻ എനിക്കും അവസരമുണ്ടായി. എന്റെ ഇടവകദൈവാലയത്തിൽ മദ്ബഹാ പുതുക്കിയ പ്പോൾ ഉപയോഗശൂന്യമാണെന്നു കരുതി മാറ്റിയിട്ടിരുന്ന സക്രാരിയും മറ്റും എത്രയോ വിലപ്പെട്ടതാണെന്ന് തിരിച്ചറിഞ്ഞ്, അത് മ്യൂസിയത്തിൽ സൂക്ഷി ക്കാൻ ഇടവന്നത് വലിയ ഭാഗ്യമാണ്. ഇക്കാര്യം പലരും മനസ്സിലാക്കിയ പ്പോൾ രൂപതയുടെ വിവിധ ഇടവകകളിൽ അത്തരത്തിൽ അശ്രദ്ധമായിട്ടി രുന്ന പല കലാരൂപങ്ങളും ഈ സ്ഥാപനത്തിൽ സംഭരിച്ചു പ്രദർശിപ്പിച്ചു.

അത് ഏവരുടെയും അഭിനന്ദനത്തിന് കാരണമായി. പിന്നീട്, പുരാതനമായ പാലയൂർ പള്ളിയേടനുബന്ധിച്ച് വളരെ വിശേഷമായ ഒരു മ്യൂസിയം ഉണ്ടാക്കിയപ്പോൾ പ്രസ്തുത ശേഖരത്തിലുണ്ടായിരുന്നവ അതിൽ സൂക്ഷിക്കാൻ കഴിഞ്ഞീട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പാലയൂർ പള്ളിയോടനുബന്ധിച്ച് ഗവേഷണപരമായി നടത്തിയ പ്രവർത്തനങ്ങൾക്കും പുരാവസ്തുക്കൾ സംരക്ഷിക്കുന്ന പരിശ്രമങ്ങൾക്കും ജോർജ്ജ് മേനാച്ചേരിയുടെ ആത്മാർത്ഥമായ ശ്രദ്ധയും സഹായവും ഉണ്ടായിട്ടുണ്ട്.

**3. അല്മായ നേതൃത്വ പരിശീലനസ്ഥാപനം.**

അല്മായരെ വളർത്തിയെടുക്കുന്നതിന് താല്പര്യമെടുത്ത കുറെപ്പേർ തൃശൂർ രൂപതയിലുണ്ടായിരുന്നു. പ്രൊഫ. പി.പി. പീറ്റർ മാസ്റ്റർ, അഡ്വ. കെ. പി. ദേവസ്സി, ഷെവലിയർ എൻ. എ. ഔസേഫ് തുടുങ്ങിയ പ്രമുഖരുടെ നിരയിൽ ജോർജ്ജ് മേനാച്ചേരി മാസ്റ്ററും ഉണ്ടായിരുന്നു. ഇന്ന് എല്ലാ രൂപതകളിലും വിവാഹത്തിനൊരുക്കമായ പഠനക്കളരികൾ യുവതീയുവാക്കൾക്ക് നിർബന്ധമായിട്ടുണ്ടെങ്കിലും, ആദ്യകാലങ്ങളിൽ അങ്ങനെയൊന്ന് ഉണ്ടായിരുന്നില്ല. തൃശൂർ രൂപതയിൽ അതിനു മുൻകൈ എടുത്തത് ഈ അല്മായ നേതൃത്വകേന്ദ്രമാണ്. തിരുസഭാചരിത്രത്തെക്കുറിച്ചും ദൈവശാസ്ത്രവിഷയങ്ങളെക്കുറിച്ചും 2-ാം വത്തിക്കാൻ സൂനഹദോസ് രേഖകളെക്കുറിച്ചും കാനൻ നിയമത്തെ സംബന്ധിച്ചും ഒന്നും രണ്ടും വർഷങ്ങൾ നീണ്ടുനിൽക്കുന്ന കോഴ്സുകൾ ഈ നേതൃസമിതിയുടെ മേൽനോട്ടത്തിൽ നടത്തുവാൻ കഴിഞ്ഞിട്ടുള്ളതുകൊണ്ട് പ്രസ്തുത വിഷയങ്ങളിൽ വിദഗ്ദരായ അല്മായനേതാക്കൾ വളർന്നുവരികയുണ്ടായി. പ്രസ്തുത പ്രവർത്തനങ്ങളിൽ വളരെ വലിയൊരു പങ്ക് മേനാച്ചേരി മാസ്റ്റർക്കു് ഉണ്ടായിരുന്നു എന്നത് ആ പ്രസ്ഥാനത്തിന്റെ ഒരു കാലഘട്ടത്തിലെ ആദ്ധ്യാത്മികപിതാവെന്ന നിലയ്ക്ക് എനിക്കു അഭിമാനത്തോടെ പറയാൻ കഴിയും.

**4. കോളെജദ്ധ്യാപകൻ**

മേനാച്ചേരി മാസ്റ്ററുമായി എനിക്ക് ബന്ധപ്പെടാനിടയായ വേറൊരു മേഖല സെന്റ് തോമസ് കോളെജിനോടനുബന്ധിച്ചാണ്. പത്തു കൊല്ലത്തോളം സെന്റ് തോമസ് കോളെജിന്റെ മാനേജരായി സേവനം അനുഷ്ഠിക്കാൻ അവസരം കിട്ടിയ എനിക്ക് ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിലെ പ്രൊഫസറായിരുന്ന ജോർജ്ജ് മേനാച്ചേരിയുമായി അടുത്ത് ഇടപഴകുന്നതിന് അവസരമുണ്ടായിട്ടുണ്ട്. നല്ലൊരദ്ധ്യാപകനായി അദ്ദേഹം അറിയപ്പെട്ടിരുന്നു. വിദ്യാർഥികളുമായി ഇടപഴകുന്ന രീതി ശ്ലാഘനീയമാണ്. സുഹൃത്തുക്കളോടെന്നപോലെ അവരോട് ഇടപെഴകാനുള്ള അദ്ദേഹത്തിന്റെ കഴിവ് തന്റെ അഗാധമായ പാണ്ഡിത്യത്തെ എളുപ്പത്തിൽ മനസ്സിലാക്കാൻ ഉപകരിക്കുമായിരുന്നു. സഹപ്രവർത്തകരോട് ഹൃദ്യമായി പെരുമാറുവാൻ കഴിയുന്നതുകൊണ്ട് ജീവിതത്തിന്റെ വിവിധ തുറകളിലുള്ളവരുടെ ഒരു വലിയ സുഹൃത്‌വലയം അദ്ദേഹത്തിന് ആർജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഇന്ന് പ്രൊഫ. മേനാച്ചേരി ഇന്ത്യയ്ക്കകത്തും പുറത്തും അറിയപ്പെടുന്ന ഒരു വ്യക്തിയായി വളർന്നുകഴിഞ്ഞു. അദ്ദേഹം കേരളജനതയ്ക്കും, പ്രത്യേകിച്ച് ക്രൈസ്തവ സഭയ്ക്കും ചെയ്തിട്ടുള്ള സേവനം നിസ്സീമമാണ്. കാക്കനാട്ടുള്ള മൗണ്ട് സെന്റ് തോമസ് സീറോ മലബാർ സഭയുടെ കാര്യാലയം ചരിത്രപരമായ ഗവേഷണങ്ങൾക്കും മൂല്യസംരക്ഷണത്തിനും വേണ്ടി ചെയ്യുന്ന സേവനങ്ങളുടെ പിന്നിൽ പ്രൊഫ. മേനാച്ചേരിയുടെ സ്വാധീനവും പരിശ്രമവും വ്യക്തമായിട്ടുണ്ട്. ലിറ്റർജിക്കൽ റിസർച്ച് സെന്ററിനെ നയിക്കുന്ന സമിതിയിലെ ഒരംഗമായിരുന്ന കാലത്ത്, അവിടെയും പ്രൊഫ. മേനാച്ചേരിയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കാൻ എനിക്കു ഇടവന്നിട്ടുണ്ട്. ഇന്ന് അവിടെ പ്രശസ്തമായ ഒരു മ്യൂസിയം എല്ലാവരുടെയും ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. അതിന്റെ സംവിധാനത്തിലും നടത്തിപ്പിലും വളരെ കാര്യമായ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുവാൻ പ്രൊഫസറിന് കഴിഞ്ഞിട്ടുണ്ട്.

എഴുപതു വർഷം പൂർത്തിയാക്കുന്ന പ്രൊഫ. മേനാച്ചേരി ഇന്നും നല്ല ചുറുചുറുക്കുള്ള പ്രവർത്തകനായിട്ടുതന്നെയാണ് മുന്നോട്ടു പോകുന്നത്. ഒല്ലൂരിലെ പ്രശസ്തമായ മേനാച്ചേരി കുടുംബത്തിൽനിന്ന് ധാരാളം ദൈവവിളികൾ വൈദികനിരയിലും സന്യസ്തരുടെ നിരയിലും ഉണ്ടായിട്ടുണ്ട്. പ്രഗത്ഭരായ അവരെയെല്ലാം കടത്തിവെട്ടുന്ന ഒരു ചരിത്രപുരുഷനായി പ്രൊഫസർ മേനാച്ചേരി മാറിക്കഴിഞ്ഞു. ഇനിയും വളരെയേറെ കാര്യങ്ങൾ അദ്ദേഹത്തിന് ചെയ്യാൻ കഴിയും എന്നുള്ളതിനെപ്പറ്റി യാതൊരു സംശയവുമില്ല. അതിനു വേണ്ട ദൈവാനുഗ്രഹവും ആരോഗ്യവും ധാരാളമായി ലഭിക്കുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. സപ്തതിയുടെ ആശംസകൾ ഹൃദയംഗമമായി ഞാൻ നേരുന്നു. ദൈവം അദ്ദേഹത്തെയും കുടുംബാംഗങ്ങളെയും സപ്തതി ആഘോഷങ്ങൾക്ക് നേതൃത്വം നൽകുന്നവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

■

Message



**മാർ ജോസഫ് പാസ്റ്റർ**
**നീലങ്കാവിൽ സി.എം.ഐ.**

# ഞാൻ കണ്ട മേനാച്ചേരി

പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെ ആദ്യമായി എനിക്ക് പരിചയപ്പെടുത്തിയത് അദ്ദേഹത്തിന്റെ വിദ്യാർത്ഥി മരിച്ചുപോയ ഫാ. ജോസ് വട്ടോലിയാണ്. തൃശൂർ സെന്റ് തോമസ് കോളെജിൽ അദ്ധ്യാപകനായിരുന്നു ജോർജ്ജ് മേനാച്ചേരി. അതീവ ആദരവോടും അഭിമാനത്തോടും കൂടിയാണ് ബ. വട്ടോലിയച്ചൻ അദ്ദേഹത്തിന്റെ ഇംഗ്ലീഷ് അദ്ധ്യാപകനെപ്പറ്റി പറഞ്ഞിരുന്നത്.

ഭാഷാപരിജ്ഞാനത്തിനു പുറമെ അദ്ദേഹത്തിന്റെ പുതിയ കാൽവെപ്പിനെപ്പറ്റിയും എന്നോടു പറയുകയുണ്ടായി. സീറോ മലബാർ സഭയെപ്പറ്റി പ്രൊഫ. ജോർജ്ജിനുള്ള അറിവു അഗാധമാണ്. അദ്ദേഹം അന്ന് ആരംഭിച്ച എൻസൈക്ലോപീഡിയയിൽ ഞാൻ ഒരു ലേഖനം എഴുതിയിട്ടുണ്ട്. റോമിലെ എന്റെ ഉപരിപഠനം കഴിഞ്ഞ് ഞാൻ അവതരിപ്പിച്ച തീസിസിന്റെ ചുരുക്കമായിരുന്നു ലേഖനം. എൻസൈക്ലോപീഡിയയുടെ അവതരണത്തിനും പ്രകാശനത്തിനും ഞാൻ ഏറെ പ്രോത്സാഹനം നൽകുകയുണ്ടായി. തുടർന്ന് സീറോ മലബാർ എക്സിബിഷൻ സംഘടിപ്പിച്ചപ്പോൾ അതു പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ രണ്ടാമത്തെ കാൽവെപ്പായിരുന്നു. ഇതിനകം നിരവധി പുതിയ പ്രസ്ഥാനങ്ങൾ അദ്ദേഹം സഭയ്ക്കായി സമ്മാനിച്ചിട്ടുണ്ട്.

ഭാരതത്തിലെ വിവിധ ക്രൈസ്തവ വിഭാഗങ്ങളെ ഒന്നിച്ച് കണ്ട് പ്രവർത്തിച്ച എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ സഹയാത്രികനാണ് പ്രൊഫ. മേനാച്ചേരി. തികഞ്ഞ സഭാസ്നേഹിയും സഭാചരിത്രകാരനുമാണ് അദ്ദേഹം. അത്യദ്ധ്വാനത്തിന്റെ ഉടമയായി ഇതിനകം സഭയ്ക്കും സമൂഹത്തിനും അദ്ദേഹം കാഴ്ചവെച്ചിട്ടുള്ള സംഭാവനകൾ എണ്ണമറ്റവയത്രെ. ഇത്രയും സംഭാവനകൾ നൽകിയിട്ടുള്ള മറ്റൊരാൾ ഇല്ലെന്നു പറയാം. പ്രൊഫ. മേനാച്ചേരിയുടെ സംഭാവനകളുടെ സവിശേഷത അവ നാനാമുഖമാണെന്നതാണ്. ഗവേഷണം, ചരിത്രം, ശില്പശാസ്ത്രം ഐ.ടി തുടങ്ങി അദ്ദേഹം പ്രവേശിക്കാത്ത

മേഖലകളില്ല. ഒരേ ഒരു വ്യക്തി ഒരു സ്ഥാപനമായി വളർന്നുയർന്നതാണ് – പ്രൊഫ. മേനാച്ചേരി. മതപരവും ചരിത്രപരവും ആയ മികവുറ്റ എല്ലാ സംഘടനകളിലും പ്രസ്ഥാനങ്ങളിലും പ്രൊഫ. മേനാച്ചേരിക്ക് സജീവപങ്കുണ്ട്.

ഇതൊക്കെയാണെങ്കിലും വളരെ ലളിതമാണ് അദ്ദേഹത്തിന്റെ ജീവിതശൈലി. എല്ലാവരെയും സ്വാഗതംചെയ്യുന്ന സാധാരണക്കാരൻ. ഏവർക്കും സംലഭ്യൻ. തന്റെ അറിവ് മറ്റുള്ളവർക്ക് പങ്കുവെയ്ക്കാൻ സർവ്വദാ സന്നദ്ധൻ. രാഷ്ട്രീയത്തിന്റെ അതിപ്രസരം തീണ്ടാത്ത സാക്ഷാൽ ക്രിസ്ത്യാനി. പ്രൊഫ. ജോർജ്ജ് മേനാച്ചേരിക്ക് സപ്തതിയുടെ ആശംസകൾ നേരുന്നു.



Fr. Albert Nambiaparmbil CMI

# A LIFE OF DEDICATION FOR A NOBLE CAUSE

It was great that I met Prof. George Menachery in life's paths. The waves set in motion by the 2nd Vatican Council were producing ripples here in India. Regional Seminars were being planned and organized in different regions. I was a participant in the Kerala and the Karnataka meets. My main interest was the new ministry of Interfaith Dialogue.

**A Unifying Link:** An Inter-Ritual issue was heating up in India those days, gathering momentum as we converged in Bangalore. On one side was the voice of unity and uniformity seeking more unity in India within the churches, opposing the other side demanding that there be freedom to expand the ecclesial jurisdiction of the Oriental Rites to the whole of India. Multiple jurisdictions were seen by one side as a dividing factor in the country while the other side considered this as essential to the growth of the ecclesial communities. A motion was before the board that managed the affairs of the "Church in India seminar of 1969" being held in Dharmaram College, Bangalore to the effect that there be only one rite in a place, i.e. that there be one jurisdiction. I recall the efforts made by Mr. George Menachery to gather enough signatures from among the participants to bring in a motion demanding the expansion of the jurisdiction of the Oriental Churches to the entire nation. It was great that his, our, efforts succeeded.

Both the motions were discussed in the meet. There was much tension among the participants. A reconciliation formula was brought in; the other two motions were withdrawn. The reconciliation formula was moved and accepted. Let me not go into the details. I admire the courage of a young George Menachery who stood firmly his ground amidst strong opposition.

**A Pioneer With a Vision:** I recall Mr. Menachery moving around with his vision for an *"Encyclopedia of Thomas Christians"*. I am not a historian. My interest, if any, was that of cultural integration, that of Interfaith Dialogue, philosophers' meet. Because of his friendly pressure, I recall putting down a few pages for his great work. He masterminded that great work, A Gift to this Church. It is a matter of joy and pride for me that I could on many occasions point to this work of Menachery, the **Encyclopedia** as something precious for us all.

**Quests for Own Roots:**I recall reading the book: "Future Shock" the shock affecting humans caught in the terrible speed and advance of new discoveries, technologies. Globalization is another word affecting the moods and values of modern humanity. Our traditional values and cultural heritages too are affected by this flow, speed and osmosis. Adaptation, inculturation and confluence of cultures are all terms very much in use in the common parlance. One of the hidden dangers or temptations of the modern age is that of losing one's own cultural, spiritual, roots and identities.

I remember Mr. Menachery going around collecting, preserving the precious symbols, candle-sticks, oil-lamps, stones of the Syro-Malabar heritage from different churches and spots. He organized exhibitions of these reminding members of his own community and the outsiders not to forget the past. Rather his attempts gave a new boost to the self-esteem of the community. Here is some one who raised warning signals against certain hidden dangers of the fast changing society.

There is this danger in our fast changing societies, that of loosing one's own self-identity. The Syro-Malabar Community had gone through a process of Latinization in the past. This community had the difficult and delicate task of returning to and regaining the identity while going through the process of inculturisation that was the call of the day, of the post 2$^{nd}$ Vatican Council period. In Mr. George Menachery this Church, that traces her origin to the Apostle St. Thomas, found an eloquent leader for this genuine cause of returning to the roots.

While remaining a defender of our cultural roots, Menachery was open to the changes affecting us all, to authentic openness. Recently, as I met him in Dharmaram, he was doing his theological research, making the best use of his time and energy, now that he has retired from his teaching career. In this friend and fellow pilgrim I have met a genuine, authentic, charismatic leader of his own community – the Syro-Malabar Church.

■



ഫാ. ഡൊമീഷ്യൻ
മാണിക്കത്താൻ

# ജീർണ്ണതകളിൽ ചരിത്രത്തിന്റെ തുടിപ്പു കണ്ട സ്വപ്നമനുഷ്യൻ

വെടി പൊട്ടിച്ച് തകർന്ന കരിങ്കൽക്കഷ്ണങ്ങളും ചീളുകളും നിറഞ്ഞ കരിങ്കൽമട. സാധാരണക്കാരന് അത്രയേ തോന്നിയുള്ളു. എന്നാൽ അതിലെ കടന്നുപോയ കെട്ടിടനിർമ്മാണ വിദഗ്ദ്ധൻ അവകൊണ്ട് നിർമ്മിക്കാവുന്ന സുന്ദരസൗധങ്ങളുടെ സാധ്യതയെപ്പറ്റി വിലയിരുത്തി. പിന്നാലെ വന്ന ശില്പിയാകട്ടെ, ആ കല്ലുകളിലിരുന്നു പുഞ്ചിരിക്കുന്ന മാലാഖമാരെയും, ദു:ഖാർത്തയായ മേരിമാതാവിനേയും സ്വപ്നം കണ്ടു. എന്തെന്തു വിശിഷ്ട ശില്പങ്ങളാണ് ഇവയിൽനിന്ന് തീർത്തെടുക്കാവുന്നതെന്ന് അയാൾ കണക്കുകൂട്ടി.

ഈ മൂന്നാമത്തെ ഗണത്തിൽ പെട്ടയാളാണ് എന്റെ സുഹൃത്തായ ശ്രീ. ജോർജ്ജ് മേനാച്ചേരി. കേരളത്തിലെ പുരാതന ദൈവാലയങ്ങളിലും ആശ്രമങ്ങളിലും തറവാടുകളിലും ഉപേക്ഷിക്കപ്പെട്ട നിലയിൽ, ജീർണ്ണാവസ്ഥയിൽ കിടക്കുന്ന ഒട്ടേറെ വസ്തുക്കൾ അദ്ദേഹത്തിൽ കൗതുകമുണർത്തി. തിരുവസ്ത്രങ്ങൾ, പൂജാസാമഗ്രികൾ, നിത്യോപയോഗവസ്തുക്കൾ തുടങ്ങിയവയെല്ലാം ഇതിൽ പെടും. ഉപയോഗശൂന്യമായ പാഴ്‌വസ്തുക്കളായി സാധാരണക്കാരൻ ഇവയെ വിലയിരുത്തിയപ്പോൾ ശ്രീ. ജോർജ്ജ് അവയിൽ കണ്ടത് കേരളത്തിന്റെയും കേരളസഭയുടെയും നസ്രാണിത്തനിമയുടെയും മൂർത്തരൂപങ്ങളാണ്. ഒരു നാടിന്റെ മുഴുവൻ സംസ്ക്കാരവും പാരമ്പര്യങ്ങളും അനുഭവങ്ങളും അവയിൽ ഒളിഞ്ഞിരിക്കുന്നതായി അദ്ദേഹം കണ്ടു. ഇവയെല്ലാം കണ്ടെത്തുകയും സംരക്ഷിക്കുകയും ജനശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുക വലിയൊരു സമുദായസേവനമാണെന്നും അദ്ദേഹം വിലയിരുത്തി. അദ്ദേഹത്തിന് അതൊരു ദൈവീക നിയോഗമായിരുന്നു.

വർഷങ്ങൾക്കു മുമ്പ്, “സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ ഓഫ് ഇന്ത്യ”യുടെ നിർമ്മാണത്തോടനുബന്ധിച്ച് നടത്തിയ ഒരു പുരാവസ്തു പ്രദർശനത്തിൽ ശരാശരിക്കാരനായ ഒരു ബുദ്ധിജീവി അഭിപ്രായപ്പെട്ടത് ഓർക്കുന്നു: “വെറും പാഴ്‌വേല. ഈ ജീർണ്ണവസ്തുക്കളെല്ലാം പൊടിതട്ടിയെടുത്തിട്ട് എന്തു നേടാൻ? മനുഷ്യന് ഉപകാരമുള്ള വല്ലതും ചെയ്യ

രുതോ?'' അതേ, സാധാരണക്കാരന് ഇതൊക്കെ പാഴ്വേലയാണ്. എന്നാൽ ഇതൊക്കെ ദൈവനിയോഗമായി വിലയിരുത്തിയ ശ്രീ. ജോർജ്ജ് അധ്വാനം തുടർന്നു. വിസ്മരിക്കപ്പെട്ടു പോയേക്കാവുന്ന പലതും ചരിത്രത്താളുകളിൽ ഇടം നേടി. സ്വദേശീയരും വിദേശിയരും അവ കണ്ട് അത്ഭുതപ്പെട്ടു. കേരള നസ്രാണികൾക്ക് ഒരു സ്വത്വമുണ്ടെന്നും അതു കത്തോലിക്ക സഭയോളംതന്നെ പുരാതനവും വിശുദ്ധവും തനിമയാർന്നതുമാണെന്നും പ്രഘോഷിക്കപ്പെട്ടു.

**സമാകർഷകമായ വ്യക്തിത്വം**

താൻ നടത്തുന്നത് ഒരു ഒറ്റയാൻ പരിപാടിയാണെന്ന തിരിച്ചറിവ് ശ്രീ. ജോർജ്ജിന് എന്നുമുണ്ടായിരുന്നു. സഹകരിക്കേണ്ടവരും സഹായിക്കാൻ കടപ്പെട്ടവരും തുണയ്ക്കില്ലെന്ന ബോധ്യവും അദ്ദേഹത്തിനുണ്ടായിരുന്നു. ഇതിന്റെ കിരുകിരുപ്പ് ഉള്ളം കലക്കുമ്പോഴും ആരെയും പഴിക്കാനോ, പരിധി വിട്ട് വിമർശിക്കാനോ അദ്ദേഹം തുനിഞ്ഞിട്ടില്ല. കാഴ്ചപ്പാടുകളിലെ വ്യത്യ സ്തതയായി അവ വിലയിരുത്താൻമാത്രം വളർന്ന വ്യക്തിത്വമായിരുന്നു അദ്ദേ ഹത്തിന്റേത്. മാത്രമല്ല, പിൻകാലങ്ങളിൽ സമാനചിന്താഗതിക്കാരെ തന്നി ലേയ്ക്ക് അടുപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. ചെറിയൊരു നേട്ടമല്ലി ത്.

സ്രഷ്ടാവിൻ തൃക്കളിത്തോപ്പാം ജഗത്തിതിൽ

നട്ടുവളർത്തുക നന്മ നമ്മൾ


എന്ന ആദർശം ജീവിതത്തിലൂടെ സാക്ഷാത്ക്കരിച്ച ശ്രീ. ജോർജ്ജ് മേനാ ച്ചേരിക്ക് സപ്തതിയാശംസകൾ!



*ഒരുവയസ്സിൽ*



*രണ്ടുവയസ്സിൽ സഹോദരി ഇസബെല്ലയോടൊപ്പം*



സാധു ഇട്ടിയവിരാ

# അനന്യവും വളരെ വിലപ്പെട്ടതുമായ സേവനം

പ്രഗത്ഭനായ പ്രൊഫസറും ബഹുമുഖപ്രതിഭയും, കിടയറ്റ ചരിത്രപണ്ഡിതനും ഗവേഷകനും, പ്രശസ്തവാഗ്മിയും, വിനയാന്വിതനായ സമൂദായസ്നേഹിയും, അനുഗ്രഹീതനായ ഗ്രന്ഥകാരനും, സർവ്വോപരി സ്നേഹസമ്പന്നനും ആയ പ്രൊഫസർ ജോർജ്ജ് മേനാച്ചേരിക്ക് സപ്തതിമംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.

ഈ എഴുപതു വർഷക്കാലത്ത് വളരെയധികം നല്ല കാര്യങ്ങൾ ചെയ്യാൻ ദൈവം അദ്ദേഹത്തിനിടയാക്കി. അദ്ദേഹത്തോടും അദ്ദേഹത്തിന്റെ സുഹൃത്തുക്കളോടും ചേർന്ന് ഞാനും ദൈവത്തിനു നന്ദി പറയുന്നു. ആയുരാരോഗ്യങ്ങളും മറ്റെല്ലാ അനുഗ്രഹങ്ങളും സ്വർഗ്ഗസ്ഥനായ പിതാവ് അദ്ദേഹത്തിനു നൽകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

പ്രൊഫസർ ജോർജ്ജ് മേനാച്ചേരിയെപ്പറ്റി കേട്ടിട്ടും വായിച്ചിട്ടും ഉണ്ടായിരുന്നെങ്കിലും, അദ്ദേഹത്തെ കൂടുതൽ അടുത്തറിയാൻ എനിക്കു സാധിച്ചത്, ആലുവായിൽ വച്ചു നടന്ന കേരള റീജ്യണൽ സെമിനാറിലും (1968), ബാംഗ്ലൂരിൽ വച്ചു നടന്ന ആൾ ഇന്ത്യ കാത്തലിക് സെമിനാറിലും (1969) വച്ചാണ്. ഈ സെമിനാറുകളിലെ അദ്ദേഹത്തിന്റെ പ്രസംഗങ്ങളും കാഴ്ചപ്പാടുകളും (ശിലേ്യ്ലിശേീ) വളരെ ശ്രദ്ധേയമായിരുന്നു.


വലിയ ചരിത്രവും പാരമ്പര്യവുമുള്ളവരാണ് നമ്മൾ, കേരളത്തിലെ ക്രൈസ്തവർ. എങ്കിൽക്കുടി തീരെ ചരിത്രബോധമില്ലാത്തവരാണ് നമ്മൾ. പാശ്ചാത്യരെ അപേക്ഷിച്ച് ചരിത്രം എഴുതി സൂക്ഷിക്കുന്നതും, ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കുന്നതും ആയ രീതി നമുക്ക് തീരെ ഇല്ലെന്നു വേണം പറയാൻ. തങ്ങളുടെ ജനനത്തീയതി തന്നെയും നല്ല നിശ്ചയമില്ലാത്ത പലരെയും ഞാൻ കണ്ടിട്ടുണ്ട്. രാക്കുളിപ്പെരുന്നാളിന്റെ തലേന്നാണ് ഞാൻ ഉണ്ടായത്, 99 ലെ വെള്ളപ്പൊക്കത്തിനു ഒരു മാസം മുമ്പാണ് അമ്മ എന്നെ പ്രസവിച്ചത്, എന്നൊക്കെ ആളുകൾ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.

ചരിത്രം അറിയാത്ത, ചരിത്രം എഴുതി സൂക്ഷിക്കാത്ത ഒരു സമൂഹം വേരില്ലാത്തതാണ് എന്നു വേണം പറയാൻ. നമ്മുടെ നാട്ടിലെ അൽസേഷ്യൻ നായ്ക്കൾക്ക്, സമർത്ഥരും കരുത്തരും ആണെങ്കിൽക്കൂടി, ഫ്രാൻസിലെ അൽസാസിലാണ് തങ്ങളുടെ വേര് എന്നറിഞ്ഞുകൂടാ. ചരിത്രം അറിയാത്തിടത്ത് നമ്മൾ അവയുടെ ലവലിലേയ്ക്കു താഴുകയാണ്.

ഇന്നലെ പെയ്ത മഴയ്ക്ക് ഇന്നു കുരുത്ത തകരകളെപ്പോലെയല്ല നമ്മൾ. മഹത്തായ പാരമ്പര്യവും ചരിത്രവും ഞങ്ങൾക്കുണ്ട്. എന്ന് നമ്മുടെ ജനങ്ങളെ ബോധ്യപ്പെടുത്താനും, ആത്മാഭിമാനവും ദീർഘവീക്ഷണവുമുള്ള ഒരു സമൂഹമായി വളരാനും, പ്രൊഫസർ ജോർജ്ജ് മേനാച്ചേരിയുടെ പ്രവർത്തനം, നമ്മളെ വളരെ സഹായിച്ചിട്ടുണ്ട്. ആ നിലയ്ക്ക് അദ്ദേഹത്തിന്റെ സേവനങ്ങൾ അനന്യവും വളരെ വിലപ്പെട്ടവയുമാണ്.



പോപ്പന്റേയും അനുജൻ
തോമസ്സിന്റേയുമൊപ്പം



അപ്പന്റേയും കൊച്ചമ്മായിയുടേയും
അനുജന്റേയും കൂടെ

ജെ. വെള്ളിയാൻ

# തലയെടുപ്പുള്ള ഗവേഷകൻ

1969 ൽ ബാംഗ്ലൂരിൽ വച്ചു നടന്ന ആൾ ഇന്ത്യാ സെമിനാറിൽ പങ്കെടുക്കാൻ കേരളത്തിൽനിന്നു അനേകം വൈദികരും ഏതാനും സിസ്റ്റേഴ്സും ചുരുക്കം ചില ആത്മേനികളുമുണ്ടായിരുന്നു. അവിടെ "വിവരമുള്ള" ഒരു ചെറുപ്പക്കാരൻ സീറോ മലബാർ സഭയെയും സഭയുടെ അവകാശങ്ങളെയും പറ്റി സന്ദേഹം കൂടാതെ ശക്തമായി സംസാരിക്കുന്നതു കണ്ടു. അദ്ദേഹമായിരുന്നു തൃശൂർനിന്നുള്ള കോളെജ് പ്രൊഫസറായ ജോർജ്ജ് മേനാച്ചേരി. ഞാൻ അദ്ദേഹത്തെ ആദ്യമായി കണ്ടതു അവിടെവച്ചാണ്. ജോർജ്ജിന്റെ അറിവിലും സാമർത്ഥ്യത്തിലും കൗതുകം തോന്നി ഞങ്ങൾ പല മണിക്കൂറുകൾ ചർച്ചയിൽ ഏർപ്പെട്ടു. ആ സെമിനാറിൽ സീറോ മലബാർ സഭയെ പ്രതിനിധികരിച്ച് "ഭാരതത്തിലെമ്പാടും സ്വന്തം ആഭിമുഖ്യത്തിൽ സുവിശേഷവേല ചെയ്യാനുള്ള അവകാശം സഭയ്ക്കുവേണം" എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു പ്രമേയം ജോർജ്ജ് അവതരിപ്പിച്ചത് ഇന്ത്യയിലെ വിവിധ രൂപതകളിൽനിന്നു സെമിനാറിൽ പങ്കെടുത്തവരുടെ ശ്രദ്ധ പിടിച്ചുപറ്റി. എന്നെ സംബന്ധിച്ചിടത്തോളം അന്ന് സഭാസ്നേഹിയായ ഒരു സുഹൃത്തിനെ ലഭിച്ചുവെന്ന സംതൃപ്തി ഉണ്ടായി.

പിന്നീട് സുറിയാനി സഭ, സഭാസംസ്ക്കാരം, വാസ്തുശില്പം, ക്രൈസ്തവ കലകൾ തുടങ്ങിയ വിഷയങ്ങൾ പ്രതിപാദിച്ച പല സെമിനാറുകളിലും കോൺഫ്രൻസുകളിലും കേരളത്തിനകത്തും പുറത്തും വിദേശങ്ങളിലും ഒരുമിച്ചു സംബന്ധിക്കാൻ ഞങ്ങൾക്കു സാധിച്ചു. അതൊക്കെ സൗഹൃദം ഊട്ടിയുറപ്പിക്കാനുള്ള അവസരങ്ങളായിരുന്നു. സീറോ മലബാർ ലിറ്റർജി കോൺഫ്രൻസിലും സിനഡിന്റെ കമ്മീഷനുകളിലും ഒന്നിച്ചു പ്രവർത്തിക്കാൻ ഞങ്ങൾക്കു അവസരം കിട്ടിയതു ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. പഠനങ്ങളിലും ഗവേഷണങ്ങളിലും നവമായ വീക്ഷണവും സ്വന്തമായ നിർദ്ദേശങ്ങളും നൽകാൻ ജോർജ്ജിനു സാധിച്ചിട്ടുണ്ട്.

സെന്റ് തോമസ് എൻസൈക്ലോപീഡിയയുടെ രണ്ടാം വാല്യം പ്രസിദ്ധീകരിച്ച അവസരത്തിൽ, ഞാൻ സമാഹരിച്ചു പ്രസിദ്ധീകരിച്ച 'ദ മലബാർ ചർച്ച്'

എന്ന ഗ്രന്ഥം വിലമതിക്കുകയും അതിൽനിന്നും ഏതാനും ലേഖനങ്ങൾ അദ്ദേഹത്തിന്റെ ആ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തുകയും ചെയ്തത് എനിക്കു അഭിമാനദായകമായിരുന്നു.

ന്യൂയോർക്കിലും ചെന്നൈയിലും പുരാതന ഇന്ത്യൻ സഭയെപ്പറ്റി നടത്തിയ രണ്ടു കോൺഫ്രൻസുകൾ (International Conference on the History of Early Christianity in India) ഏറെ വൈദഗ്ദ്യത്തോടെ പൊതുവിൽ ആസൂത്രണംചെയ്യാനും അവതരിപ്പിക്കാനും അതുവഴി സമ്മിളിതരുടെ പ്രശംസ നേടിയെടുക്കാനും പ്രൊഫ. ജോർജ്ജിനു സാധിച്ചുവെന്നതു അഭിമാനത്തോടെ ഞാൻ ഓർക്കുകയാണ്.

സപ്തതിയുടെ നിറവിൽ നിൽക്കുന്ന പ്രൊഫസർ ജോർജ്ജ് കേരളത്തിലെ ക്രൈസ്തവ വാസ്തുശില്പത്തിന്റെ കുലപതിയാണ്. കലാസൗകുമാര്യത്തിന്റെ ഉടമയായി, സൗഹൃദത്തിന്റെ ശീതളഛായയായി, പ്രോത്സാഹനത്തിന്റെ വടവൃക്ഷമായി, തീക്ഷ്ണമതിയായ സഭാസ്നേഹിയായി, സഭാഗവേഷണരംഗത്തെ ആത്മാർത്ഥതയുള്ള സതീർത്ഥ്യനായി, ക്രിയാത്മകചിന്തയുടെ ആൾരൂപമായി ആയുരാരോഗ്യത്തോടെ അദ്ദേഹം വിരാജിക്കട്ടെ എന്നു ആശംസിക്കുന്നു. അദ്ദേഹത്തിന്റെ പ്രിയതമയ്ക്കും മക്കൾക്കും പേരക്കിടാക്കൾക്കും അഭിനന്ദനങ്ങൾ. ■



*സഹോദരിമാരായ റോസാമ്മ, ഇസബെല്ല, സഹോദരൻ തോമസ് എന്നിവരുടെ കൂടെ*



*അപ്പനും അമ്മയും*

**ഡോ. പൂത്തേഴത്ത് രാമചന്ദ്രൻ**
വിശ്വഹിന്ദു പരിഷത്തിന്റെ
മുൻ അന്തർദേശീയ ഉപാദ്ധ്യക്ഷൻ

# ജോർജ്ജ് മേനാച്ചേരി എന്ന സുഹൃത്ത്

ജോർജ്ജ് മേനാച്ചേരി എന്നെ വളരെയേറെ സ്വാധീനിച്ച ഒരു വ്യക്തിയാണ്. ഒരു വർഷം അദ്ദേഹത്തിന്റെ കൂടെ പഠിച്ചു എന്നത് ഒരനുഭവമായി ഞാൻ കരുതുന്നു.

അദ്ദേഹത്തിന്റെ പല ഗുണങ്ങളും ദൂരെനിന്നു നോക്കി ഞാൻ രഹസ്യ മായി അഭിനന്ദിക്കാറുണ്ട്. അതിൽ ഒന്ന് ആരെയും അദ്ദേഹം നിസ്സാരമായി കരുതുകയല്ല എന്നതാണ്. ചിലപ്പോൾ ഒരു കൂട്ടം ആളുകൾ അദ്ദേഹത്തെ വളഞ്ഞുനിന്ന് സംസാരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അതിൽ ഒരാൾ ഒരു 'നിസ്സാര' നായിരിക്കാം. മേനാച്ചേരിയുടെ ദൃഷ്ടികൾ അയാളുടെ മേൽ പതിയും. അയാളോട് രണ്ടു വാക്കു പറയാൻ അദ്ദേഹം ഒരിക്കലും മറക്കുകയില്ല.

വേറൊരു വിശേഷം, അദ്ദേഹം താൻ വലിയ തിരക്കിലാണ് എന്ന് ആരോടും പറയുകയില്ല എന്നതാണ്. ചിലപ്പോൾ വലിയ തിരക്കിലായിരിക്കും. "തിരക്കിലാണോ, എനിക്ക് ഒരു കാര്യം പറയാനുണ്ടായിരുന്നു" എന്ന് ആരെങ്കിലും അദ്ദേഹത്തോട് പറഞ്ഞാൽ അദ്ദേഹം സാധാരണയായി മറുപടി പറയുക ഇങ്ങനെയാവും. "എനിക്കെന്തു തിരക്ക്, നാളെ രാവിലെത്തന്നെ വാ. നമുക്ക് സംസാരിക്കാം." "ഞാൻ വലിയ തിരക്കിലാണ് നാളെ രാവിലെ മാത്രമേ എനിക്ക് ഒഴിവുള്ളു." എന്ന് ഒരിക്കലും അദ്ദേഹം പറയില്ല.

സ്നേഹമായ പെരുമാറ്റം, എല്ലാവരുടെയും വിശ്വാസം നേടിയെടുക്കാനുള്ള കഴിവ്, അറിയാനുള്ള ആഗ്രഹം ഇതൊക്കെ അദ്ദേഹത്തിന്റെ കൂടെപ്പിറപ്പാണ്. ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകൾ നന്നായി കൈകാര്യംചെയ്യാനറിയാം. എഴുപതുകളിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്ന അദ്ദേഹത്തിന്റെ സചിത്ര ലേഖനപരമ്പര സമൂദായത്തിൽ അദ്ദേഹത്തിന് നേടിക്കൊടുത്തത് ബഹുമാന്യമായ സ്ഥാനമാണ്. സംസ്കൃതവും ലാറ്റിനും അദ്ദേഹത്തിനറിയാം.

തച്ചുശാസ്ത്രം, ദൈവശാസ്ത്രം, സാഹിത്യം, ചിത്രകല, ചരിത്രം എന്നിങ്ങനെ വിവിധ മേഖലകളിലുള്ള അദ്ദേഹത്തിന്റെ വിജ്ഞാനം അപാരമാണ്.

കൽദായ വിവാദകാലത്ത് ഒല്ലൂരിലെ പള്ളിയിൽ ഒരിക്കൽ മേനാച്ചേരി

യുടെ  കൂടെ കുർബ്ബാനയിൽ ഞാൻ പങ്കുകൊണ്ടു.  പുരോഹിതൻ ജനങ്ങളെ നോക്കി ആരാധന നടത്തണമോ വേണ്ടയോ എന്നുള്ളത് ആ വിവാദത്തിന്റെ ഒരു ഭാഗമായിരുന്നു. ഒല്ലൂരിലെ ആരാധനാരീതി ഞാൻ മനസ്സിലാക്കാൻ ശ്രമിച്ചു.

അതിനുശേഷം മേനാച്ചേരി പള്ളിയിലെ മരപ്പണികളെപ്പറ്റിയും കൊത്തുവേലകളെ പറ്റിയുമൊക്കെ പറഞ്ഞുതന്നു.

ക്രിസ്തുമതത്തിലെ ആചാരങ്ങളെപ്പറ്റിയും ക്രിസ്ത്യാനികളുടെ ചരിത്രത്തെപ്പറ്റിയുമൊക്കെ വളരെയേറെ ഞാൻ അദ്ദേഹത്തിൽനിന്നും മനസ്സിലാക്കുകയുണ്ടായി. ക്രിസ്ത്യൻ എൻസൈക്ലോപീഡിയ അദ്ദേഹം തയ്യാറാക്കുന്ന സമയത്ത് പല പള്ളികളിലും സെമിനാരികളിലുമൊക്കെ ഞാൻ അദ്ദേഹത്തോടൊപ്പം പോയിട്ടുണ്ട്.

ഈ സമയങ്ങളിലൊക്കെ ഞാൻ ആർ. എസ്. എസ്സിന്റെ ഒരു സജീവ പ്രവർത്തകനായിരുന്നു എന്നതാണ് സവിശേഷത. കേരളത്തിലെ ക്രിസ്ത്യാനികളെപ്പറ്റി വിശ്വഹിന്ദു പരീഷത്തിന്റെ അഖിലേന്ത്യാ നേതൃത്വത്തിലുള്ള അധികാരികളുടെ പല തെറ്റിദ്ധാരണകൾ മാറ്റാനും എനിക്കിതുകൊണ്ടൊക്കെ സാധിച്ചിട്ടുണ്ട്. ഒല്ലൂരിലെ കുർബ്ബാനയിൽ പങ്കെടുത്ത സമയത്ത് ഞാൻ വിശ്വഹിന്ദു പരീഷിത്തിന്റെ അന്തർദേശീയ ഉപാദ്ധ്യക്ഷനായിരുന്നു.

“സംസാരിക്കൂ തെറ്റിദ്ധാരണകൾ മാറും” എന്ന് ഒരു മൊബൈൽ കമ്പനി അതിന്റെ പരസ്യത്തിൽ പറയുന്നു. പരസ്യങ്ങൾ നമുക്ക് തരുന്ന സന്ദേശങ്ങൾ പലപ്പോഴും വലിയ തത്വചിന്തകളാണ്.

മാർപ്പാപ്പയുടെ അനുഗ്രഹത്താൽ ഷെവലിയർ പദവിയിലെത്തിയ മേനാച്ചേരി എന്റെ കൂട്ടുകാരനാണെന്ന് പറയാൻ എനിക്ക് പെരുത്തഭിമാനമുണ്ട്.



*അപ്പൻ കൊച്ചൗസേപ്പ്*



*ഒല്ലൂർ പള്ളി സ്കൂൾ ഗ്രൗണ്ട്*



Fr. Selvister Ponnumuthan

# Prof. George Menachery : A Lay Person Par Excellence

It is heartening to know that Prof. George Menachery is going to be honoured by well-wishers with a fitting memento by publishing a souvenir on his Sapthathi, the seventieth birthday. Although I knew Prof. George Menachery through his monumental works in Christian literature and as the brother of Rev. Dr. E.J. Thomas, former principal of Loyola College, I began to have a personal contact with him only from 2002. It was in connection with the Jubilee Celebrations of the 1950th year of the coming of St. Thomas, the Apostle, in India and the 450th death anniversary of St. Francis Xavier. As part of the Jubilee celebrations the Kerala Catholic Bishops' Council had put up a Documentary Committee which entrusted the task of publishing a fitting souvenir to me as the Chief-Editor and His Excellency Mar Bernabas Jacob (Chacko Aerath OIC) and Prof. George Menachery as co-editors – representing the three individual Churches in Kerala. I am glad to say that "Christian Contribution to Nation Building: A third Millennium Enquiry" (440 pages) was the outcome of our teamwork.


Prof. George Menachery not only contributed an article on "Christian Influence in Art and Architecture of India" but read with us all the pages of the work. Those who are involved in publication would agree that editing a book is more difficult than writing one. If the book contains articles of disputed stances it becomes an even more difficult task. All the more so when such articles have been written by reputed scholars. In fact we had to do some editing work. I would say that we, as a team, could edit the work without any difficulty. Although in age, experience, and scholarship Prof. George Menachery was much ahead of other editors he collaborated sincerely and vigorously towards the completion of the work.

He was very prompt in meetings and open in the discussions and ready to take up any responsibility. Any collaboration demands lot of sacrifice. Sacrifice

is an expression of love. Along with the collaboration what impressed me was his real **love for the Church**. His love for the Church really resonates with the response to the *vocation of a lay faithful***.** I used to feel that Prof. George Menachery had effectively over come the 'two temptations of a lay person' described by John Paul II. According to the Pope the first temptation of lay persons is to be so strongly interested in the Church services and tasks that they fail to become actively engaged in their responsibilities in the professional, social, cultural, and political worlds. The second temptation is of legitimizing the unwarranted separation of faith from life, that is, a separation of the Gospels acceptance from the actual living of the Gospel in various situations in the world (John Paul II, *Chrsitifideles Laici*, 1988, n.2). The Pope also admonishes that lay people should not relinquish their participation in "public life" especially in the economic, social, legislative, administrative and cultural areas for they are intended to promote organically and institutionally the *common good* (CL, 42). *The curriculum vitae of* Prof. George Menachery show that he has proved his caliber in various areas of *public life*. Along with participation in various administrative and social bodies he has to his credit a large number of publications, research papers, articles, radio talks and TV programmes.

All his visits to 22 countries of the four continents enlarged his image in public life because every journey has contributed something to deepen his knowledge which in turn became a contribution to the church and society. Among all his contributions to the Church and to society what attracts one the most is his **contributions in the field of culture**. All of his publications and activities have a *culture touch*. Since the development of culture is often dissociated not only from Christian faith but also from human values (CL.44) the contributions of Prof. Menachery are very significant. In fact he has been responding to the invitation of John Paul II who said: "the church calls upon the lay faithful to be present, as signs of courage and intellectual creativity, in the privileged places of culture, that is, the world of education-school and university-in places of scientific and technological research, the areas of artistic creativity and work in the humanities. Such a presence is destined not only for the recognition and possible purification of the elements that critically burden existing culture, but also for the elevation of these cultures through the riches which have their sources in the Gospel and the Christian faith" (CL 44). In fact the writings of Prof. George Menachery are an invitation to go to the sources, the Gospel and Christian Tradition. And I am sure that his name and his contributions will be remembered not only by the Christians beyond the Asian continent but also by the secular world. I pray that the Almighty bless him abundantly.

■



ഫാ. ജോസ് തച്ചിൽ

# പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെ ഓർക്കുമ്പോൾ

അര നൂറ്റാണ്ടുകാലം സഭയെയും സംസ്ക്കാരത്തെയും സാഹിത്യത്തെയും നിസ്വാർത്ഥമായി സ്നേഹിക്കുകയും സേവിക്കുകയും ചെയ്ത പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ സപ്തതിയോടനുബന്ധിച്ച് ഒരു സ്മരണിക തികച്ചും അവസരോചിതം തന്നെ. ഇതിനായി മുന്നിട്ടിറങ്ങിയ സപ്തതി സമിതിയെ എത്ര അഭിനന്ദിച്ചാലും അധികമാകില്ല.

ഇടിച്ചു കയറി രംഗം കീഴടക്കുന്ന ഒരു സ്വഭാവക്കാരനായിരുന്നില്ലല്ലോ അദ്ദേഹം. ശ്രുതിമാധുരികൊണ്ട് കേൾവിക്കാരെ വിസ്മയിപ്പിക്കുമ്പോഴും മറഞ്ഞുനിൽക്കുന്ന കുയിലിന്റെ പ്രകൃതി ആയിരുന്നു അദ്ദേഹത്തിന്റേത്. നിർബന്ധിച്ചാൽ മാത്രമേ അദ്ദേഹം രംഗത്ത് പ്രത്യക്ഷപ്പെടാറുള്ളൂ.

ഏതാണ്ട് മൂന്നു ദശകങ്ങൾക്കു മുമ്പ് അഭിവന്ദ്യനായ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനി പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ അർപ്പണ മനോഭാവത്തെക്കുറിച്ചും കൃതികളെക്കുറിച്ചും മറ്റും വളരെ പ്രശംസിച്ച് പറയുന്നത് കേൾക്കാൻ ഇടവന്നിട്ടുണ്ട്. ഇരുവരും ഭാരതത്തിന്റെ ആത്മാവിനെ കണ്ടെത്താൻ നിരന്തരം പരിശ്രമിക്കുകയും വലിയൊരളവിൽ വിജയം വരിക്കുകയും ചെയ്തവരാണ്. അന്നുതൊട്ട് ഈ പ്രതിഭയെ ഒന്ന് പരിചയപ്പെടാൻ ഞാൻ ആഗ്രഹിച്ചു നടക്കുകയായിരുന്നു. ഭാഗ്യവശാൽ കണ്ടെത്തുക മാത്രമല്ല, സ്നേഹിതരാകാനും കഴിഞ്ഞു. സെന്റ് തോമസ് മൗണ്ടിൽവെച്ചും മംഗലപ്പുഴ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽവെച്ചും അദ്ദേഹത്തെ ശ്രവിക്കുവാനും അദ്ദേഹവുമായി സംസാരിക്കുവാനും അവസരം ലഭിച്ചിട്ടുണ്ട്.

ശുദ്ധഗതിയും സത്യധർമ്മസദാചാരങ്ങളിലുള്ള നിഷ്ഠയും പരോപകാര വ്യഗ്രതയും നിസ്വാർത്ഥതയും സഹിഷ്ണുതയും ആർജ്ജവത്വവും ലാളിത്യവും ആത്മാർത്ഥതയും ഒത്തിണങ്ങിയ, ആരെയും ആകർഷിക്കുന്ന ഒരു വ്യക്തിത്വമാണു അദ്ദേഹത്തിന്റേത്.

സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ ഓഫ് ഇന്ത്യ, ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്സ്, ദി നസ്രാണീസ്, തോമാപീഡിയ തുടങ്ങിയ ഈടുറ്റ

ഗ്രന്ഥങ്ങൾ, പണ്ഡിതോചിതമായ ഏറെ ലേഖനങ്ങൾ, പണ്ഡിതസദസ്സുകളിൽ അവതരിപ്പിച്ചിട്ടുള്ള ഉപന്യാസങ്ങൾ ഇവയെല്ലാം പരിഗണിക്കുമ്പോൾ അദ്ദേഹത്തിന്റെ അറിവിന്റെ ആഴവും പരപ്പും നമുക്ക് ഏതാണ്ട് മനസ്സിലാക്കാൻ കഴിയും.

ഈ ഉയരങ്ങളിൽ പ്രശോഭിക്കുമ്പോഴും അദ്ദേഹത്തിന്റെ വിനയഭാവവും സേവനസന്നദ്ധതയും ആരെയും ആകർഷിക്കുന്നതാണ്.

മരങ്ങൾ താഴുന്നു ഫലാഗമത്തിനാൽ
പരം നമിക്കുന്നു ഘനം നവാംബുപോൽ
സമൃദ്ധിയിൽ സജ്ജനമൂറ്റമാർന്നീടാ–
പരോപകാരിക്കിതുതൻ സ്വഭാവവും

പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെക്കുറിച്ചോർക്കുമ്പോഴെല്ലാം ഈ പദ്യശകലം ഓർമ്മയിൽ വരാറുണ്ട്. ദൈവഭയം അറിവിന്റെ ആരംഭമാണ്. അതൊരുവനെ കൂടുതൽ കൂടുതൽ വിനീതനാക്കും. ഒരിക്കൽപോലും സ്വന്തരചനകളെപ്പറ്റി അദ്ദേഹം അവകാശവാദം ഉയർത്തിയതായി കേട്ടിട്ടില്ല. എങ്കിലും ഏതൊരാൾക്കൂട്ടത്തിലും തന്റെ കഴിവും പ്രസരിപ്പുംകൊണ്ട് ജോർജ്ജ് മാഷ് അനന്യനായി നിൽക്കുന്നു.

അദ്ദേഹത്തിന്റെ സത്യസന്ധതയെക്കുറിച്ച് പറയുമ്പോൾ ഒരു സംഭവം ഓർമ്മവരുന്നു. ഒരിടത്ത് അദ്ദേഹം പ്രസംഗത്തിനു ക്ഷണിക്കപ്പെട്ടു. പ്രസംഗം കഴിഞ്ഞ് പോയപ്പോൾ ആ സ്ഥാപനത്തിന്റെ അധികാരി അദ്ദേഹത്തിന് T.A. എന്നു പറഞ്ഞ് ഒരു കവർ കൊടുത്തു. പോകുന്ന വഴിക്ക് കവർ തുറന്ന് നോക്കിയപ്പോൾ തുക T.A. മാത്രമല്ല വളരെ കൂടുതലുണ്ട്. ഉടനെ വണ്ടി തിരിച്ച് മേൽപ്പറഞ്ഞ സ്ഥാപനത്തിൽ ചെന്ന് അധികാരിയെ കണ്ട് അബദ്ധത്താൽ കൂടുതൽ തുക വച്ചതാണോ എന്നന്വേഷിച്ചു. ഇതുപോലെ പല കാര്യങ്ങളുമുണ്ട് അടുത്തറിഞ്ഞവർക്ക് ഓർമ്മിക്കാൻ.

സപ്തതി ആഘോഷിക്കുന്ന ഈ വേളയിലും അദ്ദേഹം വിശ്രമിക്കാൻ ഒരുക്കമില്ല. പണിപ്പുരയിൽ ഇപ്പോഴും തിരക്കുതന്നെ.

പ്രായം കവിഞ്ഞൊരെനിക്കിനി പാടുണ്ടോ
പാഴിൽ പോം നേരത്തെ നോക്കിനിൽക്കാൻ?

ഒരുപാട് കാര്യങ്ങൾ ചെയ്ത്തീർക്കാനുണ്ട്. സമയം കളയാനില്ല എന്നാണദ്ദേഹത്തിന്റെ ഭാവം. ഈടുറ്റ രചനകൾവഴി സഭക്കും സമൂഹത്തിനും കൂടുതൽ നന്മകൾ ചെയ്യാൻ ആരോഗ്യവും ദീർഘായുസ്സും നൽകി സർവ്വശക്തൻ അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ. സപ്തതിയുടെ മംഗളങ്ങൾ പ്രൊഫ. ജോർജ്ജ് മേനാച്ചേരിക്ക് സ്നേഹപൂർവ്വം നേർന്നുകൊള്ളുന്നു. ഇനിയും ഏറെ നാളത്തേക്ക് ഈ ശീതളസാന്നിദ്ധ്യം നമ്മോടുകൂടെ ഉണ്ടാവട്ടെയെന്ന് ആശിക്കുന്നു, പ്രാർത്ഥിക്കുന്നു.



Sr. Cleopatra, CMC.

# A Man of Vision and Action

Prof. George Menachery is a man of vision and action. He sets his goal before him and works hard to achieve it. How hard and difficult the work, he is not bothered, provided it is his goal and he has decided to achieve it. It is the goal he has aimed at that matters. On the way he does not waste his energy attending to small things like writing articles or books which may deter him from his whole concentration on the larger and greater aim.

Prof. Menachery is wholeheartedly involved in religious practices and the works of the Archdiocese. I met him at a Charismatic Retreat which we organized for the teachers of St. Thomas College in Madonna Sehiona. As part of the Retreat Programme, he came to meet me for counseling. Well, I understood that he is very regular in his Church duties and very open in his dealings. He has been very active in the works entrusted to him by the Bishop's House or Bishop-appointed committees. He has striven hard to get the Papal Visit Souvenir done. Similarly, the Trichur Diocesan Centenary Commemoration Volume also has his article enhancing the heritage of Christianity in the Archdiocese.

Prof. Menachery is a good speaker, researcher, organizer and director. A historian and cultural Artist, he has organized several cultural exhibitions showing the ancient heritage of Christianity in India from St. Thomas, the Apostle of Jesus Christ. His is a life set apart especially for the study, research and preservation of the heritage of St. Thomas Christians – history, art, culture and architecture of Kerala and the religious heritage of the Christians in India.

On this beautiful occasion of the celebration of the 70th Birthday, I warmly and prayerfully wish Prof. George great blessings and joys from the Lord and hearty felicitous Birthday Greetings!



Fr. Francis Thonippara CMI
Provincial.

## Prof. George Menachery.

Congratulations and Birthday greetings to Prof. George Menachery. Ad Multos Annos. Prof. George Menachery is a household name among scholars and those who make research studies in Indian Church History. Besides, he is also a zealous Nazarene, whose life mission is to popularize St. Thomas Christian traditions, customs, practices and manners. He is an ardent lover of the Apostolic Church of St. Thomas Christians.

My close association with Prof. George is in the context of the Indian Church History Association. At present he is the Vice-President of the same Association. He is very active in arranging seminars and conferences under the banner of this Association, both at national as well as regional levels. His active presence in many national and international conferences through his scholarly interventions and presentations make him an international personality.

In my opinion, Prof. George is very much influenced by three great saintly personalities although not denying other factors which influence him. The first great figure that comes to my mind when I think about Prof. George is St. Paul. Once St. Paul was convinced of the fact that Jesus is the Saviour and the Messiah, he spent his whole energy in making known this Good News to the whole world. He undertook adventurous journeys to spread this Good News. Prof. George spared no energy in making known the noble traditions of the St. Thomas Christians. The miles he covered are incomparable and uncountable.

The enterprising spirit of St. Thomas is very much seen in the life and activities of Prof. George.The publication of the St. Thomas Christian Encyclopedia and other successive publications is time consuming and money consuming and so much of risk factor is involved in the sale of these costly volumes. The faith expression of St. Thomas, ‘My Lord and My God’, is an expression of the surrender of the Apostle. In the same way, Prof. George’s difficult tasks have this sense of complete surrender to the Lord. As a result of this type of surrendering, God blesses all his endeavours abundantly.

St. Francis Xavier is his model in his dealings with ecclesiastical authorities; i.e. his fidelity to the superiors in ups and downs in agonies and ecstasies, in joys and sorrows. This filial obedience to the authorities makes Prof. George an acceptable leader of the community. His criticisms, even if he makes them, are creative and for the good and growth of the community.

This *Sapthathi* celebration is an occasion to honour a great son of the Syro-Malabar Church. Let us get inspiration from the life of this noble soul whose thirst for knowledge and love for his community is praise-worthy. Let us thank the Lord for the wonderful gift of Prof. George Menachery. Ad Multos Annos.



*മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പനോരമ ഓഫ് ഇന്ത്യൻ ക്രിസ്റ്റ്യാനിറ്റി പ്രദർശനത്തിൽ*




*ഔഗേൻ പ്രഥമൻ കാതോലിക്കബാവ എൻസൈക്ലോപീഡിയ 1973ൽ പ്രകാശനം ചെയ്യുന്നു. കർദ്ദിനാൾ പാറെക്കാട്ടിൽ അദ്ധ്യക്ഷനായിരുന്നു*



*പ്രദർശനോദ്ഘാടനം 1971*



*വിവാഹം ഒക്ടോബർ 19, 1966*



ജെ. തച്ചിൽ

# കുലീനതയുടെയും പ്രയത്നത്തിന്റെയും ആൾരൂപം

പ്രസിദ്ധ കലാകാരനായ മൈക്കിൾ ആഞ്ചലോയുടെ ചരിത്രത്തിൽ ഒരു സംഭവമുണ്ട്. ജൂലിയൻ രണ്ടാമൻ പാപ്പയുടെ നിർബ്ബന്ധത്തിനു വഴങ്ങി റോമിലെ പ്രസിദ്ധമായ സിസ്റ്റെയിൻ ചാപ്പലിന്റെ മേൽക്കൂരയുടെ താഴെ അദ്ദേഹം ചിത്രവേല ചെയ്യാൻ ആരംഭിച്ചു. ആ ഇടുങ്ങിയ ഹാളിൽ ശരിക്കു വെളിച്ചം പോലുമില്ലാത്ത ഉയരത്തിൽ കെട്ടിയ മരപ്പലകയിൽ മലർന്നുകിടന്നുകൊണ്ട് ദീർഘനാൾ അദ്ദേഹം ചിത്രം വരച്ചു. സിമന്റും വെള്ളവും ചായക്കൂട്ടും കണ്ണിലും മൂക്കിലും വന്നു വീഴുന്നത് തുടച്ചു മാറ്റിക്കൊണ്ട് മാസങ്ങളും കൊല്ലങ്ങളും അദ്ദേഹം കഴിച്ചുകൂട്ടി. ലോകചരിത്രത്തിലെ ഏറ്റവും യാതനാനിർഭരമായ കലായജ്ഞമായിരുന്നു അത്. ചിത്രവേല അവസാനിപ്പിച്ചു താഴെ ഇറങ്ങിയപ്പോൾ അദ്ദേഹം പോലും അന്തംവിട്ടുപോയി. തലയ്ക്കുമീതെ പതിനായിരം ചതുരശ്ര അടി വരുന്ന സ്ഥലത്താകെ ഒരു വർണ്ണപ്രപഞ്ചസൃഷ്ടി. മനുഷ്യപതനം, പ്രളയം, ആദം, ഹവ്വ, സർവ്വശക്തനായ ദൈവം. കാലത്തിനതീതമായ മനുഷ്യഭാവനയുടെ വിജയേതിഹാസമായി അതു ഇന്നും നിലനിൽക്കുന്നു.

പ്രൊഫസർ മേനാച്ചേരിയെക്കുറിച്ച് എഴുതുമ്പോൾ മൈക്കിൾ ആഞ്ചലോയുടെ ഈ ചിത്രമാണ് എന്റെ ഓർമ്മയിൽ വരുന്നത്. അദ്ദേഹം തയ്യാറാക്കിയിട്ടുള്ള ക്രിസ്ത്യൻ എൻസൈക്ലോപീഡിയ, തോമാപീഡിയ എന്നീ ഗ്രന്ഥങ്ങൾക്കുവേണ്ടി നടത്തിയ യജ്ഞങ്ങൾ അതിസാഹസികമാണ്. അദ്ദേഹം തിരഞ്ഞെടുത്ത വിഷയങ്ങൾ അവ എഴുതുവാൻ അന്വേഷിച്ചു കണ്ടെത്തിയ ശതക്കണക്കിനു എഴുത്തുകാർ, അതിന്റെ ഇന്റക്സുകൾ, എല്ലാറ്റിനും വേണ്ടി ചെലവഴിച്ച സമയം – എല്ലാം ഇതിഹാസമായി മാറി. അദ്ദേഹത്തെപ്പോലും ആശ്ചര്യപ്പെടുത്തുന്നവിധം ഇന്ത്യയിലെ ക്രൈസ്തവരെക്കുറിച്ചു എല്ലാം സമാഹരിച്ചുള്ള ആ കൃതികൾ കാലത്തെ അതിജീവിച്ചു നമ്മുടെ മുമ്പിൽ മികച്ച ചരിത്ര സൃഷ്ടിയായി ഉയർന്നു നിൽക്കുന്നു എന്നു സാരം.

മറ്റാരും കൈവയ്ക്കാൻ ധൈര്യപ്പെടാത്ത പല പ്രസ്ഥാനങ്ങളിലും

പ്രവർത്തിക്കുകയും പലർക്കും മാർഗ്ഗദർശി ആകുകയും ചെയ്ത അസാധാരണ പ്രതിഭാശാലിയാണ് പ്രഫസർ മേനാച്ചേരി. അദ്ദേഹം മുൻകൈ എടുത്തില്ലായിരുന്നുവെങ്കിൽ സഭയെക്കുറിച്ചും സമൂഹത്തെക്കുറിച്ചും ഇന്നുള്ള വെളിച്ചം നൂറ്റാണ്ടിനു ലഭിക്കില്ലായിരുന്നു. പുതിയ പുതിയ വഴിത്താരകൾ വെട്ടിയെടുക്കാൻ എല്ലാവർക്കും കഴിയില്ലല്ലോ. അതിതീവ്രമായ ആന്തരിക ശക്തിയുള്ളവർക്കേ ഇത്തരം മാലുമികളാകുവാൻ കഴിയൂ.

ഒച്ചപ്പാടും വലിയ ബഹളവുമൊന്നുമില്ലാതെ പരമശാന്തനായിട്ടാണ് വലിയ സൃഷ്ടിയുടെ മുന്നിൽ അദ്ദേഹം വ്യാപരിച്ചത്. ഒരു വിപ്ലവകാരിയുടെയോ, അതിസാഹസികതയുടേയോ കുപ്പായം അണിയാതെ ഒരു വലിയ ചലനത്തിന്റെ ആദ്യകണ്ണിയായി അദ്ദേഹം മാറുകയായിരുന്നു. വിസ്മയനീയമാം വിധം വിപ്ലവകരമായി വലിയ ഒച്ചപ്പാടുണ്ടാക്കുന്നതിലല്ല, അച്ചടക്കത്തിന്റെ മെയ്‌വഴക്കം കാണിക്കുന്നതിലൂടെയാണ് പ്രൊഫസർ മേനാച്ചേരി നേട്ടങ്ങൾ കൈവരിച്ചത്.


വൈക്കത്തു (കോതവറ) വച്ചു നടന്ന കേരള ഹിസ്റ്ററി കോൺഗ്രസ്സ് വാർഷിക സമ്മേളനത്തിൽ നെടുങ്കുന്നം അവാർഡു നൽകിയപ്പോഴാണ് പ്രഫസർ മേനാച്ചേരിയുമായി അടുത്തു പരിചയപ്പെടുന്നത്. പലരും സംസാരിക്കുകയും പ്രകടിപ്പിക്കുന്നതും ചെയ്യുന്നതുപോലെ, മനസ്സില്ലാമനസ്സോടെ അവാർഡ് സ്വീകരിക്കുന്നവരെ പോലെയോ അവാർഡു നിരസിച്ച് മാധ്യമങ്ങളിൽ ശ്രദ്ധ പിടിച്ചുപറ്റുന്നവരെ പോലെയോ ആയിരുന്നില്ല കഥാപുരുഷൻ. താൻ ചരിത്രത്തിനും സഭയ്ക്കും നൽകിയ സംഭാവനകളെക്കുറിച്ചു സ്വാവബോധം നേടിയ ആളായിട്ടാണ് അദ്ദേഹം പ്രത്യക്ഷപ്പെട്ടത്. കേരള ഹിസ്റ്ററി കോൺഗ്രസ്സിന്റെ വൈസ് പ്രസിഡന്റും കൊതവറ സമ്മേളനത്തിന്റെ മുഖ്യ സംഘാടനകനുമായ ഞാൻ ആവശ്യപ്പെട്ടതുപോലെ ബയോഡാറ്റയും ഫോട്ടോയുമെല്ലാം അയച്ചുതരികയും വളരെ വിനയാന്വിതനായി സമ്മേളനനഗരിയിലെത്തി അവാർഡ് ഏറ്റുവാങ്ങുകയും ചെയ്തത് ഏറ്റവും ധന്യമായ നിമിഷമായിരുന്നു.

കലാശിൽപങ്ങളിലൂടെയും വാസ്തുശിൽപങ്ങളിലൂടെയും ചരിത്രത്തിനു പുതിയ രുപസൃഷ്ടി നൽകാനാകുമെന്ന് പ്രൊഫസർ മേനാച്ചേരി വിശ്വസിച്ചു. അനേകമനേകം ദുർഘടകരമായ യാത്രകൾ നടത്തിയാണ് ദൈവാലയശിൽപങ്ങളുടെ ചാരുതയും മൂല്യവും കണ്ടെത്താൻ പ്രൊഫസർ മേനാച്ചേരിക്ക് കഴിഞ്ഞത്. പള്ളികളിലെ കലകളെക്കുറിച്ച് എം.ടി. വാസുദേവൻ നായർ മാതൃഭൂമിയിൽ പത്രാധിപരായിരിക്കുമ്പോൾ 1978–ൽ പ്രസിദ്ധീകരിച്ച ലേഖനപരമ്പര അക്കാലത്ത് ഏറെപ്പേരുടെ ശ്രദ്ധാകേന്ദ്രമായിത്തീർന്നു. ആ ലേഖനങ്ങളുടെ തോതുപിടിച്ച് ഹൈന്ദവക്ഷേത്രങ്ങളിലെ കലകളെക്കുറിച്ചു പഠിക്കാൻ ആവേശം ഉണ്ടായി. വാസ്തുശിൽപത്തിന്റെ അനന്തസാധ്യതകളിലേയ്ക്കാണ് മേനാച്ചേരി തീവ്രതയേറിയ വെളിച്ചം വീശിയത്. അതിന്റെ വെളിച്ചത്തിൽ വളരെ വികസിതവും സാംസ്ക്കാരികമായി ഉയർന്നതുമായ ഒരു സമൂഹത്തിനു മാത്രമേ വാസ്തുശിൽപ്പത്തിൽ കൈവയ്ക്കുവാൻ കഴിയൂ. ആ നില

യിൽ ഒരു സമുദായത്തിന്റെ സാംസ്ക്കാരികവളർച്ചയെ അളക്കാനുള്ള മാന ദണ്ഡം കൂടിയാണ് വാസ്തുശിൽപ്പങ്ങൾ. അങ്ങനെ മേനാച്ചേരിയുടെ ഗവേ ഷണത്തിലൂടെ ചരിത്രത്തിന്റെ ഇരുളടഞ്ഞ മേഖലകളിലേയ്ക്ക് വെളിച്ചം വീശാൻ സഹായിച്ചിട്ടുണ്ട്. പക്വമായ പെരുമാറ്റം, ഋഷിതുല്യമായ ഭാവം, പരസ്പരം അടുപ്പിക്കുന്ന നോട്ടം – എല്ലാം അദ്ദേഹത്തിന്റെ ജീവിതവിജയ ത്തിൽ ഉപകാരപ്രദമായിട്ടുണ്ട് എന്ന് എനിക്ക് തോന്നിയിട്ടുണ്ട്. ആരുമായിട്ട് ഇടപ്പെട്ടാലും ആ സാന്നിദ്ധ്യം അനുഭവിക്കാനുള്ള ത്വര അവശേഷിപ്പിച്ചിട്ടാണ് അദ്ദേഹം കടന്നുപോകുന്നത്. അത്രയും കാന്തികശക്തി ആ നോട്ടത്തിനും ഭാവത്തിനും ഉണ്ട്. വർഷങ്ങളോളം നീണ്ടുനിന്ന ചിന്തയും ചിന്തയിൽ നിന്ന് ഉൽപ്പന്നമായ ഭാവവുമാണ് അതിന്റെ പിന്നിലുള്ളത്. കുലീനതയുടെയും പ്രയത്നത്തിന്റെയും ആൾരൂപമാണ് പ്രൊഫസർ മേനാച്ചേരി.

അൽമായർക്ക് ആദ്ധ്യാത്മീകവും ദൈവശാസ്ത്രപരവുമായ അടിത്തറ നൽകണമെന്നു ഇപ്പോൾപോലും പല സഭാനേതാക്കളും കരുതുന്നില്ല. അൽമായർ സഭയിലെല്ലാം പരോക്ഷമായി സഹകരിച്ചാൽ മതിയെന്ന് വിശ്വ സിക്കുന്നവരാണ് അധികം പേരും. അൽമായർക്ക് രാജകീയമായ ദൗത്യം സഭ യിലുണ്ടെന്നുള്ളതു ബോദ്ധ്യപ്പെട്ടിട്ടില്ല. എന്നാൽ പ്രൊഫസർ എത്ര മുമ്പു തന്നെ ദൈവശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും അടിയുറച്ച ഒരു അൽമായനിരയെ വാർത്തെടുക്കണമെന്ന് അഭിലഷിച്ചു. അതിനുവേണ്ടി കോഴ്സുകളും ക്രമീകരണങ്ങളും നിർദ്ദേശിച്ചു പ്രാവർത്തികമാക്കി. ചിന്തയു ടെയും ജീവിതത്തിന്റെയും സുസജ്ജമായ ഹൃദയമുള്ളവർക്കു മാത്രമേ ജീവി തത്തിന്റെ പ്രതിസന്ധികളിലും നിർണ്ണായകഘട്ടങ്ങളിലും പിടിച്ചു നിൽക്കാ നാവു എന്ന് പ്രൊഫസർ ഉറച്ചു വിശ്വസിച്ചിരുന്നു. പ്രൊഫസറെപ്പോലെയുള്ള കുറേ പേരുടെ പ്രവർത്തനഫലമായിട്ടാണ് കേരളത്തിലും ഇന്ത്യയിലും സുശ ക്തമായ കുറേ അൽമായനേതാക്കൾ ഉയർന്നുവന്നത്. അവരിലൂടെ ആണല്ലോ ഇനിയും സഭ ചലിക്കേണ്ടത്. സർവ്വേശ്വരൻ നൽകിയ ആന്തരികശക്തി ഉൾക്കൊണ്ട് താൻ ജീവിക്കുന്ന കാലഘട്ടത്തെ തേജസ്സുറ്റതാക്കിയ പ്രൊഫ സർ മേനാച്ചേരിയുടെ ധന്യമായ പ്രയാണം തുടരട്ടെ എന്നാശംസിക്കുന്നു.

■



ദലിത്ബന്ധു
എൻ.കെ. ജോസ്.

# ചരിത്രസാഹിത്യമണ്ഡലത്തിൽ പ്രൊഫ. ജോർജ്ജ് മേനാച്ചേരിക്ക് എന്നും ഇരിപ്പിടം ഉണ്ടായിരിക്കും

ഭൂതകാലസംഭവങ്ങളെ പുനവതരിപ്പിച്ച് വർത്തമാനകാലത്തിൽ കലഹമുണ്ടാക്കാനും, വർത്തമാനകാലത്തെ പുതുക്കി പണിയാനും ചരിത്രസാഹിത്യകാരന്മാർക്ക് കഴിയും. എന്നാൽ ചരിത്രസംഭവങ്ങൾ പുനരവതരിപ്പിച്ച് കലഹമുണ്ടാക്കാൻ താല്പര്യം കാണിക്കാത്ത, ചരിത്രവീഥികളിൽ പ്രകാശം പരത്തുന്ന, ചെറുതിരികൾ കത്തിച്ചു വയ്ക്കുകയെന്ന വ്രതം സ്വീകരിച്ച് ചരിത്രത്തിൽ പ്രതിഷ്ഠ നേടിയ ആളാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരി.

കേരളാ ഹിസ്റ്ററി കോൺഗ്രസ് പ്രസിഡണ്ട് എന്ന നിലയിൽ ഈ അസോസിയേഷനിലെ ഒരു ഡയറക്ടറായി പ്രവർത്തിച്ചുപോരുന്ന പ്രൊഫ. മേനാച്ചേരിയമുമായി എനിക്ക് ഉറ്റബന്ധം വച്ചു പുലർത്താൻ കഴിഞ്ഞു. ഞാൻ ഇതിൽ അഭിമാനംകൊള്ളുന്നു.

പ്രൊഫ. ജോർജ്ജിനെക്കുറിച്ച് പറയുമ്പോൾ, രണ്ടു നാല് കാര്യങ്ങൾ എടുത്തു പറയേണ്ടതായിട്ടുണ്ട്. പരന്ന വായനയാണ് അദ്ദേഹത്തിന്റേത്. എന്തിനെപ്പറ്റിയും ആഴമായി പഠിക്കും. ആവശ്യമായ കാര്യങ്ങൾ കുറിച്ചു വച്ച് അവയെക്കുറിച്ച് മനനംനടത്തി സ്വന്തം നിഗമനങ്ങൾ തുറന്ന മനസ്സോടെ ആവിഷ്ക്കരിക്കും.

ഗവേഷണമനോഭാവമാണ് അദ്ദേഹത്തിന്റെ മറ്റൊരു പ്രത്യേകത. 45 വയസ്സ് കഴിയുമ്പോൾ ഗവേഷണത്തിലുള്ള താല്പര്യം പല ചരിത്രകാരൻമാർക്കും കുറഞ്ഞു കുറഞ്ഞു വരും. പ്രൊഫ. ജോർജ്ജ് മേനാച്ചേരിയാകട്ടെ, പിന്നെയും പിന്നെയും മഴുവിന് മൂർച്ച കൂട്ടിക്കൊണ്ടിരിക്കുകയാണ് ചെയ്തത്. അതുകൊണ്ട് അദ്ദേഹത്തിന് ശ്രേഷ്ഠമായ ചരിത്ര കൃതികൾ രചിക്കാൻ സാധിക്കുകയും ചെയ്തു.

മൂന്നാമത്തെ പ്രത്യേകത കഠിനാദ്ധ്വാനശീലമാണ്. കഴിഞ്ഞ നാൽപ്പത് വർഷം അദ്ദേഹം കഠിനാദ്ധ്വാനത്തിൽ ഏർപ്പെട്ടിരുന്ന കാര്യം അദ്ദേഹത്തിന്റെ വീട്ടുകാർക്കറിയാം, ഉറ്റ സുഹൃത്തുക്കൾക്കറിയാം. ജീവിതത്തിന്റെ നിരവധി

യായ ബഹളങ്ങളിൽ നിന്ന് ഭൂതകാലത്തിന്റെ ചാരത്തിൽ ഒളിഞ്ഞു കിടന്ന നിരവധിയായ വസ്തുതകളെ ഊതി തെളിച്ചെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ കൃതികൾക്ക് ഗുണമേന്മയേറിയ ഉള്ളടക്കം മാത്രമല്ല ഉള്ളത്, ഏറെ വലിപ്പമേറിയതുമാണ്. ബൃഹത്ഗ്രന്ഥങ്ങളിലുടെ ചരിത്രവസ്തുതകളെ ലോകത്തിന് വെളിപ്പെടുത്തിക്കൊടുത്തു അദ്ദേഹം. മലയാളത്തിൽ മാത്രമല്ല, ഇംഗ്ലീഷ് ഭാഷയിലും അദ്ദേഹത്തിന്റെ വലിയ കൃതികൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. അവയ്ക്ക് പരക്കെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. പണവും അദ്ധ്വാനവും സമയവും ആരോഗ്യവും ധാരാളമായി ചെലവഴിച്ച് ചരിത്രസാഹിത്യകൃതികൾ രചിച്ച് ചരിത്രസാഹിത്യമണ്ഡലത്തിൽ അദ്ദേഹം സ്വന്തമായി 'ഇടം' കണ്ടെത്തിയിട്ടുണ്ട്. ഈ 'കസേര' ആർക്കും എളുപ്പത്തിൽ എടുത്തുമാറ്റാൻ കഴിയുകയുമില്ല.



*അപ്പാപ്പൻ*
*പുത്തൻപുര കുഞ്ഞുവറീത്, കാട്ടൂർ*



*അപ്പൻ*
*എരിഞ്ഞേരി തോമ കൊച്ചൗസേപ്പ്*



ഫാ. ഐസക്ക് ആലപ്പാട്ട്
പാലത്തിങ്കൽ സി.എം.ഐ.

# എന്റെ ബാല്യകാലസുഹൃത്ത്

അമേരിക്കൻ നോവലിസ്റ്റ് ലോയിഡ് സി. ഡഗ്ലസ്സിന്റെ പ്രസിദ്ധമായ ഒരു നോവലാണ് 'ദി റോബ്' (The Robe). ക്രിസ്തുവിന്റെ കുരിശുമരണത്തിൽ റോമൻ പട്ടാളക്കാർ അവിടുത്തെ മേലങ്കിയ്ക്കായി നറുക്കിടുന്നു. അത് റോമൻ ശതാധിപനായ മാർസലസ്സിനു കിട്ടുന്നു. തനിക്കു കിട്ടിയ ആ പരുക്കൻ വസ്ത്രം കയ്യിലെടുത്തപ്പോൾമുതൽ അനിർവ്വചനീയമായ ഒരു അസ്വസ്ഥത അദ്ദേഹത്തെ ബാധിക്കുന്നു. പലസ്തീനായിലെ ഏതോ നാട്ടിൻപുറത്ത് നെയ്തെടുത്തതാണ് ആ വസ്ത്രമെന്ന നിഗമനത്തിൽ ആ കുഗ്രാമം കാണാനും അതു നെയ്തെടുത്ത പാവപ്പെട്ടവരെ കണ്ടെത്താനും മാർസലസ്സ് നിശ്ചയിച്ചുറയ്ക്കുന്നു. മേലങ്കി നെയ്തവരെ തേടി പുറപ്പെടുന്നതിനു മുമ്പ് റോമൻ സൈന്യത്തിലെ തന്റെ ഉന്നത ഉദ്യോഗം അദ്ദേഹം രാജിവെയ്ക്കുന്നു. തുടർന്നു പലസ്തീനയിലെ നാട്ടിൻ പുറങ്ങളായ നാട്ടിൻ പുറങ്ങളിലൊക്കെ അലഞ്ഞു തിരിയുന്നു. അവസാനം ക്രിസ്തുവിന്റെ മേലങ്കി നെയ്തിരിക്കുന്നതുപോലെ വസ്ത്രം നെയ്യുന്ന പാവപ്പെട്ടവരായ ഗ്രാമീണരെ അദ്ദേഹം കണ്ടെത്തുന്നു. അവർ ക്രിസ്ത്യാനികളാണെന്നു തിരിച്ചറിയുന്നു. സന്തുഷ്ടരായ അവരുടെ സാമീപ്യത്തിൽ അവാച്യമായ ആന്തരിക സമാധാനവും സംതൃപ്തിയും അദ്ദേഹത്തിനു ലഭിക്കുന്നു. മാർസലസ്സ് ക്രിസ്തുമാർഗ്ഗം സ്വീകരിക്കുന്നു. ഇങ്ങനെ പോകുന്നു ഡഗ്ലസ്സിന്റെ 'ദി റോബ്' എന്ന നോവലിലെ കഥ.


തന്റെ ചെറുമകൾ 'ഡയാന്'യുടെ പ്രതിശ്രുതവരനായ മാർസലസ്സിന്റെ വിവേകമില്ലാത്ത പ്രവൃത്തിയെക്കുറിച്ചറിയുമ്പോൾ റോമൻ ചക്രവർത്തിയായ തിബേരിയൂസ് രോഷംകൊണ്ടു പറയുന്ന ഒരു വാചകമുണ്ട് നോവലിൽ, ശ്രദ്ധാർഹമായ ഒരു വാചകം: "All philosophers are sick in head". തത്വചിന്തകന്മാരെല്ലാം കിറുക്കന്മാരാണ്. ഇതാണാവാചകം. തത്വചിന്തകർ മാത്രമല്ല, പ്രത്യക്ഷത്തിൽ അർത്ഥശൂന്യമായി സാധാരണക്കാർക്കു തോന്നുന്നതും എന്നാൽ ആത്യന്തിക വിശകലനത്തിൽ മഹത്തരമായതുമായവ എത്തിപ്പിടിക്കാൻവേണ്ടി ജീവിതം ഉഴിഞ്ഞുവെയ്ക്കുന്നവരെല്ലാവരും വെറും കിറുക്കന്മാ

രല്ല, മുഴുകിറുക്കന്മാരാണെന്നാണ് എനിക്കു തോന്നുന്നത്. ഒരുതരം മഹത്തായ കിറുക്കു ബാധിച്ച, വി. ഫ്രാൻസീസ് അസ്സീസിയെപ്പോലെ നിരവധി മഹാത്മാക്കൾ സഭയിൽ ഉണ്ടായിട്ടുണ്ട്. സഭയിൽ മാത്രമല്ല, ഏതു മേഖലയിലായാലും, സ്വന്ത ഭൗതികനേട്ടങ്ങളെ പരിഗണിക്കാതെ, ഉന്നതമായ കാര്യങ്ങൾക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച വ്യക്തികളെ കാണാം. തിബേരിയൂസ് ചക്രവർത്തി കിറുക്കന്മാരെന്നു വിശേഷിപ്പിച്ചവർ! ഇക്കൂട്ടരാണ് മനുഷ്യനും അവന്റെ സംസ്ക്കാരങ്ങൾക്കും അമൂല്യമായ സംഭാവന നൽകിയവർ.

എന്റെ ബാല്യകാലസുഹൃത്തായ പ്രൊഫസർ ജോർജ്ജ് മേനാച്ചേരിയെക്കുറിച്ച് ചിന്തിക്കുമ്പോൾ എനിക്കോർമ്മ വരുന്നത് റോമൻ ചക്രവർത്തി തിബേരിയൂസ് തന്റെ സൈന്യത്തിലെ ശതാധിപനായ മാർസലസ്സിനെ വിശേഷിപ്പിച്ച വാക്കുകളാണ്. All philosophers are sick in head. മാർസലസ്സ് ഒരു പഴയ തുണിയുംകൊണ്ട് ആവേശത്തോടെ, അർപ്പണബോധത്തോടെ ഗവേഷണത്തിന് ഇറങ്ങിയതുപോലെ, പ്രൊഫസർ ജോർജ്ജ് മേനാച്ചേരി കേരളസഭയുടെ ഗതകാലപ്രതാപത്തിന്റെ കഥ പറയുന്ന ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടങ്ങളും, മങ്ങിയ ചുമർചിത്രങ്ങളും, ദ്രവിച്ച ചെപ്പേടുകളും തേടി അലഞ്ഞുനടന്ന്, ലോകത്തിന്റെ ദൃഷ്ടിയിൽ ജീവിക്കാൻ മറന്നുപോയ ഒരാളാണ്. പ്രൊഫസർ ജോർജ്ജ് എന്നൊരു ഗവേഷകൻ ഇല്ലായിരുന്നുവെങ്കിൽ കേരളത്തിലെ ക്രൈസ്തവസഭ ഇന്നായിരിക്കുന്നതുപോലെ ധന്യയാകുമായിരുന്നില്ല. കഴിഞ്ഞകാലസംഭവങ്ങളുടെ വർണ്ണശബളമായ യവനിക പശ്ചാത്തലമാക്കി, പ്രൊഫസർ മേനാച്ചേരി കേരളസഭയുടെ ചിത്രം വരയ്ക്കുന്നതു കാണുമ്പോൾ അദ്ദേഹത്തിന്റെ ഈ ബാല്യകാലസുഹൃത്ത് സത്യത്തിൽ അഭിമാനംകൊള്ളുന്നു.

വർഷങ്ങൾക്കു മുമ്പ്, വലിയ പ്രസരിപ്പൊന്നും കൂടാതെ, കാട്ടൂർ എന്ന ഗ്രാമത്തിലെ പോംപെ സെന്റ് മേരീസ് ഹൈസ്ക്കൂളിലേയ്ക്ക് ഒരുമിച്ചു നടന്നു നീങ്ങുമ്പോൾ ജോർജ്ജ് കേരളസഭയ്ക്ക് ഇത്രയേറെ അമൂല്യമായ സംഭാവന ചെയ്യുമെന്ന് ഞാൻ കരുതിയില്ല. കേരളീയർ, പ്രത്യേകിച്ച് ഇവിടത്തെ ക്രിസ്ത്യാനികൾ, ആവശ്യത്തിനു ചരിത്രാവബോധം ഉള്ളവരല്ല. ആ കുറവിന്റെ ദൂഷ്യഫലങ്ങൾ കേരളസഭ അനുഭവിക്കുന്നുണ്ട്. ഗതകാലസംഭവങ്ങളെക്കുറിച്ച് അറിയാനും അതിൽ അഭിമാനംകൊള്ളാനും കഴിഞ്ഞാലേ നമുക്കു ആത്മാഭിമാനം ഉണ്ടാവുകയുള്ളു. നമുക്ക് തറവാടിത്തമുണ്ടെന്നു പറയാൻ കഴിയണമെങ്കിൽ മുൻകാലചരിത്രത്തെക്കുറിച്ച് അറിയണം. ഈ മേഖലയിലാണ് പ്രൊഫസർ ജോർജ്ജ് നമുക്ക് അമൂല്യമായ സംഭാവന നൽകിയത്. അദ്ദേഹം സപ്തതി ആഘോഷിക്കുന്ന ഈ അനർഘമുഹൂർത്തത്തിൽ ദൈവം അദ്ദേഹത്തെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് ഈ ബാല്യകാലസുഹൃത്ത് ആശംസിക്കുന്നു.

■



Dr. N. J. Francis

# Interrogating the Received Notions:

## Prof. George Menacherry and the History of the St. Thomas' College, Trichur

The history of the St. Thomas' College, Trichur—an institution with which Prof. George Menacherry has associated himself in various capacities for the last forty-six years—has also been a theme of the scholarly inquiries and pursuits undertaken by Prof. Menacherry along with a gamut of other questions of socio-cultural, religious and art-historical significance pertaining to the Syrian Christian community in India. This brief article looks into the contributions of Prof. Menacherry in bringing out and popularising the history of the St. Thomas' College, Trichur, the first Catholic private College in Kerala that has bequeathed a rich legacy to modernity in Kerala through educational activities and intellectual initiatives for more than a century.

The nature of Prof. Menacherry's perception of what the St. Thomas' College stood for as well as his engagement with what the College has been doing during the last one century of its existence as the premier centre of higher learning in central Kerala placed him in a unique position to develop, by the 1980's, an outline of a history of the College. This outline has effectively gone into the making of the more comprehensive proposals in recent times for a detailed intellectual history of this College in the context of a wider history of education in modern Kerala and the role of the Catholic Church in such a history.

A comprehensive effort at looking back at the history of the College dates back to the Golden Jubilee, in 1969, of the up-gradation of this educational institution as a Second Grade College affiliated to the University of Madras in 1919, at a time when the institution was already thirty years old. There were, of course, attempts at reviewing the educational past of the College as had been done in 1925 by Fr. John Palocaren, the first Principal of the College, in connection with the raising of the College as the first First Grade College in the princely state of Cochin in June 1925. Yet another attempt at reconstructing

the history of the College was the occasion of the Diamond Jubilee in 1979 of the affiliation of the College to the University of Madras.

It is time now to point out the basic features of these attempts at historicising the past of the St. Thomas' College. This will locate the interventions of Prof. Menacherry in rectifying the blurring of certain significant data pertaining to the history of the College that took place on certain occasions of reviewing its past. The first historical review was the one attempted in 1969 in the context of the Golden Jubilee of the affiliation of the College to the University of Madras. Prof. Menacherry was, at this time, only a young member of the teaching staff, barely thirty-one years old, but already on the scholarly pursuits for which he later earned national and international acclaim. In spite of the earnestness and rigour of the Golden Jubilee celebrations, what escaped the event was the historical significance of the three decades of the institutional past that lay behind "St. Thomas' College, Trichur" prior to 1919. The *Golden Jubilee Souvenir*[1], too, missed the fact that what happened in 1919 was not the founding of any new institution, as many people in the College as well as even outside still seem to think, but only the starting of a Junior Intermediate Class and a College Department. In fact, the Head Master became the head of both the High School wing as well as the College Department. We have enough evidence to believe that both the wings together constituted the same institution for a long time until developments within the machinery of Governments necessitated the



*Prof. Menacherry welcoming the gathering at the Old Boys' Day in connection with the Diamond Jubilee Celebrations, 1979-80*





*The Cover of the Diamond Jubilee Commemoration Volume*

bifurcation of the College from the school or *vice versa*. Viewed in the light of changing Government rules and regulations, these institutions which are in many respects older than the Governments that administered them, tended to review their past based on these changes. In fact, the College operated within the administrative space provided by the princely state of Cochin on the hand and the Government of Madras Presidency under the British on the other.

It is equally pertinent now to go further back and read the first ever historical note on the College, by Rev. Fr. John Palocaren, the first Principal,[2] in 1925, whereby he considered Dr. Adolphus E. Medlycott as one of the three successive Founders of the College, the other two being *Mar* John Menacherry and *Mar* Francis Vazhapilly. Here we have the first clear perception of how the "St. Thomas' College" took its birth. We do not know the circumstances under which the collective and shared memory of the real beginnings of the College began to blur from the archival records of the College as well as from the popular memories.

When the history of the College subsequently got percolated down to the students and the public at large in central Kerala, a fragmented view of its history was what came to be cherished. Thus, the *College Calendars* of the 1970's and 1980's began to carry in the preface such statements as "It was founded by the Rt. Rev. Dr. John Menacherry, the Bishop and Vicar Apostolic of Trichur, in April, 1919 ..." It is in this context that the intervention of Prof. Menacherry becomes crucial in rectifying this blurring of evidence by re-instating into the history of the College its real founder—Dr. Adolphus Edwin Medlycott, Ph D, the one time Professor at the Propaganda College in Rome, author of *India and the Apostle Thomas* (London, 1905), and an internationally reputed historian of the Syrian Christians of South Asia.

It is the *Diamond Jubilee Commemoration Volume* of the College that offered Prof. Menacherry the site for questioning the way the history of the College was till then perceived and for proposing an alternate perspective. He





*Prof. Menacherry listening to a Medlycott Lecture*



*Prof. Menacherry at the Third Medlycott Lecture, on 2nd March, 2007, seeking clarification from Prof. M.G.S. Narayanan*

was himself the Joint Convenor and Managing Editor of the Diamond Jubilee Commemoration Volume Committee, with the late P. Thomas, another reputed scholar of history and author of several renowned books on history, religion, culture, and art,[3] as the Convenor.

The two essential features of Prof. Menacherry's revision of the history of the College are 1) the reinstating of Dr. A. E. Medlycott as the founder of the College, and 2) the placing of the history of the College against the background of the history of the Syrian Christian community in India as a whole, and not in terms of the personal interests and capabilities of certain individuals, be they prelates or clerics or academics.

The shift of emphasis brought in by Prof. Menacherry is aptly portrayed on the very cover design of the *Diamond Jubilee Commemoration Volume* itself. In fact, the very celebration of the Diamond Jubilee symbolically began with a *Dipasikha* brought from Kodungallur where, according to Syrian Christian tradition, the Apostle Thomas first landed on the Malabar Coast. The said volume contained, more as a preface and statement of the new historical insight, a two-page explanation[4] as to why the St. Thomas' Cross in granite was portrayed on the cover of the *Diamond Jubilee Commemoration Volume*. It also carried extensive quotations from what the editor of the volume referred to as "our founder's work on our Patron."[5] Thus, the very history, and the intellectual and scholastic activity that were part of the St. Thomas' College began to be viewed as an adjunct of the history and activities of the Syrian Christian community as a whole in India.

Something more about the less-known work of the founder of "the St. Thomas' College" needs to be stated here in way of clarification in the light of

an article written by Dr. A. E. Medlycott himself on the history of the Thomas Christians.[6] In the last section of this article, Dr. Medlycott deals with the near contemporary history and activities of the new Vicariate of Trichur, which helps us to add an interesting note on Medlycott's conception of the "College." On his own activities, he wrote: "… he took early steps to open as many elementary parish schools as possible; within nine years (1888-96) the vicariate was provided with no less than 231 elementary parish schools …, besides a high school (St. Thomas' College), with 95 students; … …, and *plans were prepared to house the above college in a handsome structure. This was the condition of things when the bishop went to Europe on sick leave*"[7] (italics added) in 1895. This reminds us of the long term vision of Dr. Medlycott and proves beyond doubt that what he founded was, in fact, a real college itself and not an elementary school. The burden of constructing this "handsome" building fell on *Mar* John Menacherry, who was appointed Vicar Apostolic in 1896, on plans that were already prepared and finalised by "our founder," in the familiar words of Prof. George Menacherry. Msgr. Palocaren wrote in 1925 that "a well-known engineer, who had occasion to visit the College, after contemplating the edifice for a while, turned to the present writer and exclaimed: "A magnificent pile. He is a genius who planned it!"[8] though it had been forgotten by that time as to who actually planned the "handsome structure" for the College.



*Prof. Menacherry at the First Medlycott Lecture, on 20th January, 2005, seeking clarification from Prof. M. R. Raghava Varier*

It was in order to highlight the scholarship of the founder of the College and rekindle the spirit of an interdisciplinary dialogue—a tradition set by Dr. Medlycott himself—that the Medlycott Foundation was established by some academics who believe in the necessity for dialogue among researchers, scholars, intellectuals, and all those who can partake in the quest for truth. Prof. Menacherry has been the adviser of the Foundation since its inception in 2005.

I dedicate this brief write-up as a token of my admiration to the historical scholarship and antiquarian pursuits of Prof. George Menacherry, whose secular and scholarly engagements with the history and prospects of a community took him to many roads not trodden so far. It was from my revered teacher, Professor M. G. S. Narayanan, onetime Chairman of the Indian Council for Historical Research, that I first heard of Prof. Menacherry, when I was still a

postgraduate student at the Department of History, University of Calicut. Much later, Dr. George Michell, a leading authority on pre-modern Indian architecture, told me how Prof. Menacherry's works on the Christian Church architecture of Kerala helped him when he edited two volumes on the wooden sculptural traditions of south India for the National Centre for the Performing Arts.[9] I sent a letter to Prof. Menacherry the same day of my meeting Dr. Michell, who introduced me to early Indian temple architecture at the British Museum in 2003. As I went through the shelves of the library of the School of Oriental and African Studies of the University of London, I did come across the volumes published by Prof. Menacherry, many of which were frequently borrowed and read by researchers in that part of the world as well. I wish Prof. Menacherry many more decades of fruitful historical scholarship and antiquarian pursuits.

** Reader and Head, Dept. of History, St. Thomas' College, Trichur. He was a Fellow of the Indian Institute of Advanced Study, Shimla. Presently, he is UGC Research Awardee at the Dept. of History, University of Calicut.*

**(Footnotes)**

1. *Golden Jubilee Souvenir*, Trichur: St. Thomas College, Trichur, 1969.
2. Rev. J. Palocaren, The College and its Founders *The St. Thomas College Magazine*, Vol. I, nos. 1 & 2, June-September, 1925, pp. 4-11.
3. The leading works of P. Thomas include *Christians and Christianity in India and Pakistan*, London: George Allen & Unwin, 1954; and *Churches in India*, New Delhi: Publications Division, Govt. of India, 1964
4. *Diamond Jubilee Commemoration Volume*, pp. 7-8
5. *Diamond Jubilee Commemoration Volume*, p. 8
6. A. E. Medlycott, 'Thomas Christians' in *The Catholic Encyclopedia*: *An International Work of Reference on the Constitution, Doctrine, Discipline, and History of the Catholic Church*, Vol. XIV, ed. by Charles G. Herbermann *et. al*, New York: Robert Appleton Company, 1912, pp. 678-688.
7. A. E. Medlycott, 'Thomas Christians' in *The Catholic Encyclopedia*, p. 688.
8. Rev. J. Palocaren, 'The College and its Founders', *St. Thomas College Magazine* Vol. I, Nos. 1 & 2, June-September,, 1925, p. 6.
9. George Michell ed., *Marg*, Vol. XLII, No. 3 (*Wooden Traditions of Kerala and Karnataka*) and *Living Wood: Sculptural Traditions of Southern India*, Bombay: Marg Publications, 1992. His other titles include *The Hindu Temple: An Introduction to its Meaning and Forms*, London, 1977, *Art and Architecture of Southern India*, Cambridge, 1995 etc.



മാതാപിതാക്കളുടെ
വിവാഹം



A. M. Mundadan CMI

# Professor George Menachery

## The Tireless Searcher after St Thomas Christian Heritage

**It gives me immense happiness to join his other friends and well wishers to warmly greet this heritage-minded professor in the full bloom of his Saptati.**

It was in the 1960s my acquaintance with Prof. George Menachery started. One day his brother James and the professor came to see me. Young and energetic his enthusiasm and firm determination to dedicate himself to the cause of the Christian heritage of India shone brightly in his youthful face and in his inspired words. He was launching a great project—a series of what he called St Thomas Christian Encyclopedia of India. He wanted my collaboration in this grand venture. Another time he took me to his home at Ollur—a home that was fast turning into a heritage house, a continuation of the tradition his maternal grandfather Kunjuvareed had established. Kunjuvareed's house at Kattur had been a marvel of traditional Kerala architecture, with a library full of old tomes related to the history of Christianity and several antiques that symbolized an earlier era.

George was then teaching English literature at the prestigious St Thomas' College, Thrissur. An earnest teacher though he was of English literature, George's first love was Christian history and Christian archeology.

Finally when this dream project of the Encyclopedia was launched he was kind enough to include my name in the Board of Editorial Consultants. I wrote an article for Vol. II: "History of St Thomas Christianity in India to the Present Day". I was also able to provide Prof. Menachery with some colour slides of churches of Kerala and their art treasures which we had collected for the Dharmaam College Exhibition during the celebration of the 19th centenary of the death of St Thomas the Apostle, 1972.

Many of George's friends wondered whether the project would materialize

or would remain at the dream level. I too was somewhat sceptical. But Prof. George surprised all when the news was flashed that volume two was going to be released by His Eminence Joseph Cardinal Parecattil in the presence of His Holiness Catholicos Baselius Angen I. Actually the book was released on 7 April 1973 almost coinciding with the culmination of the 19th Centenary celebrations of the Death of St Thomas. At another grand function on 3 July 1973 Joseph Cardinal Parecattil presented copies of the volume to the then Governor of Kerala Sri N. N. Vanchoo. Both the functions were widely covered by the media and the Encyclopedia got good publicity. The book and its skilful editor George became celebrities overnight. We were all wonderstruck when we got in our hands the grant size volume in magnificent class and style. Great acclaim not only from the general public but from the part of scholars and learned persons greeted the monumental work and its author. One reviewer wrote that the Encyclopedia with authoritative articles, reproductions of ancient documents and colour pictures, rich with maps, tables and plates is a highly recommended reference tool for hard to obtain information. Others remarked that they knew nothing better as a reference book on Christianity in India than the St Thomas Christian Encyclopedia. For most people this lavishly produced work rarely found in India was an extraordinary publishing achievement with scholarly serenity and reliability—a compendious and comprehensive work with a remarkable coverage of the whole ground - history, culture, customs, divisions, art, architecture, music, parish life, liturgical vestments, Christian traditional occupations, dance and drama, institutions, statistics and what not.

The toil and moil Prof. Menachery underwent to get this monumental volume published are known, perhaps, only to a few of his close friends and relatives. I remember the pain he confined in his heart at the time of stress and strain. Some of his friends including me did what they could. But that was not much. I understand that he had to draw on his life's savings and family property to get volume two out of the press. But the surprising thing is that George never showed at any time worry or anxiety. He went on with great optimism and full faith in God that the project, which he considered a divinity designated work, would succeed. Succeed, indeed, he did. He has emerged as the heritage-minded professor and the 'guardian angel' of history and Christian cultural patrimony.

Excellent publications followed: the first volume of the Encyclopedia; "The Nazranies" which is the first of several projected volumes of classics on history of Christianity in India. A cheaper but a more perfect edition of Vol. II of the Encyclopedia under the name 'Thomapaedia' has also seen light. The third volume of the Encyclopedia is ready for release.

This heritage person with his wide knowledge of the Church in Kerala and with a lot of precious collections of antiques is available for all people whenever they need his expert service. I organized two events here at Jeevass Kendram, one in 1999 on the Synod of Diamper and another a painting exhibition on ‘The Human Face of the Divine’ in 2004. On both occasions George was the main resource person. In 1999 he brought to Jeevass many of his personal collections and some special items borrowed from his parish church of Ollur. The audience were thrilled.

With the sweet recollection of these and many other events may I offer Prof. George Menachery who is celebrating his Saptati my heartfelt thanks. I pray the Almighty to keep him in good health and the best of youthful spirit to serve the Church and society for many more years. ■



മുത്തപ്പൻ ലോനപ്പനും
മുത്തിയമ്മ ഇട്ട്യാനവും



# വലിയ കാര്യങ്ങളുടെ തമ്പുരാൻ പ്രൊഫ. ജോർജ്ജ് മേനാച്ചേരി

പ്രൊഫ. വി. എ. വർഗ്ഗീസ്

പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ സപ്തതിവേളയിൽ മാണിമാധവ ചാക്യാരുടെ ഗോവർദ്ധനോദ്ധാരണരംഗമാണ് എന്റെ മനസ്സിൽ തെളിഞ്ഞുവരുന്നത്. അസാമാന്യ വലിപ്പത്തിൽ മുമ്പിലുയർന്ന് വിലസുന്ന പർവ്വതത്തെ ചാക്യാർ അടിമുടി നിരീക്ഷിക്കും. പിന്നെ രണ്ടു കൈകൊണ്ടും അതിനെ എടുത്തു പൊക്കാനുള്ള പരിശ്രമമാണ് നടനപരിസമാപ്തിയിൽ ഗോവർദ്ധനപർവ്വതം കാണികൾക്കും നടനും ഇടയിൽ പതുക്കെ പൊങ്ങിവരും. പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ ഓരോ ഗ്രന്ഥവും ഇതുപോലെ വൻമലകൾ ഉയർന്ന് വരുന്ന അനുഭൂതിയാണ് പ്രദാനം ചെയ്യുന്നത്.

കേരള ക്രൈസ്തവരുടെ പുരാതനചരിത്രത്തിന്റെ ഇരുളടഞ്ഞ ഏടുകളിലേക്ക് വെളിച്ചം വീശാൻ പ്രൊഫ. ജോർജ്ജ് മേനാച്ചേരി തന്റെ യൗവനകാലത്ത് തുടങ്ങിയ പരിശ്രമം ക്രമേണ ഫലപ്രാപ്തിയോടടുക്കുന്നതായി ചരിത്രരംഗത്തുള്ളവർ അഭിപ്രായപ്പെടുന്നു. അതോടൊപ്പം ഇന്ന് നിലവിലുള്ളതും നഷ്ടപ്രായമായി അതിജീവനം കാത്ത്കിടക്കുന്നതുമായ ചരിത്രസാമഗ്രികൾ ശാസ്ത്രീയമായി രേഖപ്പെടുത്തിവെക്കാനുള്ള ശ്രമം അദ്ദേഹം ഫലപ്രാപ്തിയിലെത്തിച്ചു. അങ്ങനെ തന്റെ 35–ാം വയസ്സിൽ തന്നെ ഭാരതക്രൈസ്തവരുടെ ചരിത്ര സാമഗ്രികൾ ഉൾക്കൊള്ളുന്ന എൻസൈക്ലോപീഡിയ പുറത്തിറക്കി നാടിനെ വിസ്മയം കൊള്ളിച്ചു. മഹാനുഭാവനാണ്, പ്രൊഫ. മേനാച്ചേരി. സാധാരണക്കാർക്ക് ദന്തഗോപുരവാസിയെന്ന് തോന്നാവുന്ന തരം പ്രവർത്തനങ്ങളിലാണ് പ്രൊഫ. മേനാച്ചേരി വ്യാപൃതനായിരുന്നത്.

തന്റെ ആകാരം പോലെ വലിയ വലിയ മനസ്സും അദ്ദേഹം സ്വായത്തമാക്കി. മനസ്സുപോലെ വലിയ ഗ്രന്ഥങ്ങൾ രചിച്ചു. നൂറ് കണക്കിന് വിദഗ്ധർ കാലങ്ങളോളം കഠിനാദ്ധ്വാനം ചെയ്ത് പുറത്തിറക്കുന്നതാണ് വിജ്ഞാനകോശങ്ങൾ. വിവിധ രാജ്യങ്ങളിലെ 600 ൽ പരം ഗ്രന്ഥകാരന്മാരെ അണിനിരത്തികൊണ്ടാണ് സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയായുടെ വാല്യങ്ങൾ ചെയ്തത്. പ്രൊഫ. മേനാച്ചേരി ഇന്ന് 300 ൽപരം ലോകസർവ്വകലാശാലകളിൽ റഫറൻസ് ഗ്രന്ഥമായി മേനാച്ചേരിയുടെ കൃതികൾ ഇടം

നേടിയിരിക്കുന്നു.

ഭാരതത്തിൽ ഇദംപ്രഥമമായി (1975) ആരംഭിച്ച അല്മായ നേതൃത്വപരിശീലനകേന്ദ്രത്തിന്റെ (തൃശൂർ അതിരൂപതയിൽ) ഡയറക്ടറായി അന്നുമുതൽ ഇന്നുവരെ പ്രവർത്തിക്കുന്നു.

"ഭാഗ്യവന്തം പ്രസുയേഥാഃ

മാശൂരം മാചപണ്ഡിതം"

എന്ന ചൊല്ല് പ്രകാരം ഭാഗ്യവാനെയാണ് ശൂരനെയോ, പണ്ഡിതനെയോ അല്ല പ്രസവിക്കേണ്ടത്. എന്നാൽ മേനാച്ചേരിയുടെ അമ്മ പണ്ഡിതനും പരിശ്രമശാലിയുമായ ഭാഗ്യവാനെ പ്രസവിച്ചുകൊണ്ട് മേല്പറഞ്ഞ പഴഞ്ചൊല്ലിന്റെ സാരത്തെ ദ്വിഗുണീഭവിപ്പിച്ചു.

ചില സുഹൃത്തുക്കളുമായി ചേർന്ന് ഐഫൽബുക്സ് പ്രസാധനകേന്ദ്രം സ്ഥാപിച്ച് 1968 ൽ പ്രഗത്ഭരുടെ 35 ഗ്രന്ഥങ്ങൾ ഒറ്റയടിക്ക് പ്രസാധനം ചെയ്ത് പുസ്തകപ്രസാധകരുടെ കുലപതിയായ ഡി.സി. കിഴക്കേമുറിയുടെപോലും പ്രശംസ പിടിച്ചുപറ്റിയ ആളാണദ്ദേഹം.

വിവിധ രാജ്യങ്ങളിലായി 2 കൊല്ലത്തിലേറെക്കാലം വിദേശത്ത് കഴിഞ്ഞിട്ടുണ്ട് ഇദ്ദേഹം. 1978 ൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ സ്ഥാനാരോഹണം റിപ്പോർട്ട് ചെയ്യാൻ ചെന്ന 1500 പത്രലേഖകരിൽ കോൺക്ലേവ് പരിസരത്തു ചെല്ലാൻ അനുമതി ലഭിച്ച വത്തിക്കാൻ അക്രഡിറ്റേഷനുള്ള 68 പേരിൽ ഒരാളായിരുന്നു അദ്ദേഹം.

ഡിഗ്രി വിദ്യാർത്ഥിയായിരിക്കേ മാസികകൾ പ്രകാശനം ചെയ്തു. നവോദയ അപ്പച്ചന്റെ ബൈബിൾ എന്ന ദേശീയ ടി.വി. സീരിയലടക്കം ധാരാളം ഡോക്യുമെന്ററി സിനിമകൾ നിർമ്മിക്കുകയും സംവിധാനം ചെയ്യുകയും ഉണ്ടായി.

ആയിരക്കണക്കിന് ഫോട്ടോകൾ പ്രസാധനം ചെയ്ത നല്ലൊരു ഫോട്ടോഗ്രാഫറാണദ്ദേഹം.

നിരവധി അന്തർദേശീയ, ദേശീയ സെമിനാറുകളിൽ അദ്ധ്യക്ഷനും, പ്രബന്ധാവതാരകനുമായി. പൊതുജനങ്ങളേക്കാൾ ഏറെ മുമ്പേ നടക്കുന്ന ഈ മഹാനുഭാവൻ 1992 മുതൽ കമ്പ്യൂട്ടർ ഉപയോഗിക്കുന്നു. 1998 മുതൽ സ്വന്തം വെബ്സൈറ്റുകൾ ആരംഭിച്ച് ലോകനിലവാരത്തിൽ നടത്തികൊണ്ടുപോകുന്നു. ധാരാളം രൂപതകളും പള്ളികളും സഭാസ്ഥാപനങ്ങളും വെബ്സൈറ്റ് ആരംഭിച്ചത് പ്രൊഫ. മേനാച്ചേരിയുടെ നേതൃത്വത്തിലായിരുന്നു.

പ്രൊഫ. മേനാച്ചേരിയുടെ സപ്തതി ആഘോഷിക്കാൻ ഞങ്ങൾ നിർബ്ബന്ധിച്ചപ്പോൾ അദ്ദേഹം മുന്നോട്ടുവെച്ച നിർദ്ദേശം ആഘോഷം അത്രപ്രധാനമല്ല എന്നും താൻ നടന്ന വഴികളിലൂടെ സഞ്ചരിക്കാൻ നാട്ടുകാരെ പ്രചോദിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങളാണ് അഭികാമ്യം എന്നുമായിരുന്നു.

കലാലയ വിദ്യാർത്ഥികൾക്കായി മാധ്യമശില്പശാല, വയോജനങ്ങൾക്കു സമ്പൂർണ്ണ ഐ.ടി. സാക്ഷരതായജ്ഞം, ചരിത്രസാംസ്ക്കാരിക പ്രദർശനം, ആനകളും നാടൻ വാദ്യങ്ങളും, പൂരവും പെരുന്നാളും പട്ടുകുടയും ഒക്കെയായി ഘോഷയാത്ര, ദേശീയ–അന്തർദേശീയ സെമിനാറുകൾ, സപ്തതിഗ്രന്ഥങ്ങൾ, സപ്തതി വെബ്സൈറ്റ്, കോളേജ് ലൈബ്രറികൾക്ക് അപൂർവ്വഗ്രന്ഥസമർപ്പണം, ഉദ്ഘാടനം, സമാപനം എന്നു തുടങ്ങി ഒരു ഡസൻ ബൃഹത്പദ്ധതികൾ അങ്ങനെ വാർന്നുവീണു.

അനന്യവും അപൂർവ്വവും പാരമ്പര്യഗരിമയാർന്നതുമായ ഒരു സപ്തതിക്ക് തൃശൂർ സാക്ഷ്യം വഹിച്ചത് അങ്ങനെയാണ്. അതുകൊണ്ടാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെ വലിയ കാര്യങ്ങളുടെ തമ്പുരാൻ എന്ന് ഈ ലേഖകൻ വിശേഷിപ്പിക്കുന്നത്.



*അപ്പാപ്പൻ എം.എൽ തോമ, കൊച്ചി രാജകീയ ഡർബാറിൽ*




*അമ്മാമ ഏല്യാക്കുട്ടി*





*മാതാപിതാക്കൾ*



ഡോ. കെ.കെ. രാഹുലൻ

# ഷെവലിയാർ പ്രൊഫ. ജോർജ്ജ് മേനാച്ചേരി

പ്രഗത്ഭനായ ഒരു ഇംഗ്ലീഷ് പ്രൊഫസർ അതിപ്രശസ്തനായ ഒരു വലിയ ചരിത്രഗവേഷകനായി മാറി വന്ന അത്യപൂർവ്വമായ  ഒരു മെറ്റാമോർഫോസിസ്സ് ആണ് ഷെവലിയാർ പ്രൊഫ. ജോർജ്ജ് മേനാച്ചേരി എന്ന മഹാനായ വ്യക്തിയുടെ ജീവിതത്തിൽ നാം കാണുന്നത്. മഹാനായ അദ്ധ്യാപകൻ, വിഖ്യാതനായ ഗവേഷകൻ, അജയ്യനായ ചരിത്രപണ്ഡിതൻ, ഊർജ്ജ്വസ്വലനായ കലാ സാംസ്ക്കാരിക പ്രവർത്തകൻ, ശക്തനായ പത്രാധിപർ, സർഗ്ഗധനനായ സഭാചരിത്രകാരൻ,  വിഖ്യാതനായ ലോകസഞ്ചാരി, നല്ല സംഘാടകൻ, ഗ്രന്ഥകർത്താവും, പ്രസാധകനും സ്നേഹസമ്പന്നനായ ഒരു സുഹൃത്ത്, സർവ്വോപരി ഒരു ജന്റിൽമേൻ, ഇതെല്ലാമാണ്  ആദരണീയനായ പ്രൊഫ. ജോർജ്ജ് മേനാച്ചേരി.  ശാന്തപ്രകൃതിയായ പ്രൊഫ. മേനാച്ചേരിയെ എല്ലാവരും ഇഷ്ടപ്പെടും. സെന്റ് തോമസ് കോളേജിലെ ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിന്റെ തലവനായിരിക്കുമ്പോൾ തന്നെ ക്രൈസ്തവസഭാ ചരിത്രരചനയിലും നിർമ്മാണത്തിലും പ്രസാധനത്തിലും ശാസ്ത്രീയമായി യുക്തിബോധത്തോടെ ശ്രദ്ധിച്ചിരുന്ന പ്രൊഫ. മേനാച്ചേരി, റിട്ടയർ ചെയ്തശേഷം മുഴുവൻ സമയവും ക്രൈസ്തവ ചരിത്രഗവേഷണത്തിൽ ചിലവഴിക്കാനും അമൂല്യങ്ങളായ നിരവധി  ചരിത്ര ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാനും സുപ്രധാനമായ പല ഗ്രന്ഥങ്ങളുടെ എഡിറ്ററായി മാറാനും കഴിഞ്ഞു. ക്രൈസ്തവ ദേവാലയങ്ങളുടെ ചരിത്രരചനയിൽ ഇത്രയധികം താല്പര്യമെടുത്തവർ കേരളത്തിൽ അധികമില്ല. ഇംഗ്ലീഷ് ഭാഷയിൽ നേടി എടുത്ത അഗാധമായ പാണ്ഡിത്യം പ്രൊഫ. മേനാച്ചേരിയെ ഒരു വലിയ ചരിത്രഗ്രന്ഥകാരനാക്കി വളർത്തിയെടുക്കാൻ വളരെയധികം സഹായിച്ചു. കേരളത്തിലെ ക്രൈസ്തവരുടെ ചരിത്രത്തിലേക്കും ക്രൈസ്തവ ശില്പങ്ങളിലേക്കും പള്ളികളിലേക്കും വെളിച്ചം വീശുന്ന അത്യപൂർവ്വവും എതിർപ്പുള്ളതും  ഇല്ലാത്തതുമായ പ്രശ്നങ്ങളിൽ രേഖകൾ ശേഖരിച്ച് നിരവധി ഗവേഷണങ്ങൾ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിക്കാനും പ്രൊഫ. മേനാച്ചേരിക്ക് കഴിഞ്ഞിട്ടുണ്ട്. 1973 –82 വർഷങ്ങളിൽ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ച സെന്റ് തോമസ്

ക്രിസ്ത്യൻ എൻസൈക്ലോപീഡിയയുടെ രണ്ടു വാല്യങ്ങൾ 1991 ലെ ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്സ് 2000ൽ പ്രസിദ്ധീകരിച്ച 8 വാല്യങ്ങളുള്ള ദി തോമാപീഡിയ എന്നിവ ലോകപ്രസിദ്ധങ്ങളായ ഇംഗ്ലീഷ് ഗ്രന്ഥങ്ങളാണ് അതിൽ വിവിധങ്ങളായ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. വിദേശങ്ങളിലേയും, കേരളത്തിലേയും പണ്ഡിതന്മാരായ നൂറുകണക്കിന് എഴുത്തുസംഭാവനകൾ ഈ നാലു ഗ്രന്ഥങ്ങളിലും കണ്ടെത്താൻ കഴിയും. അങ്ങിനെ സെന്റ് തോമസിനെകുറിച്ചും, ക്രൈസ്തവ ദേവാലയങ്ങളെക്കുറിച്ചും പുറത്തിറങ്ങിയ പ്രധാനപ്പെട്ട ഗ്രന്ഥങ്ങളേയും ഗ്രന്ഥകാരന്മാരെയും വ്യത്യസ്തതയുള്ള ലേഖകന്മാരെയും പ്രൊഫ. മേനാച്ചേരി ഈ വിശിഷ്ട ഗ്രന്ഥങ്ങളിൽ കൂടി നമ്മെ പരിചയപ്പെടുത്തുന്നു. ആരാധ്യനായ സെന്റ് തോമസ് കേരളം സന്ദർശിച്ചിട്ടുണ്ടോ ഇല്ലയോ എന്ന കാര്യം പലസ്ഥലത്തും ഇപ്പോഴും ചർച്ച ചെയ്യുകയാണ്. മഹാനായ പോപ്പ് തിരുമേനി പോലും അഭിപ്രായം പറഞ്ഞിട്ടുണ്ട്.

Did St. Thomas Really come to India" എന്ന ലോകപ്രസിദ്ധ ചരിത്രഗവേഷകനായ H. Comes ന്റെ വിവാദപരമായ ലേഖനം ദി തോമോപീഡിയ എന്ന ഗ്രന്ഥത്തിൽ പ്രൊഫ. മേനാച്ചേരി എടുത്തു ചേർത്തിട്ടുണ്ട്. കേരളത്തിലെ ചരിത്രവിദ്യാർത്ഥികൾക്കു ഈ ലേഖനം പല പുതിയ വിജ്ഞാനവും പകർന്നുതരുന്നുണ്ട്.

സത്യസന്ധനായ ചരിത്ര ഗവേഷകൻ എന്ന നിലയ്ക്ക് പ്രൊഫ. മേനാച്ചേരിയുടെ പ്രത്യേക വ്യക്തിത്വത്തിന്റെ മുഖമുദ്രയാണിത്. ഒരു വിഷയത്തെക്കുറിച്ച് കിട്ടാവുന്നിടത്തോളം വ്യത്യസ്തമായ വിവരങ്ങൾ പോലും കണ്ടെത്തി അതെല്ലാം വായനക്കാരന്റെ മുമ്പിൽ അവതരിപ്പിക്കാൻ പ്രൊഫ. മേനാച്ചേരി കാണിച്ച ആർജ്ജവബോധത്തെ എത്ര പ്രശംസിച്ചാലും മതിയാവുകയില്ല. ചരിത്രകാരന്റെ ധർമ്മമതാണ്. ഇതാ ലോകത്തു പരന്നു കിടക്കുന്ന വ്യത്യസ്ഥങ്ങളായ രേഖകൾ, വായിക്കൂ, പഠിക്കൂ, എന്നിട്ട് താങ്കൾ അഭിപ്രായം രൂപീകരിക്കൂ എന്നാണ് പ്രൊഫ. മേനാച്ചേരി പറയുന്നത്. മേനാച്ചേരിയെ മഹാനായ ചരിത്രഗവേഷനകനാക്കി മാറ്റുന്നത് അത്യന്തം സത്യസന്ധമായ സമീപനമാണ്.

സുപ്രസിദ്ധ ആംഗ്ലോ–ഇന്ത്യൻ ചരിത്രകാരനായ പി. തോമസ് വിദ്യാഭ്യാസ വിദഗ്ധനായ എൽ.എം. പൈലി, ചിന്തകനായ ജോസഫ് കൊളെങ്ങാടൻ, ബഹു. കർദ്ദിനാൾ വർക്കി വിതയത്തിൽ, ഭാഷാപണ്ഡിതനായ ടി.എം. ചുമ്മാർ തുടങ്ങിയവരുടെയെല്ലാം സുചിന്തിതങ്ങളായ അഭിപ്രായങ്ങളെ ഈ ഗ്രന്ഥത്തിൽ പകർത്താൻ പ്രൊഫ. മേനാച്ചേരിക്കു കഴിഞ്ഞിരിക്കുന്നു. ബ്രിട്ടീഷ് ഭരണം ഇന്ത്യയിൽ വരുന്നതിന് എത്രയോ മുമ്പ് തന്നെ സെയിന്റ് തോമസിന്റെ വരവിനുശേഷം ഭാരതീയ ജീവിതത്തിനും കേരള സംസ്കാരത്തിനും ഉണ്ടായ മാറ്റങ്ങള പി. തോമസ് വിലയിരുത്തുന്നുണ്ട്. സെന്റ് തോമസ് ഒന്നാം നൂറ്റാണ്ടിൽ ഇവിടെ വന്നുവെന്നും, അദ്ദേഹം കേരളീയ സമൂഹത്തിന്റെ സ്നേഹാദരങ്ങൾക്ക് പാത്രീഭൂതനായെന്നും ക്രൈസ്തവ ചിന്തകൾ ബ്രിട്ടീഷുകാർ വരു

ന്നതിന് മുമ്പ് തന്നെ ഇവിടെ സ്വാധീനം ചെലുത്തിയിരുന്നുവെന്നും പി. തോമസ് വ്യക്തമാക്കുന്നു.

സെന്റ് തോമസിന്റെ കേരള സന്ദർശനത്തിന്റെയും തുടർന്നുണ്ടായ വിപുലമായ മതപരിവർത്തനത്തിന്റെയും സത്യങ്ങൾ ഈ ലേഖനങ്ങളിൽ കൂടി വായനക്കാരന് ലഭിക്കുന്നു. കേരള ചരിത്രത്തിലെ ഇത്തരം സംഭവങ്ങളെ സത്യസന്ധമായി വിശദീകരിക്കാൻ ചരിത്രഗവേഷകനായ പ്രൊഫ. മേനാച്ചേരിക്കു കഴിഞ്ഞിരിക്കുന്നു. ചരിത്രവിദ്യാർത്ഥികൾ തീർച്ചയായും പ്രൊഫ. ജോർജ്ജ് മേനാച്ചേരിയോട് കടപ്പെട്ടിരിക്കുന്നു എന്നതാണ് സത്യം.

പണ്ഡിതനായ പ്രൊഫ. മേനാച്ചേരി ഇപ്പോൾ കേരള ചരിത്രവും സംസ്ക്കാരവും ക്രിസ്ത്യൻ കലകളും ശില്പകളും കേരളചരിത്രവും എന്നീ വിഷയങ്ങളിൽ ഗവേഷണം നടത്തി കൊണ്ടിരിക്കയാണ്. ബാംഗ്ലൂർ ധർമ്മാരാമിൽ ഗവേഷണവിദ്യാർത്ഥിയായി പ്രവർത്തിച്ചുവരുന്നു.

ദേശീയ–അന്തർദേശീയ തലങ്ങളിൽ വിദ്യാഭ്യാസം, ചരിത്രം, സഭാചരിത്രം, എന്നീ വിഷയങ്ങളിലുള്ള നിരവധി സെമിനാറുകളിൽ ഗവേഷണപ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുള്ള പ്രൊഫ. മേനാച്ചേരി പതിനഞ്ചോളം മ്യൂസിയങ്ങളും, എക്സിബിഷനുകളും സംഘടിപ്പിക്കുന്നതിനായി നേതൃത്വം നൽകിയിട്ടുണ്ട്. 1964–72 കാലങ്ങളിൽ കാത്തലിക് ന്യൂമൻ അസ്സോസിയേഷന്റെ ദേശീയ പ്രസിണ്ടായി സേവനം നടത്തിയിട്ടുണ്ട്. ഇരുപത്തിമൂന്നോളം വിദേശ രാജ്യങ്ങളിൽ പര്യടനം നടത്തിയിട്ടുള്ള സുപ്രസിദ്ധ ചരിത്രകാരനായ പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെ നിരവധി വിദേശ സർവ്വകലാശാലകൾ ഗവേഷണ പ്രസംഗങ്ങൾ അവതരിപ്പിക്കാനായി ക്ഷണിച്ചിട്ടുണ്ട്. ഇപ്പോൾ വിപുലമായ ഒരു ഇന്ത്യൻ ക്രിസ്ത്യൻ മ്യൂസിയം പണിതുയർത്താനുള്ള വമ്പിച്ച പ്രവർത്തനത്തിലാണ് പ്രൊഫസർ ഏർപ്പെട്ടിരിക്കുന്നത്. അതോടൊപ്പം ക്രിസ്ത്യൻ എൻസൈക്ലോപീഡിയ ചർച്ച് ഹിസ്റ്ററി ക്ലാസിക്സ് എന്നീ രണ്ട് വിശ്വോത്തര ഗ്രന്ഥങ്ങളുടെ രചനയിലും പ്രൊഫ. ജോർജ്ജ് മേനാച്ചേരി മുഴുകിയിരിക്കുന്നു.

കേരള സഭയുടെ ചരിത്ര ഗവേഷണത്തിൽ അമൂല്യമായ സംഭാവനകൾ നൽകിയ ചരിത്ര ചിന്തകനും മഹാനായ അദ്ധ്യാപകനുമായ പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെ അദ്ദേഹത്തിന്റെ സപ്തതി ആഘോഷവേളയിൽ ഷെവലിയാർ പദവി നൽകി ആദരിക്കാൻ സഭ തയ്യാറായത് ഔചിത്യപൂർണ്ണമായ നല്ലൊരു നടപടിയായി എന്ന കാര്യത്തിൽ സംശയമില്ല. സാംസ്ക്കാരിക കേരളം, പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെ ഈ അനശ്വരമായ സ്ഥാനലബ്ധിയിൽ അനുമോദിക്കുകയും ആ പണ്ഡിത ശ്രേഷ്ഠന് സപ്തതി മംഗളം നേരുകയും ചെയ്യുന്നു.

■



അപ്പച്ചന്റെ ശവസംസ്കാരത്തിന് മുമ്പ്
1934



വേലായുധൻ
പണിക്കശ്ശേരി

# സൗഹൃദത്തിന്റെ സുഗന്ധം

അന്യോന്യം അറിയുമായിരുന്നുവെങ്കിലും പ്രൊഫ. മേനാച്ചേരിയുടെയും എന്റെയും ഹൃദയങ്ങൾ തമ്മിൽ അടുത്തത് എഴുപതുകളിൽ ആർക്കിയോളജിയുടെ സ്റ്റേറ്റ് അഡ്വൈസറി ബോർഡിൽ ഒന്നിച്ച് പ്രവർത്തിക്കുവാനുള്ള അവസരം ലഭിച്ചപ്പോഴാണ്. ഇരുവരും തൃശൂർ ജില്ലയിൽ നിന്നുള്ളവരായിരുന്നതിനാലും കൈകാര്യംചെയ്തിരുന്ന വിഷയങ്ങൾ അന്യോന്യം താല്പര്യമുള്ളതായിരുന്നതിനാലും ഞങ്ങൾക്ക് അവതരിപ്പിക്കാനുള്ള വിഷയങ്ങൾക്ക് സമാനതകളുണ്ടായിരുന്നതിനാലും സ്വാഭാവികമായും ഞങ്ങൾ കൂടുതൽ അടുത്തു. കൂട്ടായി ആലോചിച്ചതിനു് ശേഷമേ ഓരോ വിഷയവും ഞങ്ങൾ യോഗത്തിൽ അവതരിപ്പിച്ചിരുന്നുള്ളൂ. ഡോ. എം.ജി.എസ്. നാരായണൻ, ഡോ. ടി.കെ. രവീന്ദ്രൻ, ഡോ. ജോൺ ഓച്ചൻതുരുത്ത് എന്നിവരായിരുന്നു ഉപദേശകസമിതിയിലെ മറ്റ് അംഗങ്ങൾ.

അന്നത്തെ ആർക്കിയോളജി വകുപ്പിന്റെ ഡയറക്ടർ വ്യക്തിപരമായി നല്ല മനുഷ്യനായിരുന്നുവെങ്കിലും പുരാതത്വകാര്യങ്ങളിൽ വേണ്ടത്ര അവഗാഹമോ, താല്പര്യമോ ഉള്ള വ്യക്തിയായിരുന്നില്ല. ആർക്കിയോളജിയുടെ വിപുലമായ സാദ്ധ്യതകളെക്കുറിച്ചും ചരിത്ര രചനയ്ക്ക് അത് ഏതെല്ലാം തരത്തിൽ സഹായകമാകും എന്നതിനെക്കുറിച്ചും വലിയ പിടിപാടൊന്നും ഉണ്ടായിരുന്നില്ല അദ്ദേഹത്തിന്. എങ്ങനെയോ വഴി തെറ്റി വന്നതാണ് ആ സ്ഥാനത്ത്. അതിനാൽ ഈ ഡിപ്പാർട്ടുമെന്റിൽ കാര്യക്ഷമമായ പ്രവർത്തനങ്ങളൊന്നും നടന്നിരുന്നില്ല. ഈ ദുസ്ഥിതി മാറ്റിയെടുക്കാൻ ഞങ്ങൾ കൂട്ടായി ആലോചിച്ച് പുരാതത്വവകുപ്പിന് ഒരു പ്രവർത്തനരേഖ തയ്യാറാക്കി. ഉടനെ നടപ്പാക്കേണ്ടതും ദീർഘകാലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതും എന്ന രീതിയിൽ അത് രണ്ടായി തിരിച്ചു. വകുപ്പു മന്ത്രി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ആ രേഖ അവതരിപ്പിച്ച് അംഗീകരിപ്പിക്കാൻ കഴിഞ്ഞതിലും പില്ക്കാലപ്രവർത്തനങ്ങൾക്ക് അതൊരു മാർഗ്ഗരേഖയായി സ്വീകരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയതിലും ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്.

ശാസ്ത്രീയമായ ചരിത്രരചനയ്ക്ക് സഹായകമായ വളരെയേറെ ഉപദാ


നങ്ങൾ മണ്ണിനടിയിലും വെള്ളത്തിലും മറഞ്ഞു കിടക്കുന്നുണ്ടെന്നും അവയെല്ലാം ശാസ്ത്രീയമായി ഉൽഖനനം നടത്തി പുറത്തെടുത്ത് അപഗ്രഥനം നടത്തിയാലേ യഥാർത്ഥചിത്രം ലഭിക്കൂവെന്നും കാര്യകാരണസഹിതം ഓരോ യോഗത്തിലും പ്രൊഫ. മേനാച്ചേരി ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു. സ്വകാര്യവ്യക്തികളുടെ അത്യാർത്തിമൂലവും അറിവില്ലായ്മമൂലവും അപൂർവ്വങ്ങളായ പല ചരിത്രലക്ഷ്യങ്ങളും സ്മാരകങ്ങളും ദിനംപ്രതി നശിച്ചുകൊണ്ടിരിക്കുകയാണെന്നും അവ സംരക്ഷിക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചുകൊണ്ടിരുന്നു. സംരക്ഷണം അർഹിക്കുന്ന അത്തരം ചരിത്രസ്മാരകങ്ങളുടെ നീണ്ട പട്ടികതന്നെ അദ്ദേഹം ഹാജരാക്കിയിരുന്നു. അതിൽ അടിയന്തിരശ്രദ്ധ അർഹിക്കുന്നവയെ പ്രത്യേകം ചൂണ്ടിക്കാണിച്ചിരുന്നു.

ഉപദേശക സമിതി യോഗങ്ങളിൽ ഞാൻ ഉന്നയിച്ചിരുന്ന പ്രശ്നങ്ങൾക്ക് ഉറച്ച പിന്തുണ അദ്ദേഹം നൽകിയിരുന്നു. അഞ്ച് ഏക്കർ സ്ഥലത്ത് തകർന്നു കിടക്കുന്ന ചേറ്റുവയിലെ ഡച്ചു കോട്ടയുടെ അവശിഷ്ടങ്ങൾ, അധികൃതരുടെ അനാസ്ഥമൂലവും നാട്ടുകാരുടെ അത്യാർത്തിമൂലവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ദുസ്ഥിതിക്ക് ഉടനടി പരിഹാരമുണ്ടാക്കാൻ ഞാൻ അവതരിപ്പിച്ച പ്രമേയത്തിന്, പ്രൊഫസർ ശക്തമായ പിന്തുണ നൽകി സംസാരിച്ചതും, സത്വരനടപടികൾക്ക് മന്ത്രി ഉത്തരവിട്ടതും എന്റെ ഓർമ്മയിൽ ഓടിയെത്തുന്നു. അങ്ങനെ പലതും.

ആഗോള പ്രശസ്തിയാർജ്ജിച്ച ചരിത്രകാരനെന്ന യാതൊരു തലക്കനവും അദ്ദേഹത്തിനില്ല. പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുമായി ഏതാനും മണിക്കൂറുകൾ സംസാരിച്ചാൽ, വലിയൊരു റഫറൻസ് ലൈബ്രറിയിൽ മാസങ്ങളോളം ചെലവഴിച്ചാൽപോലും ലഭിക്കാത്തത്ര അറിവുകൾ നമുക്ക് കൈവരും. എത്ര തിരക്കുകൾക്കിടയിലും സംശയനിവാരണത്തിനായി വരുന്ന ചരിത്രാന്വേഷകരെ അദ്ദേഹം ഒരിക്കലും നിരാശരാക്കാറില്ല. പ്രഗൽഭനായ ഒരദ്ധ്യാപകന്റെ അപഗ്രഥനപാടവത്തോടെ എല്ലാ സംശയങ്ങളും അദ്ദേഹം ദുരീകരിച്ചുകൊടുക്കും.

പ്രൊഫ. ജോർജ്ജ് മേനാച്ചേരി കൈകാര്യംചെയ്തിട്ടുള്ള വിഷയങ്ങളുടെ വൈവിദ്ധ്യവും സംഭാവനചെയ്തിട്ടുള്ള ഗ്രന്ഥങ്ങളുടെ വൈപുല്യവും ആധികാരികതയും പരിഗണിക്കുമ്പോൾ ഇതെല്ലാം ഒരു വ്യക്തിക്ക് ഒറ്റയ്ക്ക് ചെയ്യാൻ കഴിയുമോയെന്ന് അത്ഭുതപ്പെട്ടുപോകും. എത്ര ഗഹനമായ വിഷയവും അത്യാകർഷകമായി അവതരിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് അസൂയാവഹമാണ്.

ക്ഷീണിക്കാത്ത മനീഷയും മഷിയുണങ്ങിടാത്ത പൊൻപേനയുമായി ഭാരതസഭയുടെയും കേരളസഭയുടെയും അറിയപ്പെടാത്ത കോണുകളിലേയ്ക്ക് സത്യത്തിന്റെ നേർവെളിച്ചം കാണിക്കാൻ സപ്തതിയിലും അക്ഷീണം പ്രയത്നിക്കുന്ന എന്റെ പ്രിയ സുഹൃത്തിന് ആയിരം പ്രണാമങ്ങൾ.



ജോസഫ്
മൂഞ്ഞേലി

# ജോർജ്ജ് മേനാച്ചേരി; വിനയപാണ്ഡിത്യങ്ങളുടെ സഹചാരി

സംപൂജ്യനായ മോൺ. സക്കറിയാസ് വാഴിപ്പിള്ളിയുടെ ജ്യേഷ്ഠസഹോദരൻ ബഹുമാന്യനായ മുൻ തൃശൂർ ഡെപ്യൂട്ടികളക്ടർ ശ്രീ. വി.പി. ജോർജ്ജ് അവർകളുടെ പുത്രി മാഗിയും തൃശൂർ സെന്റ് തോമസ് കോളെജ് പ്രഫസർ ശ്രീ. ജോർജ്ജ് മേനാച്ചേരിയും തമ്മിലുള്ള വിവാഹം സമംഗളം നടന്നതോടെയാണ് ഞാൻ ശ്രീ. മേനാച്ചേരിയെ ആദ്യമായി കാണുന്നതും അടുത്തറിയുന്നതും. ബഹുമാനപ്പെട്ട സക്കറിയാസച്ചന്റെയും സ്നേഹമുള്ള ജോർജ്ജ് ചേട്ടന്റെയും പുത്തൻവേലിക്കരയിലെ തറവാട്ട് വസതിയുടെ അടുത്ത അയൽവാസിയും അകന്ന ബന്ധുവുമാണ് ഞാൻ. അതുകൊണ്ട് ശ്രീ മേനാച്ചേരിയുമായി കൂടുതൽ പരിചയപ്പെടാനും, അദ്ദേഹത്തിന്റെ സഭാ–സാമൂഹ പ്രവർത്തനങ്ങളുമായി ഇടപഴകാനും കഴിഞ്ഞു. കൂടാതെ, 1952 മുതൽ കാൽ നൂറ്റാണ്ട് കാലം ഫാദർ വടക്കന്റെ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ കഴിഞ്ഞതിലൂടെ തൃശൂർ പട്ടണവുമായി കൂടുതൽ ബന്ധപ്പെടുവാൻ സാധിച്ചതുകൊണ്ട് ശ്രീ മേനാച്ചേരിയുമായി വലിയ തോതിൽ സൗഹൃദം പങ്കിടുവാനും എനിക്കു കഴിഞ്ഞിട്ടുണ്ട്.

ക്രൈസ്തവ ചരിത്ര – പഠന – വിശകലന – രചന – പ്രസാധനമേഖലകളിലെ അദ്വിതീയ സാന്നിദ്ധ്യമായി ശ്രീ മേനാച്ചേരിയുടെ വ്യക്തിത്വം ഇതിനകം വളർന്നു പടർന്നു പന്തലിച്ചിരിക്കുന്ന കാഴ്ചയാണ് നമുക്ക് ഇന്ന് കാണാൻ സാധിക്കുന്നത്. വിശേഷിച്ച്, നസ്രാണി ക്രിസ്ത്യാനികളുടെ ചരിത്രപരമായ അസ്ഥിത്വത്തെ ചോദ്യംചെയ്യുന്ന ചില സംഘടിത നീക്കങ്ങൾക്കെതിരെ അദ്ദേഹത്തിന്റെ സംഭാവനകൾക്ക് കേരളത്തിലെ നസ്രാണിസമൂഹം അത്രമാത്രം അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു എന്നത് ഒരു നിസ്തർക്കവസ്തുതയാണ്.

മേൽ പറഞ്ഞ ക്രൈസ്തവചരിത്രമേഖലയിലെ ശ്രീ മേനാച്ചേരിയുടെ സംഭാവനകൾ, അതിന്റെ പഠനസമീപനങ്ങളുടെ ശാസ്ത്രീയതകൊണ്ടും, സത്യസന്ധതകൊണ്ടും കേരളത്തിന്റെ അഥവാ ഭാരതത്തിന്റെ സെക്കുലർ ചരിത്രമേഖലയ്ക്കുതന്നെ ഈടുറ്റ മുതൽകൂട്ടായി വരുംകാലപഠിതാക്കളും

ചിന്തകരും ഏറ്റുവാങ്ങും എന്നത് അവിതർക്കിതമാണ്. ശ്രീ മേനാച്ചേരിയുടെ ചരിത്രസംഭാവനകളുടെ ആഴത്തിലുള്ള വിശകലനം ഈ ചെറുലേഖനത്തിന്റെ ലക്ഷ്യമല്ല എന്നുള്ളതുകൊണ്ട് അതിലേയ്ക്കൊന്നും കടക്കുന്നില്ല.

മറ്റൊന്നുള്ളത്, താരതമ്യേന ചരിത്രാന്വേഷണത്തിലും, ചരിത്രപഠന ഗവേഷണത്തിലും താല്പര്യക്കുറവ് കാണിക്കുന്ന വടക്കൻ തിരുവിതാംകൂറുകാരായ നസ്രാണികൾക്ക് അക്കാര്യത്തിൽ ഒരു സവിശേഷമായ പ്രചോദനം നൽകി ഉണർത്തുന്നതിൽ ശ്രീ മേനാച്ചേരി കാണിച്ച ഔത്സുക്യം എടുത്തു പറയത്തക്കതാണ് എന്നുള്ളതാണ്. നമ്മുടെ പുതുതലമുറയുടെ മനസ്സുകളിൽ ചരിത്രാവബോധത്തിന്റെ ചില തീപ്പൊരികൾ വിതറാൻ അദ്ദേഹത്തിന്റെ പ്രതിഭാപൂർണ്ണമായ പ്രയത്നങ്ങൾക്കായിട്ടുണ്ട് എന്നത് ഒരു വലിയ സത്യമാണ്. ആ തീപ്പൊരികൾ തീപ്പന്തങ്ങൾ ആകുന്നത് അനതിവിദൂരഭാവിയിൽ നിശ്ചയമായും നമുക്ക് കാണുവാൻ സാധിക്കും എന്ന് ന്യായമായും പ്രതിക്ഷിക്കാം.

ഇതിനെല്ലാമുപരി, ശ്രീ മേനാച്ചേരിയുമായുള്ള സമ്പർക്കത്തിൽ തെളിഞ്ഞു കാണുന്ന ഒരു പ്രത്യേകത, അദ്ദേഹത്തിന്റെ കുലീനമായ വിനയവും ലാളിത്യവുമാണ്. പാണ്ഡിത്യത്തിന്റെ പരകോടിയിൽ നിൽക്കുമ്പോഴും, പ്രശസ്തിയുടെ പാരമ്യത്തിൽ നിൽക്കുമ്പോഴും, സഭാസൂരികളുടെ സാമിപ്യത്തിലായിരിക്കുമ്പോഴും ‘തറവാടിത്തം’ എന്ന പദത്തിന്റെ സമസ്താർത്ഥങ്ങളും അന്വർത്ഥമാക്കുന്ന ഒരു ദിവ്യസാമർത്ഥ്യം അദ്ദേഹത്തെ തഴുകിയൊഴുകുന്നു എന്നത് പ്രൊഫസറെ വ്യത്യസ്തനാക്കുന്ന പ്രതിഭയുടെ പ്രഭയും പരിവേഷവുമാണ്.

പ്രൊഫസറുടെ സഹധർമ്മിണിയായ മാഗിയുടെ തറവാട്ടുദേശം എന്ന നിലയിൽ അദ്ദേഹത്തിനു പുത്തൻവേലിക്കരയുമായുണ്ടായ അടുപ്പം ഞങ്ങൾ പുത്തൻവേലിക്കരക്കാരെ ഒരുപാട് വളർത്തിയിട്ടുണ്ട് എന്നതുപോലെ ആ ബന്ധം അദ്ദേഹത്തെയും നല്ലോരളവിൽ വളർത്തിയിട്ടുണ്ട് എന്നാണ് എന്റെ അഭിപ്രായം. സംപൂജ്യനായ സക്കറിയാസച്ചന്റെ അനുഗ്രഹവും അദ്ദേഹത്തിന് ആവോളമുണ്ട് എന്നു വിശ്വസിക്കുന്നവനാണ് ഞാൻ.

ആദരണീയനായ പ്രൊഫസർ ജോർജ്ജ് മേനാച്ചേരിയുമായി ബന്ധപ്പെടുവാൻ ഈ അടുത്ത കാലത്ത്, പക്ഷാഘാതം വന്ന് പൂർണ്ണവിശ്രമത്തിലായതുമൂലം, എനിക്കു കാര്യമായി സാധിക്കാറില്ല എന്നത് വിഷമജന്യമായ ഒരു കാര്യമാണ്. എങ്കിലും, മകൻ എഫ്രേം അദ്ദേഹവുമായി പല സാഹചര്യങ്ങളിലും ഒരുമിക്കാറുണ്ട് എന്നുള്ളതും, ഏറെ ബഹുമാനാദരവുകളോടെ അദ്ദേഹത്തെക്കുറിച്ച് സംസാരിക്കാറുള്ളതും എനിക്ക് സന്തോഷം തരുന്ന കാര്യമാണ്. എന്റെ പൊതുപ്രവർത്തനമേഖലകളിലും, മറ്റെല്ലാ രംഗങ്ങളിലും ശ്രീ മേനാച്ചേരി തന്നിട്ടുള്ള പിന്തുണയും സഹകരണവും, നിറഞ്ഞ നന്ദിയോടെ ഞാൻ ഓർക്കുന്നു. കൈകൊണ്ട് എഴുതാനാവാത്തത്കൊണ്ട് മകൻ എഫ്രേമാണ് എനിക്കുവേണ്ടി ഇതു കുറിക്കുന്നത്.

സപ്തതിയുടെ സന്തോഷത്തിലേയ്ക്ക് സംതൃപ്തിയോടെ പ്രവേശിക്കാൻ പ്രഫസർ മേനാച്ചേരിക്ക് സാധിക്കട്ടെയെന്നും, ആയുരാരോഗ്യസമ്പന്നത യോടെ സപ്തിയിൽനിന്ന്  ശതാഭിഷിക്തിയിലേയ്ക്കും നവതിയിലേയ്ക്കും സർവ്വശക്തൻ വഴിനടത്തട്ടെയെന്നും, ഒപ്പം സഭയുടെ അഭിമാനതനയൻ എന്ന നിലയിൽ ഒരു ഷെവലിയർ സ്ഥാനം അദ്ദേഹത്തിനു കരഗതമാകട്ടെയെന്നും പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

*പഴയ ഐഫൽ ബുക്സ് കെട്ടിടം*






*പിതാവ് ഇ.ടി. ജോസഫ് മുൻകൈയ്യെടുത്ത് സ്ഥാപിച്ച അഞ്ചേരി സഹകരണ ബാങ്ക്*

*ഒല്ലൂരിലെ പിതൃഗൃഹം*





ഡോ. തോളൂർ ശശിധരൻ

# പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ ജീവിതദൗത്യം

സ്വകാര്യ കോളെജ് അദ്ധ്യാപക പ്രസ്ഥാനമായ എ.കെ.പി.സി.ടി.എയുടെ പ്രവർത്തകരെന്ന നിലയിലാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയും ഞാനും പരസ്പരം പരിചയപ്പെടുന്നതും കഴിഞ്ഞ 30 വർഷക്കാലമായി സൗഹൃദം പങ്കിടുന്നതും. നാട്ടിക എസ്. എൻ. കോളെജിലെ എ.കെ.പി.സി.ടി.എ യൂണിറ്റ് സെക്രട്ടറിയും തുടർന്ന് രണ്ടു വർഷം തൃശൂർ ജില്ലാ പ്രസിഡണ്ടുമായിരുന്ന എനിക്ക് മേനാച്ചേരിയുമായി നല്ല ബന്ധം പുലർത്താൻ കഴിഞ്ഞിരുന്നു.

എ.കെ.പി.സി.ടി.എ പ്രവർത്തനങ്ങൾക്ക് നല്ല പിന്തുണ പ്രൊഫ. ജോർജ്ജ് മേനാച്ചേരിയും അദ്ദേഹത്തിന്റ നേതൃത്വത്തിലുണ്ടായിരുന്ന സെന്റ് തോമസ് കോളെജ് സ്റ്റാഫ് അസ്സോസിയേഷനും (എ.കെ.പി.സി.ടി.എ യൂണിറ്റ്) നൽകി വന്നിരുന്നു. സ്റ്റേറ്റ് കൗൺസിൽ യോഗങ്ങൾക്ക് എറണാകുളത്തേയ്ക്ക് ഞങ്ങൾ പലപ്പോഴും ഒരുമിച്ചാണ് പോയിവന്നിരുന്നത്. സംഭാഷണചാതുര്യം വേണ്ടുവോളമുള്ള മേനാച്ചേരി ഇംഗ്ലീഷിലെ നർമ്മങ്ങൾ പലതും പുനരാവിഷ്ക്കരിച്ചു ഞങ്ങളെ രസിപ്പിച്ചിരുന്നു.

തുടർന്ന് ഞാൻ എ.കെ.പി.സി.ടി.എ സംസ്ഥാന സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. അതോടൊപ്പം ഞാൻ കോഴിക്കോട് സർവ്വകലാശാല മേഖലയിലെ എ.കെ.പി.സി.ടി.എ യൂണിറ്റുകളുടെ കമ്മിറ്റിയുടെ സെക്രട്ടറിയുമായിരുന്നു. അക്കാലത്ത് കോഴിക്കോട് സർവ്വകലാശാലയുടെ സ്റ്റാച്യൂട്ടറി ഫിനാൻസ് കമ്മിറ്റിയിലേയ്ക്കുള്ള തിരഞ്ഞെടുപ്പു വന്നു. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റു കഴിഞ്ഞാൽ പ്രാധാന്യമുള്ള കമ്മിറ്റി. അതിൽ നോട്ടമിട്ടുകൊണ്ട് പലരും എന്റെ പിന്തുണ തേടിയിരുന്നു. ഞാനും ജില്ലാ സെക്രട്ടറിയായിരുന്ന പ്രൊഫ. എം. കെ. പത്മനാഭനും (സെന്റ് തോമസ് കോളെജിലെ ഫിസിക്സ് പ്രൊഫസർ) ഒരുമിച്ചുനിന്നുകൊണ്ടു പ്രവർത്തിച്ചതിനാൽ മേനാച്ചേരിയുടെ സ്ഥാനാർത്ഥിത്വം ഉറപ്പാക്കാൻ എനിക്കു സാധിച്ചു. അതിനാവശ്യമായ കത്തിടപാടുകൾ സംസ്ഥാനതലത്തിൽ നടത്തിയതും ഞാൻതന്നെയായിരുന്നു. കർമ്മകുശലനായ പ്രൊഫ. മേനാച്ചേരിയുടെ പ്രവർത്തനം അദ്ദേഹത്തിനു

അനായാസവിജയം നേടിക്കൊടുത്തു. സർവ്വകലാശാല സെനറ്റിന്റെ പ്രതിനിധിയായിട്ടാണദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്. സെനറ്റിലും അദ്ദേഹത്തിന്റെ പ്രവർത്തനം സ്തുത്യർഹമായിരുന്നു. പിന്നീട് രണ്ടു തവണ ഞാൻ സംസ്ഥാന വൈസ് പ്രസിഡണ്ടായപ്പോഴും ട്രഷററായപ്പോഴുമൊക്കെ എന്റെ സംഘടനാപ്രവർത്തനങ്ങൾക്ക് വൻപിന്തുണയാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയും, സെന്റ് തോമസ് കോളെജ് അദ്ധ്യാപകരും എനിക്കു നൽകിയിരുന്നത്.

സെനറ്റ് മെമ്പർസ്ഥാനം അവസാനിച്ചതോടെ സംഘടനാപ്രവർത്തനം അദ്ദേഹം കുറച്ചതായാണ് കണ്ടത്. കൂടുതൽ സമയം ചരിത്രത്തിനുവേണ്ടിയാണ് ഇംഗ്ലീഷ് അദ്ധ്യാപകനായ മേനാച്ചേരി നീക്കിവെച്ചത്.

സെന്റ് തോമസ് എൻസൈക്ലോപീഡിയ ഓഫ് ഇന്ത്യയുടെ വാല്യം II ആണ് മേനാച്ചേരി ആദ്യം പ്രസിദ്ധീകരിച്ചത്. ലോകപ്രസിദ്ധമായ 'എൻസൈക്ലോപീഡിയ ബ്രിട്ടാണിക്ക' തുടങ്ങിയ റഫറൻസ് ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം നൂറുകണക്കിനു ഫുൾടൈം പണ്ഡിതന്മാർ കഠിനമായി അദ്ധ്വാനിച്ചാണ് നിർവ്വഹിക്കുന്നത്. അങ്ങനെയുള്ള 3 വാല്യങ്ങൾ ഒറ്റയ്ക്ക് ഒരു താപസനെപോലെ സ്വന്തം ജീവിതം പണയംവെച്ചാണ് അദ്ദേഹം പ്രസിദ്ധീകരിച്ചത്. കത്തോലിക്ക സഭയുടെ പിന്തുണയും പ്രോത്സാഹനവും അവസാനഘട്ടത്തിൽ തേടി വന്നതിനാൽ അദ്ദേഹം സാമ്പത്തികമായി തകർന്നില്ലെന്നു മാത്രം. ആ മേഖലയിൽ ഒരുപക്ഷേ വിജ്ഞാനം മലയാളം എൻസൈക്ലോപീഡിയ എഡിറ്ററായിരുന്ന മാത്യു എം. കുഴിവേലി സാർ കഴിഞ്ഞാൽ അതികായനായി നിലനിൽക്കുന്നത് മേനാച്ചേരി മാത്രമാണ്. അസൂയാർഹമായ ഒരു ഉശിരൻ വിജയമാണ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയയുടെ പ്രസിദ്ധീകരണം.

അതിനിടെ മലയാള മനോരമയുടെ പ്രതിനിധിയായി ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ സ്ഥാനാരോഹണം റിപ്പോർട്ടുചെയ്യാൻ റോമിലെത്തിയ മേനാച്ചേരിക്ക് തന്റെ കൃതിക്ക് ആവശ്യമായ വിഭവങ്ങൾ ശേഖരിക്കാനും തെറ്റുകൾ ഒഴിവാക്കാനും കഴിഞ്ഞതും ഗ്രന്ഥത്തിനു പരിശുദ്ധ പിതാവിന്റെ അനുഗ്രഹം നേടാൻ കഴിഞ്ഞതും ഭാഗ്യമായി. അതിന്റയൊക്കെ വിജയവൈജയന്തിയാണ് ഷെവലിയാർ പദവി അദ്ദേഹത്തെ തേടിയെത്തിയത്.

ഒരു ചരിത്രകാരനെന്ന നിലയിൽ അദ്ദേഹത്തെ വിലയിരുത്തുവാൻ എനിക്കു ഭാഗ്യമുണ്ടായിട്ടുണ്ട്. അതിന് എനിക്കു അർഹതയുണ്ടെന്നാണ് ഞാൻ കരുതുന്നത്. 32 വർഷക്കാലം ചരിത്ര അദ്ധ്യാപകനായി വിവിധ എസ്. എൻ. കോളെജുകളിൽ ഞാൻ പ്രവർത്തിച്ചു. ഒരു ഹിസ്റ്ററി പ്രൊഫസർക്ക് കിട്ടാവുന്ന ഏറ്റവും പ്രധാനപ്പെട്ട അംഗീകാരങ്ങളിലൊന്ന് തന്റെ സർവ്വകലാശാലയിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗത്വവും ചെയർമാൻ സ്ഥാനവുമാണ്. സാധാരണയായി രണ്ടു ടേം മാത്രമെ നിയമനം കിട്ടാറുള്ളു. പക്ഷേ എനിക്ക് തുടർച്ചയായി അഞ്ചു തവണ കോഴിക്കോട് സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് (യൂ.ജി.) (തടുർച്ചയായി 15 വർഷം) ൽ അംഗമായി

രിക്കാൻ ഭാഗ്യം സിദ്ധിച്ചു. അഞ്ചാം ടേമിൽ ബോർഡ് ചെയർമാനായും ഞാൻ പ്രവർത്തിച്ചു. അതോടെ ബോർഡ് ഓഫ് സ്റ്റഡീസ് (പി. ജി.) യിലും അംഗത്വം ലഭിച്ചു. ചരിത്രവിഭാഗത്തിന്റെ പ്രതിനിധിയായി 15 വർഷം ഹ്യൂമാനിറ്റിസ് ഫാക്കൽട്ടിയിലും അംഗമായി. പിന്നീട് സെനറ്റിലും അംഗമായപ്പോഴും മേനാച്ചേരി മാഷ് എനിക്ക് ഒരു ശക്തിസ്തംഭമായിരുന്നു. ചരിത്രത്തിൽ, പ്രത്യേകിച്ച് പുരുവസ്തുശാസ്ത്രം (ആർക്കിയോളജി), ശില്പവിദ്യ (Sculpture), നാണയശാസ്ത്രം (Numismatics) എന്നിവയിലൊക്കെ, മേനാച്ചേരിക്ക് അറിവും താല്പര്യവുമുണ്ട്.

കേരളീയ പള്ളിക്കലകളുടെ ആദ്യത്തെ സൂത്രധാരൻ ബോംബെ സർവ്വകലാശാലയിൽ അദ്ധ്യാപകനായിരുന്ന സ്പെയിൻകാരനായ റവ. ഫാ. ഹെറാസാണ്. ഇന്നത്തെ പല കത്തോലിക്ക പള്ളികളുടെ അൽത്താരകളും മറ്റും സെറ്റ്ചെയ്തത് അദ്ദേഹമായിരുന്നു. നമ്മുടെ നാട്ടുകാരായ ആശാരിമാരെ ബോംബെയിൽ കൊണ്ടുപോയാണ് വിശുദ്ധന്മാരുടെ ചെറിയ പ്രതിമകൾ ഹെറാസ് തയ്യാറാക്കിയത് എന്ന് അദ്ദേഹത്തെകുറിച്ച് ഞാൻ തയ്യാറാക്കിയ മോണോഗ്രാഫിൽ വിവരിച്ചിട്ടുണ്ട്. കത്തോലിക്ക പുരോഹിതന്മാരുടെ ഭാരതവൽക്കരണത്തിൽ ഹെറാസ് വഹിച്ച പങ്കും എടുത്തു പറയേണ്ടതാണ്.

റവ. ഹെറാസിന്റെ പ്രവർത്തനങ്ങളോട് കിടപിടിക്കുന്ന പ്രവർത്തനം കാഴ്ചവെയ്ക്കുവാൻ പ്രൊഫ. മേനാച്ചേരിയ്ക്കു കഴിഞ്ഞിട്ടുണ്ടെന്നു സാക്ഷ്യപ്പെടുത്തുവാൻ എനിക്കു ഒട്ടും ആലോചിക്കേണ്ടതില്ല.

എത്രയെത്ര പ്രദർശനങ്ങളാണ് അദ്ദേഹം തൃശൂർ രുപതയ്ക്കുവേണ്ടി സംഘടിപ്പിച്ചതെന്നതിന് കയ്യും കണക്കുമില്ല. തൃശൂരിൽ ചേരുന്ന മിക്ക ചരിത്രസെമിനാറുകളുടെയും പ്രദർശനങ്ങളുടെയും മുഖ്യസംഘാടനകൻ മേനാച്ചേരിയാണ്.

സെന്റ് മേരീസ് കോളെജിൽ ഒരു വർഷക്കാലം നീണ്ടുനിന്ന ചരിത്ര സെമിനാറുകളിലും അദ്ദേഹത്തിന്റെ പങ്കു് എടുത്തു പറയേണ്ടതാണ്. അദ്ദേഹത്തിന്റെ നിർദ്ദേശം മാനിച്ച് ആ സെമിനാറിൽ ഒരു പ്രബന്ധം ഞാനവതരിപ്പിച്ചത് ചരിത്രകാരന്മാരുടെ അഭിനന്ദനങ്ങൾക്കു പാത്രമായി. "കേരളത്തിലെ ക്രിസ്തുമതവുമായി ബന്ധപ്പെട്ട പുരാതന ലിഖിതങ്ങളും രേഖകളും" എന്നതായിരുന്നു ഞാനവതരിപ്പിച്ച സാമാന്യം ദീർഘമായ പേപ്പർ. ആ രംഗത്താണ് മേനാച്ചേരി തന്റെ കഴിവുകൾ തെളിയിച്ചത്.

സർ വില്യം ജോൺസാണ് ഇൻഡോളജിയുടെ പിതാവ്. ഇൻഡോ–ആംഗ്ലിയൻ സാഹിത്യത്തിന് അടിത്തറയിട്ട ബ്രിട്ടീഷ്കാരനായ വില്യം ജോൺസനെക്കുറിച്ച് ഞാൻ രചിച്ച മോണോഗ്രാഫിൽ ഇന്ത്യൻ സംസ്ക്കാരത്തിനുള്ള അദ്ദേഹത്തിന്റെ സംഭാവനകൾ വിശദീകരിച്ചിട്ടുണ്ട്. 49–ാം വയസ്സിൽ അന്തരിച്ച വില്യം ജോൺസും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന റോയൽ ഏഷ്യാറ്റിക് സൊസൈറ്റി (കൽക്കട്ട) യും ഇല്ലായിരുന്നെങ്കിൽ കാളിദാസന്റെ "അഭിജ്ഞാന ശാകുന്തള"മടക്കം നൂറുകണക്കിനു കൃതികൾ

ചിതൽരാക്ഷസന് ആഹാരമാകുമായിരുന്നു.വില്യം ജോൺസിന്റെ പാതയിൽ മുന്നോട്ടു പോയ റവ. ഫാദർ ഹെറാസ് വിജയനഗര സാമ്രാജ്യത്തെപ്പറ്റിയും സിന്ധു സംസ്ക്കാരത്തിലെ മുദ്രകളെപ്പറ്റിയുമുള്ള ഗവേഷണരംഗത്ത് തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു. ഇവർക്കെല്ലാം സമശീർഷമായ പ്രവർത്തനം പ്രൊഫ. ജോർജ്ജ് മേനാച്ചേരിയും നിർവ്വഹിച്ചു. കേരളത്തിലെ ക്രിസ്ത്യൻ സംസ്ക്കാരത്തെപ്പറ്റി മലയാളത്തിൽ പ്രത്യേകമായി ഒതുങ്ങിക്കൂടിയെന്നു മാത്രം.

"പള്ളിക്കലകളും മറ്റും" എന്ന പ്രൊഫ. മേനാച്ചേരിയുടെ കൃതി അദ്ദേഹത്തിന്റെ കൈയ്യൊപ്പോടെ എന്റെ ശേഖരത്തിലുണ്ട്. പല പ്രസിദ്ധീകരണങ്ങളിൽ വന്ന ലേഖനങ്ങൾ അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. അതിലെ "സംസാരിക്കുന്ന പള്ളിച്ചുവരുകൾ" എന്ന ലേഖനം കേരളചരിത്രത്തിലെ അടിവേരുകളിലേയ്ക്ക് നമ്മെ നയിക്കുന്നു. "കേരളത്തിലെ ശില്പങ്ങൾ" എന്ന ലേഖനവും എടുത്തുപറയേണ്ടതാണ്. ധാരാളം ചിത്രങ്ങൾ അതിലുണ്ട്. പ്രധാനമായി കുരിശുകളും മാമോദീസാത്തൊട്ടികളും, അൾത്താരകളും, പടിപ്പുരവാതിലുകളും, മേൽക്കെട്ടികളും വിളക്കുകളും അതിൽ ചിത്രീകരിച്ചിരിക്കുന്നു. ഒരുപക്ഷേ മലയാളത്തിൽ ആദ്യത്തെ പ്രദർശനവസ്തുക്കളെപ്പറ്റിയുള്ള വിവരണാത്മക പ്രതിപാദനമുള്ള കൃതി അതായിരിക്കാൻ സാദ്ധ്യതയുണ്ട്.

പ്രൊഫ. മേനാച്ചേരിയുടെ പ്രവർത്തനങ്ങളുടെ ഏറ്റവും വലിയ നേട്ടം തൃശൂരിലെ കത്തോലിക്കരെയും വൈദികശ്രേഷ്ഠരെയും ചരിത്രാസ്വാദകരാക്കി മാറ്റിയെന്നതാണ്. കത്തോലിക്കസഭ ചരിത്രത്തെ വളച്ചൊടിക്കുന്നുവെന്നു ചിലർ പറയുന്നതു കേൾക്കാറുണ്ട്. പ്രൊഫ. മേനാച്ചേരിയുടെയും തൃശൂർ രൂപതയുടെയും പ്രവർത്തനം ആ വിമർശനത്തിന് ഒരപവാദമാണ്. സത്യസന്ധമായ രീതിയിൽ ചരിത്രരചന നടത്തിയതിലും ക്രിസ്ത്യൻ ചരിത്രവുമായി ബന്ധപ്പെട്ട കൃതികളും വസ്തുക്കളുമൊക്കെ കൃത്യമായി സംരക്ഷിക്കുന്നതിലും അതിരൂപത നേടിയ വിജയത്തെ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. അതിൽ പ്രൊഫ. ജോർജ്ജ് മേനാച്ചേരി വഹിച്ച പങ്ക് എടുത്തുപറയേണ്ടതാണ്. സപ്തതി ആഘോഷിക്കുന്ന പ്രൊഫ. മേനാച്ചേരിയ്ക്ക് എന്റെ അഭിനന്ദനങ്ങളും ആശംസകളും.

■



ഡോ. ചെറിയാൻ
കുനിയന്തോടത്ത്

# പ്രൊഫ. ജോർജ്ജ് മേനാച്ചേരി – സഞ്ചരിക്കുന്ന സഭാവിജ്ഞാനകോശം

ചരിത്രത്തിന്റെ താളുകളിൽ രേഖപ്പെടുത്തേണ്ട ഒരു നാമം – പ്രൊഫ. ജോർജ്ജ് മേനാച്ചേരി. അതും, സുവർണ്ണലിപികളിൽത്തന്നെ രേഖപ്പെടുത്തേണ്ടത്. ചരിത്രത്തിനു അനശ്വരസംഭാവന നൽകിയിട്ടുള്ള അദ്ദേഹം സപ്തതിയിൽ എത്തിനിൽക്കുന്ന ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കേണ്ടത് ഭാരതസഭയുടെതന്നെ കടമയാണ്. കാരണം, അദ്ദേഹത്തിന്റെ സംഭാവനകൾ ഭാരതസഭയ്ക്ക് എത്രയോ വലിയ നേട്ടമാണ് അർപ്പിച്ചിട്ടുള്ളത്.

ഒട്ടേറെ വർഷങ്ങൾക്കു മുമ്പ് വ്യക്തിബന്ധമാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെ ഞാനുമായി അടുപ്പിച്ചിട്ടുള്ളത്. അന്ന് അദ്ദേഹത്തിന്റെ ചില കൃതികൾ മാത്രമെ വായിച്ചിട്ടിണ്ടായിരുന്നുള്ളു. പിന്നീട്, തോമാപീഡിയ പുറത്തുവന്നപ്പോൾ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ആഴങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലേണ്ടത് ആവശ്യമായി തോന്നി. തോമാപീഡിയയുടെ പിന്നിൽ അദ്ദേഹത്തിന്റെ ചേതന എന്തുമാത്രം പ്രവർത്തിച്ചിട്ടുണ്ടെന്നു വെറുതെയങ്ങു ചിന്തിച്ചുകളയാനാവില്ല. സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ ഓഫ് ഇന്ത്യ അദ്ദേഹത്തിന്റെ തൊപ്പിയിൽ ചാർത്തിയ വർണ്ണത്തൂവൽ കാലത്തിന് എടുത്തുമാറ്റാനാവാത്തതാണ്. വിശ്വവിജ്ഞാനകോശത്തിന്റെ തയ്യാറെടുപ്പുകൾ ഒരു വലിയ മനസ്സിന്റെ വിഹഗവീക്ഷണത്തിലേയ്ക്കു നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. ഒരു മിന്നാമിനുങ്ങിനെപ്പറ്റി ചിന്തിക്കുമ്പോൾ, ആകാശത്തിന്റെ അനന്തതയിലേയ്ക്ക് അതു പാറിപ്പോകുന്നതിന്റെ ചിത്രം കൗതുകകരംതന്നെയല്ലേ? ആകാശത്തെ സ്വന്തമാക്കാനാണ് മിന്നാമിനുങ്ങിന്റെ ശ്രമമെങ്കിലോ? സാഗരം ഒരു ചിമിഴിനുള്ളിൽ ഒളിപ്പിക്കാനുള്ള ശ്രമംപോലെയാണതെന്നു പറയേണ്ടതില്ലല്ലോ. മനുഷ്യൻ കേവലം മിന്നാമിനുങ്ങാണെങ്കിലും ഇരുട്ടത്ത് മിന്നാമിനുങ്ങിനു സൂര്യഗോളത്തിന്റെ സ്ഥാനമാണുള്ളത്. പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെന്ന മിന്നാമിനുങ്ങിന് ആകാശത്തെ സ്വന്തമാക്കാൻ സാധിച്ചുവെന്നതാണ് എടുത്തുപറയേണ്ട വസ്തുത. ഒരോ കാര്യം പ്രതിപാദിക്കുമ്പോഴും സൂക്ഷ്മത അദ്ദേഹത്തിന്റെ പ്രതിഭ അളന്നു കുറിക്കുന്നു. തെളിവുകൾ നിരത്താനും ചിത്രങ്ങൾ സംഘടിപ്പിക്കാനും കുറച്ചൊന്നുമല്ല അദ്ദേഹ


ത്തിനു കഴിഞ്ഞിട്ടുള്ളത്. ഒരു വലിയ പ്രസ്ഥാനത്തിനു സാധിക്കാവുന്ന കാര്യമാണ് വ്യക്തിയെന്ന നിലയിൽ അദ്ദേഹം നേടിയെടുത്തിട്ടുള്ളതെന്ന് തീർച്ച. ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്സ്, ദീ നസ്രാണീസ് എന്നിവയും എടുത്തു പറയേണ്ട നേട്ടങ്ങളാണ്. പ്രൊഫ. ജോർജ്ജ് മേനാച്ചേരി സ്രോതസ്സാണ്, വെറും ചോലയല്ല. എന്തിനും അദ്ദേഹം സ്രോതസ്സ് കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നു. കേരളസഭയുടെ ഇരുളടഞ്ഞ മേഖലകളിലേയ്ക്ക് സാഹസികതയോടെ ഇറങ്ങിചെല്ലാനും നിരവധി കണ്ടെത്തലുകൾ നടത്താനും അദ്ദേഹത്തിനു കഴിഞ്ഞുവെന്നതു നിസ്സാരകാര്യമല്ല.

വിദേശിയർ കേരളത്തിലെത്താറുണ്ട് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെത്തേടി. അവർക്കറിയാം ഭാരതസഭയുടെ പൈതൃകത്തെപ്പറ്റി അറിയണമെങ്കിൽ അദ്ദേഹത്തെ ചെന്നു കാണാതെ നിവൃത്തിയില്ലെന്ന്. വിശ്വാസപൈതൃകത്തിന്റെ ആഴങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന്, അദ്ദേഹം സന്ദർശകർ എന്താണോ പ്രതീക്ഷിക്കുന്നത്, അവയെല്ലാം പകർന്നുകൊടുക്കുന്നു. ഗവേഷണമനോഭാവമുള്ളവർക്കേ പുതുതായി എന്തെങ്കിലുമൊക്കെ കണ്ടെത്താനാവു. ജന്മസിദ്ധമായ ഗവേഷണമനോഭാവമാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയ്ക്കുള്ളത്.

വ്യക്തിപരമായി അദ്ദേഹവുമായി ബന്ധപ്പെടാൻ എനിക്ക് ഒട്ടേറെ അവസരങ്ങൾ ലഭിച്ചിട്ടുണ്ട്. കേരളസഭ ചരിത്രപരമായ പ്രദർശനങ്ങളോ സെമിനാറുകളോ സംഘടിപ്പിക്കുമ്പോഴാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരി അവശ്യഘടകമണെന്നു നമുക്ക് മനസ്സിലാകുക. കൈയയച്ചു സഹായം ചെയ്യാൻ അദ്ദേഹം എപ്പോഴും സന്നദ്ധനായിരിക്കും. അനുഭവജ്ഞാനവും പ്രായോഗികജ്ഞാനവും അദ്ദേഹത്തിനു സ്വന്തമാണ്. അദ്ദേഹം കണ്ടെത്തിയിട്ടുള്ള, കണ്ടെടുത്തിട്ടുള്ള സാമഗ്രികളെപ്പറ്റി കുലങ്കഷമായ പഠനം നടത്തിയിട്ടേ പുറംലോകത്തിനു അവ അദ്ദേഹം കാട്ടിക്കൊടുക്കൂ. അതുകൊണ്ടുതന്നെ, അവയുടെ ആധികാരികതയെപ്പറ്റി നമുക്കു സംശയിക്കേണ്ടിവരികയില്ല. സെമിനാറുകളിലും പ്രദർശനങ്ങളിലും വ്യക്തിപരമായി എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതാണ് ഇവയെല്ലാം.

വിളഞ്ഞു നിൽക്കുന്ന പ്രതിഭ തെളിവു നൽകുന്ന അവസരമാണ് സപ്തതി സമയം. അതുകൊണ്ട്, പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെ അടുത്തറിയാൻ ആഗ്രഹിക്കുന്നവർ ആ പ്രതിഭാവിലാസം വ്യക്തമാക്കുന്ന സാമഗ്രികളിലേയ്ക്കുതന്നെ ശ്രദ്ധ തിരിക്കുമെന്നു പ്രതീക്ഷിക്കാം. ആശംസകളിൽ മുക്കിക്കളയാതെ സപ്തതി കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനുള്ള പാദപീഠകമായിമാത്രം പരിഗണിച്ചുകൊള്ളട്ടെ!

■



പ്രൊഫ. കെ. എം. ടോം

# പ്രൊഫ. ജോർജ്ജ് മേനാച്ചേരി – എന്റെ സഹപാഠി സുഹൃത്ത്

പ്രൊഫ. ജോർജ്ജ് മേനാച്ചേരി എന്ന ഈ. ജെ. ജോർജ്ജ് രണ്ടു വർഷം എന്റെ സഹപാഠിയും ഒരു വർഷം കോളെജ് മേറ്റും ആയിരുന്നു. ഏതാണ്ട് ഒരേ കാലത്താണ് ജോർജ്ജ് സെന്റ് തോമസ് കോളെജിൽ ഇംഗ്ലീഷ് വിഭാഗത്തിലും ഞാൻ ക്രൈസ്റ്റ് കോളെജിൽ മാത്തമാറ്റിക്സ് വിഭാഗത്തിലും അദ്ധ്യാപകരായി ചേർന്നത്.

തൃശ്ശിനാപ്പിള്ളി സെന്റ് ജോസഫ്സ് കോളെജ് അക്കാലത്ത് ഉന്നതവിദ്യാഭ്യാസം സ്വപ്നം കാണുന്ന വിദ്യാർത്ഥികളുടെ ആശാകേന്ദ്രം ആയിരുന്നു. രക്ഷിതാക്കൾ ജോർജ്ജിനെ ഒരു എൻജിനിയർ ആക്കണമെന്ന ആഗ്രഹത്തിൽ ഗണിതശാസ്ത്രം ഉൾപ്പെടുന്ന ഒന്നാം ഗ്രൂപ്പിൽ തൃശ്ശിനാപ്പിള്ളിയിൽ ഇന്റർമീഡിയറ്റിനു ചേർത്തു. അതേ ഗ്രൂപ്പിൽ ചേർന്ന ഞാനും ജോർജ്ജിനെ ആദ്യമായി കണ്ടുമുട്ടുന്നത് 1953 ജൂൺ മാസത്തിൽ ആയിരുന്നു. അടുത്തടുത്ത ക്ലാസ് നമ്പരുകൾ, സീറ്റുകൾ, ലാബുകളിൽ ഒരേ മേശ, താമസം ഒരേ ബോർഡിങ് ഹൗസിൽ, അവധിയ്ക്ക് വീട്ടിൽ പോകുന്നതും തിരികെ വരുന്നതും ഇന്നത്തെ ടീ ഗാർഡൻ എക്സ്പ്രസ്സ് ട്രെയിനിൽ ഇതായിരുന്നു രണ്ടു വർഷത്തെ ഞങ്ങളുടെ തൃശ്ശിനാപ്പിള്ളി ജീവിതം.

ഇങ്ങനെയൊക്കെ ആയിരുന്നെങ്കിലും, ഞങ്ങളുടെ പഠനതാല്പര്യങ്ങൾ വിഭിന്നദിശയിലായിരുന്നു. ജോർജ്ജിന് ഗണിതത്തിലോ, എൻജിനിയറിംഗിലൊ ആയിരുന്നില്ല അഭിരുചി. അദ്ദേഹം പ്രശസ്ത സാഹിത്യകാരൻമാരുടെ നോവലുകളും മറ്റുമായി അലിഞ്ഞുചേർന്ന് ഇന്റർമീഡിയറ്റ് പൂർത്തിയാക്കി. അങ്ങനെ ഞങ്ങൾ 1955–ൽ പിരിഞ്ഞു.

തുടർന്ന് ഞാൻ രണ്ടു വർഷം പഠിച്ച് ഗണിതശാസ്ത്രത്തിൽ ബിരുദം എടുത്തു. രണ്ടുവർഷം അദ്ധ്യാപകനായി ജോലിചെയ്തു. 1959 ൽ കോഴിക്കോട് ദേവഗിരി കോളെജിൽ എം.എസ്.സിയ്ക്കു ചേർന്ന ഞാൻ ഫൈനൽ ഇയർ ആരംഭത്തിലാണ് എന്റെ സുഹൃത്തിനെ വീണ്ടും കാണുന്നത്. കടന്നുപോയ അഞ്ചു വർഷത്തെ ചരിത്രം ഞാൻ ചോദിച്ചു മനസ്സിലാക്കി.

ഇന്റർമീഡിയറ്റിനു കിട്ടിയ മാർക്കുകൊണ്ട് എൻജിനിയറിംഗിന് സീറ്റ് കിട്ടാതെ വന്നതിനാൽ ജോർജ്ജിനെ രക്ഷിതാക്കൾ ബി.എ. മാത്തമാറ്റിക്സിനു തൃശ്ശിനാപ്പിള്ളിയിൽ തന്നെ ചേർത്തു. മാത്സ് ക്ലാസ്സുകളിൽ അപൂർവ്വമായി മാത്രം കയറിയിറങ്ങുന്ന ജോർജ്ജ് അതിനു പകരം ഇക്കണോമിക്സ് ക്ലാസു കളിലാണ് പോയിരുന്നത്. അക്കാലത്ത് കോളെജിൽ ഇക്കണോമിക്സിന് ക്ലാസ്സെടുത്തിരുന്നവരിൽ പ്രശസ്തവാഗ്മിയും പാർല്യമെന്റ് അംഗവുമായിരുന്ന പ്രൊഫ. തോമസ്സ് ശ്രീനിവാസൻ, പ്രൊഫ. ഇരുദയ സ്വാമി റെഡ്ഡ്യാർ തുടങ്ങി പലരും ഉണ്ടായിരുന്നു. അവരുടെ ക്ലാസുകളും ഇംഗ്ലീഷിൽ ഫാ. ടി. എൻ സെക്യൂറയുടെ ക്ലാസുകളും ആയിരുന്നു ജോർജ്ജിന് ആകർഷണീയമായിരുന്നത്. അവിടത്തെ സംപുഷ്ടമായ കോളെജ് ലൈബ്രേറിയിലായിരുന്നു അദ്ദേഹം മിക്ക സമയവും ചെലവിട്ടിരുന്നത്. അങ്ങനെ രണ്ടു വർഷത്തെ കോഴ്സ് അവസാനിക്കുമ്പോൾ മൂന്നാം പാർട്ട് എഴുതാതെ കോളെജിൽനിന്നു പിരിയേണ്ടിവന്നു. ഇക്കണോമിക്സിൽ ഡിഗ്രി എടുത്തത് തൃശൂർ സെന്റ് തോമസ് കോളെജിൽനിന്നായിരുന്നു.

ദേവഗിരി സെന്റ് ജോസ്ഫ്സ് കോളെജിൽ ജോർജ്ജ് എം. ഏ. ഇംഗ്ലീഷ് ഒന്നാം വർഷവും ഞാൻ എം. എസ് സി. മാത്സിന് രണ്ടാം വർഷവും പഠിച്ചിരുന്നപ്പോഴാണ് വീണ്ടും കോളെജ് മേറ്റ്സ് ആയത്. ആ കൊല്ലം ജോർജ്ജ് കോളെജ് യൂണിയൻ ചെയർമാൻ സ്ഥാനത്തിന് മത്സരിച്ചു, പിന്നീട് കളക്ടറായ വിജയചന്ദ്രനോടു ഒരുവോട്ടിന് തോറ്റു. എം. ഏ. പഠനം പൂർത്തിയാക്കിയത് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളെജിൽനിന്നുമായിരുന്നു. പ്രിൻസിപ്പാൾ ഫാ. തിയോഡഷ്യസ് അദ്ദേഹത്തിൽ വലിയ പ്രതീക്ഷകളാണ് വച്ചു പുലർത്തിയിരുന്നത്.

സെന്റ് തോമസ് കോളെജിൽ അദ്ധ്യാപകനായി ചേർന്നതോടെയാണ് ജോർജ്ജ് ചരിത്രത്തിൽ ഗവേഷണപഠനങ്ങൾ ആരംഭിച്ചത്.

ഞങ്ങൾ തമ്മിൽ വീണ്ടും അടുക്കുന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് അംഗങ്ങൾ എന്ന നിലയിലായിരുന്നു. രണ്ടു വിഭിന്ന അദ്ധ്യാപകസംഘടനകളെയാണ് ഞങ്ങൾ അവിടെ പ്രതിനിധികരിച്ചത്. നാലു വർഷം ആ ബന്ധം തുടർന്നു.

എവിടെ ആയിരുന്നാലും തന്റെ സാന്നിദ്ധ്യം അറിയപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു മേനാച്ചേരി. പഠനങ്ങളിൽ രക്ഷിതാക്കളുടെയോ, സഹപാഠികളുടെയോ പ്രേരണയ്ക്കു വഴങ്ങാതെ സ്വന്തം അഭിരുചി വളർത്തിയെടുത്ത് മുന്നോട്ടു നീങ്ങിയിരുന്ന ജോർജ്ജ് പെരുമാറ്റത്തിലും പഠനരീതിയിലും തന്റെ വ്യക്തിത്വം നിലനിർത്തിയിരുന്നതുകൊണ്ടായിരിക്കണം ഇന്റർമീഡിയറ്റിനു പഠിക്കുമ്പോൾ സഹപാഠികളായ ഞങ്ങൾ അദ്ദേഹത്തിന് "വട്ട്" എന്ന പേർ നൽകിയത്. രക്ഷിതാക്കൾ കാണിച്ചുകൊടുത്ത എൻജിനിയറിങ്ങിന്റെ വഴികൾ തട്ടിക്കളഞ്ഞ് പ്രശസ്ത സാഹിത്യകാരൻമാരുടെ ഗ്രന്ഥങ്ങളും ഇംഗ്ലീഷ് സാഹിത്യവും പിൻതുടർന്ന് തന്റെ വ്യക്തിത്വത്തിൽ ഊന്നി വൈകിമാത്രം തന്റെ "എക്സ

ട്രിസിറ്റി'' ഒതുക്കാൻ പഠിച്ച്, ലക്ഷ്യത്തിലേയ്ക്ക് കുതിച്ചുകൊണ്ടിരുന്നപ്പോൾ, ഇന്നു കാണുന്ന ഒരു ഗ്രന്ഥകർത്താവ്, ഒരു ചരിത്രകാരൻ എന്നീ നിലകളിലേയ്ക്ക് എത്തുമെന്ന് ''വട്ട്'' എന്നു പേരിട്ട സഹപാഠികളായ ഞങ്ങളിൽ പലരും കരുതിയില്ല, ആദ്ധ്യാപകരുൾപ്പടെ മറ്റു ചിലർ അദ്ദേഹത്തെ ''ജീനിയസ്സ്'' ആയാണ് കരുതിയത്. കെമിസ്ട്രി പ്രൊഫസർ രാമകൃഷ്ണൻ അദ്ദേഹത്തെ ക്ലാസിൽ ''ഫിലോസഫർ'' എന്നാണ് വിളിച്ചിരുന്നത്. തന്റെ ജന്മവാസനയെ പ്രതികൂലസാഹചര്യങ്ങളിലും സ്വന്തം പ്രയത്നംകൊണ്ട് വളർത്തി വലുതാക്കി വലിയവായിത്തീർന്ന ജോർജ്ജിന് ഈ സഹപാഠിയുടെ ആയിരമായിരം ആശംസകൾ! ആരോഗ്യപൂർണ്ണമായ, സന്തോഷകരമായ കുടുംബജീവിതവും ഒരു ബുദ്ധിജീവിയുടെ ക്രമമായ പ്രവർത്തനപുരോഗതിയും വിനയപൂർവ്വം നേർന്നുകൊള്ളുന്നു.

■



*അമേരിക്കയിലെ സ്വീകരണം 2005*



*കുടുംബസമേതം ഗൾഫിൽ 2003*



ഡോ. ജോർജ്ജ് ഇരുമ്പയം

# പ്രൊഫസർ ജോർജ്ജ് മേനാച്ചേരി – ചില ഓർമ്മകൾ

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളെജിൽ 1961 – 62 കാലത്ത് എം. ഏ.യ്ക്കു പഠിക്കുമ്പോഴാണ് ജോർജ്ജ് മേനാച്ചേരിയെ ഞാൻ പരിചയപ്പെട്ടത്. ജോർജ്ജ് ഇംഗ്ലീഷ് എം.ഏ.യ്ക്കും ഞാൻ മലയാളം എം.ഏ.യ്ക്കുമായിരുന്നതിനാൽ അധികം അടുക്കാൻ അവസരമുണ്ടായിരുന്നില്ല. പ്രധാന റോഡിനപ്പുറവും ഇപ്പുറവുമുള്ള കെട്ടിടങ്ങളിലായിരുന്നു ഞങ്ങളുടെ ക്ലാസുകൾ. ഹോസ്റ്റലിൽ വച്ച് വല്ലപ്പോഴുമൊക്കെ കാണുമായിരുന്നു. ബഹുകാര്യവ്യഗ്രനായി നടക്കുന്ന ജോർജ്ജിനെയാണ് എന്റെ ഓർമ്മയിലുള്ളത്. എം. ഏ. പ്രീവിയസ് കഴിഞ്ഞ് ഫൈനലിന് ഞാൻ എറണാകുളം മഹാരാജാസിലേക്കു പോന്നു. ജോർജ്ജ് അവിടെത്തന്നെ എം. ഏ. കഴിച്ച് തൃശൂർ സെന്റ് തോമസിൽ അദ്ധ്യാപകനായി ചേർന്നു. ഞാനാകട്ടെ, ആദ്യം തേവരയിലും പിന്നീട് തിരുവനന്തപുരം സെന്റ് സേവ്യേഴ്സിലും അനന്തരം ഗവ. കോളെജിലുമായി ജോലി ചെയ്തു.

ജോർജ്ജിന്റെ ഗവേഷണപഠനങ്ങൾ, വിശേഷിച്ചും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രം, കലകൾ, വാസ്തുശില്പം തുടങ്ങിയവയെക്കുറിച്ചുള്ള രചനകൾ ഞാൻ ശ്രദ്ധിച്ചിരുന്നു. ചിലത് എനിക്ക് അദ്ദേഹം തരികയും ചെയ്തിരുന്നു. തൃശൂരുതന്നെ ജോലിയും താമസവും അഭംഗുരം തുടർന്നതിനാൽ അത്തരം അന്വേഷണപഠനങ്ങൾക്ക് ജോർജ്ജിന് കൂടുതൽ സൗകര്യം കിട്ടിയെന്നു തോന്നുന്നു.

മലബാർ കോളെജുകളിലെ ജോലിയും ഗവേഷണവും കഴിഞ്ഞ് 1986 ൽ എറണാകുളം മഹാരാജാസ് കോളെജിൽ പോസ്റ്റ് ഗ്രാജ്വേറ്റ് പ്രൊഫസറായി ഞാൻ എത്തിയപ്പോൾ മക്കൾ തൃശൂർ എഞ്ചിനിയറിങ് കോളെജിൽ പഠനവും ഭാര്യ ആലത്തൂർ എസ്. എൻ. കോളെജിൽ അദ്ധ്യാപനവുമായി എത്തിയിരുന്നു. ആ സാഹചര്യത്തിൽ തൃശൂരിൽ വാടകയ്ക്ക് ഞങ്ങൾ താമസിക്കാനിടയായി. അക്കാലത്ത് ഇടയ്ക്കിടെ ജോർജ്ജിനെ കാണാനും പൊതുതാല്പര്യമുള്ള കാര്യങ്ങൾ സംസാരിക്കാനും സാധിച്ചിരുന്നു. സെന്റ് തോമസ് ക്രിസ്ത്യൻസ് എന്ന ജോർജ്ജിന്റെ വിശിഷ്ടകൃതി അപ്പോൾ പ്രസിദ്ധീകരിച്ചു

കഴിഞ്ഞിരുന്നു.

എന്റെ മണ്ഡലം സാഹിത്യനിരൂപണവും നോവൽ ഗവേഷണവുമായിരുന്നതിനാൽ പരസ്പരം ചർച്ചചെയ്യേണ്ട കാര്യങ്ങൾ കുറവായിരുന്നു. 1993 ൽ ഞാൻ എറണാകുളത്തു താമസമാക്കിയതിനുശേഷം മൗണ്ട് സെന്റ് തോമസിലെ സെമിനാറുകളിൽ പങ്കെടുക്കാൻ ഞങ്ങൾ കൂടാറുണ്ട്. അവിടെ ജോർജ്ജ് അവതരിപ്പിച്ച പ്രബന്ധം ശ്രദ്ധേയമായിരുന്നു. നല്ലൊരു സുഹൃത്തും താൻ തെരഞ്ഞെടുത്ത മണ്ഡലത്തിൽ നിരന്തരം അദ്ധ്വാനിച്ച ഔന്നത്യത്തിലെത്തിയ വ്യക്തിയുമായിട്ടാണ് ജോർജ്ജിനെ ഞാൻ സ്മരിക്കുന്നതും ബഹുമാനിക്കുന്നതും.

അദ്ദേഹത്തിന്റെ സപ്തതി ആഘോഷിക്കുന്ന ഈ അവസരത്തിൽ ദീർഘായുസ്സും ആരോഗ്യവും, ഇനിയും സാംസ്ക്കാരികസംഭാവനകൾ ചെയ്യാനുള്ള കഴിവും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു. ആത്മീയ കാര്യങ്ങളിലേയ്ക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ കൂടുതൽ തിരിയുമാറാകട്ടെ എന്നും പ്രാർത്ഥിക്കുന്നു.



*മരിയപുരം പള്ളിയും*
*പഴയ യൂണിയൻ പ്രസ്സും*



*അൽപം വിശ്രമം*



ബാബു വെളപ്പായ

# എന്റെ മാഷ്

അന്ന് സെന്റ് തോമസിന്
ഈ പച്ചപ്പുണ്ടായിരുന്നില്ല
കണിയായെങ്കിലും
ഒരു പൂവുമുണ്ടായിരുന്നില്ല...
വരാന്തകൾക്ക് ഈ ചന്തമോ,
നക്ഷത്രപരിവേഷമോ ഇല്ലായിരുന്നു.
ആർട്സ് ബ്ലോക്കും സയൻസ് ബ്ലോക്കും
അതിലങ്ങുമിങ്ങും പല ക്ലാസുകളും...
കിഴക്കേ വഴിയിലെന്നും പക്ഷേ
കണ്ടുമടുക്കാത്ത നിറക്കാഴ്ച....

അതിനിടയിൽ
ആലപ്പാട്ടച്ചനും ചുമ്മാരുമാഷും
പൗലോസ്മാഷും തോബിയാസ്സാറും
(ഒരു സുവോളജിക്കാരന്
സാറെന്നേ പറയാനാവൂ)
അടുത്തു നിന്ന,
ചേർത്തുനിർത്തിയ ഗുരുക്കൻമാർ....

ആംഗലേയമിഷ്ടമില്ലാതിരുന്നിട്ടും
അടുപ്പമുണ്ടായി–
മേനാച്ചേരി മാഷോടും
വർഗ്ഗീസ് മാഷോടും....!

പറഞ്ഞുവരുന്നത്
മേനാച്ചേരി മാഷെക്കുറിച്ചുതന്നെ....

പഠിപ്പിക്കാതെ പഠിപ്പിച്ച
പഠിക്കാതെ പഠിച്ച
ചില പാഠങ്ങളെകുറിച്ച്....

ഭാഷയ്ക്കപ്പുറത്ത് ഇംഗ്ലീഷിന്റെ
ഭാവം കാണിച്ചത്....
വാക്കിൽ ലയിക്കുന്ന വീറ് കാട്ടിയത്....
നാട്യസിദ്ധികളിൽ
കുട്ടികളെ കയ്യിലെടുത്തത്...

ക്ലാസുമുറിക്കും
പാഠപുസ്തകത്തിനുമുപ്പുറം
കണ്ണും കാതുമുണ്ടായിരുന്നു
മേനാച്ചേരി മാഷ്ക്ക്...
കലയും കാലാതിവർത്തിയായ
കാഴ്ചകളും കണ്ടുവച്ചു...
കാത്തുവയ്ക്കേണ്ടതാണെന്ന്
ഓർമ്മപ്പെടുത്തുകയും ചെയ്തു..

അറിഞ്ഞുമറിയാതെയും
പലപ്പോഴും കണ്ടുമുട്ടി
അദ്ദേഹമെപ്പോഴും
പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു....

അങ്ങനെ
നമുക്കേറെപ്പേരില്ലല്ലോ....

■

വർഗീസ് അങ്കമാലി

# ചരിത്രത്തിലെ മാടമ്പി

ഇന്ത്യയിലെ ക്രിസ്തുമതചരിത്രത്തെക്കുറിച്ചുള്ള പഠനത്തിനിടയിലാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ 'സെന്റ് തോമസ് എൻസൈക്ലോപീഡിയ' എന്ന ഗ്രന്ഥം കാണാൻ ഇടയായത്. അങ്കമാലിയിലെ മൂന്നു പള്ളികളിലെയും, അകപ്പറമ്പ്, കാഞ്ഞൂർ, കൊരട്ടി എന്നിവിടങ്ങളിലെയും ചരിത്രസാക്ഷ്യങ്ങളും, പുരാതന ശിലാരേഖകളും, 'സ്വർഗ്ഗവും നരകവും' എന്ന മ്യൂറൽ പെയിന്റിങ്ങും ഫോട്ടോഗ്രാഫുകളായി പുറത്തുവന്ന അദ്ദേഹത്തിന്റെ ഗ്രന്ഥം എന്നെ വല്ലാതെ ആകർഷിച്ചു.

പിന്നീട്, ചരിത്രം കെട്ടുകഥയല്ല മറിച്ച്, തെളിവുകളാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്ന ജോർജ്ജ് മേനാച്ചേരി എന്ന ഇംഗ്ലീഷ് പ്രൊഫസറുടെ പ്രവർത്തനങ്ങൾ നേരിൽ കാണാൻ ഇടവന്നത് തൃശൂർ ലൂർദ്ദ് കത്തീഡ്രലിനു സമീപത്ത് ക്രിസ്ത്യൻ മ്യൂസിയം തുറന്നപ്പോഴാണ്.

വിദേശങ്ങളിൽ പ്രചാരത്തിലുള്ള ഭാരത ക്രിസ്തുമതചരിത്രം കെട്ടുകഥകളുടെ പൊലിമയുള്ളതായിരുന്നു. ബർണ്ണാർദ് തോമയും, പ്ലാസിഡ് പൊടിപ്പാറയും തുടങ്ങിവച്ച ചരിത്രപഠനം ഉദയംപേരൂർ സൂനഹദോസ് ഉടക്കിയും, കൂനൻ കുരിശിൽ തൂങ്ങിയും പുരോഹിതന്മാരുടെ പഠനമുറികളിൽ റോമലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റി നൽകുന്ന ഡോക്ടറേറ്റിൽ കണ്ണും നട്ട് മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നു.

നൂറ്റാണ്ടുകൾക്കു മുമ്പ് ഇന്ത്യയിൽ എത്തിപ്പെട്ട ജൂതക്രിസ്തുമതത്തിന്റെ ശേഷപത്രങ്ങൾ ചൂണ്ടിക്കാണിക്കുവാനുള്ള ശ്രമം തുടങ്ങിവച്ചത് ജോർജ്ജ് മേനാച്ചേരിയാണ്. പയസ് മലേക്കണ്ടത്തിൽ, കെ. എസ്. മാത്യു, സ്ക്കറിയ സ്ക്കറിയ, മത്തിയാസ് മുണ്ടാടൻ എന്നിവർ ഈ ശ്രമത്തിന് ഏറെ പിൻതുണ നൽകിയവരാണ്.

ക്രിസ്തുമതചരിത്രപഠനം വിദേശങ്ങളിൽ പാണ്ഡിത്യത്തോടെ കൈകാര്യംചെയ്യപ്പെടുമ്പോൾ, ഇന്ത്യയിൽ ഗൗരവമേറിയ വിഷയമല്ലാതായത് പുരോഹിതന്മാർ സഭയ്ക്കുള്ളിൽ ചരിത്രത്തെ തളച്ചിട്ടതുകൊണ്ടും, കെട്ടുകഥകളുടെ ചാരുതയോടെ പഠനങ്ങൾ അവതരിപ്പിച്ച് ഡോക്ടറേറ്റ് കരസ്ഥമാക്കി

ചരിത്രപഠനം അവസാനിപ്പിക്കുന്നതുകൊണ്ടുമാണ്.

സഭാചരിത്രത്തിന്റെ ഉപജ്ഞാതാക്കളായ ക്രിസ്തുമതപണ്ഡിതന്മാരിൽ അൽമായഗണം ഇല്ലാതെപോയത് ഭാരതസഭാചരിത്രമെന്നത് ബൈബിൾപോലെ കൈകാര്യംചെയ്യേണ്ട ഒരു വിഷയമാണെന്ന് സഭാനേതൃത്വം ധരിച്ചതുകൊണ്ടാണ്. സെന്റ് തോമസ് വഴി ഇന്ത്യയിൽ എത്തിപ്പെട്ട ക്രിസ്തുമതത്തിന്റെ ശേഷപത്രങ്ങളായ അപൂർവ്വഗ്രന്ഥങ്ങളും, സാംസ്കാരികസാമഗ്രികളും, ശിലാലിഖിതങ്ങളും, മ്യൂറൽ ചിത്രങ്ങളും മ്യൂസിയങ്ങളിലും പുസ്തകങ്ങളിലുമായി പുനർജ്ജനിപ്പിച്ചു എന്നതാണ് ജോർജ്ജ് മേനാച്ചേരിയുടെ നേട്ടം.

ക്രിസ്തുമതത്തിന്റെ ഇന്ത്യൻ പാരമ്പര്യം കണ്ടെത്തിയ അൽമായരിൽ പ്രമുഖനാണ് ജോർജ്ജ് മേനാച്ചേരി. 1969ൽ ബാംഗ്ലൂരിലെ ഭാരതസഭാ ദേശിയ സെമിനാറിൽ ന്യൂമൻ അസോസിയേഷന്റെ ദേശീയ ഉപാദ്ധ്യക്ഷൻ എന്ന നിലയിൽ പങ്കെടുത്ത അദ്ദേഹം ക്രൈസ്തവസഭയുടെ ഇന്ത്യൻ ചരിത്രം എന്ന വിഷയത്തിന് തെളിവുകൾ ഹാജരാക്കുകയും നൂറ്റാണ്ടുകൾ പഴക്കമുള്ള ക്രിസ്ത്യൻ സമൂഹമാണ് ഇന്ത്യയിലേത് എന്ന് സ്ഥാപിക്കുകയും ചെയ്തു.

1973ൽ പുറത്തിറങ്ങിയ സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ എന്ന പേരിൽ ഇന്ത്യയിലെ ക്രിസ്തുമതത്തെക്കുറിച്ച് മൂന്ന് വാല്യങ്ങളായി ഒരു പരമ്പരയാണ് ജോർജ്ജ് മേനാച്ചേരിയെ ശ്രദ്ധേയനാക്കിയത്. പിന്നീട് 1982ൽ എൻസൈക്ലോപീഡിയ രണ്ടാം വാല്യം, 1998 ൽ നസറാണീസ് എന്നിവ പ്രസിദ്ധീകരിച്ചു.

പുരാതന പള്ളികളിൽനിന്നും ക്രിസ്ത്യൻ തറവാടുകളിൽനിന്നും നൂറുകണക്കിന് ചരിത്രരേഖകൾ കണ്ടെടുത്ത്, അവ വിദേശരാജ്യങ്ങളിൽ അവതരിപ്പിച്ചും, ചിത്രങ്ങളും പഠനങ്ങളും ആമുഖക്കുറിപ്പുകളും നൽകി ബൃഹദ്ഗ്രന്ഥങ്ങളായി പ്രസിദ്ധീകരിച്ചും അദ്ദേഹം ചരിത്രസാക്ഷ്യം നൽകുന്നു. പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങളിളേറെയും വിദേശ സർവ്വകലാശാലകളിൽ ഇന്ന് റഫറൻസ് ഗ്രന്ഥങ്ങളാണ്. പലപ്പോഴും വിദേശങ്ങളിൽ അദ്ദേഹം സെമിനാറുകളും ക്ലാസുകളും നടത്തുന്നുണ്ട്.

പള്ളിക്കലകളെക്കുറിച്ചുള്ള അന്വേഷണത്തിനിടയിൽ ക്രിസ്തുമതചരിത്രവും സംസ്ക്കാരവും ലോകത്തിന് പരിചയപ്പെടുത്തിയ ജോർജ്ജ് മേനാച്ചേരി പഴമയുടെ സംരക്ഷണമാണ് പൈതൃകവും സാക്ഷ്യവും എന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിന്റെ ഉദാഹരണമാണ് അദ്ദേഹത്തിന്റെ വീടും സമീപത്തുള്ള ഒല്ലൂർ പള്ളിയും. കേരളത്തിലുടനീളം പുരാതന ക്രിസ്ത്യൻ പള്ളികൾ പൊളിച്ച് തിയേറ്ററുകളുടെ മാതൃകയിൽ പുനർജ്ജനിക്കുമ്പോൾ കേരളത്തിലെ ഏറ്റവും ശ്രേഷ്ഠമായ പൗരാണിക ദേവാലയമായി ഒല്ലൂർ പള്ളിയെ കാത്തു സൂക്ഷിക്കുന്നത് ജോർജ്ജ് മേനാച്ചേരിയുടെ സാന്നിദ്ധ്യസ്വാധീനങ്ങൾകൊണ്ടാണെന്ന് പറയാം.

അപൂർവ്വശേഖരങ്ങളുള്ള ലൈബ്രറിയും, സാംസ്ക്കാരികസാമഗ്രികളും, ആയിരക്കണക്കിന് ചിത്രങ്ങളും, സപ്തതി ആഘോഷവേളയിൽ സംഘടിപ്പിച്ച നൂറുകണക്കിന് വിലയേറിയ പെയിന്റിങ്ങുകളും സൂക്ഷിക്കുന്ന അദ്ദേഹ


ത്തിന്റെ വീട്ടിൽ ചരിത്രത്തിൽ താല്പര്യമുള്ള ആർക്കും കയറിച്ചെല്ലാം. ലൈബ്രറി ഉപയോഗിക്കുകയോ, ദീർഘനേരം തർക്കിച്ചിരിക്കുകയോ ആവാം. എന്നാൽ പ്രാചീനപുസ്കകങ്ങളുടെ കലവറയായ ലൈബ്രറിയിൽനിന്നും പുസ്തകം കടം ചോദിച്ചാൽ അദ്ദേഹം അതിന്റെ ഫോട്ടോസ്റ്റാറ്റ് മുഴുവൻ സ്വന്തം ചെലവിൽ എടുത്തുതരാം, പുസ്തകം തരില്ല എന്ന് വിനയത്തോടെ പറയും. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ പുസ്തകശേഖരം അമൂല്യ മാണ്, ശേഖരിച്ചതൊന്നും നഷ്ടപ്പെട്ടുകാണില്ല.

ഒരിക്കൽ, ഷാജി ജെക്കബുമൊത്ത് ഇന്റർവ്യൂ ചെയ്യാൻ ചെന്നപ്പോൾ, ഒരു ചെറിയ പുസ്തകം എടുത്ത് മുന്നിലെത്തിയ എന്നോട് അതിന്റെ ഫോട്ടോ സ്റ്റാറ്റ് എടുത്ത് അയച്ചുതരാമെന്ന് ഏറ്റ് പുസ്തകം തിരിച്ചു വാങ്ങിക്കുകയും (വാക്കു പാലിച്ചു), അദ്ദേഹം പുറത്തിറക്കിയ എല്ലാ പുസ്തകങ്ങളും (നസ്രാണീസ് – 2,250 രൂപ) സമ്മാനമായി നൽകുകയും ചെയ്തു.

ചരിത്രസാക്ഷ്യങ്ങളുടെ കലവറയായി ജോർജ്ജ് മേനാച്ചേരി മുൻകൈ എടുത്ത് പ്രവർത്തനമാരംഭിച്ച തൃശൂർ സെന്റ് തോമസ് ക്രിസ്ത്യൻ മ്യൂസിയം, കാക്കനാട്ട് സെന്റ് തോമസ് മൗണ്ട് മ്യൂസിയം, പാലയൂർ സെന്റ് തോമസ് മ്യൂസിയം എന്നിവ കേരള ക്രൈസ്തവസഭാചരിത്രപഠനത്തിന് ഉപയുക്തമാണ്.

സപ്തതി ആഘോഷവേളയിലാണ് മാർപ്പാപ്പ അൽമായർക്ക് നൽകുന്ന ബഹുമതിയായ ഷെവലിയർ സ്ഥാനം ജോർജ്ജ് മേനാച്ചേരിയെ തേടിയെത്തുന്നത്. അശ്വവീരൻ എന്ന ഫ്രഞ്ചു പ്രഭുസ്ഥാനങ്ങളിലൊന്നായ ഷെവലിയർ സ്ഥാനം സീറോ മലബാർ സഭയിൽ മുമ്പ് ലഭിച്ചിരുന്നത് മാടമ്പി (ഇടപ്രഭുക്കന്മാർ) മാർക്കാണെന്ന് പരാമർശിച്ചിട്ടുണ്ട്. നാക്കിന്റെ മിടുക്കുകൊണ്ട്മാത്രം ജീവിക്കുന്നവർ എന്ന അർത്ഥം ഷെവലിയറിന് കൈവന്നത് അതുകൊണ്ടാകാം. ഏതായാലും, പ്രവൃത്തികൊണ്ട് നേടിയെടുത്ത ഈ ബഹുമതി ജോർജ്ജ് മേനാച്ചേരിയെ ചരിത്രത്തിലെ മാടമ്പിയായി ഉയർത്തിയിരിക്കുന്നു.

■



സി. കെ. ഗിരിജകുമാർ

## 70 – ൽ നിന്ന് 20 – ലേയ്ക്ക് തിരിഞ്ഞുനോക്കുമ്പോൾ

2008 മാർച്ച് 8–ാം തീയതി ശനിയാഴ്ചയിലെ പത്രത്തിൽ കണ്ട ഒരു വാർത്ത എന്റെ മനസ്സിനെ അമ്പതു വർഷം പിറകിലേക്ക് കൊണ്ടെത്തിച്ചു. ശ്രീ ജോർജ്ജ് മേനാച്ചേരിക്ക് ഷെവലിയർ പദവി ലഭിച്ചു എന്നതായിരുന്നു ആ വാർത്ത. ഇതിൽ തീരെ അത്ഭുതം തോന്നിയില്ല. വളരെയധികം സന്തോഷിച്ചു. കാരണം, ഇത് എത്രയോ മുമ്പ് ലഭിക്കേണ്ട ഒരു പദവിയായിരുന്നു.

1958 – 60 കാലത്ത് ഞാൻ സെന്റ് തോമസ് കോളെജിൽ ഇക്കണോമിക്സ് ബി. എയ്ക്ക് ചേർന്നു. കോളെജ് തുറന്ന് കുറച്ച് ദിവസങ്ങൾക്കു ശേഷം പുതിയതായി ഒരു വിദ്യാർത്ഥി ക്ലാസ്സിൽ വന്നു. വന്ന ഉടനെ എന്റെ അടുത്ത സീറ്റിൽ സ്ഥാനം പിടിച്ചു. ക്ലാസ് കഴിഞ്ഞ് ഞങ്ങൾ പരിചയപ്പെട്ടു. പേര് ജോർജ്ജ്. വീട് ഒല്ലൂർ പള്ളിക്ക് പടിഞ്ഞാറുവശം. പത്താംക്ലാസുവരെ കാട്ടൂർ സ്കൂളിലും അതിനുശേഷം ഇന്റർമീഡിയറ്റിന് ട്രിച്ചിയിലും പഠിച്ചു. അവിടെത്തന്നെ ഡിഗ്രിക്ക് ചേർന്നുവെന്നും, 'കണക്ക്' വഴങ്ങുന്നില്ല എന്നു കണ്ട് തൃശൂർക്ക് പോന്നതാണ് എന്നും പറഞ്ഞു. അന്നു മുതൽ ഞങ്ങൾ ഒരേ ബഞ്ചിൽ ഇരുന്നു ഒരേ ബസ്സിൽ സഞ്ചരിച്ചു. എന്റെ വീട് പെരിഞ്ചേരിയിലായതുകൊണ്ട് ഒരുമിച്ച് യാത്രചെയ്യാൻ കഴിഞ്ഞു.

ഈ കാലഘട്ടത്തിൽ കേരളം ഭരിച്ചിരുന്നത് ഇ. എം. എസ് നമ്പൂതിരിപ്പാടിന്റെ ഒന്നാമത്തെ കമ്മ്യൂണിസ്റ്റു മന്ത്രിസഭയായിരുന്നു. ഈ സമയത്തു് ആലപ്പുഴയിലെ വിദ്യാർത്ഥികളുടെ 'ഒരണ' ബോട്ടുസമരം കേരളം മുഴുവൻ വ്യാപിച്ചു. അതുകൊണ്ട് കോളെജുകൾ ഓണാവുധിക്ക് നേരത്തെ അടച്ചു. ഇക്കാലത്ത് ജോർജ്ജ് ഒരു സുഹൃത്തുമൊത്ത് എന്റെ വീട്ടിൽ വന്നു.

അടുത്ത വർഷം കേരളത്തിൽ വിമോചനസമരം പൊട്ടിപ്പുറപ്പെട്ടു. അതിന്റെ ഫലമായി കോളെജുകളിൽ അദ്ധ്യയനം മുടങ്ങി. ഈ സമയത്ത് ജോർജ്ജ് മാനേജിങ്ങ് എഡിറ്ററായി 'ഹാംസിക്ക്' (HAMSICK) എന്ന പേരിൽ ഒരു വാർത്താമാസിക പ്രസിദ്ധീകരിച്ചു. ഞാനും പത്രാധിപസമിതിയിൽ ഒരംഗമായിരുന്നു. രണ്ടുമൂന്നാഴ്ച വാരിക കൃത്യമായി പുറത്തിറങ്ങി. പിന്നീട്

രണ്ടും മൂന്നും ആഴ്ചകൂടുമ്പോൾ മാത്രം. ക്രമേണ അതും നിന്നു.

1959 – 60 ൽ കോളെജ് യൂണിയനിലേയ്ക്ക് ജോർജ്ജ് ജനറൽ സെക്രട്ടറിയായും ഞാൻ ചെയർമാനുമായും തെരഞ്ഞെടുക്കപ്പെട്ടു. ആ വർഷം കേന്ദ്ര മന്ത്രിയെ പങ്കെടുപ്പിച്ചുകൊണ്ട് യൂണിയൻ ഉദ്ഘാടനം നടത്തി.

ബി. ഏ. യ്ക്ക് ശേഷം ജോർജ്ജ് 1960 ൽ കോഴിക്കോട് ദേവഗിരി കോളെജിൽ എം. എ. യ്ക്ക് ചേർന്നു. അടുത്ത വർഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളെജിലേയ്ക്ക് മാറി. 1962 – ൽ അദ്ദേഹം താൻ പഠിച്ച കോളെജിൽത്തന്നെ ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിൽ അദ്ധ്യാപകനായി ചേർന്നു.

1963 മെയ് മാസത്തിൽ ഒരു ദിവസം ജോർജ്ജ് വീട്ടിൽ വന്നു. പഠിച്ചിരുന്ന അവസരത്തിൽ ഞാൻ അദ്ദേഹത്തിന്റെ വീട്ടിലും ജോർജ്ജ് എന്റെ വീട്ടിലും വരുമായിരുന്നു. ഇപ്പോൾ വന്നതിന്റെ ഉദ്ദേശം കോളെജ് മാനേജരെ കാണുവാൻ ഞാൻ കൂടെ പോകണമെന്നതായിരുന്നു. മണ്ണുത്തിക്കടുത്തുള്ള ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ കൂടിയായിരുന്നു മാനേജർ. അപ്പോൾത്തന്നെ ഞങ്ങൾ അവിടേയ്ക്ക് പോയി. നാലു മണിക്ക് അവിടെ എത്തി. ആറു മണിയോടുകൂടി അവിടെനിന്ന് തിരിച്ചുപോന്നു. അതിനിടെ ഡയറക്ടറച്ചൻ അവിടത്തെ അന്തേവാസികളെക്കുറിച്ചെല്ലാം പറഞ്ഞു. കൂടാതെ എന്തെങ്കിലും കഴിക്കുന്നതിന് ബുദ്ധിമുട്ടുണ്ടോ എന്നും ആരാഞ്ഞു. എന്ത് തന്നാലും കഴിക്കാമെന്ന് പറഞ്ഞു. ഞങ്ങൾ കൂൾഡ്രിംങ്സ് കഴിച്ച് യാത്രപറഞ്ഞ് തിരിച്ചുപോന്നു.

പിന്നീട് ഞാൻ ജോർജ്ജിനെ കാണുന്നത് ഒരു ബൈക്ക് അപകടം പറ്റിയ ഉടനെ ആശുപത്രിയിൽ പോകുമ്പോഴായിരുന്നു. ഞാനും ഉടനെ കൂടെ പോയി. രണ്ടു ദിവസം ആശുപത്രിയിൽ ഞങ്ങൾ ഒരുമിച്ച് കഴിഞ്ഞു. അവിടെനിന്നും ഡിസ്ചാർജ്ജ് ചെയ്ത് വീട്ടിൽ കൊണ്ടാക്കിയതിനുശേഷമാണ് ഞാൻ തിരിച്ച് പോന്നത്.

കുറെ നാളുകൾക്കു ശേഷം ഒരു ദിവസം ഉച്ചതിരിഞ്ഞ് 2 മണിക്ക് ശ്രീമാൻ വീട്ടിൽ വന്നു. പെരിഞ്ചേരി പള്ളിയിൽ ഒരു പരിപാടിയിൽ പങ്കെടുക്കുന്നതിനു വേണ്ടിയായിരുന്നു അദ്ദേഹം വന്നത്. ഞങ്ങൾ മൂന്നു മണിക്ക് പള്ളിയിൽ പോയി. പരിപാടി കഴിയുംവരെ എന്നെയും സ്റ്റേജിൽ പിടിച്ചിരുത്തി. അധികം നാളുകൾ കഴിയുന്നതിനു മുമ്പ് വീണ്ടും വേറൊരു പരിപാടിയിൽ പങ്കെടുക്കുന്നതിനുവേണ്ടി വീട്ടിൽ വന്നു. ഇത്തവണ വന്നത് എന്റെ അച്ഛൻ സ്പോൺസർചെയ്ത കപ്പിനുവേണ്ടിയുള്ള വോളിബോൾ മത്സരത്തിന്റെ ഉദ്ഘാടനത്തിനു വേണ്ടിയായിരുന്നു. സ്പോർട്ട്സ് ക്ലബ് ഭാരവാഹികൾ ഉദ്ഘാടനത്തീയതിയും സമയവും മാത്രമെ ഞങ്ങളെ അറിയിച്ചിരുന്നുള്ളു. ഞങ്ങൾ ഒരുമിച്ച് അവിടെ എത്തിയപ്പോൾ ക്ലബ് ഭാരവാഹികൾ അത്ഭുതപ്പെട്ടു. അതിന്ശേഷം ഞങ്ങളെ വീട്ടിൽ എത്തിച്ചതിനു ശേഷമാണ് ജോർജ്ജ് പോയത്.

ജോർജ്ജിന്റെ വിവാഹത്തിന് എനിക്ക് പങ്കെടുക്കാൻ കഴിഞ്ഞില്ല. ആ സമയത്ത് ഞാൻ മുവ്വാറ്റുപുഴയിൽ 10 ദിവസത്തെ ഒരു ട്രെയിനിങ്ങ് പ്രോഗ്രാമിൽ പങ്കെടുക്കുകയായിരുന്നു. വിവാഹദിവസം രാത്രിയാണ് ഞാൻ വീട്ടിൽ തിരിച്ചെത്തിയത്. അടുത്ത ദിവസം തന്നെ ഞാൻ സുഹൃത്തിനെ കാണാൻ പോയി. അപ്പോഴാണ് അറിയുന്നത് അദ്ദേഹം അഞ്ചേരിയിലേയ്ക്ക് താമസം മാറ്റിയെന്ന്. വലിയ പ്രയാസം കൂടാതെ അഞ്ചേരിയിലെ വീട്ടിൽ എത്തിച്ചേർന്നു. ഭാഗ്യമെന്നു പറയട്ടെ അദ്ദേഹവും ശ്രീമതിയും വീട്ടിൽ ഉണ്ടായിരുന്നു. അന്ന് അവരോടൊപ്പം ഉച്ചഭക്ഷണവും കഴിച്ചാണ് തിരിച്ച് പോന്നത്.

ഞാൻ പീച്ചിയിൽ ജോലി ചെയ്തിരുന്നപ്പോൾ അദ്ദേഹത്തിന്റെ വലിയമ്മയുടെ മകൻ വർക്കിച്ചേട്ടനും എന്നോടൊപ്പം ജോലി ചെയ്തിരുന്നു. അദ്ദേഹമാണ് പറഞ്ഞത് ജോർജ്ജ് തൃശൂരാണ് താമസിക്കുന്നതെന്ന്. ഒരു ദിവസം ഉച്ചതിരിഞ്ഞ് ഞങ്ങൾ അവിടെ പോയി.

പിന്നീട് റിട്ടയർ ചെയ്തശേഷം, ഞാനും ഭാര്യയും തൃശൂർ സബ്ബ് ട്രഷറിയിൽ പെൻഷൻ വാങ്ങുവാൻ പോയപ്പോൾ അദ്ദേഹവും പെൻഷൻ വാങ്ങുവാൻ വന്നിരുന്നു.

കുറച്ചു കാലങ്ങൾക്കുശേഷം ജോർജ്ജ് എന്നെ ഫോണിൽ വിളിച്ച് മകന്റെ വിവാഹവിവരം അറിയിച്ചു. വിവാഹം ഒല്ലൂർ പള്ളിയിൽവെച്ച് ഉച്ചയ്ക്കു ശേഷമാണെന്നും വീട്ടിൽ വന്ന് ക്ഷണിക്കണമോ എന്നും ചോദിച്ചു. അതിന്റെ ആവശ്യമില്ലെന്ന് ഞാൻ പറഞ്ഞു. വിവാഹ ദിവസം ഉച്ചതിരിഞ്ഞ് രണ്ടു മണിക്ക് ഞാൻ എത്തുമ്പോൾ അവർ പള്ളിയിലേയ്ക്ക് പോകുകയായിരുന്നു. ഞാനും അവരുടെ കൂടെ പള്ളിയിൽ പോയി. വിവാഹകർമ്മങ്ങളിലും അതിനുശേഷം നടന്ന പാർട്ടിയിലും പങ്കെടുത്ത് ആറു മണി കഴിഞ്ഞാണ് ഞാൻ തിരിച്ച് പോന്നത്.


എന്റെ മകന്റെ വിവാഹത്തിന് ഞാനും ഫോണിൽകൂടിയാണ് ക്ഷണിച്ചത്. വീടിനടുത്തുതന്നെയുള്ള ഒരു കല്യാണമണ്ഡപത്തിൽ വെച്ചായിരുന്നു വിവാഹം. അദ്ദേഹം മണ്ഡപത്തിൽ വരുമ്പോൾ ഞാൻ വീട്ടിലായിരുന്നു. ഉടനെത്തന്നെ ജോർജ്ജ് വീട്ടിലേയ്ക്ക് വന്നു. വീണ്ടും ഞങ്ങൾ വിവാഹമണ്ഡപത്തിലേയ്ക്ക് പോയി.

ഏറ്റവും ഒടുവിൽ ഞാൻ ജോർജ്ജിന്റെ വീട്ടിൽ പോയത് എന്റെ മകൾ എം. ഏ. യ്ക്ക് പഠിക്കുമ്പോൾ അവളുടെ രണ്ടു കൂട്ടുകാരികൾക്കുവേണ്ടി ഒല്ലൂർ പള്ളിയെയും ഒല്ലൂരിലെ വ്യവസായികളെയും കുറിച്ച് ചോദിച്ച് മനസ്സിലാക്കുന്നതിനു വേണ്ടിയായിരുന്നു. ഈ സമയത്ത് അദ്ദേഹം അഞ്ചേരിയിൽനിന്നും ഒല്ലൂരിലെ പഴയ വീട്ടിലേയ്ക്ക് താമസം മാറ്റിയിരുന്നു.

പ്രൊഫ. ജോർജ്ജ് മേനാച്ചേരി സപ്തതി സമിതി അണിയിച്ചൊരുക്കുന്ന സ്മരണികയിലേയ്ക്ക് എന്നെക്കൂടി ഉൾപ്പെടുത്തിയതിൽ എനിക്ക് വളരെയ

ധികം സന്തോഷമുണ്ട്. ഇപ്പോൾ എഴുപതിന്റെ നിറവിൽ അദ്ദേഹം മാത്രമല്ല, ഞാനും എത്തിനിൽക്കുന്ന ഈ അവസരത്തിൽ പഴയകാലസ്മരണകൾ ഓർക്കുവാൻ അവസരം ഉണ്ടാക്കിത്തന്നതിന് സപ്തതി സമിതിയോട് വളരെയധികം നന്ദിയുണ്ട്.ൈ

■




*തോമാപീഡിയ പ്രകാശനം*






*തൃശൂർ ആർച്ച് ബിഷപ്പ്സ് ഹൗസ്*



ഫാ. ജോർജ്ജ്
എടക്കളത്തൂർ

# ഒല്ലൂരിന്റെ പെരുമയുടെ കാവൽക്കാരൻ

പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ സപ്തതി ആരംഭിച്ചപ്പോൾ ഒല്ലൂർ വികാരി ഞാനായിരുന്നതുകൊണ്ടും മറ്റും ഏതാനും വരികൾ ജോർജ്ജ് മാഷെക്കുറിച്ച് എഴുതാൻ സന്തോഷമുണ്ട്.

ഒല്ലൂർ ഇടവകയുടെ വളർച്ചയ്ക്കും പ്രശസ്തിക്കും വേണ്ടി, കേരളസഭ യുടെ ചരിത്രത്തിനുവേണ്ടി, കത്തോലിക്കാ സഭയുടെ പ്രവർത്തനങ്ങൾക്കു വേണ്ടി ജീവിതം മാറ്റിവെച്ച വ്യക്തിയാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരി. വളരെ വിശാലമായ കാഴ്ചപ്പാടുള്ള വ്യക്തി. ഒല്ലൂർ ഇടവകയെ ശരിക്കും 'ചിന്ന റോമ'യാക്കാൻ എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയാണ്. തൃശൂർ അതിരൂപതയുടെ എന്നല്ല, കേരളസഭയിലെ ഏതെങ്കിലും പ്രധാന പരിപാടി കൾ ഉണ്ടെങ്കിൽ, അത് ഒല്ലൂരിൽ നടക്കണമെന്നും, ഒല്ലൂരാണ് അതിന് പറ്റിയ സ്ഥലമെന്നും ധൈര്യപൂർവ്വം പറയുവാനും അത് സംഘടിപ്പിക്കാനും പരിശ്ര മിക്കുന്ന വ്യക്തിയാണ് ജോർജ്ജ് മേനാച്ചേരി. വി. റാഫേൽ മാലാഖയുടെ തിരുനാളിനോടനുബന്ധിച്ച്, അദ്ദേഹം ഒരു ചരിത്രസാസ്ക്കാരിക എക്സി ബിഷൻ നടത്തിയത് ഞാനോർക്കുന്നു. അത് നടക്കുമോ എന്നൊക്കെ പലരും സംശയിച്ചെങ്കിലും, വളരെ വിപുലമായ രീതിയിൽ അത് നടക്കുകയുണ്ടായി. ഒല്ലൂരിന്റെ പഴമയും പ്രതാപവും പാരമ്പര്യവുമെല്ലാം എല്ലാവരെയും അറിയി ക്കാനും അതുവഴി ഇന്ത്യയ്ക്കകത്തുനിന്നും പുറത്തുനിന്നും ധാരാളം സന്ദർശ കരെ ഒല്ലൂരിലേയ്ക്ക് ആകർഷിക്കാനും എന്നും ശ്രമിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയാണ് പ്രൊഫ. മേനാച്ചേരി. സപ്തതി ആഘോഷത്തിന്റെ പേരിൽ ശിഷ്യഗണവും സുഹൃത്തുക്കളും ചേർന്ന് പല പരിപാടികളും ഒരുക്കിയത് ഏറ്റവും മാതൃകാപരമാണ്. അവ വെറും ആഘോഷങ്ങൾ മാത്രമല്ല, എല്ലാ വർക്കും ഉപകാരപ്രദമായ പരിപാടികളാണ്.

സപ്തതിയുടെ നിറവിൽ മേനാച്ചേരി മാഷ്ക്ക് ലഭിച്ച ഏറ്റവും വലിയ അംഗീകാരമാണ് ഷെവലിയർ പദവി എന്നു നമുക്കറിയാം. സഭാപ്രവർത്ത നങ്ങൾക്കു വേണ്ടി ജീവിതം മാറ്റിവെയ്ക്കുന്നവർക്കു സഭയിൽനിന്ന് ലഭിക്കാ വുന്ന വലിയ അംഗീകാരമാണിത്. സെന്റ് തോമസ് കോളെജിൽ അദ്ദേഹം


എന്റെ ഗുരുഭൂതനായിരുന്നു. പിന്നീട് ഞാൻ ഒല്ലൂരിലെ കൊച്ചച്ചനും ഈ അടുത്തനാൾവരെ വികാരിയച്ചനും ആകാൻ ഇടവന്നപ്പോൾ ജോർജ്ജ് മാഷുമായുള്ള എന്റെ അടുപ്പം ആഴപ്പെടുവാൻ ഇടയായി. ഈ വലിയ സ്ഥാനലബ്ദിയിൽ അദ്ദേഹത്തിന് എല്ലാവിധ ആശംസകളും ഞാൻ നേരുന്നു. സപ്തതി സമാപനപരിപാടികൾ വിജയിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.




*സഹോദരീസഹോദരന്മാരോടൊപ്പം മൂത്തപുത്രന്റെ വിവാഹവേളയിൽ*



*കുടുംബാംഗങ്ങളോടൊപ്പം ഇളയപുത്രന്റെ വിവാഹവേളയിൽ*



മാത്യു മടുക്കക്കുഴി

# അറിവിന്റെ നിറകുടം

തൃശൂർ സെന്റ് തോമസ് കോളെജിൽ ഇംഗ്ലീഷ് ലക്ചററായും പ്രൊഫസറായും മൂന്നു ദശാബ്ദക്കാലം സേവനം അനുഷ്ഠിക്കുകയും അതിൽ രണ്ടു പതിറ്റാണ്ടുകാലം ബിരുദാനന്തര വിദ്യാർത്ഥികളെ പഠിപ്പിക്കുകയും ചെയ്ത പ്രൊഫസർ ജോർജ്ജ് മേനാച്ചേരി 1992 ൽ ചരിത്രഗവേഷണത്തിനും പുസ്തകപ്രസിദ്ധീകരണത്തിനുമായി കോളെജിൽനിന്ന് സ്വയം വിരമിക്കുകയായിരുന്നു. 1984 മുതൽ മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിലും മറ്റു ചില തിയോളജി സെമിനാരികളിലും വിസിറ്റിംഗ് പ്രൊഫസറായി അദ്ദേഹം സേവനമനുഷ്ഠിക്കുകയുണ്ടായി. കൂടാതെ, സുഹൃത്തുക്കളുമൊത്ത് അദ്ദേഹം തൃശൂരിൽ ഒരു അൽമായ നേതൃത്വപരിശീലനകേന്ദ്രവും ആരംഭിച്ചു. അതിന്റെ ആരംഭം മുതൽ ഇന്നുവരെ പ്രൊഫ. മേനാച്ചേരി അതിന്റെ ഡയറക്ടറാണ്. ഈ സ്ഥാപനത്തിൽ പല നൂതന പരിശീലനപഠനപദ്ധതികൾ ആസൂത്രണംചെയ്തു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ന്യൂമാൻ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ദേശീയ വൈസ് പ്രസിഡന്റായി 1964 മുതൽ ദീർഘകാലം അതിനോടു സഹകരിക്കുവാനും പ്രൊഫസർ മേനാച്ചേരിക്ക് അവസരം ലഭിച്ചു.

**ഗ്രന്ഥസമുച്ചയം**

സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയാ ഓഫ് ഇന്ത്യ, ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്സ് (ദി നസ്രാണീസ്) എന്നീ ബൃഹത്ഗ്രന്ഥങ്ങളിലൂടെ ഭാരത ക്രൈസ്തവചരിത്രവും സാംസ്ക്കാരികപൈതൃകവും ലോകത്തിലെത്തിച്ച പ്രശസ്ത സാംസ്ക്കാരിക ചരിത്ര ഗവേഷകനാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരി. ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്സ് (ദി നസ്രാണീസ്) മൂന്നു ഭാഗങ്ങളായി (volumes) ട്ടാണദ്ദേഹം പ്രസിദ്ധീകരിക്കുന്നത്.

ഇംഗ്ലീഷ് അദ്ധ്യാപകനായ പ്രൊഫസർ മേനാച്ചേരി കേരള സർവ്വകലാശാലയിൽ പി.എച്ച്.ഡിക്ക് ചരിത്രത്തിൽ പേരു രജിസ്റ്റർ ചെയ്യുകയും ആ രംഗത്തു കുറെ ഏറെ പഠനങ്ങൾ നടത്തുകയും ചെയ്തെങ്കിലും അദ്ദേഹ

ത്തിന്റെ ഗൈഡ് ഡോ. മാർത്താണ്ഡവർമ്മയുടെ ആകസ്മികനിര്യാണം മൂലം തീസിസ് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ അദ്ദേഹം ബാംഗ്ളൂർ ധർമ്മാരാം വിദ്യാക്ഷേത്രത്തിൽ ഒരു ഡോക്ടറൽ സ്കോളറാണ്. അദ്ദേഹം തെരഞ്ഞെടുത്തിരിക്കുന്ന വിഷയം "The Social Status of Thomas Christians as indicated by their Art and Architecture" എന്നതാണ്. പൂനാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിൽനിന്നും 1957 ൽ അദ്ദേഹത്തിനു ഡിപ്ലോമ ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ വേൾഡ് അസംബ്ലി ഓഫ് യൂത്തിന്റെ പരിശീലനവും അദ്ദേഹം നേടി. വിദ്യാഭ്യാസം, ചരിത്രം, സംസ്ക്കാരം, ദൈവശാസ്ത്രം, സാമൂഹ്യശാസ്ത്രം, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഐ.ടി., ആർട്ട്, ആർക്കിടെക്ച്ചർ എന്നിങ്ങനെയുള്ള വിവിധ വിഷയങ്ങളിൽ ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസം നേടുവാനും അദ്ദേഹത്തിനു കഴിഞ്ഞു. "ദുക്റാന", "ക്രിസ്ത്യൻ ഓറിയന്റ്" എന്നീ പ്രസിദ്ധീകരണങ്ങളുടെ സ്ഥാപകപത്രാധിപസമിതിയിൽ പ്രൊഫ. മേനാച്ചേരി അംഗമായിരുന്നു. അതുപോലെ "ജേർണൽ ഓഫ് സെന്റ് തോമസ് ക്രിസ്ത്യൻസ്" പത്രാധിപസമിതിയംഗമായും അദ്ദേഹം പ്രവർത്തിയ്ക്കുന്നു. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ കേരള സന്ദർശനത്തോടനുബന്ധിച്ച് പ്രസിദ്ധപ്പെടുത്തിയ ഒരു ഡസനോളം സ്മരണികകളുടെ ചീഫ് എഡിറ്ററായും സഹപത്രാധിപരായും അദ്ദേഹം പ്രവർത്തിച്ചു.

**ചെറുപ്പത്തിലെ വായനാശീലം**

പ്രൊഫ. മേനാച്ചേരി ചെറുപ്പംമുതലെ വായനയിൽ അതീവ തൽപരനായിരുന്നു. അമ്മവീട്ടിൽ ഉണ്ടായിരുന്ന ആയിരത്തോളം പുസ്തകങ്ങളടങ്ങിയ ലൈബ്രറിയും അനേകം മാസികകളും അദ്ദേഹം പ്രയോജനപ്പെടുത്തി. ചെറുപ്പം മുതലുള്ള അദ്ദേഹത്തിന്റെ ഈ വായനാശീലമാണ് ലോകപ്രശസ്തമായ അനേകം ഗ്രന്ഥങ്ങൾ രചിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത്. "പാതിരായ്ക്ക് ഒരു ഇറങ്ങിപ്പോക്ക്", "പള്ളിക്കലകളും മറ്റും", "കൊടുങ്ങല്ലൂർ സിറ്റി ഓഫ് സെന്റ് തോമസ്", "ഡൈവൂൺണ്ടർബാറെ ജെകസ് തെറെഡർ നസ്രാണീസ് ഡെർ മലബാർ ക്രിസ്ത്യൻ വേൺ ഹെയ്ലിഗൻ ടോമസ്" (ജർമ്മൻ ഭാഷ), "കൊടുങ്ങല്ലൂർ – ക്രേഡിൽ ഓഫ് ക്രിസ്ത്യാനിറ്റി ഇൻ ഇന്ത്യ", "ഗ്ലിംസസ് ഓഫ് നസ്രാണി ഹെറിറ്റേജ്", "തോമ്മാപീഡിയ" തുടങ്ങിയവയാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ ഇതരകൃതികൾ.

**കച്ചിറമറ്റത്തിന്റെ സാക്ഷ്യം**

ശ്രീ ജോൺ കച്ചിറമറ്റം രചിച്ച "കേരളസഭാ പ്രതിഭകൾ" (ഒന്നാം ഭാഗം) എന്ന പ്രശസ്ത ഗ്രന്ഥത്തിൽ പ്രൊഫ. മേനാച്ചേരിയെപ്പറ്റി ഇങ്ങനെ എഴുതിയിരിക്കുന്നു:

"പ്രൊഫ. ജോർജ്ജ് മേനാച്ചേരി കൈവയ്ക്കാത്തതായ ശാസ്ത്ര സാങ്കേതിക, സാംസ്ക്കാരിക, സാഹിത്യ രംഗങ്ങൾ ഏറെയില്ലെന്നു പറയാം. കൈവച്ചിടത്തെല്ലാം തന്റെ പാണ്ഡിത്യംകൊണ്ടും ലളിതവും വിനീതവുമായ പെരുമാറ്റരീതികൊണ്ടും മേധാശക്തികൊണ്ടും അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചിട്ടു

ണ്ട്. അദ്ദേഹത്തിന്റെ ബൃഹത്തായ സേവനങ്ങൾ കണക്കിലെടുത്ത് നിരവധി അവാർഡുകൾ നൽകി അദ്ദേഹത്തെ പൊതുജനങ്ങളും സ്ഥാപനങ്ങളും ആദരിക്കുകയുണ്ടായി.''

2008 ഏപ്രിൽ 2ന് സപ്തതി ആഘോഷിക്കുന്ന ആദരണീയനായ പ്രൊഫസർ ജോർജ്ജ് മേനാച്ചേരിക്ക് എന്റെ വിനീതമായ ആശംസകൾ! അഭിനന്ദനങ്ങൾ!

*തൃശൂർ ടൗൺ ഹാൾ &*
*പബ്ലിക് ലൈബ്രറി*






*ശക്തൻ തമ്പുരാൻ പാലസ്*
*പുരാവസ്തു മ്യൂസിയം*

*സ്റ്റേറ്റ് മ്യൂസിയം, തൃശൂർ*





ടോം ജോസ്
അങ്കമാലി

# പ്രൊഫ. ജോർജ്ജ് മേനാച്ചേരി: സുഗന്ധവ്യക്തിത്വത്തിന്റെ ഉടമ

വ്യക്തികളെയും സംഭവങ്ങളെയും കൃതികളെയും പ്രസ്ഥാനങ്ങളെയും സംഘടനകളെയും ചെറുതാക്കാനും വലുതാക്കാനും തമസ്ക്കരിക്കാനും ചരിത്രസാഹിത്യകാരന്മാർക്ക് കഴിയും. ഇക്കാര്യത്തെക്കുറിച്ച് നല്ല അവബോധമുള്ള ചരിത്രസാഹിത്യകാരനാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരി. എന്തിനെയും ആവുന്നത്ര വസ്തുനിഷ്ഠമായി വിലയിരുത്തി വിവേകപൂർവ്വം സ്വന്തം സാംസ്ക്കാരിക സംസ്കൃതിക്ക് മിഴിവ് നൽകുന്ന വിധത്തിലേ പ്രൊഫ. ജോർജ്ജ് മേനാച്ചേരിയിലെ ചരിത്രകാരൻ ഇന്നുവരെയും പ്രതികരിച്ചിട്ടുള്ളു. ചരിത്രയാഥാർത്ഥ്യങ്ങളോട് പക്ഷം കാണിക്കുക എന്നതല്ലാതെ, ഒന്നിനോടും വിശേഷാൽ താല്പര്യം കാണിക്കുന്ന സ്വഭാവം ഈ സർഗ്ഗധനികനായ സാഹിത്യകാരൻ കാണിച്ചിട്ടില്ല. അതുകൊണ്ട്, സുഗന്ധമുള്ള വ്യക്തിത്വത്തിന്റെ ഉടമയായി പ്രൊഫ. ജോർജ്ജ് മേനാച്ചേരി എന്ന ചരിത്രസാഹിത്യകാരൻ മലയാളികളുടെ മനസ്സിൽ എന്നും നിറഞ്ഞു നിൽക്കും.

സംഭവങ്ങൾ, തീയതികൾ, വിവരണങ്ങൾ, വസ്തുതകൾ ശേഖരിച്ച് സാംശീകരിച്ച് ദർശന ദീപ്തിയിൽ ചാലിച്ച് സ്വന്തം കമ്മട്ടത്തിൽ അടിച്ച് പുറത്താക്കിയ പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെന്ന ചരിത്രകാരൻ നമ്മുടെ ചരിത്രസാഹിത്യവീഥിയിലെ ഏകാന്തപഥികനാണ്. ഒരു വിദഗ്ധസംഘം ഏറെക്കാലം അദ്ധ്വാനിച്ചാൽ കടഞ്ഞെടുക്കാവുന്ന പ്രൗഢമായ കൃതികളെക്കാൾ ഗുണമേന്മയുള്ള ചരിത്രകൃതികൾ പ്രൊഫ. ജോർജ്ജ് മേനാച്ചേരിക്ക് സ്വന്തമായി നിർമ്മിക്കാൻ കഴിഞ്ഞു. എഴുത്തുകാരൻ ദന്തഗോപുരങ്ങളിൽ വസിക്കണമെന്ന കുട്ടികൃഷ്ണമാരാരുടെ തത്വമനുസരിച്ച്, സാഹിത്യരചനയെ തപസ്യയാക്കി മാറ്റിയ പ്രൊഫ. ജോർജ്ജ് മേനാച്ചേരിക്ക് ദേശീയ അന്തർദ്ദേശീയ വേദികളിൽ ഭാരത ക്രൈസ്തവ സമൂഹത്തിന്റെ പൈതൃകം രേഖപ്പെടുത്തി വയ്ക്കാൻ കഴിഞ്ഞു.

ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും യാത്രചെയ്യാനും ചരിത്രഗവേഷകരുമായി സംവാദം നടത്താനും അവസരം ലഭിച്ച പ്രൊഫ. മേനാച്ചേരി ഒരു വിശ്വപൗരന്റെ കാഴ്ചപ്പാടോടെയാണ് എല്ലാറ്റിനെയും നോക്കിക്കണ്ടത്.


അന്തർദേശിയമായി ചിന്തിക്കുക, പ്രാദേശികമായി പ്രതികരിക്കുക എന്ന തത്വം മനസ്സിൽ വച്ചുകൊണ്ട് സ്വന്തം നാട്ടിലെ ചരിത്രവസ്തുതകൾക്ക് കൂടുതൽ മിഴിവ് നൽകുവാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. ചരിത്രപണ്ഡിതൻമാരുമായി ചർച്ചകൾ നടത്തുമ്പോൾ അഭിപ്രായഭിന്നതയുള്ള കാര്യങ്ങൾ സൗമ്യമായി പ്രകാശിപ്പിക്കുക എന്നത് ജോർജ്ജ് മാഷുടെ ഒരു ശീലമാണ്.

ചരിത്രത്തിൽ താല്പര്യമുള്ളവർക്കും ചരിത്രകാരൻമാർക്കും വേണ്ടി ചരിത്രപരിഷത്തുക്കൾ സംഘടിപ്പിച്ച് അവർക്ക് അതിലൂടെ വളരാൻ പ്രൊഫ. ജോർജ്ജ് മേനാച്ചേരി വഴിയൊരുക്കിയിട്ടുണ്ട്.

എവിടെയെല്ലാം ചരിത്രസ്മാരകങ്ങൾ ഉണ്ടോ, അവടം സന്ദർശിക്കുന്ന അവസരത്തിൽ അതുമായി ബന്ധപ്പെട്ടു ചരിത്രകാരൻമാരെയും ചരിത്രവിദ്യാർത്ഥികളെയും കണ്ട് സംസാരിക്കാൻ ഈ ഏകാന്തപഥികൻ ബോധപൂർവ്വം സമയം കണ്ടെത്തിയിരുന്നു. ചരിത്രപരമായ വിഷയങ്ങളെക്കുറിച്ച് ചർച്ച നടക്കുന്ന ഏത് വേദിയിലും പ്രഭാഷണത്തിനായി ക്ഷണിച്ചാൽ, പ്രസംഗിക്കാനുള്ള ചരിത്രക്കുറിപ്പുകൾ തയ്യാറാക്കിക്കൊണ്ടുതന്നെയാണ് പ്രഫ. മേനാച്ചേരി പരിപാടികൾക്കു പോയിരുന്നത്. ചെറിയ എഴുത്തുകാർ കയ്യെഴുത്തു കൃതികളുമായി ജോർജ്ജ് മാഷെ സമീപിച്ചാൽ, ഭാഷാദ്ധ്യാപകൻ കഥാകൃത്തുകളായ ശിഷ്യൻമാരോട് കാണിക്കുന്ന സർഗ്ഗാത്മകസമീപനം തന്നെ അദ്ദേഹം കാണിച്ചുപോന്നു. അതുകൊണ്ട് കൊച്ചുകൊച്ചു ചരിത്രകാരൻമാരുടെ ഹൃദയത്തിൽ പ്രകാശ ഗോപുരമായി അദ്ദേഹം നിൽക്കുകയും ചെയ്യുന്നു.

ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ, ചരിത്രസാഹിത്യമണ്ഡലത്തിൽ ഇളക്കി പ്രതിഷ്ഠ നടത്തിയ പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെന്ന ചരിത്രകാരൻ ഒരു വിശിഷ്ഠ വ്യക്തിത്വത്തിന്റെ ഉടമയായി ജനഹൃദയങ്ങളിൽ ഒളിമങ്ങാതെ എക്കാലത്തും പ്രശോഭിക്കും.

■



ജോസ് ചിറ്റിലപ്പിള്ളി

# ഒരു സുഹൃദ്ബന്ധത്തിന്റെ കഥ

പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെ ഞാൻ ആദ്യമായി കാണുന്നത് 1968 –ലാണ്. അക്കാലത്ത് അദ്ദേഹം തൃശൂർ സെന്റ് തോമസ് കോളെജിനടുത്ത് 'ഈഫൽ ബുക്സ്' എന്ന പേരിൽ ഒരു ബുക്ക് സ്റ്റാൾ നടത്തിയിരുന്നു. 27–ാം വയസ്സിൽ ഞാൻ പ്രസിദ്ധീകരിച്ച 'അഭിലാഷങ്ങൾ' എന്ന എന്റെ ആദ്യ കഥാസമാഹാരത്തിന്റെ പത്തു കോപ്പി ബുക്ക് സ്റ്റാളിൽ വില്പനയ്ക്കു നൽകു വാൻ ചെന്നതായിരുന്നു ഞാൻ. 'മേരിവിജയം' മാസികയിൽ പലപ്പോഴായി പ്രസിദ്ധീകരിച്ച് ബ്രദർ ലൂയിസ് മഞ്ഞളിയുടെ നേതൃത്വത്തിൽ മരിയാപുരത്തു നടക്കുന്ന യൂണിയൻ പ്രസ്സിൽ അച്ചടിച്ച പത്തു കഥകളുടെ 102 പേജുള്ള ആ കഥാ സമാഹാരത്തിന്റെ വില 1.25 രൂപയായിരുന്നു. പുസ്തകം വിറ്റുകഴി ഞ്ഞതിനുശേഷം കമ്മീഷൻ കഴിച്ചുള്ള തുക നൽകിയാൽ മതിയെന്നായിരുന്നു എന്റെ നിബന്ധന. മേനാച്ചേരി മാഷ് പുസ്തകം വാങ്ങി മറിച്ചുനോക്കി. എന്നിട്ട് പുസ്തകത്തിന്റെ മുഴുവൻ വിലയും അപ്പോൾ തന്നെ തന്നതിനു ശേഷം എന്റെ തോളിൽ പിടിച്ചുകൊണ്ട് മാഷ് പറഞ്ഞു: "ഇനിയും എഴുതി ക്കോളോ – ട്ടോ."

പിന്നീട് തൃശൂരിൽ പല സാഹിത്യ–സാംസ്ക്കാരിക സദസ്സുകളിലും ഞങ്ങൾ തമ്മിൽ കണ്ടുമുട്ടുകയും പരിചയം പുതുക്കുകയും ചെയ്തു. എന്റെ സാഹിത്യജീവിതത്തിൽ 'അക്ഷരത്തെറ്റുകൾ' എന്ന പേരിൽ രണ്ടാമതൊരു കഥാസമാഹാരവും 'മാളം' എന്നൊരു നോവലും ഞാൻ എഴുതി പ്രസിദ്ധീ കരിച്ചുവെങ്കിലും എന്റെ രചനാതാല്പര്യം ചരിത്രത്തിലേയ്ക്ക് തിരിഞ്ഞതിന്റെ പിന്നിൽ മേനാച്ചേരി മാഷിന്റെ പരോക്ഷമായ സ്വാധീനമുണ്ട്. ക്രൈസ്തവമേഖലയിലുള്ള അദ്ദേഹത്തിന്റെ ചരിത്രപഠനവും പുരാ വസ്തുഗവേഷണവും ഭാരതക്രൈസ്തവസഭയുടെ മുഴുവൻ ശ്രദ്ധയും ആദ രവും നേടിയിട്ടുള്ളതാണ്. ഭാരത ക്രൈസ്തവസഭയുടെ ഈറ്റില്ലമായ പാല യൂർ പള്ളിയെപ്പറ്റി ഗവേഷണബുദ്ധ്യാ പഠിക്കാനും ചരിത്രഗ്രന്ഥവും ചരിത്ര ലേഖനങ്ങളും എഴുതുവാനും എനിക്ക് പ്രചോദനം നൽകിയത് മേനാച്ചേരി മാഷുമായുള്ള സമ്പർക്കവും സഹവാസവുമാണ്.


2000–ൽ തൃശൂർ ആർച്ച്ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴി പിതാവ് പാലയൂർ പള്ളിയെ അതിരൂപതാ തീർത്ഥകേന്ദ്രമായി പ്രഖ്യാപിക്കുകയും അതിരൂപതാടിസ്ഥാനത്തിൽ തീർത്ഥകേന്ദ്രകമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ഈ കമ്മിറ്റിയുടെ തുടക്കംമുതൽ മേനാച്ചേരി മാഷ് അംഗവും ഞാൻ അതിന്റെ സെക്രട്ടറിയുമാണ്. ഈ കമ്മിറ്റിയിൽ പ്രവർത്തിച്ചുതുടങ്ങിയതോടെയാണ് മാഷും ഞാനും തമ്മിലുള്ള സുഹൃദ്ബന്ധം ദൃഢമായത്. തീർത്ഥകേന്ദ്ര കമ്മിറ്റി രൂപീകരണത്തിനു മുമ്പുള്ള തീർത്ഥകേന്ദ്ര കമ്മീഷനിലും മാഷും ഞാനും അംഗങ്ങളായിരുന്നു.

2001–ൽ കാക്കനാട്ട് സെന്റ് തോമസ് മൗണ്ടിൽ മൂന്നു ദിവസത്തെ ചരിത്ര–പുരാവസ്തു സെമിനാർ നടക്കുകയുണ്ടായി. കേരളത്തിലെ എല്ലാ രൂപതകളിൽനിന്നുമുള്ള മെത്രാന്മാരും വൈദികരും കന്യാസ്ത്രികളും അല്മായരും അതിൽ പ്രതിനിധികളായി പങ്കെടുത്തിരുന്നു. തൃശൂരിൽനിന്ന് അതിൽ പങ്കെടുക്കാൻ നിയോഗിക്കപ്പെട്ട രണ്ടു അല്മായ പ്രതിനിധികൾ മേനാച്ചേരി മാഷും ഞാനുമായിരുന്നു. മൂന്നു ദിവസം ഞങ്ങൾ അവിടെ ഒന്നിച്ചു കഴിഞ്ഞുകൂടിയത് മറക്കാനാവാത്ത ഒരു അനുഭവമാണ്. മാഷും ഞാനും സെമിനാറിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയുണ്ടായി.

പാലയൂർ തീർത്ഥകേന്ദ്രത്തിന്റെ വികസനത്തിൽ മേനാച്ചേരി മാഷിന്റെ പങ്ക് ഏറെ വലുതാണ്. 2004–ൽ പാലയൂരിൽ സ്ഥാപിതമായ ഭാരത ക്രൈസ്തചരിത്ര മ്യൂസിയത്തിന്റെ മുഖ്യസൂത്രധാരൻ മേനാച്ചേരി മാഷാണ്. മാഷിന്റെ “Glimpses of Nazarani Herritage” എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിൽ ഒരു അദ്ധ്യായം പാലയൂർ പള്ളിയെപ്പറ്റിയാണ്. “പാലൂയർ പള്ളി” എന്ന എന്റെ പുസ്തകവും എന്റെ പേരും അതിൽ പലതവണ പരാമർശിക്കപ്പെട്ടിട്ടുള്ളത് എന്റെ എളിയ ചരിത്രപഠനങ്ങൾക്കുള്ള ഒരു അംഗീകരാമായിട്ടാണ് ഞാൻ കണക്കാക്കുന്നത്. പാലയൂരിനെ തന്റെ രണ്ടാമത്തെ ഇടവക എന്നാണ് മാഷ് വിശേഷിപ്പിക്കുക. അത്രമാത്രം ആത്മബന്ധമുള്ള പാലയൂരിൽവെച്ചു തന്നെ 2008 മാർച്ച് 9 ന് മഹാ തീർത്ഥാടനനാളിൽ ഷെവലിയർ പദവിയുടെ സ്ഥാനചിഹ്നം തൃശൂർ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിൽനിന്ന് സ്വീകരിക്കുവാൻ മാഷിനു ഭാഗ്യമുണ്ടായത് ദൈവനിയോഗമാകാം. സപ്തതി സ്മാരകമായി മാഷിന്റെ ശിഷ്യന്മാർ പാലയൂർ പള്ളിയിൽ സ്ഥാപിച്ചിട്ടുള്ള ‘പാലയൂർ പടിപ്പുര’യുടെ ആശീർവ്വാദകർമ്മം മാർ ജേക്കബ് തൂങ്കുഴി പിതാവ് 2008 മാർച്ച് 16 ന് നിർവ്വഹിക്കുകയുണ്ടായി.

സപ്തതി ആഘോഷിക്കുന്ന പ്രൊഫ. ജോർജ്ജ് മേനാച്ചേരിക്ക് എന്റെ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

■



ജോർജ്ജ് ഇമ്മട്ടി

# ഒല്ലൂരിലെ അത്ഭുതപ്രതിഭ

സപ്തതിയിലെത്തിയിട്ടും വിശ്രമമെന്തെന്നറിയാതെ ഒല്ലൂർ ഗ്രാമത്തിൽ ജീവിച്ചുകൊണ്ട് ഈ നാടിനും ഇന്ത്യയ്ക്കും ലോകത്തിനുതന്നെയും സമാന തകളില്ലാത്ത സാംസ്ക്കാരിക സംഭാവനകൾ സമർപ്പിച്ചുകൊണ്ടിരിക്കുന്ന അത്ഭുതപ്രതിഭയാണ് പ്രൊഫസർ ജോർജ്ജ് മേനാച്ചേരി.

അമ്പതോളം കൊല്ലം മുമ്പ് തൃശൂർ സെന്റ് തോമസ് കോളെജ് റോഡിലെ "ഈഫൽ ബുക്ക്സ്" എന്ന പുസ്തകക്കടയിൽ ചെന്ന് കയറിയപ്പോഴാണ് മേനാച്ചേരി മാഷെ ഞാൻ ആദ്യമായി കാണുന്നത്. അന്ന് ആ പുസ്തക പ്രസിദ്ധീകരണശാല നടത്തിവന്ന അദ്ദേഹം പ്രഗത്ഭനും സർവ്വസമ്മതനുമായ ഇംഗ്ലീഷ് പ്രൊഫസറായിരുന്നു, സെന്റ് തോമസ് കോളെജിൽ.

പിന്നീട് മേനാച്ചേരി മാഷ് പണ്ഡിതപ്രമുഖരെ പങ്കെടുപ്പിച്ചുകൊണ്ട് നട ത്തിവന്ന 'ലെ ലീഡർഷിപ്പ് ട്രെയിനിങ്' എന്ന പരിപാടിയിലേയ്ക്ക് എന്നെ ക്ഷണിച്ചു. ആ പരിശീലന കോഴ്സ് എന്റെ വ്യക്തിത്വവികസനത്തിന് ഏറെ ഉപകരിച്ചു. പിന്നീട് തൃശൂരിലെ പല പ്രമുഖ വിദ്യാലയങ്ങളിലും കുട്ടികൾക്ക് ക്ലാസെടുക്കാനും അദ്ദേഹം എനിക്ക് അവസരമുണ്ടാക്കിത്തരികയുണ്ടായി. പ്രശസ്ത ചിത്രകാരനായ ഫ്രാൻസീസ് കോടങ്കണ്ടത്തിന്റെ പിതാവ് പ്രൊഫ. കെ. പി. ആന്റണി മുതലായ മഹാവ്യക്തികളുമായി സൗഹൃദം സ്ഥാപിക്കാൻ മേനാച്ചേരി മാഷ് അന്ന് അവസരമുണ്ടാക്കിത്തന്നു.

ചരിത്ര–പുരാവസ്തു–ഗവേഷണ വിഷയങ്ങളിൽ വിദഗ്ധനായ മേനാച്ചേരി മാഷ് പിന്നീട് കേരള ഹിസ്റ്റോറിക്കൽ റിസർച്ച് സൊസൈറ്റി എന്നൊരു സംഘ ടന സ്ഥാപിച്ച് ഏറെക്കാലം പ്രമുഖരെ കൊണ്ടുവന്ന് സെമിനാറുകളും ചർച്ച കളും സംഘടിപ്പിച്ച് ചരിത്രവിഷയങ്ങളിൽ ഏറെപ്പേരെ പ്രബുദ്ധരാക്കി. പക്ഷെ, മറ്റുള്ളവരെ അതിന്റെ സാരഥ്യം ഏല്പിച്ച് മേനാച്ചേരി മാഷ് മാറിനി ന്നതോടെ അതിനെപ്പറ്റി ഒരറിവും ഇല്ലാതായി.


1996 ൽ മേരിവിജയം അവാർഡ് എനിക്ക് ലഭിച്ചപ്പോൾ ആശംസാപ്രസംഗ കനായി മേനാച്ചേരി മാഷ് എത്തിച്ചേർന്നു. പിന്നീട് 2003 ൽ "കേരളചരിത്രം

കുട്ടികൾക്ക്" എന്ന എന്റെ പുസ്തകത്തിന് നല്ലൊരു അവതാരിക എഴുതിത്തരാൻ പ്രൊഫ. മേനാച്ചേരി, തിരക്കിട്ട വിദേശയാത്രയ്ക്കിടയിൽ, സമയമുണ്ടാക്കി എന്നതും ഞാൻ നന്ദിയോടെ എന്നും ഓർക്കുന്നു.

രാത്രികളിൽ ഉറക്കം നഷ്ടപ്പെടാനിടയായാൽ ഞാൻ ഓർക്കുന്ന വ്യക്തികളിൽ ഒരാളാണ് മേനാച്ചേരി മാഷ്. ഉറക്കം കിട്ടുന്നില്ലല്ലോ എന്ന് ദു:ഖിച്ചു കിടക്കുന്ന അദ്ധ്വാനശീലനായ മേനാച്ചേരി മാഷ് പറഞ്ഞതോർത്തങ്ങ് ഞാനും എഴുന്നേറ്റിരുന്ന് എന്തെങ്കിലും എഴുതും. മാഷ് പകർന്നുതന്ന ആ ശീലം എഴുത്തുകാരനെന്ന നിലയിൽ എനിക്കുണ്ടായ വളർച്ചയുടെ ഒരു കാരണമാണ്.

ഇന്റർനെറ്റിൽ ഗൂഗിളിൽ പരതിയാൽ ഒല്ലൂർ ഡോട്ട് കോം എന്ന ഒരു വെബ് പേജ് കാണും. അതിൽ ഇംപോർട്ടന്റ് പേഴ്സനാലിറ്റീസ് എന്ന തലക്കെട്ടിനു താഴെ ഇരുപത്തൊമ്പതു പേരുകൾ കണ്ടെത്താം. അവരിൽ ഏഴു പേർ ഇന്നും ജീവിച്ചിരിപ്പുണ്ട്. അവലരിലൊരാളാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരി. ഈ സപ്തതി വേളയിൽ അദ്ദേഹത്തിന് ദൈവം ദീർഘായുസും ആരോഗ്യവും നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

■




സെന്റ് തോമസ് കോളേജ് ടവർ



പഴയ ആർക്കിയോളജി മ്യൂസിയം



കേരള സാഹിത്യ അക്കാദമി



ബേബി മൂക്കൻ

# കർമ്മാനുഷ്ഠാനം ജീവിതചര്യയാക്കിയ സാംസ്ക്കാരികനായകൻ

സഭാസംബന്ധമായ രംഗത്തു ഞാൻ പ്രവർത്തനങ്ങൾ ആരംഭിച്ച കാലത്ത് അതിന് ഒരു അടിത്തറയുണ്ടായത് തൃശൂർ രൂപതയിലെ അത്മായനേതൃത്വപരിശീലന കേന്ദ്രത്തിന്റെ ഒരാഴ്ച നീണ്ടുനിന്ന പരിശീലനക്യാമ്പാണ്. 1969–70 കാലത്ത് നടത്തറ മഡോണയിൽ നടന്ന ക്യാമ്പിനു നേതൃത്വം നൽകിയത് പ്രൊഫ. ജോർജ്ജ് മേനാച്ചേരി, പ്രൊഫ. പി.പി. പീറ്റർ, പ്രൊഫ. ജോസഫ് കോളെങ്ങാടൻ, ഷെവ. എൻ. എ. ഔസേഫ് തുടങ്ങിയവരായിരുന്നു. ക്യാമ്പിൽവെച്ച് പ്രൊഫ. മേനാച്ചേരി ക്രിസ്ത്യൻ എൻസൈക്ലോപീഡിയയെപ്പറ്റി പറഞ്ഞതിന്റെ അടിസ്ഥാനത്തിലും, നാട്ടുകാരനെന്ന നിലയിലും, ഞാനും ഒരു സുഹൃത്തുംകൂടി മരിയാപുരത്തുള്ള അദ്ദേഹത്തിന്റെ വസതിയിൽ പോയിരുന്നു. അവിടത്തെ ലൈബ്രറിയും എൻസൈക്ലോപീഡിയ പ്രവർത്തനപുരോഗതിയും എല്ലാം ഞങ്ങൾക്ക് നേരിട്ട് കാണാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ സഹോദരന്മാരായ റവ. ഡോ. ഇ. ജെ. തോമസ്, ഡോ. ഇ. ജെ. ജെയിംസ് എന്നിവരും പ്രവർത്തനങ്ങളിൽ സഹകരിച്ചിരുന്നു.

അന്നു മുതൽ മുപ്പതിലേറെ വർഷക്കാലം വിവിധ കാര്യങ്ങളിൽ പ്രൊഫ. മേനാച്ചേരിയുമായി ബന്ധപ്പെട്ട് അടുത്തു നിന്നു പ്രവർത്തിക്കാൻ എനിക്ക് അവസരമുണ്ടായി. തൃശൂരിൽ വിവിധ വീടുകൾ മാറി മാറി അദ്ദേഹം താമസിച്ചപ്പോഴെല്ലാം അവിടെയൊക്കെ അനുദിനമെന്നോണം ഞാൻ ബന്ധപ്പെട്ടിരുന്നു.

തൃശൂർ രൂപതയിൽ നടന്ന നവീകരണവർഷം (1978), വിശുദ്ധ വത്സരം (1983), മാർപാപ്പ സന്ദർശനം (1986), കലാസദൻ പ്രസിഡണ്ട് (1982 – 90), മാധ്യമ കമ്മീഷൻ ചെയർമാൻ (1990–98), ഒല്ലൂർ സെന്റ് ആന്റണീസ് ചർച്ച് സോവനീയറിന്റെ ചീഫ് എഡിറ്റർ (1998), ഒല്ലൂർ പഞ്ചായത്ത് വികസനരേഖ എഡിറ്റർ (1998) രൂപത മാധ്യമ കമ്മീഷൻ കൾച്ചറൽ എക്സിബിഷൻ കൺവീനർ, പൂരം എക്സിബിഷൻ (2000), സി. ബി. സി. ഐ. സമ്മേളനം (2004) തുടങ്ങിയ പ്രവർത്തനങ്ങളിലും തൃശൂർ സഹൃദയവേദി കമ്മിറ്റി, കേരള ഹിസ്റ്ററി

കോൺഗ്രസ്സ്, മേരിവിജയം സാഹിത്യസമിതി (1980 മുതൽ) തുടങ്ങിയ സംഘ ടനകളിലുമായി നിരവധി രംഗങ്ങളിൽ അദ്ദേഹത്തോട് വളരെ അടുത്തു നിന്നു പ്രവർത്തിക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്.

തൃശൂരിൽ വിശുദ്ധ വത്സരത്തോടനുബന്ധിച്ച് മുപ്പതോളം ചരിത്ര ടാബ്ലോ കളും ആനകളും മറ്റും അണിനിരന്ന സാംസ്ക്കാരിക ഘോഷയാത്രയും റാലിയും മേനാച്ചേരി സാറിന്റെ മുഖ്യനേതൃത്വത്തിലായിരുന്നു. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ സന്ദർശനത്തോടനുബന്ധിച്ച്, അദ്ദേഹത്തിന്റെ നേതൃ ത്വത്തിൽ പ്രസിദ്ധീകരിച്ച സോവനീർ അഖിലേന്ത്യാതലത്തിൽ മികവുറ്റ ഗ്രന്ഥ മായിരുന്നു. കലാസദൻ പ്രസിഡണ്ടെന്ന നിലയിൽ അദ്ദേഹം സംഘടിപ്പിച്ച ചിത്ര-ശില്പ പരിശീലനകളരികളും പ്രദർശനങ്ങളും മറ്റു പ്രവർത്തനങ്ങളും അതീവശ്രദ്ധേയമായിരുന്നു. മാധ്യമ കമ്മീഷൻ ചെയർമാനെന്ന നിലയിൽ തൃശൂർ രൂപതയിലെ എട്ടു വർഷത്തെ പ്രവർത്തനങ്ങൾവഴി ആ രംഗത്ത് അദ്ദേഹം ചെയ്ത കാര്യങ്ങൾ നിരവധിയാണ്.

തൃശൂർ സഹൃദയവേദി, കേരള ഹിസ്റ്ററി കോൺഗ്രസ്സ്, മേരിവിജയം സാഹി ത്യസമിതി തുടങ്ങിയ പ്രസ്ഥാനങ്ങളിൽ കമ്മിറ്റിയംഗമെന്ന നിലയിൽ അദ്ദേ ഹത്തിന്റെ പ്രവർത്തനങ്ങൾ ആ പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് ഏറെ സഹാ യിച്ചിട്ടുണ്ട്.

“നിരന്തരമായ കർമ്മാനുഷ്ഠാനം – അതായിരിക്കണം ജീവിതം” എന്ന മുദ്രാവാക്യം മുറുകെ പിടിച്ചുകൊണ്ട് അഞ്ചു പതിറ്റാണ്ടിലധികമായി ചരിത്ര –സാംസ്ക്കാരിക രംഗത്ത് നിരന്തരമായ പ്രവർത്തനം കാഴ്ചവെച്ചുകൊണ്ടി രിക്കുന്ന ഷെവ. പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ, ഇനിയും നേടിയെടു ക്കാനുള്ള, ലക്ഷ്യങ്ങൾ താമസിയാതെ നിറവേറട്ടെയെന്ന് ഈ സപ്തതിവേ ളയിൽ ആത്മാർത്ഥമായി ആശംസിക്കുന്നു.

■

ഏ.വി. ഡൊമിനിക്.

# മേനാച്ചേരി : ഒല്ലൂരിന്റെ അഭിമാനം

മേനാച്ചേരിയെന്ന തറവാട്ടുപേരും എരിഞ്ഞേരിയെന്ന വിളിപ്പേരുമുള്ള കുടുംബങ്ങൾ ചേർപ്പ്, തൃശൂർ, ഒല്ലൂർ, ചിയ്യാരം, കാട്ടൂർ എന്നിവിടങ്ങളിൽ ഉണ്ട്. പൂർവ്വികർ കാട്ടൂരിൽനിന്ന് ഒല്ലൂർ വന്നു വികസിച്ച്, ഞാറയ്ക്കലി ലേയ്ക്കും പറൂർ മുതലായ കേരളത്തിലെ എല്ലാ കേന്ദ്രങ്ങളിലേക്കും, ഇന്ത്യ യൊട്ടുക്കും, ലോകമൊട്ടുക്കും മേനാച്ചേരി കുടുംബങ്ങൾ വികസിച്ചിട്ടുണ്ട്.

ജോർജ്ജ് മാഷുടെ ഒരു സുഹൃത്തും ഒരു നാട്ടുകാരനും ബന്ധുവുമാണ് ഈ ലേഖകൻ. എന്റെ **മദർ തെരെസ**യെന്ന പുസ്തകത്തിന് അദ്ദേഹം ഒരാ സ്വാദനം എഴുതിത്തന്നിരുന്നു. അത് എഴുതിയ കാലഘട്ടത്തിൽത്തന്നെ പുറ ത്തിറക്കാൻ കഴിഞ്ഞിരുന്നെങ്കിൽ മദറിനെകുറിച്ചും മദറിന്റെ വിയോഗത്തെ കുറിച്ചും ആദ്യത്തെ പുസ്തകം ഇതാകുമായിരുന്നുവെന്ന് ജോർജ്ജ് മേനാ ച്ചേരി പ്രസ്ഥാവിച്ചിട്ടുണ്ട്.

ജോർജ്ജ് മാഷുടെ വിദ്യാഭ്യാസം കാട്ടൂരിലെ അമ്മവീട്ടിലായിരുന്നു. തുടർന്ന് തൃശ്ശിനാപ്പിള്ളിയിലായിരുന്നു നാലു കൊല്ലത്തെ പഠനം. പിന്നെ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളെജിൽനിന്ന് മാസ്റ്റേഴ്സ് ബിരുദം നേടി 1960 – ൽ സെന്റ് തോമസിൽ ജോലിക്ക് ചേർന്നു. സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് മേനാച്ചേരിയായിരു ന്നു. നാലു വോളിയമാണ് ഉദ്ദേശിച്ചിരുന്നത്. പിന്നീട് അത് രണ്ട് വോളിയമാ യിട്ട് പ്രൗഢമായിത്തന്നെ പ്രസിദ്ധീകരിച്ചു.

വിവിധ രാജ്യങ്ങളിലെയും റീത്തുകളിലെയും പുരാതനവും നവീനവു മായ ശില്പശാസ്ത്രം നമ്മുടെ പല സെമിനാരികളിൽ അനേകവർഷങ്ങളായി പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. അതിൽ ഒന്നാംകിട ദൈവാലയശില്പശാസ്ത്ര ജ്ഞനാണ് മേനാച്ചേരി മാഷ്. കൂടുതൽ കാമ്പും കനവുമുള്ള ഗ്രന്ഥങ്ങൾ എഴുതുന്നതിൽ മുഴുകിയിരിക്കുന്ന ഒരാളാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേ രി. രണ്ടു വോളിയംകൂടി ഇറക്കുവാൻ സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈ ക്ലോപീഡിയക്ക് ഭാഗ്യം ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു.

ഒല്ലൂർ പള്ളിയിലെ കലാവസ്തുക്കൾ ജനശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നതിൽ പ്രൊഫ. ജോർജ്ജ് മേനാച്ചേരി അതുല്യമായ പങ്കു വഹിച്ചിട്ടുണ്ട്. ജോർജ്ജ് മേനാച്ചേരിയുടെ ഇടവകയായ ഒല്ലൂർ പള്ളിയിൽ നൂറിലേറെ വർഷങ്ങൾക്ക് മുമ്പ് 125 അടി ഉയരത്തിൽ നിർമ്മിച്ച ഏഴു നില മണിമാളികയുടെ മുകളിൽനിന്നും നോക്കിയാൽ 10 കിലോമീറ്റർ ദൂരത്തിനകത്തുള്ള തൃശൂർ ലൂർദ്ദ് പള്ളി, പുത്തൻ പള്ളി, കളക്ടറേറ്റ്, അയ്യൻകുന്ന്, തലോർ, മരത്താക്കര, കണിമംഗലം മുതലായ പ്രദേശങ്ങൾ കാണാം.

1884 ൽ ഫ്രാൻസിലെ മാർസൈൽ എന്ന സ്ഥലത്ത് നിർമ്മിച്ച മൂന്ന് കൂറ്റൻ ഓട്ടുമണികൾ ആണ് ഈ മണിമാളികയിൽ സ്ഥാപിച്ചിട്ടുള്ളത്. ഈ ഓട്ടുമണികളിൽ വി. അന്തോണീസിന്റെയും, വി. റാഫേലിന്റെയും, വി. തോബിയാസിന്റെയും, ജീസസ്സ്, മേരി, ജോസഫ് എന്നിവരുടെയും ചിത്രങ്ങൾ ആലേഖനംചെയ്തിട്ടുണ്ട്. ഒല്ലൂർ പള്ളി വക എന്ന് മലയാളത്തിലും സുറിയാനിയിലും ഈ ഓട്ടുമണികളിൽ എഴുതിയിട്ടുണ്ട്.

സ്വർണ്ണം, വെള്ളി, ഓട്, ചെമ്പ് ഇവയിലുള്ള കലാവസ്തുക്കൾ പഴയ പള്ളികളിൽ സുലഭമാണ്. ചുങ്കം പള്ളിയിലെ സ്വർണ്ണമെഴുകുതിരിക്കാലുകൾ തൃശൂർ മ്യൂസിയത്തിലെ സ്വർണ്ണ കുരിശും, മാലയും, നിരണം പള്ളിയിലെ വെള്ളിരൂപക്കൂട്, ആർത്താറ്റ് – അകപ്പറമ്പ് പള്ളിയിലെ ഓട് ദീപവൃക്ഷങ്ങൾ, ചാത്തന്നൂർ, രാമപുരം, ചെങ്ങന്നൂർ, കാഞ്ഞൂർ, കൊട്ടേക്കാട് എന്നിവിടങ്ങളിലെ വിവിധതരം ഓട്ടുവിളക്കുകൾ ഇവ പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. അവയോടൊക്കെ കിടപിടിക്കുന്ന അത്ഭുതകരങ്ങളായ ലോഹസൃഷ്ടികൾ ഒല്ലൂരിലെ തട്ടാന്മാരും മൂശാരികളും പള്ളിയിൽ കാഴ്ചവെച്ചിട്ടുണ്ട്.

വിശാലമായ പള്ളിയിലെ ഓരോ ഇഞ്ചു സ്ഥലവും കലാവസ്തുക്കളാൽ സമ്പുഷ്ടമാക്കിയിട്ടുണ്ട്. പഴയ നിയമത്തിലെ ആദ്യപാപവും, ബലികളും, ദാവീദും, ഗോലിയാത്തും, സാംസനും തൂണും, നോഹയും മോശയും പുതിയ നിയമത്തിലെ യേശുവിന്റെ ജീവിതത്തിലെ പതിനഞ്ചു രഹസ്യങ്ങൾ തുടങ്ങിയ രംഗങ്ങളും, സ്വർഗ്ഗവും, നരകവും അവസാന ന്യായവിധിയും എല്ലാംതന്നെ പേപ്പാട്, പിറവം, പഴഞ്ഞി, അകപ്പറമ്പ്, ചാത്തന്നൂർ, അങ്കമാലി, പാലേ്യക്കര, മലയാറ്റൂർ, കാഞ്ഞുർ എന്നീ പ്രദേശങ്ങളിലെ യാക്കോബായ, ഓർത്തഡോക്സ്, കത്തോലിക്കാ ദേവാലയങ്ങളിൽ ഇരുന്നൂറു മുതൽ എണ്ണൂറു വർഷത്തെ പഴക്കമുള്ള ചുമർചിത്രങ്ങളും വിരചിതമായിട്ടുണ്ട്. ഇവയെല്ലാം ഒല്ലൂർ പള്ളിയിലും കപ്പേളയിലും കാണാം.

പ്രസംഗമണ്ഡപങ്ങളാണ് പുഷ്പങ്ങൾ. സിംഹം, ആന – ഇവയുടെ വായിൽനിന്ന് പുറപ്പെടുന്ന രീതിയിലാണ് പലപ്പോഴും പുഷ്പങ്ങൾ നിർമ്മിച്ചിട്ടുള്ളത്. ഒഴുക്കൽ രീതിയിലും ചില പഴയ പള്ളികളിൽ പ്രസംഗപീഠങ്ങൾ ഉണ്ട്. വിവിധതരം പുഷ്പങ്ങൾക്ക് ഒല്ലൂർ, കാഞ്ഞൂർ, തൃശൂർ, ചുങ്കംപാല – ഇവിടങ്ങളിൽ ഉദാഹരണങ്ങളുണ്ട്.

ഒല്ലൂർ പള്ളിയിലെ കലാസമ്പത്തിനെക്കുറിച്ച് സ്വയം മനസ്സിലാക്കുകയും


മറ്റുള്ളവർക്ക് ആ സമ്പത്ത് പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്യാനുള്ള ഭാരിച്ച ചുമതല ഇടവകക്കാരായ യുവാക്കളുടെയും വിദ്യാർത്ഥികളുടെയും ചുമലിലാണെന്ന് നാം എപ്പോഴും ഓർക്കേണ്ടിയിരിക്കുന്നു. ഇക്കാര്യങ്ങളിലെല്ലാം പ്രൊഫ. മേനാച്ചേരിയുടെ മാതൃക അവർക്കു വഴികാട്ടിയായിരിയ്ക്കും.



*പഴയ ആർക്കിയോളജി മ്യൂസിയം*



*കൽക്കട്ട നാഷണൽ ലൈബ്രറി*



*ബോഡിലിയൻ ലൈബ്രറി, ഓക്സ്ഫോർഡ്*



*ബ്രിട്ടീഷ് മ്യൂസിയം ലൈബ്രറി*



*ചിക്കാഗോ യൂണിവേഴ്സിറ്റി ലൈബ്രറിയിൽ നിന്ന്*



*എഗ്മോർ നാഷ്ണൽ ലൈബ്രറി*

# സെന്റ് തോമസ് ക്രൈസ്തവരും സന്ദേഹവാദികളും – ഒരു വിശകലനം

ഫാ. മുണ്ടശ്ശേരി

കേരള ക്രൈസ്തവരുടെ അപ്പസ്തോലിക പാരമ്പര്യത്തെ, പാശ്ചാത്യസഭയിലെ ചില നേതാക്കളിൽ നിന്നു പുറത്തുവരുന്ന പ്രസ്താവനകളിൽ നിന്നു അതു വേണ്ടവിധം കണ്ടെത്താത്ത ഒരു പ്രഹേളികയായി, എന്നാൽ കാലഘട്ടത്തിന്റെ ആവശ്യമായി ഏറ്റെടുക്കേണ്ടിവരുന്ന തലച്ചുമടായി, കരുതപ്പെടുന്നുണ്ടോ എന്നു സംശയിക്കുന്നു. പാശ്ചാത്യചരിത്രകാരന്മാർക്ക് തുറക്കാതെ കിടക്കുന്ന കവാടങ്ങളും കണ്ണിൽ പെടാതെ പോകുന്ന നിരവധി അടയാളങ്ങളും ദക്ഷിണേന്ത്യയുടെ മണ്ണിലും മടിയിലും മൂടിക്കിടപ്പുണ്ടെന്ന വസ്തുത ഇനിയും തുറന്നു കാണിക്കേണ്ടതുണ്ടോ? ഒരു പക്ഷേ കേരള സഭാസമൂഹത്തിന്റെ ഇടമുറിയാത്ത വിശ്വാസപാരമ്പര്യത്തിന്റെ കലവറ തുറന്നു കാണിച്ചാലും അതൊക്കെ ചരിത്രത്തിന്റെ തിളക്കമുള്ള കണ്ണികളായി കാണാതെ, അവയെ വെറും അസംസ്കൃതവിഭവങ്ങളായി മാത്രം കണക്കുകൂട്ടുന്ന ഏതാനും വികടവാദികകളും ഉണ്ടാകാം. അവർക്കൊരു മറുപടിയാണ്, കാമ്പുള്ള മറുപടിയാണ് പ്രൊഫ. മേനാച്ചേരിയുടെ കൃതികൾ.

എന്നാലും കേരളക്കരയിൽ സെന്റ് തോമസ് അപ്പസ്തോലന്റെ പ്രയത്നഫലമായി ഇന്നോളം നിലനിന്നു പോന്നിട്ടുള്ള വിശ്വാസക്കരുത്തിന്റെ അവിതർക്കമായ തുടലുകളെ തകർക്കാൻ ഒരു സന്ദേഹവാദിക്കും കരുത്തു പോരാ.

ലോഡ് മെക്കാളെ ഒരിക്കൽ പറയുകയുണ്ടായി. ചരിത്രം എന്നൊന്നില്ല – ജീവചരിത്രങ്ങളേയുള്ളു എന്ന് (There is no history as such, only life histories). മനുഷ്യൻ രൂപപ്പെടുംമുമ്പ് ഭൂമിയും സൂര്യചന്ദ്രാദികളും ഉണ്ടായിരുന്നു. പക്ഷേ മനുഷ്യൻ ചിന്തിക്കാനും പറയാനും തുടുങ്ങിയശേഷം മാത്രമേ 'ചരിത്രം' ഉണ്ടായയുള്ളു. സൂര്യചന്ദ്രാദികളെ സംബന്ധിച്ചു മനുഷ്യൻ അറിഞ്ഞു, പറഞ്ഞു, ചിന്തിച്ചു, അതിനെ പറ്റി ഏതാനും പേർ എഴുതി. എഴുതിയില്ലായിരുന്നെങ്കിൽ ചിലരുടെ ദൃഷ്ടിയിൽ ചരിത്രമേ ഉണ്ടാകുമായിരുന്നില്ല. അതു ശരിയല്ല.

കുത്തബ്മൈനറും ചെങ്കോട്ടയും ടാജ് മഹലും കണ്ടശേഷം അവയുടെ

നിർമ്മാണത്തിന് കാരണക്കാരായവരെപ്പറ്റി കേട്ടറിഞ്ഞാലും ചരിത്രമാകും. അതിനർത്ഥം ചരിത്രം എഴുതുന്നതിനപ്പുറം മനുഷ്യൻ രചിക്കുന്നതാണ്. ജീവിതാനുസാരിയായ സംഭവങ്ങളെ കോർത്തിണക്കുന്നതു ചരിത്രത്തിന്റെ ഘടനയ്ക്കു ആവശ്യമായിരിക്കാം. എന്നുവെച്ച് കുത്തബ് മൈനറിനെയും മറ്റും പറ്റി ആരും പ്രതിപാദിച്ചില്ലെന്നു കരുതുക. അവ ചരിത്രത്തിന്റെ ഭാഗമല്ലെന്നു വരുമോ? അവയുടെ നിർമ്മാണത്തിന് കാരണമായവരുടെ കാലഘട്ടവും വംശാവലിയും മറ്റും പ്രതിപാദിക്കുന്നത് ചരിത്രത്തിന്റെ പൂർണ്ണതയ്ക്ക് ഉപകരിക്കും, അത്രേയുള്ളു. വ്യക്തമായിപ്പറഞ്ഞാൽ, ചരിത്രപുരുഷന്മാരുടെ നാൾവഴി ചരിത്രഗവേഷകർ അന്വേഷിക്കേണ്ടത് പിറകോട്ടാണ്, മുന്നോട്ടല്ല. അവരുടെ ജീവിതസ്പർശിയായ സംഭവങ്ങളും വസ്തുക്കളും ചമയങ്ങളും ആദ്യം കണ്ടെത്തണം. നൂറ്റാണ്ടുകൾക്കുമുമ്പ് മൺമറഞ്ഞുപോയ വീരപുരുഷന്മാരുടെ ഓടിത്തീർത്ത പാദമുദ്രകൾ – താളിയോലകൾ, പഴഞ്ചൊല്ലുകൾ, ശിലാഫലകങ്ങൾ, നാണയങ്ങൾ, കരിങ്കൽതൂണുകൾ, ആലയങ്ങൾ, ഗ്രന്ഥ–പത്ര–മാസികകൾ, പാട്ടുകൾ എല്ലാം നിരീക്ഷിക്കുകയും കഥാവശേഷമായവയെ കൂട്ടിച്ചേർക്കുകയും ചെയ്യേണ്ടിവരും, എന്നാലേ അത് ചരിത്രമാകു. ഉദാ: ക്രിസ്തു ചരിതത്തിന് മുമ്പ് ക്രിസ്തുസംഭവം നടന്നിരിക്കണം. ഒഴിഞ്ഞ കല്ലറയും മൺമറഞ്ഞ കുരിശും ക്രിസ്തുനാഥനെപ്രതി ചോര ചിന്തിയ രക്തസാക്ഷികളും – അങ്ങനെ തുടങ്ങി പിറകോട്ടു പോകണം. അതുപോലെ, തോമാശ്ലീഹായുടെ ചരിത്രം മൈലാപ്പൂരിലെ കല്ലറ മുതൽ കേരളത്തിലെ ഏഴര പള്ളികളിൽകൂടി എദേസ വരെ കടന്നു ചെല്ലണം.

ഇന്ത്യാചരിത്രം പഠിച്ചവർക്കു അറിയാം, അയൽരാജ്യങ്ങളിൽ നിന്നു കടന്നുവന്ന രാജാക്കന്മാരും വിദൂരദേശത്തുനിന്നു വന്നുകയറിയ വ്യാപാരികളും വംശങ്ങളും അവരോടു ചെറുത്തുനിന്ന നാട്ടുകാരും തമ്മിലുണ്ടായ സംഘർഷങ്ങളും യുദ്ധങ്ങളും – അതൊക്കെയാണ് ഇന്ത്യയുടെ ചരിത്രമെന്ന്. ജയിച്ചവർ നാടു വാണിരുന്നു. നാടു വാണവർ ചെയ്ത പരാക്രമങ്ങളെ സ്തുതിച്ചെഴുതിയ കഥയാണ് നമ്മുടെ 'ചരിത്രം.' അവർക്ക് പലതും കണ്ണിൽ പെട്ടില്ല. അങ്ങനെ 'Man makes History' എന്ന ചൊല്ല് അന്വർത്ഥമാകുന്നു.

ക്രിസ്തുശിഷ്യനായ തോമാശ്ലീഹായുടെ കേരളത്തിലെ പ്രേഷിതപ്രവർത്തനത്തെ സംബന്ധിച്ചുള്ള വസ്തുനിഷ്ഠമായ പഠനത്തിന്റെ അഭാവമാണ് ആഗോളസഭയിൽ ചിലർക്കു സന്ദേഹത്തിനു കാരണമെന്ന് തോന്നുന്നില്ല. അഭിജ്ഞകേരളത്തിന്റെ അനുവാചകരിൽ അത്രയൊന്നും ആഴത്തിൽ അന്വേഷിച്ചറിയാൻ ഇറങ്ങിപ്പുറപ്പെടാത്തവർക്ക്, ചിന്നിച്ചിതറിക്കിടക്കുന്ന വസ്തുതകളെ സമാഹരിച്ചുദ്ഗ്രഥിക്കാൻ – അവ ഗ്രഹിക്കാൻ ബുദ്ധിമുട്ടുണ്ട്. വസ്തുതകളെ സമീപിക്കുന്നതിലും വിവേചിക്കുന്നതിലും വേർതിരിവുണ്ടാകാം. ഇഷ്ടപ്പെടുന്നവയെ ഉയർത്തിക്കാട്ടാനും ഇഷ്ടപ്പെടാത്തവയെ താഴ്ത്തിക്കെട്ടാനുമുള്ള പ്രവണത ചരിത്രകാരന്മാർക്കിടയിൽ കാണാം. ഈ സാഹചര്യത്തിലാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ പ്രവർത്തനങ്ങൾക്കും കൃതികൾക്കും പ്രസക്തിയേറുന്നത്.

**ചിലർ പൊക്കിപ്പിടിക്കുന്ന സംശയങ്ങൾ**

1. കേരള ക്രൈസ്തവസഭാപൈതൃകം – പാലയൂർ പ്രാരംഭം കുറിക്കുന്നത്, തോമാശ്ലീഹ ഏതാനും ബ്രാഹ്മണകുടുംബങ്ങളെ ക്രൈസ്തവമതത്തിൽ ചേർത്തുകൊണ്ടാണ് എന്ന പരമ്പരാഗതമായ വിശ്വാസത്തെ ചിലർ സംശയിക്കുന്നു. കാരണം പറയാൻ അവർക്കുള്ള ന്യായം – ചില വിദേശസഞ്ചാരികളുടെ ഒറ്റപ്പെട്ട വിവരണമാണ് (വില്യം ലോഗൻ). എന്നാൽ ആര്യന്മാരുടെ കേരളപ്രവേശനചരിത്രം ബഹുഭൂരിപക്ഷം ചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുള്ളത്, ആര്യന്മാർ കടന്നുവന്നിട്ടുള്ളത് ഒരു ഗണമായിട്ടല്ല, – ചെറുഗണങ്ങളായി, പലപ്പോഴായിട്ടായിരുന്നു. ക്രിസ്തുവർഷാരംഭത്തിന് രണ്ടു നൂറ്റാണ്ടുകൾക്കു മുമ്പ് ആര്യന്മാർ കേരളത്തിൽ കുടിയേറിപ്പാർത്തു വന്നിരുന്നതായി പത്മനാഭമേനോൻ, ശ്രീധരമേനോൻ, ഡി.എസ്. ശർമ്മ എന്നീ തദ്ദേശീയ ചരിത്രകാരന്മാർ ഏക കണ്ഠമായി രേഖപ്പെടുത്തിയിട്ടുണ്ട്. പരശുരാമന്റെ നേതൃത്വത്തിലായിരുന്നു ആദ്യസമൂഹം കടന്നുവന്നത്.

2. ഏ . ഡി. ഒന്നാം നൂറ്റാണ്ടിൽ തോമാശ്ലീഹായുടെ കേരളപ്രവേശനത്തിനു സാദ്ധ്യത കാണാത്ത മറ്റൊരു കൂട്ടർക്കു പറയാനുള്ളത്, ജറുസലെം മുതൽ കേരളംവരെ സഞ്ചരിക്കാൻ അഭ്യസ്തവിദ്യനല്ലാത്ത തോമാശ്ലീഹായ്ക്ക് ആ കാലഘട്ടത്തിൽ എങ്ങനെ കഴിഞ്ഞു എന്നാണ്.

ബി . സി. മൂന്നാം നൂറ്റാണ്ടു തുടങ്ങി യവന (ഗ്രീക്ക്) രും പേർഷ്യക്കാരും റോമക്കാരും കേരളത്തിൽനിന്ന് കുരുമുളകും ഇഞ്ചിയും കറുവാപട്ടയും തേക്കും ചന്ദനവും മഞ്ഞളും മയിലുകളും ആനക്കൊമ്പും വാങ്ങിക്കൊണ്ടു പോയിരുന്നതായ ചരിത്രമുണ്ട്. എ.ഡി. ഒന്നാം നൂറ്റാണ്ടിൽ ഇറാനും ഈജിപ്തും റോമക്കാരുടെ അധീനതയിലായി. അക്കാലത്ത് നിരവധി കപ്പലുകൾ അലക്സാൻട്രിയയിൽനിന്ന് മുസ്സീരിസ് (കൊടുങ്ങല്ലൂർ) തുറമുഖത്തുവന്നിരുന്നതായി പെരിപ്ലസ്, പ്ലീനി എന്നീ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

തോമശ്ലീഹ മറ്റു പലയിടങ്ങളിലും സുവിശേഷം അറിയിച്ചതിന് സാദ്ധ്യതകളും അഭിപ്രായങ്ങളുമുണ്ടെങ്കിലും ലോകത്തിൽ മറ്റൊരിടത്തും കേരളത്തിലല്ലാതെ – തോമാക്രിസ്ത്യാനികളായി അറിയപ്പെടുന്നവരോ തോമാശ്ലീഹായെ തങ്ങളുടെ അപ്പസ്തോലനായി, പിതാവായി ഏറ്റു പറയുന്നവരോ ഉള്ളതായി ആർക്കും അറിവില്ല.

വിദൂര പൂർവ്വദേശത്ത് ഒന്നാം നൂറ്റാണ്ടിൽ, തങ്ങൾ വിശ്വാസമാർഗ്ഗം ഏറ്റു വാങ്ങുംമുമ്പ്, ക്രൈസ്തവ സഭ പടർന്നു പന്തലിക്കാൻ തുടങ്ങി എന്ന വസ്തുത പശ്ചാത്യലോകത്തിന് ഉൾക്കൊള്ളാൻ വിമ്മിഷ്ടം കാണും. ചിതലരിക്കാത്ത രേഖാ ചരിത്രങ്ങളിലൂടെയും ഇടമുറിയാത്ത പൈതൃക പാരമ്പര്യങ്ങളിലൂടെയും എത്ര സമർത്ഥിച്ചാലും അവരിൽനിന്ന് പിന്നേയും തികട്ടി വരുന്ന സന്ദേഹ ശബ്ദങ്ങൾ ഇനിയും ഇടയ്ക്കിടെ ഉണ്ടായെന്നുവരാം.

ചിരപ്പുരാതനതമായി കാണപ്പെടുന്ന ദേവാലയ അവശിഷ്ടങ്ങളും അവ

യുടെ സ്ഥാനത്ത് പുതിക്കി പ്രതിഷ്ഠിച്ച പള്ളികളും രാജ തീട്ടൂരങ്ങളും മറ്റു രേഖകളും ആദ്യ ക്രൈസ്തവർ സവർണ്ണരായിരുന്നു എന്നതിന് അവർക്കു അനുവദിച്ചു കിട്ടിയിരുന്ന അവകാശാധികാരങ്ങളും നൂറ്റാണ്ടുകളിലൂടെ പാടി ത്തഴമ്പിച്ച വാമൊഴിശീലുകളും എല്ലാം പുരാതന കേരള ക്രൈസ്തവരുടെ ഇന്നും തുടർന്നു പോരുന്ന കൈവശസമ്പത്താണ്.

മാല്യങ്കരയും കൊടുങ്ങല്ലൂരും പാലയൂരും തോമാചരിതത്തിന്റെ നേർവ ഴിയിൽ മൂടിപ്പോകാത്ത നാഴികക്കല്ലുകളാണ്. സവർണ്ണ ഹൈന്ദവ കുടുംബ ക്കാർ വിട്ടൊഴിഞ്ഞു പോകുമ്പോൾ ആദി ക്രൈസ്തവർ ക്ഷേത്രാവശിഷ്ട ങ്ങളും കുളവും പിന്നീടു അവിടെ പണിതുയർത്തിയ പള്ളിയും അതിനൊക്കെ സാക്ഷ്യം വഹിക്കാൻ ശക്തമായ തെളിവു നൽകുന്ന വെമ്മേനാടും ശാപ ക്കാടും യൂദക്കുന്നും മറ്റു രേഖകളും മാച്ചാലും മായാത്ത ശിലാ ലിഖിതങ്ങളും എന്തൊക്കെവേണം ഇനി ചരിത്രത്തിന്? പാലയൂരുനിന്ന് തീരദേശങ്ങളിലൂടെ കടന്ന് തൃശൂരിന് കിഴക്കും പടിഞ്ഞാറും തെക്കും വടക്കും സ്ഥിരതാമസമാ ക്കിയ ഏറെ വലിയ ഒരു ജനാവലി – അവരുടെ തലമുറകളിലൂടെ കൈമാറി പ്പോന്ന പാരമ്പര്യങ്ങൾക്കു നേരെ 'കൊണിച്ചം' പറഞ്ഞാൽ ഇന്നത്തെ തല മുറ ശബ്ദിക്കാതിരിക്കില്ല.

പഴമക്കാർ നെഞ്ചിലേറ്റി, മനപ്പാഠമാക്കി കൊണ്ടുനടന്ന മാർഗ്ഗം കളിപ്പാ ട്ടു, റമ്പാൻ പാട്ടു (തോമാപർവ്വം) കേട്ടു ശീലിക്കാത്തവർ ഉണ്ടാകുക പ്രയാ സമായിരിക്കും. പാണൻ പാട്ടും വീരടിയാൻ പാട്ടും കേട്ടു താളം പിടിക്കാൻ, പഴയ നാലുകെട്ടിനു പുറത്തു ചടഞ്ഞിരുന്ന് മുറുക്കാൻ മുറുക്കുന്ന പഴയ തലമുറയിലെ കാരണവന്മാർ വേണ്ടിവരും.

**ഉപസംഹാരം**

പ്രൊ. ജോർജ്ജ് മേനാച്ചേരി കേരള സഭയിൽ ഇന്ന് ജീവിച്ചിരിക്കുന്ന ചരിത്ര ഗവേഷകരിൽ അഗ്രഗണ്യനും നിരവധി ഗ്രന്ഥങ്ങളുടെ കർത്താവുമാ ണ്. അദ്ദേഹത്തിന്റെ ചരിത്രഗന്ഥങ്ങളുടെ പിതൃത്വം സ്വന്തമാക്കിയ ചിന്താ സന്താനങ്ങൾ താഴെ പേരുചൊല്ലി വിളിക്കാം.


1. സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ ഓഫ് ഇന്ത്യ
2. ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്സ്
3. ദി നസ്രാണീസ്
4. തോമാപീഡിയ

ഈ ചിന്താ സന്താനങ്ങൾ എല്ലാം തന്നെ അദ്ദേഹത്തിന്റെ വിജ്ഞാന ത്തിന്റെ വിദ്യുത്തരംഗങ്ങൾ പ്രസരിപ്പിക്കുന്നവയുമാണ്.

ഇനിയും അദ്ദേഹത്തിന്റെ സാഹിത്യപരിശ്രമങ്ങൾക്കും ധീഷണ–ഗവേ ഷണപാടവത്തിനും വിശ്രമം അനുവദിച്ചിട്ടില്ല.

കേരള ക്രൈസ്തവരും ആഗോള സഭയും ഒരേ ക്രിസ്തുവിന്റെ വിശ്വാസ

ജലാശയത്തിൽ ഒന്നിച്ച് വിശുദ്ധീകരണം തേടുന്ന ഒറ്റ സമൂഹമാണെന്നും അവിടെ മുമ്പിനാലെ 'കുളിച്ചു കയറുന്നവരെ' അവമതിക്കുന്ന അപസ്വരങ്ങൾ ഇല്ലാതാക്കാൻ, ആദിമ സഭാമക്കളെ വിശുദ്ധിയുടെ ശുഭ്രവസ്ത്രം അണിയിക്കാൻ, മേലുള്ളവരെ പ്രാപ്തരാക്കുന്നതിന് പ്രൊഫ. മേനാച്ചേരിക്ക് പക്വത യാർന്ന അദ്ദേഹത്തിന്റെ പൗരുഷ വ്യക്തിത്വം പ്രയോജനപ്പെടുത്താൻ സർവ്വശക്തൻ അനുവദിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.



എഗ്മൂർ മ്യൂസിയം



ഫോർഡം യൂണി. ലൈബ്രറി




രാജകീയ ലൈബ്രറി,
ദ ഹേഗ്



തൃശൂർ
സെന്തോമസ് കോളേജ്



ഹേഗ് ലൈബ്രറി
അറ്റ്ലസ്



ലൈബ്രറി ഓഫ് കോൺഗ്രസ്സ്



നേപ്പിയർ മ്യൂസിയം



ന്യൂയോർക്ക് പബ്ലിക്ക് ലൈബ്രറി



Dr. Paul Pulikkan

# The Mission of Church Historian

Church history is often regarded as an unrewarding and tiresome subject, studied because of the academic compulsions and by certain experts. For the real scholars in theology and other allied subjects, the learning of church history or better *church in history* is of paramount importance. It is in this respect the contribution of Prof. George Menachery assumes great importance in the historicization of Indian and Kerala Church.

**Historical method**

As popularly understood, History is not a blind memorizing of some facts and figures that happened in the past. What interests us is not so much "the accumulated past of the church". We try to focus on the mutual interaction of both history upon the church and the church upon the history. In theological sense, history is the arena of God's providential intervention in this world. It is not a haphazard, artificial, mechanistic working that God has in history. Church history deals with the presence and working of divine grace in the world. We study here the direction and destiny of the world towards the kingdom of God. We analyze the role of the church in proclaiming, celebrating, re-presenting the reality of God's grace and of the Kingdom. In this proclamation, the Christ event has a central role. In the history of church and theology, the centrality of the role of Jesus Christ is clearly affirmed.

Therefore our study of the church in history is intrinsically related to the contemporary situation of the world. The historical method is very important in today's theologization. 20th century has amply used the historical method, which is an up-to-date rereading of the biblical message with a deep search into the meaning of parituclar events in history. Gaudium et Spes, the Pastoral Constitution of the Second Vatican II states in n. 40: "That the earthly and the heavenly city penetrate one another is a fact open only to the eyes of faith; moreover, it will remain the mystery of human history, which will be harassed by sin until the perfect revelation of the splendour of the sons of God".

## “Catholic” History

Up until now, only the north Atlantic history and culture (Europe and America) were the prevalent ones that shaped the history of the church. According to Karl Rahner, the renowned theologian of 20th century, the church has had two major historical moments and is now moving into a third. The first was the Jewish moment. The Christ event was preached in the beginning to Israel. This is the period of Jewish Christianity, with its centre in Jerusalem. The second moment, which is also very much culturally determined, is the moment of Hellenistic church, the church of Europe and Americas. The transition (or the break) from the first to the second took place, with the decision (or the many decisions) to carry the Gospel to the gentiles without imposing circumcision or other Jewish practices and customs to the new Christians. The third moment was inaugurated by the Second Vatican council (1962-1965), the Council of reform and renewal in the Catholic Church. It is where the church became truly catholic. There is a forward movement from a church that had previously given importance to the cultural heritage of Europe and North America to one that embraced all the cultures of the world.

This transition from a north Atlantic church to a world church started in the council and that process is not yet complete.

## The role of church historian

Today the historian, without prejudices and presuppositions, has to collect the data and interpret it, offering a balanced and impartial judgment of the event that took place. Likewise, church historian also takes into account the events in the life of the people of God, the community of believers and interpret those events in the great plan of God for humanity.

The church is the body of Christ and thus it must be incarnate in history of the ordinary people, their life experiences, their struggles and successes. One can view church as a static reality with a focus on structure and organization. One can also look at the church as a dynamic and vibrant reality, ever open to the varied promptings of the Holy Spirit in different ways and sensitive to dialogue with the different cultures and religions of the world. This latter view is to be highlighted today in Church history. And this was the one supported and promoted by the Second Vatican Council.

Thus church historian is an optimistic researcher in theology and the allied subjects. In this he can be compared to a journalist, who makes a story out of facts and figures – a story that needs to be unbiased. Church historian objectively and cautiously evaluates the forward march of events in the wider panorama of the Kingdom of God. God calls human person and the community made of human persons for a right response in individual and social lives. It is the duty of the church historian to point out, without fear or favour, the riches

of church's tradition as well as the failures in the response of the members of the church.

Chevalier George Menachery, by his yeomen service in church history, has contributed greatly to the existing fund of knowledge on the Indian and Kerala church, especially the Syro-Malabar church. He is a great model for persistent research, often in archives and rooms where things are 'dumped' – this is the work of historian, which is often not much trumpeted before the people. Unfortunately the species of those scholars doing fundamental research in church history and theology is diminishing. Hopefully the example of this lay church historian would prompt those in the academic world to deepen themselves in church history. ■

## *Henry H.C.Q. Brownrigg from London*

*Very many congratulations on attaining the age of three score years and ten. Please accept my advice and avoid growing old gracefully. Growing old disgracefully is much more fun, and keeps your children on their toes.*

*Alas, I do not think that I can leap in a plane and come to Ollur, but I will be there in spirit. I am sure that it will be a very memorable occasion.*

*I was in Tamil Nadu in February, organizing projects on behalf of the British Association for Cemeteries in South Asia (BACSA), an organization with 2,000 members. We are restoring a superb but semi-ruinous C 17$^{th}$ Dutch Mausoleum, the size of a small house, in Nagapattinam. Also cemeteries in Chennai, Salem, Sankari Drug and Madurai.*

*In Britain an excitement has been the election of a friend of mine. Fra'Matthew Festing, as Grand Master of the Sovereign and Military Order of Malta. As you may know, the Order issues its own passports and stamps and recognized as a state by forty Catholic Countries. The Grand Master, though a layman, ranks as a cardinal and has the style His Most Eminent Highness. Matthew is only the second British Grand Master in the Order's 900-year history. I am organizing a dinner at which he will be guest of honour.*

*Anyhow, all the best, and I look forward to seeing you again when I am back in Kerala.*

# ചരിത്രാവബോധമുള്ള മേനാച്ചേരി സാറ്

റവ. ഡോ. ജോസഫ്
തൊണ്ടിപ്പറമ്പിൽ

പ്രൊഫ. ജോർജ്ജ് മേനാച്ചേരിയെപ്പറ്റി ഓർക്കുമ്പോൾ എന്റെ മനസ്സിലേയ്ക്ക് കടന്നുവരുന്ന ഒരു സംഭവം പറയാം. വർഷങ്ങളായി മംഗലപ്പുഴ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ "ക്രിസ്തീയകല" (Christian art) എന്ന വിഷയം പഠിപ്പിക്കുന്ന വ്യക്തിയാണ് പ്രൊഫസർ മേനാച്ചേരി. ഒരു ക്രെഡിറ്റിന്റെ വിഷയമാണത്. ഞാൻ തിയോളജി ഡിപ്പാർട്ടുമെന്റിന്റെ ഡീൻ ആയിരിക്കുമ്പോൾ വൈദികവിദ്യാർത്ഥികൾ പതിവായി പറയുന്ന ഒരു പരാതിയുണ്ടായിരുന്നു. "ചില അദ്ധ്യാപകർ തങ്ങൾ പഠിപ്പിക്കുന്ന വിഷയമാണ് ഏറ്റം പ്രധാനപ്പെട്ടതെന്നും, അതുകൊണ്ട് കണക്കിൽക്കവിഞ്ഞ ജോലിഭാരം (work load) തങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നു" എന്നൊക്കെ. മേനാച്ചേരി സാറിനെപ്പറ്റിയും ഏതാണ്ട് ഇങ്ങനെയൊക്കെ വൈദികവിദ്യാർത്ഥികൾ പറഞ്ഞിരുന്നു. തന്നെയുമല്ല, ഇങ്ങനെ ഒരു വിഷയം പഠിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും പലർക്കും ബോധ്യമുണ്ടായിരുന്നില്ല.

ശ്രീ മേനാച്ചേരി സാർ പഠിപ്പിച്ച ആദ്യബാച്ചിലെ ഒരു വൈദികനെ ഏതാനും വർഷങ്ങൾക്കുശേഷം ഞാൻ കണ്ടുമുട്ടുകയുണ്ടായി. വികാരിയച്ചനായി നിയമനം കിട്ടിയ അദ്ദേഹം തന്റെ പുതിയ പ്രവർത്തനരംഗത്ത് ഒരു പള്ളിപണിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. അദ്ദേഹം എന്നോടു പറഞ്ഞു: "അച്ചാ, ഒരു പുതിയ പള്ളി പണിയിക്കേണ്ടിവന്നപ്പോഴാണ് മേനാച്ചേരി സാറിന്റെ ക്ലാസുകളുടെ മേന്മ ശരിക്കും മനസ്സിലായത്. പള്ളിയുടെ നിർമ്മാണശൈലി, വിവിധ ഭാഗങ്ങളുടെ ക്രമീകരണം, അതിനു പുറകിലുള്ള ദൈവശാസ്ത്രപരമായ ഉൾക്കാഴ്ചകൾ ഇതൊക്കെ ഇപ്പോഴാണ് കൂടുതൽ മനസ്സിലാകുന്നത്. അച്ചൻ ഇക്കാര്യം വൈദിക വിദ്യാർത്ഥികളോടു പറയണം."

ഞാൻ ഈ സംഭവം വിവരിച്ചത്, എത്ര വലിയ അർപ്പണബോധത്തോടും ആത്മാർത്ഥതയോടും കൂടിയാണ് ശ്രീ മേനാച്ചേരി സാർ, തന്റെ ജീവിതത്തിന്റെ ഉപാസനയായി ഏറ്റെടുത്തിരിക്കുന്ന "ക്രൈസ്തവകലയെ" പഠിപ്പിക്കുന്നതും അതിനെ വളർത്താൻ ശ്രമിക്കുന്നതും എന്നു സൂചിപ്പിക്കാൻ വേണ്ടിയാണ്.

രേഖകൾ കാത്തുസൂക്ഷിക്കുന്ന കാര്യത്തിലും പുരാതന കലാരൂപങ്ങളും

ശില്പങ്ങളും വേണ്ടവിധം പരിരക്ഷിക്കുന്നതിലും പൊതുവെ പിന്നോക്കമാണ് കേരള ക്രൈസ്തവർ എന്ന് പറയുന്നതിൽ തെറ്റില്ല. പ്രൊഫസർ മേനാച്ചേരി ഇതിന് ഒരു അപവാദമാണ്. കേരള ക്രൈസ്തവരുടെ തനിമ മറ്റുള്ളവർക്കു മനസ്സിലാക്കിക്കൊടുക്കാനും പിൻതലമുറകൾക്കായി കാത്തുസൂക്ഷിക്കാനും അദ്ദേഹം ചെയ്തുകൊണ്ടിരിക്കുന്ന സേവനം വളരെ വലുതാണ്. അർഹ മായ അംഗീകാരം അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ടോ എന്ന് എനിക്ക് സംശയമു ണ്ട്.

ശ്രീ മേനാച്ചേരി സാറ് സപ്തതി ആഘോഷിക്കുന്ന ഈ അവസരത്തിൽ അദ്ദേഹത്തിന്റെ വിലയേറിയ സേവനങ്ങൾ ഇനിയും കേരള ക്രൈസ്തവസഭയ്ക്കും ഈ നാടിനും ധാരാളമായി ലഭിക്കത്തക്കവിധത്തിൽ ദൈവം അദ്ദേഹത്തിനു ആരോഗ്യവും ദീർഘായുസ്സും നൽകട്ടെ എന്നാണ് എന്റെ പ്രാർത്ഥന.




*സ്റ്റേറ്റ് ലൈബ്രറി, തിരുവനന്തപുരം*



*ആലുവ സെമിനാരി ഗോഥിക് ചാപ്പൽ*




*യൂണി. കോളേജ് തിരുവനന്തപുരം*



*സെന്റ്. ജോസഫ്സ് കോളേജ് ദേവഗിരി*



*വത്തിക്കാൻ മ്യൂസിയം ഗോവണി*



*ബാംഗ്ളൂർ യു.ടി.സി ഗസ്റ്റ് ഹൗസ്*

# ചരിത്രത്തിന്റെ കാവലാൾ

പ്ലാത്തോട്ടം മാത്യു.

“ബൈബിൾ വായിക്കുവാനുള്ളതല്ല, പഠിക്കുവാനും ധ്യാനിക്കുവാനുമുള്ളതാണ്.” മാർത്തോമ്മാ സഭാ തലവനായിരുന്ന മാർ ക്രിസോസ്തം മെത്രാപ്പോലീത്തയുടെ അഭിപ്രായമാണിത്. ചരിത്രഗ്രന്ഥങ്ങളും ഇതാണ് ലക്ഷ്യമാക്കേണ്ടത് എന്ന് വെളിപ്പെടുത്തുന്ന പഠനവും ഗവേഷണങ്ങളും, ഭാരതക്രൈസ്തവചരിത്രത്തിൽ നടത്തിയത് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയായിരുന്നു. ഭാരതക്രൈസ്തവചരിത്രവും പാരമ്പര്യവും ക്രിസ്തുവിന്റെ ജീവിതകാലഘട്ടത്തോളം നീണ്ടതാണ്.

ഭാഷയും സംസ്ക്കാരവും ചരിത്രവും ഉൾച്ചേർന്ന കഴിഞ്ഞകാലത്തെ സൂക്ഷ്മമായി പഠനവിധേയമാക്കി, ഭാവിതലമുറയ്ക്കായി രേഖപ്പെടുത്തി, ചരിത്രത്തിന്റെ കാവലാളായി മാറുകയായിരുന്നു പ്രൊഫ. മേനാച്ചേരി. ആ ലക്ഷ്യസാക്ഷാത്കാരത്തിനായി അദ്ദേഹം ജീവിതം പുനരർപ്പണംചെയ്യുകയായിരുന്നു. വ്യക്തിസഭകളുടെ കൂട്ടായ്മയിൽ നക്ഷത്രശോഭയുള്ള ഭാരതസഭയുടെ ചരിത്രപ്രധാനസംഭവങ്ങളെ, തെളിവുകളുടെ സാക്ഷ്യത്തോടെ, ലോകത്തിനു മുമ്പിൽ അവതരിപ്പിക്കാൻ അദ്ദേഹത്തിന്റെ പരിശ്രമങ്ങൾക്കു കഴിഞ്ഞു.

ചരിത്രപണ്ഡിതൻ, ഗവേഷകൻ, അദ്ധ്യാപകൻ, വിദ്യാർത്ഥി എന്നിങ്ങനെയുള്ള ബഹുമുഖ പ്രതിഭകളെ സമന്വയിപ്പിച്ച് മറ്റാർക്കും കഴിയാത്ത സംഭാവന നൽകാൻ പ്രൊഫ. മേനാച്ചേരിക്ക് കഴിഞ്ഞു.

നിരവധി വർഷങ്ങളിലൂടെ ഭാരതം മുഴുവൻ സഞ്ചരിച്ച്, ക്രൈസ്തവ ദൈവാലയങ്ങൾ, പുരാവസ്തുകേന്ദ്രങ്ങൾ, പുരാതന ക്രിസ്ത്യൻ കുടുംബങ്ങൾ തുടങ്ങി അനേകയിടങ്ങളിൽനിന്നായി സമാഹരിച്ച ക്രൈസ്തവചരിത്രരേഖകൾ, ആയിരക്കണക്കിന് ഫോട്ടോകൾ, ചാർട്ടുകൾ, അറുനൂറിൽപ്പരം ചരിത്രസഭാപണ്ഡിതന്മാരുടെ പഠനലേഖനങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയതാണ് സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ എന്ന മഹത്ഗ്രന്ഥം. ഇതു തയ്യാറാക്കുന്നതിലൂടെ പ്രൊഫ. മേനാച്ചേരി സഭാശുശ്രൂഷയിൽ അതുല്യസംഭാവനയാണ് നൽകിയത്. ദൈവം പ്രത്യേകം തിരഞ്ഞെടുത്ത്

നിയോഗിച്ച ചുമതലാനിർവ്വഹണത്തിൽ സമർപ്പിതമനുഷ്യനായിരുന്നു അദ്ദേഹം.

പ്രതിബന്ധങ്ങളോരോന്നും മറികടക്കാൻ ദൈവം കൂടെ നടക്കുകയായിരുന്നു. ദൈവജനത്തെ ഇസ്രായേലിലേയ്ക്ക് നയിച്ച മോശയോടൊപ്പം ദൈവം എന്നതുപോലെയായിരുന്നിത്. ദൈവകല്പനകൾ നടപ്പിലാക്കുന്ന ഉപകരണമെന്ന തിരിച്ചറിവിൽ ഓരോ പ്രവൃത്തിയും പൂർണ്ണതയിൽ നടപ്പാക്കാൻ അദ്ദേഹം പ്രത്യേക ശ്രദ്ധയിലായിരുന്നു. ഭാരതസഭയുടെ പൗരാണികപാരമ്പര്യം വെളിപ്പെടുത്തുന്നതിലൂടെ സഭയ്ക്കെതിരായ പ്രചരണങ്ങളെ പ്രതിരോധിക്കുകയായിരുന്നു അദ്ദേഹം.

“ദൈവകല്പന നിറവേറ്റാനുള്ള ഉപകരണമായി സ്വയം പരിവർത്തനംചെയ്യപ്പെടുവാൻ ഞാൻ തീരുമാനിച്ചു. ഒരു ശക്തിക്കും, ആർക്കും ആ ലക്ഷ്യത്തിന് തടസ്സമാകുവാൻ കഴിയില്ലെന്ന പൂർണ്ണബോധ്യത്തോടെ രാവുകൾ പകലുകളാക്കി പ്രവർത്തിച്ചപ്പോൾ, കഴിവുകൾ നൽകി ദൈവം വഴി നടത്തുകയായിരുന്നു.” പ്രൊഫ. മേനാച്ചേരിയുടെ ഓരോ പ്രവൃത്തിയിലും ദൈവീകസ്പർശം വ്യക്തമായിരുന്നു.

ഭാരതക്രൈസ്തചരിത്രത്തിന്റെ പിന്നാമ്പുറങ്ങൾ തേടി, ഒളിഞ്ഞുകിടന്ന രഹസ്യങ്ങൾ കണ്ടെത്താനുള്ള പ്രൊഫ. മേനാച്ചേരിയുടെ യാത്രതന്നെ ഇതുകൊണ്ട് ചരിത്രമാണ്. പല ചരിത്രസ്മാരകങ്ങളുടെയും വസ്തുതകളുടെയും പ്രാധാന്യവും ഗൗരവവും വിലയും അറിയാതെ, അവഗണിക്കപ്പെട്ടിരുന്നവയും ഉപേക്ഷിക്കപ്പെട്ടിരുന്നവയും അദ്ദേഹം കണ്ടെത്തിയത് കഠിനശ്രമത്തിലൂടെയാണ്.

ചരിത്രപ്രാധാന്യവും മറ്റും ക്രമത്തിൽ രേഖപ്പെടുത്തുകയും അവതരിപ്പിക്കുകയുമായിരുന്നു അദ്ദേഹം. “നാഥാ, അരുളിച്ചെയ്താലും, അടിയൻ ശ്രവിക്കുന്നു” എന്ന സമ്പൂർണ്ണസമർപ്പണമനോഭാവം ദൈവീകനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാൻ പ്രൊഫ. മേനാച്ചേരിക്കു പ്രാപ്തി നൽകി.

വിദ്യാർത്ഥിജീവിതകാലഘട്ടത്തിൽതന്നെ ഏറ്റെടുക്കുന്ന ചുമതലകളിൽ സമർപ്പിതമനസ്ക്കനായി പ്രവർത്തിക്കുകയും പൂർണ്ണതയിലെത്തിക്കുകയും ചെയ്യുന്നതിൽ പ്രൊഫ. മേനാച്ചേരി പ്രത്യേകം ശ്രദ്ധാലുവായിരുന്നു. പ്രൊഫ. മേനാച്ചേരിയുടെ സതീർത്ഥ്യനായിരുന്ന കർണ്ണാടക മന്ത്രിയും ചീഫ് സെക്രട്ടറിയുമായിരുന്ന ഡോ. ജെ. അലക്സാണ്ടർ അഭിപ്രായപ്പെടുകയുണ്ടായി. ദീർഘനാളുകൾക്കുശേഷം 2004 മാർച്ചിൽ ബാംഗ്ലൂരിൽ ഇരുവരും തമ്മിൽ കണ്ടുമുട്ടുവാൻ നിമിത്തമാകുവാൻ ലേഖകനു കഴിഞ്ഞു.

ഭാരതസഭയുടെ ചരിത്രത്തിന്റെ ആഴവും പരപ്പും തിരിച്ചറിഞ്ഞ് അത് ആഗോളസഭയുടെ ചരിത്രത്തിന്റെ ഭാഗമാക്കാനുള്ള പ്രൊഫ. മേനാച്ചേരിയുടെ പരിശ്രമങ്ങളെ ആദരവോടെ അംഗീകരിക്കുവാനും അഭിനന്ദിക്കുവാനും സമ്പർക്കമാധ്യമങ്ങൾക്കായുള്ള പൊന്തിഫിക്കൽ കമ്മീഷൻ മേധാവിയായി

രുന്ന ആർച്ച്ബിഷപ്പ് ഫോളിയും മറ്റു സഭാമേധാവികളും തയ്യാറായിട്ടുണ്ട്. കത്തോലിക്കാ തിരുസ്സഭ പരമോന്നതബഹുമതി നൽകി അദ്ദേഹത്തെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്തിരിക്കുകയാണിപ്പോൾ.

■

*സ്നേഹ ബ്രദർ ലൂയീസ് മഞ്ഞളി,*

*ബഹു മുഖ പ്രതിഭയായ പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ സപ്തതി ആഘോഷത്തോടനുബന്ധിച്ച് പുറത്തിറക്കുവാൻ ഉദ്ദേശിക്കുന്ന സ്മരണികയിലേക്ക് ഒരു ലേഖനം ചോദിച്ച് എഴുതിയിരുന്ന കത്ത് ലഭിച്ചു, നന്ദി. ഇത്തരത്തിലുള്ള സ്മരണിക ഇറക്കുവാൻ ഉദ്ദേശിക്കുന്നുവെന്നറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. അതിന് അദ്ദേഹം തികച്ചും അർഹനാണ്.*

*എനിക്ക് ഇപ്പോൾ 77 വയസ്സായി. കണ്ണിന്റെ കാഴ്ച അത്ര സുഖമല്ല. രണ്ടു കണ്ണിലും* cataract operation *കഴിഞ്ഞു. കാഴ്ച ശരിക്കും തിരിച്ചു കിട്ടിയിട്ടില്ല. വായിക്കുവാനും എഴുതുവാനും പറ്റുന്നില്ല. പത്രം വായിക്കാൻ സാധിക്കാത്തതിൽ പ്രയാസമുണ്ട്. കൂടാതെ ഓർമ്മ ശക്തിയും നഷ്ടപ്പെട്ടു തുടുങ്ങി. പല കാര്യങ്ങളും ബന്ധപ്പെടുത്താൻ കഴിയുന്നില്ല. ഈ അവസ്ഥയിൽ അദ്ദേഹം അർഹിക്കുന്ന വിധത്തിൽ ഒരു ലേഖനം എഴുതാൻ ഞാൻ തീർത്തും അപ്രാപ്തയാണ്.*

*തിരുക്കുടുംബ സഭയുമായി അദ്ദേഹം പലവിധത്തിലും ബന്ധപ്പെട്ടിട്ടുള്ളതാണ്. ഞങ്ങൾക്കുള്ള കടപ്പാടും വലുതാണ്. വ്യക്തിപരമായും ഞാൻ അദ്ദേഹവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഇങ്ങനെ എഴുതാൻ പ്രയാസമുണ്ട്. എങ്കിലും ഇപ്പോഴത്തെ എന്റെ അവസ്ഥ മനസ്സിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു. അത്യാവശ്യം യാത്ര ചെയ്യുന്നു. എന്റെ വ്യക്തിപരമായ കാര്യങ്ങളെല്ലാം ചെയ്തു പോരുന്നു. അത്രമാത്രം.*

*I am really sorry to write this way.*

*Thanking you*

*Yours sincerely*

*Sr. Franco.*



ബ്രദർ ലൂയിസ്
മഞ്ഞളി എം.എം.ബി.

# മേനാച്ചേരി കുടുംബസ്മരണകൾ

1960കളുടെ ആരംഭത്തിലാണ് മേനാച്ചേരി തറവാട്ടിലെ ജോസഫ് ജ്യേഷ്ഠൻ മരിയാപുരം ആശ്രമത്തിനടുത്ത് വീടു പണിത് താമസമാക്കിയത്. ഗ്രാമീണർ സാമ്പത്തികവളർച്ച നേടുന്നതിനും കൂടുതൽ സുഖസൗകര്യങ്ങൾക്കുമായി നഗരങ്ങളിലേയ്ക്ക് താമസം മാറ്റുക സാധാരണമാണ്. എന്നാൽ, നഗരസമാനമായ ഒല്ലൂരിൽനിന്ന്, അക്കാലത്ത് പരിമിതസൗകര്യങ്ങൾ മാത്രമുള്ള, മരിയാപുരം ഗ്രാമത്തിലേയ്ക്ക് ജോസഫ് ജ്യേഷ്ഠനും കുടുംബവും താമസക്കാരായി എത്തിയത് അന്നാട്ടുകാർക്ക് ഒരു അത്ഭുതമായിരുന്നു. അന്ന് റോഡ് – വൈദ്യുതി – ടെലഫോൺ സൗകര്യങ്ങൾ വളരെ വിരളമായിരുന്നു അവിടെ. മെച്ചപ്പെട്ട സൗകര്യങ്ങളിൽനിന്ന് പോരായ്മകളിലേയ്ക്ക് കുടിയേറി പാർക്കാൻ എത്തിയ ജോസഫ് ജ്യേഷ്ഠൻ, ഒല്ലൂർകാർക്ക് പലവിധത്തിൽ പ്രിയങ്കരനും ആദരണീയനുമായ വ്യക്തിയാണ് എന്നറിഞ്ഞപ്പോൾ അവർക്ക് ആത്മാഭിമാനഹേതുവായിത്തീർന്നു.

ആയിടെ തൃശൂർ സെന്റ് തോമസ് കോളെജിൽ അദ്ധ്യാപകജോലി കിട്ടിയ മകൻ ജോർജ്ജ് മേനാച്ചേരിക്ക് കോളെജിലേയ്ക്കുള്ള യാത്ര ഒരു പ്രശ്നമായിരുന്നു. ഒല്ലൂർ പടിഞ്ഞാറെ അങ്ങാടിയിൽനിന്ന് മെയിൻ റോഡ്വരെ നടന്നെത്തി ബസ് കയറി തൃശൂർ ബസ് സ്റ്റാന്റിലിറങ്ങി കോളെജിലേയ്ക്ക് നടന്നെത്തുവാൻ മുക്കാൽ മണിക്കുറോളം അനുദിനം ചെലവാക്കേണ്ടിയിരുന്നു. ഈ സമയനഷ്ടം ഒഴിവാക്കാനാവുമെന്ന് അദ്ദേഹം കണ്ടു. മരിയാപുരത്തുനിന്നു താരതമ്യേന തിരക്കു കുറഞ്ഞ റോഡായതിനാൽ അല്പസമയംകൊണ്ട് യാത്ര നടത്താനാകുമെന്ന് അദ്ദേഹം കണക്കുകൂട്ടി. ചെറുപ്പത്തിന്റെ ചുറുചുറുക്കുകൊണ്ട് മരിയാപുരത്തുനിന്ന് മിനിബൈക്കിൽ സെന്റ് തോമസിലെത്തുവാൻ ജോർജ്ജ് മേനാച്ചേരിക്ക് അഞ്ചു മിനിറ്റ് മതിയാകുമായിരുന്നു. തന്റെ ഭാവനയിലുള്ള വലിയ കാര്യങ്ങൾ നിർവ്വഹിക്കാൻ പ്രധാന ഘടകമായ സമയം എങ്ങനെയെങ്കിലും കണ്ടെത്തണം എന്ന വ്യഗ്രതയും നിശ്ചയദാർഢ്യവുമാണ് ഒല്ലൂരിൽ നിന്ന് മേനാച്ചേരികുടുംബം മാറി താമസിക്കുവാൻ കാരണം. കൂടാതെ, മലബാർ മിഷനറി ബ്രദേഴ്സിന്റെ മാതൃഭവനമായ മിഷൻ ഹോമും

അവിടുത്തെ ദിവ്യകാരുണ്യ നിത്യാരാധനകേന്ദ്രവും ആകർഷകമായി തീർന്നിരിക്കാം.

ഒട്ടും കാലവിളംബമന്യേ, ജോസഫ് ജ്യേഷ്ഠൻ നാട്ടുകാരുടെ ശ്രദ്ധാവിഷയവും നേതാവുമായി തീർന്നു. ജാതിമതവ്യത്യാസമന്യെ, എല്ലാ കുടുംബങ്ങളിലും പൊതുപരിപാടികളിൽ അദ്ദേഹം പ്രത്യേക ക്ഷണിതാവായിരുന്നു. തന്നെ ക്ഷണിക്കുന്ന എല്ലായിടത്തും സന്നിഹിതനായി ആതിഥേയരെ അദ്ദേഹം തൃപ്തിപ്പെടുത്തുമായിരുന്നു. നല്ല ഉയരവും പ്രൗഢമായ മുഖഭാവവും സ്നേഹസമ്പന്നവും കുലീനവുമായ പെരുമാറ്റവിശേഷങ്ങളും വഴിയായി ഏതു സദസ്സിലും ജോസഫ് ജ്യേഷ്ഠന് പ്രമുഖസ്ഥാനം ലഭിക്കുമായിരുന്നു. നാട്ടുകാരുടെ ഏതു ആവശ്യത്തിനും മുൻപന്തിയിൽ നിന്ന് പ്രവർത്തിക്കാനുള്ള കഴിവും സന്നദ്ധതയും ഔദാര്യവും അദ്ദേഹത്തെ ഏവർക്കും വേണ്ടപ്പെട്ടവനാക്കിത്തീർത്തു. ജനനേതാക്കളുടെ പക്കലും സർക്കാർ ഓഫിസുകളിലും ചെന്ന് വീട്ടുകാരുടേയോ, നാട്ടുകാരുടേയോ, വ്യക്തികളുടെയോ ആവശ്യങ്ങൾ അവസരോചിതമായും യുക്തിയുക്തമായും സമർപ്പിച്ച് കാര്യങ്ങൾ നേടിക്കൊടുക്കാവാനുള്ള അദ്ദേഹത്തിന്റെ കഴിവ് ഒന്ന് വേറെതന്നെയായിരുന്നു.

ഈ ലേഖകനെ സംബന്ധിച്ചിടത്തോളം, മേനാച്ചേരി ജോസഫ് ജ്യേഷ്ഠനും പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുമായുള്ള സുഹൃദ്ബന്ധം അപ്രതീക്ഷിതമായി വീണുകിട്ടിയ ഒരു ഭാഗ്യവും ദൈവാനുഗ്രഹവുമായിരുന്നു. അക്കാലത്ത് മരിയാപുരത്തെ യൂണിയൻ പ്രസ്സിന്റെ മാനേജർ എന്ന നിലയിൽ പ്രവർത്തിച്ചുവരികയായിരുന്നു ഞാൻ. താമസിയാതെ ജോർജ്ജ് മാസ്റ്റർ സെന്റ് തോമസിനടുത്ത് ആരംഭിച്ച ഈഫൽ ബുക്സ് എന്ന പുസ്തഷോപ്പിനുവേണ്ടി പല പുസ്തകങ്ങളും അച്ചടിക്കുവാനുള്ള സന്ദർഭം എനിക്കു ലഭിച്ചു. പാരീസിലെ പ്രസിദ്ധമായ ഈഫൽ ഗോപുരത്തിന്റെ ചിത്രമുള്ള ബുക്സ്റ്റാളിന്റെ ഷട്ടർ ഇന്നും എന്റെ ഓർമ്മയിലുണ്ട്. ഒരു ബുക്സ്റ്റാളിനു ഈഫൽ ടവറിന്റെ നാമം നൽകുന്നതിൽ എന്താണ് പ്രസക്തി എന്ന് ഞാൻ പലപ്പോഴും ചിന്തിക്കുമായിരുന്നു. ഉന്നതമായ ലക്ഷ്യങ്ങളും ആദർശങ്ങളും വച്ചുപുലർത്തിയാൽ മാത്രമേ ജീവിതത്തിൽ ധന്യമായ പടവുകളിലേയ്ക്ക് ഉയരുവാൻ കഴിയൂ എന്ന ചിന്തയായിരിക്കണം ഇതിനു കാരണം. യൂണിവേഴ്സിറ്റിയിലെ പല ക്ളാസുകളിലേയ്ക്കും ടെക്സ്റ്റു ബുക്കുകളും നോട്ടുകളും, പ്രസിദ്ധ സാഹിത്യകാരന്മാരുടെ കുറെ ഗ്രന്ഥങ്ങളും അദ്ദേഹം മരിയാപുരത്ത് അച്ചടിപ്പിക്കുകയുണ്ടായി. അച്ചടി രംഗത്ത് വർഷങ്ങളോളം നീണ്ട ബന്ധങ്ങൾ ഞങ്ങൾ തമ്മിൽ വ്യക്തിപരമായ സൗഹൃദം ആഴപ്പെടുന്നതിനുള്ള ഹേതുവായിതീർന്നു. നിത്യേന രാവിലെയും വൈകുന്നേരവും, സമയത്തും അസമയത്തും അദ്ദേഹം പ്രൂഫ് വായനയ്ക്ക് പ്രസ്സിൽ എത്തുമായിരുന്നു. ജോർജ്ജ് മാസ്റ്ററുടേതല്ലാത്ത പുസ്തകങ്ങളുടെ പ്രൂഫ് വായനയും അദ്ദേഹത്തെക്കൊണ്ട് നടത്തിച്ച് ആ സ്നേഹബന്ധം മുതലാക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട് എന്നുകൂടി പറയാതിരിക്കാൻ വയ്യ.

വർഷങ്ങൾക്കുശേഷം, 1983–ൽ പാരീസിലെ ഈഫൽ ടവർ സന്ദർശിക്കാൻ എനിക്ക് അവസരം കിട്ടി. 1000 അടി ഉയരമുള്ളതും ലോകമഹാത്ഭുതങ്ങളിൽ ഒന്നായി ഗണിക്കപ്പെട്ടിരുന്നതുമായ ആ ഗോപുരത്തിന്റെ ഉച്ചിയിൽ എത്തിനിന്നപ്പോൾ മേനാച്ചേരി സാറിന്റെ ഈഫൽ ബുക്സിന്റെ ചിത്രം ഞാൻ ഓർക്കുകയുണ്ടായി. ഉന്നതലക്ഷ്യങ്ങൾ മനസ്സിൽ വച്ചു പൂജിക്കുവാൻ മേനാച്ചേരി സാറിന് ഈഫൽ ഗോപുരം പ്രേരണയായിത്തീർന്നതിൽ വിസ്മയമില്ല.

ജോസഫ് ജ്യേഷ്ഠന്റെ ആൺമക്കളിൽ രണ്ടാമൻ തോമസ് എം.എ. കഴിഞ്ഞ് ഈശോ സഭയിൽ ചേർന്ന് വൈദികനായി – റവ. ഡോ. ഫാ. ഇ. ജെ. തോമസ് എസ്. ജെ. "പഠിക്കാൻ ധാരാളം സാധ്യതകളും സൗകര്യങ്ങളും ഉള്ള ഈശോസഭയിൽ ചേരുന്നതിനുമുമ്പ് എം.എ. വരെയുള്ള പഠന ച്ചെലവ് അനാവശ്യമായി തോമസ് എന്നെക്കൊണ്ട് വഹിപ്പിച്ചു" എന്ന് സ്നേഹത്തിന്റെ ഭാഷയിൽ ജോസഫ് ജ്യേഷ്ഠൻ പരാതി പറയുമായിരുന്നു. മൂന്നാമത്തെ മകൻ ഡോ. ഇ. ജെ. ജെയിംസ് എഞ്ചിനിയറിംഗിൽ ബിരുദാനന്തരബിരുദം നേടി കോഴിക്കോട് ജലവിഭവവികസന ഗവേഷണ കേന്ദ്രത്തിന്റെ ഡയറക്ടറായി തീർന്നു.

ഒരു പ്രസിദ്ധീകരണകേന്ദ്രം സ്ഥാപിച്ചു വളർത്തിയെടുക്കുക തന്റെ മുഖ്യ ജീവിതദൗത്യമായി മനസ്സിൽ കുറിച്ചുകൊണ്ടാണ് പ്രൊഫ. ജോർജ്ജ് മേനാച്ചേരി ഈഫൽ ബുക്സ് ആരംഭിച്ചതെന്ന് തോന്നുന്നു. ഒഴിവുദിവസങ്ങളിൽ അദ്ദേഹംതന്നെ പുസ്തകക്കെട്ടുകൾ അടുത്തും അകലെയുമുള്ള ബുക്ഷോപ്പുകളിൽ കൊണ്ടുപോയി വില്പനയ്ക്ക് ഏല്പിക്കുമായിരുന്നു. ഒഴിവുദിവസങ്ങൾകൊണ്ട് ഈ പുസ്തകവിതരണവും പണം പിരിക്കലും നിർവ്വഹിക്കാമെന്ന് അദ്ദേഹം കരുതി. സമയം കൃത്യം കണക്കുകൂട്ടി പണം വാങ്ങിക്കാനെത്തുമ്പോൾ ഉത്തരവാദപ്പെട്ട വ്യക്തികൾ സ്ഥലത്തില്ലാതെ വരികയോ, പണം തയ്യാറില്ല എന്ന് പറയുകയോ ചെയ്യുമ്പോൾ വീണ്ടും പോകേണ്ടിവരുമായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു ബോധ്യമായി ഈ പുസ്തകക്കച്ചവടം കോളെജിലെ ഒഴിവു ദിവസങ്ങൾകൊണ്ട് ഒറ്റയ്ക്കു നിർവ്വഹിക്കാനാവില്ല എന്ന്. അതുകൊണ്ട് പ്രസ്തുത ജോലി ഏല്പിക്കുവാൻ പറ്റിയ ഒരു ചെറുപ്പക്കാരനെ കണ്ടുപിടിക്കാമോ എന്ന് അദ്ദേഹം എന്നോടു ചോദിച്ചു. നല്ല മാർക്കോടുകൂടി 10–ാം ക്ളാസ് പാസായി രണ്ടു വർഷം കഴിഞ്ഞിട്ടും ജോലിയൊന്നും ആകാതെ നട്ടംതിരിയുന്ന പാവപ്പെട്ട ഒരു പയ്യനെ ഞാൻ സാറിന് പരിചയപ്പെടുത്തുകയും ചെയ്തു.

അദ്ദേഹം അധികാരപത്രത്തോടുകൂടി അവനെ പണം പിരിക്കുവാൻ കൊല്ലത്തേയ്ക്ക് പറഞ്ഞയച്ചു. അത്യാവശ്യമായി വരികയാണെങ്കിൽ രണ്ടു ദിവസം അവിടെ തങ്ങേണ്ടിവന്നാൽ ചെലവു കുറഞ്ഞ ലോഡ്ജുകളിൽ താമസിക്കാവുന്നതാണെന്ന് അനുവദിച്ചിരുന്നു. മൂന്നാം ദിവസം കളക്ഷൻ കഴിഞ്ഞ് തിരിച്ചുവന്ന് കണക്കേല്പിച്ചപ്പോൾ അനുഭവപ്പെട്ട ഒരു കാര്യം അദ്ദേഹത്തെ

അത്ഭുതപ്പെടുത്തി. രണ്ടു രാത്രി ഏറ്റവും ചെലവേറിയ ഹോട്ടലിൽ താമസിച്ച് വില കൂടിയ ഭക്ഷണം കഴിച്ചാണ് അവൻ തിരിച്ചുവന്നത്. അതൃപ്തി ഒട്ടും കാണിക്കാതെ അദ്ദേഹം കണക്ക് സ്വീകരിച്ച് അവനു മാന്യമായ പ്രതിഫലം നൽകി. താമസിയാതെ അദ്ദേഹം കൊല്ലത്തെ പുസ്തകക്കടകളുമായി ടെലഫോണിൽ ബന്ധപ്പെട്ടു. ഒന്നാം ദിവസംതന്നെ അവർ സംഖ്യ കൊടുത്തുകഴിഞ്ഞിരുന്നുവെന്ന് മനസ്സിലായി. അതോടെ പ്രസിദ്ധീകരണരംഗത്തുള്ള മേനാച്ചേരി സാറിന്റെ മോഹങ്ങൾ അസ്തമിച്ചു. ഈ പരാജയത്തിൽക്കൂടി ഒരു മഹത്തായ ദർശനം അദ്ദേഹത്തിന്റെ മനസ്സിൽ ഉദിച്ചുയർന്നു. അതാണ് സ്വന്തമായ ഗ്രന്ഥരചനയുടെ ആരംഭമെന്നു തോന്നുന്നു. ഗ്രന്ഥരചനയ്ക്ക് കൂടുതൽ സമയം ലഭിക്കുവാനായി തൃശൂരിൽ ഒരു വാടക വീട്ടിലേയ്ക്ക് അദ്ദേഹം താമസം മാറ്റുകയും ചെയ്തു.

തന്റെ മക്കളുടെ വിദ്യാഭ്യാസം തൃശൂർ നഗരത്തിലെ പല സ്കൂളുകളിൽ ആയതുകൊണ്ട് അവർക്കും ഇത് വളരെ ഫലപ്രദമാണെന്ന് അദ്ദേഹം കണ്ടു. മരിയാപുരത്തുനിന്നുള്ള യാത്രയുടെ സമയം അങ്ങനെ ലാഭിക്കുവാൻ കഴിഞ്ഞു. എന്നാൽ തന്റെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകസുഹൃത്തുക്കളുടെയും, അറിയിച്ചും അറിയിക്കാതെയുമുള്ള, സന്ദർശനങ്ങൾ മേനാച്ചേരി സാറിനു പലപ്പോഴും ശല്യമായി തോന്നിയിട്ടുണ്ട്. അതുകൊണ്ട് ചില പുസ്തകരചനകളുടെ മൂർദ്ധ്യന്യത്തിലായിരിക്കുമ്പോൾ, പൂർണ്ണമായ ഏകാന്തതയ്ക്കും ഏകാഗ്രതയ്ക്കുംവേണ്ടി തൃശൂർ നഗരത്തിൽത്തന്നെ ഏതെങ്കിലും ഹോട്ടലിൽ മുറിയെടുത്ത് താമസിച്ചിരുന്നത് എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം എവിടെയാണെന്ന് ശ്രീമതി മാഗിക്കുമാത്രമേ അറിയാമായിരുന്നുള്ളു. ഹോട്ടലിന്റെ പേര് വെളിപ്പെടുത്തുവാൻ അനുവാദമില്ലായിരുന്നു. നഗരമദ്ധ്യത്തിൽത്തന്നെ ഒരു മഹർഷിയെപ്പോലെ ഏകാന്തവാസം അനുഷ്ഠിച്ചുകൊണ്ടായിരുന്നു പ്രൊഫ. ജോർജ്ജ് മേനാച്ചേരി തന്റെ കനപ്പെട്ട ഗ്രന്ഥങ്ങളുടെ മിനുക്കുപണികൾ നിർവ്വഹിച്ചിരുന്നത് എന്ന കാര്യം എന്റെ മനസ്സിൽ ഇന്നും തങ്ങിനിൽക്കുന്ന ഒരു നല്ല ഓർമ്മയാണ്.

■

# Let's Ring out and sing our Joy!

*Let's ring out Sapthathi Bells; Let's bring out heart-filled feelings*
*Let's rally round dear Menachery to proclaim his pretty life and deeds.*

*Lengthy shadow of the lofty Forane bell tower**
*Gently kisses quadrangular Erinjery Tharavad every morn*
*Whispering the call to gaze to the heights of ancient glory*
*Tracing the footprints of unique ancestors of repute*

*Angel Raphael who walked with Thobias in solitary ways*
*Ensuring push to move in unknown unthread paths*
*Ever docile he was to the call from deep within*
*Ever enduring he was to realize his cherished goals.*

*Gathering and sharing wisdom is his persisting passion*
*Printing and publishing is his ever-lingering hunger.*
*So dear is to him ancient Erinjeri Tharavad in Ollur*
*The abode enriched by ancestors of nobility and fame,*
*A monumental house with stories for every tiny part*
*Inexhaustible barn of self-esteem, courage and vigor.*

*A man of vision and action, a star in the cloudy sky,*
*Who mastered realms of words, history, arts and culture*
*Brave he is to dream of a museum and bulky volumes*
*Persevering he is to grasp horizons untouched by others.*

*To the depths of history he dived and picked up pearls,*
*To the heights of fame he soared up by wings of toil.*
*Strong is his will power; dynamic is his word power,*
*Unique are his talents to meet challenges of the times.*

*In silence and solitude he laboured night and day*
*In the sublime company of volumes old and new*
*Amazed he was in the little relics of bygone days*
*Pieces of craft in wood, stone or metal and mined books.*

A glaring star he is in the firmament of culture
Enthusiastic and energetic even when entering seventies
May the bloom of his much-awaited scholarly volumes
Spread out nectar and fragrance in the years to come.
O dear Menachery, crown of the family, pride of the people,
May God have the joy that His dreams on you are realized in full.

* Forane bell tower = Bell tower of St. Antony's Forane Church, Ollur



കാട്ടൂരിലെ താമരക്കുളം

ഡോ. ഇ.ജെ. തോമസ്
എസ്. ജെ.
പ്രിൻസിപ്പൽ, സെന്റ് ജോസഫ്സ്
കോളേജ്, കണ്ണൂർ

# എന്റെ ചേട്ടൻ

ഞാനും ചേട്ടനും തമ്മിൽ രണ്ടര വയസ്സിന്റെ വ്യത്യാസമുണ്ട്. ചേട്ടൻ നേരത്തെ പക്വത വന്ന ഒരു വ്യക്തിയായിരുന്നു. ഞങ്ങളുടെ കുടുംബത്തിൽ ചേട്ടന്റെ ആളത്വത്തിന് വിശേഷ തിളക്കമുണ്ടായിരുന്നു. അഞ്ചു പെൺകുട്ടികൾ കഴിഞ്ഞ് ജനിച്ചതിനാൽ ഞങ്ങളുടെ കുടുംബത്തിലെ മുഴുവൻ പേരുടെയും ശ്രദ്ധ ചേട്ടന്റെ കാര്യത്തിലുണ്ടായിരുന്നു. ഞങ്ങളുടെ അമ്മയുടെ അപ്പന്റെ (അപ്പൂപ്പന്റെ?) പേരിട്ടതിനാൽ അവിടെയുള്ളവർക്കും ചേട്ടനോട് വലിയ സ്നേഹമായിരുന്നു. ചെറുപ്പത്തിലേതന്നെ ക്രിയാത്മകമായി പ്രവർത്തിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു. കുട്ടിക്കളികളിൽപ്പോലും ഒരു വളർച്ചവന്ന വ്യക്തിയുടെ ഭാവം കാട്ടിയുരുന്നു. ഹൈസ്കൂൾ ക്ലാസ്സിൽ പഠിക്കുമ്പോൾ വേനലവധിക്ക് ചേട്ടൻ ഒറ്റമരത്തിൽ ഒരു കളിക്കപ്പലുണ്ടാക്കി. അടുത്ത വീട്ടിലെ വല്യപ്പനായിരുന്നു അതിന് പ്രചോദനം. ഹൈസ്കൂൾ ക്ലാസ്സിൽ പഠിക്കുമ്പോൾ തന്നെ ഒരു കയ്യെഴുത്തു മാസിക സ്വന്തമായി രചിച്ചു. പിന്നീട് തൃശ്ശിനാപ്പിള്ളിയിൽ സെന്റ് ജോസഫ്സ് കോളേജിൽ പഠിക്കുമ്പോൾ ഒരു മാസിക പ്രിന്റ് ചെയ്തു പ്രസിദ്ധീകരിച്ചിരുന്നു.

റോഡ് കോൺട്രാക്ട് മതിയാക്കി ഇലക്ട്രിക്കൽ കോൺട്രാക്ടിൽ പ്രവേശിച്ച എന്റെ അപ്പന് ചേട്ടനെ ഒരു എൻജിനീയർ ആക്കണമെന്നായിരുന്നു മോഹം. ചേട്ടന് സാഹിത്യത്തിലും ജേർണലിസത്തിലുമായിരുന്നു താൽപര്യം. അപ്പന്റെ നിർബന്ധത്തിന് വഴങ്ങി ഇന്റർമീഡിയേറ്റിനും ബി. എ.ക്കും ഗണിതശാസ്ത്രം ഐഛികവിഷയമായി പഠിച്ചു. എന്നാൽ കണക്ക് പഠിക്കുവാൻ താൽപര്യമില്ലെന്ന് ബോധ്യപ്പെട്ടപ്പോൾ ഇംഗ്ലീഷ് സാഹിത്യത്തിലേക്ക് മാറാൻ തീരുമാനിച്ചു.

മക്കളെ എൻജിനീയർ ആക്കണമെന്ന അപ്പന്റെ മോഹം മൂന്നാമത്തെ മകൻ നിറവേറ്റി.

ചെറുപ്പത്തിൽതന്നെ പരന്ന വായനയുടെ ഉടമയായിരുന്നു ചേട്ടൻ. മലയാളത്തിലും തമിഴിലുമുള്ള ധാരാളം പുസ്തകങ്ങൾ കാട്ടൂരുള്ള അപ്പാപ്പന്റെ

ശേഖരത്തിലുണ്ടായിരുന്നു. സ്വാതന്ത്ര്യസമരത്തിന്റേതായ ആ കാലത്ത് ഗോമതി, മാതൃഭൂമി ആഴ്ചപ്പതിപ്പ്, നർമ്മദ മുതലായ പ്രസിദ്ധീകരണങ്ങൾ വീട്ടിൽ വരുത്തിയിരുന്നു. ആനന്ദ വികടൻ, കൽക്കി മുതലായ തമിഴ് പ്രസിദ്ധീകരണങ്ങളിൽ അപ്പാപ്പന് വലിയ കമ്പമായിരുന്നു. ചേട്ടനെ തമിഴ് പഠിപ്പിച്ചതും അപ്പാപ്പനായിരുന്നത്രെ. ഒല്ലൂരിലെ ഞങ്ങളുടെ കുടുംബവീട്ടിൽ ധാരാളം ഇംഗ്ലീഷ് പുസ്തകങ്ങളുമുണ്ടായിരുന്നു. ഹിന്ദു പത്രവും വരുത്തിയിരുന്നു. അപ്പന് ധാരാളം പെൻഫ്രണ്ട്സ് ഉണ്ടായിരുന്നതിനാൽ അവർ മുഖേന അമേരിക്കയിലെയും ഇംഗ്ലണ്ടിലെയും ഐർലണ്ടിലെയും പ്രസിദ്ധീകരണങ്ങൾ ലഭ്യമായിരുന്നു. സൈൻ, റീഡേഴ്സ് ഡയജസ്റ്റ്, കാത്തലിക് ഡയജസ്റ്റ്, ലൈഫ്, ഇലസ്ട്രേറ്റഡ് ലണ്ടൻ ന്യൂസ്, ടെലഗ്രാഫ് ദിനപത്രം, കാത്തലിക് ഫയർസയിഡ് എന്നിവ ഒല്ലൂരിലെ വീട്ടിൽ വായിക്കുവാൻ ലഭ്യമായിരുന്നു. (കാത്തലിക് കോൺഗ്രസ്സ് ഒല്ലൂർ നടന്നപ്പോൾ ഒരു എക്സിബിഷൻ നടത്തുകയും അതിൽ ലോകത്തിലെ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ പ്രദർശിപ്പിച്ച ജെയിംസ് മേനാച്ചേരി (ചാക്കിളയപ്പൻ) യുടെ സ്റ്റാളിന് സമ്മാനം ലഭിക്കുകയുമുണ്ടായി.) ചേട്ടൻ എല്ലാ ദിവസവും ബിബിസി യിലും, എഐആർ ലും വന്നിരുന്ന വാർത്തകൾ ശ്രദ്ധിച്ചുകേട്ടു വിലയിരുത്തുമായിരുന്നു. (1950ലൊമറ്റൊ എരിഞ്ഞേരി വീട്ടിൽ റേഡിയോ ഉണ്ടായിരുന്നു).

പഠനത്തിൽ ചേട്ടൻ മിടുക്കനായിരുന്നു. അദ്ധ്യാപകർക്ക് ചേട്ടനെക്കുറിച്ച് നല്ല മതിപ്പായിരുന്നു. ബുദ്ധിശക്തിയുടെ കാര്യത്തിൽ ചേട്ടനും എന്റെ അനുജനും ഒരുപോലെയായിരുന്നു. ഞാനും ചേട്ടനും തമ്മിൽ ചിലപ്പോൾ വഴക്കിടാറുണ്ട്. ചേട്ടൻ മറ്റുള്ളവരുമായി ഇടപഴകുന്നതിൽ നിയന്ത്രണമുണ്ടാക്കിയിരുന്നു. ഞാൻ എല്ലാവരുമായി ഇടപഴകുന്ന സ്വഭാവക്കാരനായിരുന്നു. ഈ വൈരുദ്ധ്യം പലപ്പോഴും അസ്വസ്ഥത ഉണ്ടാക്കിയിട്ടുണ്ട്. പൊതുരംഗത്ത് പ്രവേശിക്കാൻ തുടങ്ങിയതോടെ ചേട്ടൻ കൂടുതലാളുകളുമായി ഇടപഴകാനും അതുമൂലം കൂടുതൽ ജനസമ്മതനായിത്തീരുവാനും തുടങ്ങി. വിമോചനസമരകാലത്ത് വിദ്യാർത്ഥി നേതാവും പിന്നീട് കോളേജ് യൂണിയൻ ചെയർമാനും, ആൾ ഇൻഡ്യാ ന്യൂമാൻ അസോസിയേഷൻ വൈസ് പ്രസിഡന്റും ആയി. അങ്ങിനെ ഒരുപാടു സംഘടനകളിൽ പ്രവർത്തിച്ച് തന്റെ സംഘടനാപാടവം തെളിയിച്ചു. സപ്തതി ആഘോഷിക്കുന്ന ഈ അവസരത്തിൽ തിരിഞ്ഞുനോക്കുമ്പോൾ ചേട്ടൻ അഭിമാനകരമായി ഒത്തിരി കാര്യങ്ങൾ ചെയ്തിട്ടുള്ളതായി കാണാം. ഞങ്ങളും ആ അഭിമാനത്തിൽ പങ്കുചേരുന്നു. തുടർന്നും കർമ്മനിരതനായി മുന്നോട്ടുപോകാൻ ദൈവം ജ്യേഷ്ഠനെ അനുഗ്രഹിക്കട്ടെ.



സി. ഓസ്ബർഗ
സി.എം.സി

# അനിയൻ

പാലയൂർ വേദിയിൽനിന്ന് മാർപ്പാപ്പയുടെ അംഗീകാരമുദ്ര അഭിവന്ദ്യ പിതാവിൽ നിന്നു എന്റെ അനുജൻ പ്രൊഫ. ജോർജ്ജ് മേനാച്ചേരി ഏറ്റുവാങ്ങിയതു കണ്ടപ്പോൾ 55 കൊല്ലങ്ങൾക്കുമുമ്പ് കാട്ടൂർ പോംബെ സെന്റ് മേരീസ് ഹൈസ്ക്കൂൾ അങ്കണത്തിൽ വെച്ച് സ്കൂളിന്റെ വാർഷികദിവസം അതിന്റെ അദ്ധ്യക്ഷപദം അലങ്കരിച്ചിരുന്ന ജഡ്ജിയിൽനിന്നും സ്കൂൾ അധികാരികളുടെ അംഗീകാരത്തിന്റെ മെഡൽ അദ്ധ്യക്ഷൻ തന്നെ ഷർട്ടിന്മേൽ കുത്തി കൊടുത്ത ഓർമ്മയാണ് വന്നത്.

മൂന്നു ആങ്ങളമാരാണ് ഉള്ളത്. മൂന്നുപേരും എന്റെ താഴെയാണ് മൂന്നു പേരും ഒത്തുചേർന്നാൽ വീട് പിന്നെ ശബ്ദമുഖരിതമായിത്തീരും. പ്രധാനമന്ത്രി ജഹവർലാൽ നെഹ്റു, രാഷ്ട്രപിതാവ് മഹാത്മാഗാന്ധി, ശ്രീ. ഇക്കണ്ട വാരിയർ തുടങ്ങിയ രാഷ്ട്രീയ നേതാക്കന്മാരെയും, സിനിമതാരങ്ങളായ രാജ്കപൂരും, ദിലീപവ്കുമാറും നർഗ്ഗീസും കാമിനികനശലും എന്നു വേണ്ട പഠിപ്പിച്ച ആരാധ്യരായ അദ്ധ്യാപകരെ കുറിച്ചും ചർച്ച ചെയ്യും. ഓരോരുത്തരും താന്താങ്ങൾ പറയുന്നത് ആണ് നല്ലതെന്നു സമർത്ഥിക്കാൻ അങ്ങയറ്റം ശ്രമിക്കും. ഇവർ ഇങ്ങനെ തർക്കിക്കുന്നതും ബഹളം എടുക്കുന്നതുമെല്ലാം കാണാൻ അമ്മാമ്മക്ക് വലിയ സന്തോഷമാണ്. അവസാനം അമ്മാമ്മക്ക് ഇഷ്ടപ്പെട്ട ഒന്നുരണ്ടു പാട്ടുപാടി കൊടുക്കും. “അലകളെ മുറിച്ച് അരയന്നം പോലെ കടത്തുവഞ്ചിയും നീങ്ങി,” “കാത്തുസൂക്ഷിച്ചൊരു കസ്തൂരിമാമ്പഴം കാക്ക കൊത്തി പോയ് അയ്യേ!” പട്ടി, പാമ്പ്, ഒന്തൊക്കെയുണ്ടവനിൽ അപ്പോൾ അപ്പൻ പറയും എന്റെ മൂന്നു ആൺമക്കൾക്കും അവർ പഠിച്ച ഏതെങ്കിലും സ്കൂളിൽ നിന്ന് നല്ല സ്വഭാവത്തിനുള്ള സമ്മാനം കിട്ടിയിട്ടുണ്ട്. മൂന്നാളും വീട്ടിൽ ഒത്തുവന്നാൽ ചർച്ചയുടെ തീവ്രതയാൽ ഞാൻ പുറത്തുകടന്നു നില്ക്കണം. അമ്മക്കും സന്തോഷമാണ്. മക്കളുടെ ഈ തല്ലൂട്ടം കാണാൻ അവസാനം ഇടയ്ക്കു അമ്മയും അഭിപ്രായം പറയും. ഇളയവൻ തോല്ക്കാറാകുമ്പോൾ കരഞ്ഞ് അമ്മയുടെ അടുക്കൽ അഭയം തേടും ചർച്ച ചെയ്തു ഒത്തു തീർപ്പിലെത്താത്ത കാര്യങ്ങൾ പിന്നീട് അപ്പനും, ഇളയപ്പ

ന്മാരും വരുമ്പോൾ ഒരു തീപ്പൊരി ചർച്ച ചെയ്ത് തീരുമാനിക്കും.

ചെറിയ ക്ലാസ്സിൽ പഠിക്കുമ്പോൾ തന്നെ കയ്യെഴുത്തു മാസിക എഴുതാറുണ്ട്. ജോയ് അതിന് ബാലൻ എന്നു പേരു കൊടുത്തു. തൃശിനാപ്പിള്ളിയിൽ പഠിക്കുന്ന കാലത്ത് ഹോസ്റ്റൽ ഡേക്ക് ഇംഗ്ലീഷിൽ ഒരു നാടകം എഴുതി കുട്ടികളെ കൊണ്ട് അഭിനയിപ്പിച്ചു കാട്ടൂരത്തെ അപ്പാപ്പൻ അതിനു അവനു ഒരു വലിയ പ്രചോദനമായിരുന്നു നല്ല നല്ല പുസ്തകങ്ങൾ അപ്പാപ്പൻ വാങ്ങിയ്ക്കാറുണ്ട്. വിക്രമാദിത്യൻ കഥകൾ, ചന്തുമേനോന്റെ ഇന്ദുലേഖ തുടങ്ങി പലതും. ആഴ്ചപ്പതിപ്പുകളും വാങ്ങാറുണ്ട്. ഉറൂബിന്റെ നീണ്ടകഥ അങ്ങിനെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ നിന്നാണ് വായിച്ചത്.

കുളിക്കുമ്പോൾ വെള്ളംകോരി ഒഴിക്കുന്ന പാത്രത്തിൽ ഒരു ചെറിയ ദ്വാരം ഉണ്ടായിരുന്നു. അതു ഒരു വലിയ വട്ടയ്ക്കയിലിട്ടിട്ട് ആ ദ്വാരത്തിൽ കൂടെ കയറി പാത്രം മുങ്ങാൻ എത്രസമയം എടുക്കുമെന്ന് നിരീക്ഷിക്കും. പല നിരീക്ഷണങ്ങളും പരീക്ഷണങ്ങളും ചെറുപ്പത്തിൽ തന്നെ നടത്താറുണ്ട്.

ഒരുദിവസം വീട്ടിൽ ഓല കൊണ്ട് വീടുണ്ടാക്കി കളിക്കുമ്പോൾ വടികള് കെട്ടാൻ കയർ മുറിച്ചു. നല്ല മൂർച്ചയുള്ള കത്തിയായതിനാൽ വെട്ടിയപ്പോൾ അവന്റെ ചൂണ്ടാണിവിരലിന്റെ തുമ്പ് മുറിഞ്ഞുപോയി. തുമ്പില്ലാത്ത ചൂണ്ടാണിവിരലാണ് ഇന്നും. ഇപ്പോൾ തുന്നണമെങ്കിൽ എത്ര ആസ്പത്രികൾ കയറി ഇറങ്ങണം. മുറിവ് അമ്മയുടെ വിദഗ്ധ ചികിത്സയിൽ ഒരാഴ്ച കൊണ്ട് സുഖമായി.

തുലാമാസത്തിൽ നല്ല മഴയും ഇടിയുമുള്ളപ്പോൾ അയ്യപ്പനെ ഞങ്ങൾ രണ്ടുപേരെയും കൊണ്ടുവരാൻ കാട്ടൂർ സ്കൂളിൽ അയക്കും. അപ്പാപ്പന്റെ കുളമ്പുകുടയും, അമ്മയുടെ കാൽകുടയും ഉണ്ടാകും. അയ്യപ്പന്റെ കയ്യിൽ ഞങ്ങളുടെ മുട്ടുകുടകൾ വാങ്ങി പകരം എനിക്ക് കുളമ്പു കുടതരും. അമ്മയുടെ കാൽകുട അവനും കൊടുക്കും പിന്നെ സഞ്ചിയും വാങ്ങിപ്പിടിക്കും–ടാറിടാത്ത വഴിയായ കുഴികളിൽ വെള്ളം നില്ക്കുന്നുണ്ടാകും. ആ ചളിവെള്ളം തെറിപ്പിച്ച് നടക്കും അവൻ –സഞ്ചി കയ്യിലില്ലാത്തതുകൊണ്ടും വലിയ കുടയായതുകൊണ്ടും അവൻ വെള്ളം തെറിപ്പിച്ച് നടക്കുകയാണ്. ഇനി അയ്യപ്പനെ വിടേണ്ട ഞങ്ങൾ എങ്ങനെയെങ്കലും വന്നുകൊള്ളും. ഞങ്ങൾ അയ്യപ്പന്റെ കൂടെ നടക്കുമ്പോൾ കുട്ടികൾ ഞങ്ങളെ നോക്കി ചിരിക്കും. അങ്ങനെ അയ്യപ്പന്റെ ശല്യം തീർന്നു കിട്ടി. പറമ്പിൽ എത്തുമ്പോൾ രണ്ടു തോടു കടക്കാനുണ്ട്. അയ്യപ്പനെ തോടിന്റെ അരികത്തു നിർത്തും. ഞങ്ങൾ വരുമ്പോൾ അയ്യപ്പൻ തോട്ടിൽ ഇറങ്ങി നിന്ന് ഞങ്ങളെ ഈ കരയിൽ നിന്നു ആ കരയിലേക്കു കടത്തിവെയ്ക്കും, അയ്യപ്പാ കാലിന്റെ തുമ്പെങ്കിലും വെള്ളത്തിൽ മുട്ടിക്കണം എന്നു പറയുമ്പോൾ വല്യ ഇമ്പ്രാക്കൾ തംസാരിക്കും. (വഴക്കുപറയും) എന്നു പറഞ്ഞ് അപ്പാപ്പൻ കാണാണ്ട് മുട്ടിക്കും– മഴയും വെള്ളവുമെല്ലാം കാണാൻ എന്തു ഭംഗിയായിരുന്നു.

താമരക്കുളത്തിന്റെ കരയ്ക്ക് കുമ്പളം, മത്ത, കയ്പ, പടവലം ഒക്കെ നടാ

റുണ്ട്. അപ്പാപ്പൻ അതു നോക്കാൻ പോകുമ്പോൾ ഞങ്ങളും കൂടെപോയി അതു വളരുന്നതും മറ്റും നോക്കിനില്ക്കും. വാടാത്ത പച്ചക്കറികൾ ധാരാളം കഴിച്ചിട്ടുണ്ട്. അതു പോലെ പയറും.

സ്കൂൾ വിട്ടു വന്നാൽ എല്ലാവരും കൂടി കളിക്കും. പ്രധാന കളി ഫ്രഞ്ചു വാറാണ് പിന്നെ ബാറ്റ്മെന്റണും റിങ്ങും.

അങ്ങിനെ കളിച്ചും തല്ലൂടിയും ഭക്ഷിച്ചും ഞങ്ങൾ വളർന്നു വലുതായി.



ഒല്ലൂർ പള്ളി



ഡോ. ഇ. ജെ. ജെയിംസ്

# ജോയിച്ചേട്ടനെക്കുറിച്ച് ഓർക്കുമ്പോൾ

ആൺകുട്ടികൾ ജനിക്കുവാൻ നോമ്പുനോറ്റിരുന്ന കാലം. പ്രത്യേകിച്ച് 'മക്കത്തായ' ക്കാരായ മാർതോമ ക്രിസ്ത്യാനികൾ. കൊച്ചൗസേഫ് – കുഞ്ഞേത്തി ദമ്പതികൾക്ക് അഞ്ചു പെൺകുട്ടികൾക്കു ശേഷം സന്തോഷമായി കടന്നുവന്ന 'ജോയി' യാണ് ഇ. ജെ. ജോർജ്ജും പിന്നീട് ജോർജ്ജ് മേനാച്ചേരിയുമായി പരിണമിച്ചത്. അപ്പാപ്പൻ (എരിഞ്ഞേരി തോമ) മരിച്ചശേഷം ആദ്യമായി കുടുംബത്തിൽ ജനിച്ച ആൺകുട്ടിയായതിനാൽ 'തോമ' എന്നു നാമകരണംചെയ്യേണ്ടതായിരുന്നു. പ്രത്യേകിച്ച് അപ്പാപ്പൻ മരിച്ചത് അപ്പന് നാലാമതും പെൺകുട്ടി ജനിച്ചതുകൊണ്ടുള്ള ദു:ഖംകൊണ്ടാണെന്ന് നാട്ടുകാർ പറഞ്ഞിരുന്ന കാലമായതിനാൽ. എന്നിരുന്നാലും മൂത്ത മകൻ, ആൺകുട്ടികളില്ലാതിരുന്ന ഭാര്യയുടെ അപ്പന്റെ (പുത്തൻപുര കുഞ്ഞുവറിത്) പേരു നൽകണമെന്ന് അപ്പൻ നിശ്ചയിച്ചു. പുത്തൻപുരക്കാരാകട്ടെ, അദ്ദേഹത്തിന്റെ അപ്പന്റെ പേരിടാൻ സാധിക്കാതെ പോയ ദു:ഖത്തിലുമായിരുന്നതിനാൽ 'വാറുണ്ണി' എന്നു പേരിട്ടാൽ നന്നാകുമെന്ന് തോന്നി. അങ്ങനെ 'തോമ' യാകേണ്ട തോമപീടിയക്കാരൻ എരിഞ്ഞേരി കൊച്ചൗസേഫ് – കുഞ്ഞേത്തി മകൻ വാറുണ്ണിയായി. എഴുപതു കൊല്ലം മുമ്പ് കാട്ടൂർ സെന്റ് മേരീസ് പള്ളിയിലെ മാമോദീസ രജിസ്റ്ററിൽ സ്ഥാനംപിടിച്ചു. കുഞ്ഞുവറീതും വാറുണ്ണിയുമെല്ലാം ജോർജ്ജ് തന്നെ. ഇംഗ്ലണ്ടിലെ രാജപരമ്പരയുടെ ശൈലിയിൽ, ജോയിയെ പുത്തൻപുരയിലെ ജോർജ്ജ് നാലാമനായി അംഗീകരിച്ചു. പള്ളിക്കു നൽകിയ കാസയിലും പീലാസയിലും ഇത് രേഖപ്പെടുത്തിയിട്ടുണ്ടത്രെ. കൊച്ചൗസേഫ് – കുഞ്ഞേത്തി ദമ്പതികൾക്ക് രണ്ടാമതൊരു ആൺകുട്ടി ജനിച്ച്, തോമ (Fr. E.J. Thomas S.J.) എന്നു പേരിടുന്നതുവരെ, എരിഞ്ഞേരി വീട്ടിലെ ചില കാരണവന്മാർ ജോർജ്ജിനെ തോമ എന്നാണ് വിളിച്ചിരുന്നതത്രെ. അങ്ങിനെ ഒരു ജോർജ്ജ് – തോമയുണ്ടായി. നസ്രാണി പാരമ്പര്യം വരുംതലമുറകളിലേയ്ക്കെത്തിക്കാൻ ഒരു 'തോമപീടിക' യുമുണ്ടായി.

ചേട്ടന്റെ ചെറുപ്പത്തിൽ അമ്മയുടെ അമ്മ ('മടിശ്ശീല കരണ്ടെലി' ഫെയിം കടിച്ചിനി തോമന്റെ മകൾ) മരിച്ചതിനാൽ അമ്മയും മക്കളും അപ്പാപ്പനെ ശുശ്രൂ

ഷിക്കാൻ കാട്ടൂർക്ക് കുടിയേറി. അപ്പന്റെ ആഗ്രഹപ്രകാരവും പൂർണ്ണസമ്മതത്തോടുംകൂടിത്തന്നെ. അങ്ങനെ ചേട്ടൻ കാട്ടൂർ പോംപെ സെന്റ് മേരീസ് സ്കൂളിൽ പത്താംക്ലാസുവരെ പഠിക്കുവാൻ ഇടയായി. ഈ സമയത്ത് അപ്പാപ്പൻ ചേട്ടനെ 'ദർശന'ത്തിൽ ചേർക്കുകയും പ്രസേന്തിവാഴ്ച നടത്തുകയും മറ്റുമുണ്ടായി. ഇതിന്റെയെല്ലാം ഫലമായി ആൺകുട്ടികൾ ഇല്ലാതിരുന്ന പുത്തൻപുര തറവാട്ടിലെ അനന്തരാവകാശിയാണ് താനെന്ന ഒരു ധാരണ മാഷിൽ ഉണ്ടായി. (എന്നെ ഒരു കൊല്ലം സെന്റ് തോമസ് കോളെജിൽ പഠിപ്പിച്ചിട്ടുള്ളതിനാൽ മാഷെന്നും, പ്രൊഫസറെന്നും അഭിസംബോധനചെയ്യുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല). പ്രൊഫസർ അതിലെന്നും അഭിമാനിക്കുകയും പുളകംകൊള്ളുകയും ചെയ്തിരുന്നതായി തോന്നിയിട്ടുണ്ട്. ആകാരത്തിലും പ്രകൃതത്തിലും പുത്തൻപുര ചുവയുണ്ടുതാനും. സ്കൂളിൽ പഠിക്കുന്ന കാലത്ത് അപ്പന്റെയും അമ്മയുടെയും ഇഷ്ടസന്താനവും, എളേപ്പന്മാരുടെയും അമ്മായിമാരുടെയും ബന്ധുക്കളുടെയും കണ്ണിലുണ്ണിയും പെങ്ങന്മാരുടെ സ്നേഹപാത്രവുമായി വിളങ്ങുവാൻ ചേട്ടനു കഴിഞ്ഞു. ചെറുപ്പത്തിൽ (വലുപ്പത്തിലും) നല്ല ഭക്തിയുള്ള കുട്ടിയായിരുന്നു. എല്ലാ ദിവസവും പള്ളിയിൽ പോകുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നതായി അമ്മ പറയാറുണ്ട്. നല്ല അനുസരണയുള്ള കുട്ടിയായിരുന്നത്രെ. അമ്മാമ്മയ്ക്ക് ബൈബിൾ വായിച്ചു വിശദീകരിച്ചുകൊടുക്കുന്നത് കണ്ടതായി ഓർക്കുന്നു.

10–ാം ക്ലാസ് കഴിഞ്ഞ് ഇന്ററിന് പഠിക്കാൻ ചേട്ടനെ തൃശ്ശിനാപ്പിള്ളിയിലെ ഈശോസഭക്കാരുടെ സെന്റ് ജോസഫ്സ് കോളെജിലേയ്ക്കയച്ചു. പിന്നീട് അവിടെത്തന്നെ ബി. ഏ. യ്ക്ക് ഗണിതശാസ്ത്രം ഐച്ഛികവിഷയമായി എടുത്ത് പഠിപ്പു തുടർന്നു. കൊച്ചി രാജാവിന്റെ കോൺട്രാക്ട്രർമാരായിരുന്ന എരിഞ്ഞേരിക്കാർക്ക് ജോയി ഒരു എഞ്ചിനിയറായി കാണാനായിരുന്നു ആഗ്രഹം. കണക്കു ക്ലാസുകൾ കട്ടുചെയ്ത് മറ്റു താല്പര്യമുള്ള ക്ലാസുകളിൽ ചെന്നിരിക്കുന്നതായി ഈശോസഭാ പാതിരിമാർ വീട്ടുകാരെ അറിയിച്ചിരുന്നത്രെ. അക്കാലത്ത് കൈയ്യെഴുത്തുമാസികയിലും സാഹിത്യകൃതികളിലുമായി സമയം ചെലവിട്ടിരുന്നുവെന്ന് സഹപാഠികൾ പറയാറുണ്ട്. അവർക്ക് വട്ടായിരുന്നെന്ന് മാഷ്ക്ക് തോന്നുന്നതിൽ തെറ്റില്ലല്ലോ. അവർക്ക് തിരിച്ചും. ഈ കാലയളവിലെപ്പോഴോ ഭാവിയിലെ 'എരിഞ്ഞേരിച്ചനെ' നാട്ടുകാർ മാഷിൽ ദർശിച്ചിട്ടുണ്ടാകാം. (ജാസച്ചൻ അപ്പോഴെയ്ക്കും മരിച്ചുപോയിരുന്നു).

തൃശ്ശിനാപ്പിള്ളിയിൽ പഠിക്കുന്ന കാലത്ത് ചേട്ടൻ വരാൻ ഞങ്ങൾ എല്ലാവരും കാത്തിരിക്കും. എനിക്ക് അന്നു കൊണ്ടുവന്നുതന്ന ക്രിബ്ബ് സെറ്റ് എന്റെ മക്കൾ കഴിഞ്ഞ ക്രിസ്തുമസ്സിനും പൊടി തട്ടി ഉപയോഗിച്ചിരുന്നു. വേറൊരിക്കൽ ഒരു 'രാജൻ' കളിക്കാറ് വാങ്ങി കൊണ്ടുവന്നു. പിന്നൊരിക്കൽ പരീക്ഷണം ചെയ്യാനും സിനിമ കാണിക്കാനും ഒരു ലെൻസ് കൊണ്ടുവന്നു – ഒരു ബൈനാക്കുലേഴ്സ്. മേൽക്കൂരയുടെ ഉത്തരങ്ങൾ തമ്മിൽ ബന്ധിപ്പിച്ച് പാളങ്ങളുണ്ടാക്കി നൂലു ചുറ്റുന്ന ബോബിനും കല്ലു കെട്ടിയ ചരടുമുപയോഗിച്ച് തനതായി ഓടുന്ന ട്രെയിനുണ്ടാക്കി തന്നു. ട്രെയിനോടിച്ചിരുന്നത് പത്താ

യത്തിന്റെ മുകളിൽ കയറിനിന്ന്. ആവിയിൽ ഓടുന്ന മനോഹരിയായ ഒരു കപ്പൽ മരത്തിൽ തീർത്തു മൃഗങ്ങളോടും പക്ഷികളോടുമുള്ള എന്റെ താല്പര്യത്തെ രണ്ടു ചേട്ടന്മാരും പ്രോത്സാഹിപ്പിച്ചിരുന്നു. ഒരു ചേട്ടൻ ക്രിസ്തുമസ്സിനു ക്രിബ്ബുണ്ടാക്കുമ്പോൾ മറ്റെ ചേട്ടൻ നക്ഷത്രവിളക്കുണ്ടാക്കുകയാകും. പ്രധാനമായും കൊച്ചനിയന്റെ ആഗ്രഹങ്ങൾ നിറവേറ്റാൻ. ഒരു നല്ല കൂട്ടുകുടുംബത്തിന്റെ ചുറ്റുപാടിലായിരുന്നു മാഷ് വളർന്നുവന്നത്. തൃശ്ശിനാപ്പിള്ളിയിൽനിന്നും ഗണിതശാസ്ത്ര പഠനം നിർത്തി തൃശൂർ സെന്റ് തോമസ് കോളെജിൽ ധനശാസ്ത്രത്തിൽ ബി. ഏ.യ്ക്ക് ചേർന്നപ്പോൾ മാഷാകെ മാറിപ്പോയതായി തോന്നി. നടത്തത്തിലും പ്രവൃത്തിയിലും നേതൃപാടവത്തിലുമെല്ലാം. കോളെജ് യൂണിയനുകളുടെ ഭാരവാഹിയായി, ചെയർമാനായി. ഉന്നതവ്യക്തികളെ കോളെജിലേയ്ക്ക് ക്ഷണിച്ചുവരുത്തി. വിമോചനസമരകാലത്ത് വിദ്യാർത്ഥികളെ സംഘടിപ്പിക്കുന്നതിൽ ഒരു പ്രധാന പങ്കു വഹിക്കുകയും ചെയ്തു. ഇക്കാലത്ത് 'Ham sick' എന്ന പേരിൽ ഇംഗ്ലീഷിൽ ഒരു പ്രസിദ്ധീകരണവും ആരംഭിച്ചു. അതിന്റെ പ്രതികളിലൊന്ന് അടുത്തകാലത്ത് കാണുകയുണ്ടായി. സെന്റ് തോമസ് കോളെജിൽ പഠിക്കുന്ന കാലത്ത് അല്പം ഗൗരവവും കർക്കശമായ നിലപാടുകളും കൈമുതലായി ലഭിച്ചു എന്നു തോന്നുന്നു. പഠനേതരതലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടും ധനശാസ്ത്രത്തിൽ ബി. ഏ. പരീക്ഷയിൽ നല്ല മാർക്കോടെ ബിരുദമെടുത്തു.

ചെറുപ്പത്തിലേ കലയിലും സാഹിത്യത്തിലും തൽപരനായിരുന്നു. നല്ല വായനശീലം, രാത്രി മൂന്നു–നാലു മണിവരെ വായനയിൽ മുഴുകാറുണ്ടായിരുന്നു. കാട്ടൂർ പാരമ്പര്യമാണിതെന്ന് മാഷ് പലപ്പോഴും പറയാറുണ്ട്. കലയിലും വാസ്തുവിദ്യയിലുമുള്ള പ്രൊഫസറുടെ താല്പര്യം 'തോമപീടിക'യ്ക്കും 'നസ്രാണീസിനും' വേണ്ടി എടുത്ത ചിത്രങ്ങളിൽനിന്നും സുവ്യക്തമാണ്. മുൻകാല ചരിത്രകാരന്മാരൊന്നും വേണ്ടത്ര പ്രാധാന്യം കൊടുക്കാതിരുന്ന പള്ളിക്കലകളെ ക്രോഡീകരിക്കുന്നതിനും അവയെ ചരിത്രപഠനത്തിനുള്ള ഉപകരണമായി മാറ്റുന്നതിലും ചെയ്തിട്ടുള്ള സേവനം എല്ലാകാലത്തും സ്മരിക്കപ്പെടുമെന്നാണ് ചരിത്രവിദ്യാർത്ഥികളുടെ അഭിപ്രായം. പ്രൊഫസറുടെ ഫോട്ടോശേഖരം ഒരുപാടു ഗവേഷകർക്ക് പ്രചോദനമായിട്ടുണ്ട്. കൂട്ടത്തിൽ എനിക്കും എന്റെ ഭാര്യയ്ക്കും. 1960കളുടെ ഒടുവിൽ മാഷ് ഫോട്ടോയിൽ ഒപ്പിയെടുത്ത പല കലാവസ്തുക്കളും ഇന്ന് നശിപ്പിക്കപ്പെട്ട നിലയിലാണ്. അതുകൊണ്ട് ചരിത്രവിദ്യാർത്ഥികൾക്ക് ആധാരമായുള്ളത് മാഷ്ടെ ചിത്രങ്ങൾ മാത്രം.

ബിരുദാനന്തരം കോഴിക്കോട്ടെ ദേവഗിരി കോളെജിൽ ചേർന്ന് തന്റെ ഇഷ്ടവിഷയമായ ഇംഗ്ലീഷ് സാഹിത്യത്തിൽ എം. ഏ.യ്ക്ക് ചേർന്നു. അന്ന് തിയോഡേഷ്യസ് അച്ചനും ശിവരാമസുബ്രഹ്മണ്യ അയ്യരും മറ്റും ഇംഗ്ലീഷ് വിഭാഗത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്ന കാലമായിരുന്നു. അവർക്കെല്ലാം ചേട്ടൻ ഇഷ്ടപ്പെട്ട വിദ്യാർത്ഥിയായിരുന്നെന്നാണ് പറഞ്ഞുകേട്ടത്. കോഴിക്കോട്ടായിരുന്നപ്പോൾ അല്പം 'ദാദ' കളിച്ചിരുന്നെന്ന് പിന്നീട് അവിടെ വളർന്ന

എന്റെ മക്കളോട് മാഷ് പറയുകയുണ്ടായത്രെ.

രണ്ടാംവർഷ എം. ഏ.യ്ക്ക് തിരുവനന്തപുരത്തെ കേരള സർവ്വകലാശാലയിലേയ്ക്ക് മാറ്റം വാങ്ങി പോയി. ഈ അവസരത്തിൽ തൃശൂർനിന്നും തിരുവനന്തപുരത്തേയ്ക്ക് പോകുമ്പോൾ തീവണ്ടിയുടെ വാതിൽക്കൽ ഇരുന്ന് കോട്ടയം സ്റ്റേഷനിലെ പ്ലാറ്റ്ഫോമിൽ തട്ടി കാലിന്റെ ഷെയ്പ്പ് അല്പം മാറിപ്പോയതായി കണ്ട ഓർമ്മ ഇന്നും മനസ്സിലുണ്ട്. തിരുവനന്തപുരത്ത് അല്പം 'ഹീറോയിസം' കളിച്ചതായി അവിടെ ഉണ്ടായിരുന്ന അമ്മായിയുടെ മക്കളുടെ അടക്കംപറച്ചിലിൽനിന്ന് കേട്ടറിഞ്ഞിരുന്നു.

അന്നുകാലത്ത് ഇംഗ്ലീഷ് എം. ഏ.യ്ക്ക് പ്രശംസനീയമായ രീതിയിൽ ജയിക്കുകയും റിസൽട്ട് അറിഞ്ഞ അന്നുതന്നെ ഇളയപ്പന്റെ കൂടെ പോയി സെന്റ് തോമസ് കോളെജിൽ ലക്ചററായി ചേരുകയും ചെയ്തു. ഇളയപ്പന് ബർസാറച്ചനെ നന്നായി അറിയാമായിരുന്നത്രെ. ചേർന്ന ഉടനെ വന്ന സെന്റ് തോമസ് ദിനത്തിലെ പരിപാടിയ്ക്ക് മാഷെ വീട്ടുകാർ അണിയിച്ച് ഒരുക്കിവിട്ടത് ഇപ്പോഴും മനസ്സിലുണ്ട്. ആ ദിനത്തിൽ ജോലി കിട്ടിയതിനു ശേഷം 'കന്നിപ്രസംഗവും' നടത്തി. മാനേജരായ മോൺ. പോൾ ചിറ്റിലപ്പിള്ളിക്ക് നന്നായി ബോധിച്ചു. അല്പം രാഷ്ട്രിയചായ്വുള്ള കക്ഷികളുമായി ചേർന്ന് കുറച്ചുനാൾ പ്രവർത്തിച്ചെങ്കിലും പിന്നീട് പരിപൂർണ്ണമായി അതിൽനിന്ന് പിന്തിരിയാനുള്ള തീരുമാനമെടുത്തു. കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ സെനറ്റിലും സ്റ്റാറ്റ്യൂറ്ററി ഫിനാൻഷ്യൽ കമ്മിറ്റിയിലും ഇക്കാലത്ത് സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഈ കാലത്ത് പള്ളിക്കാര്യങ്ങളിലും തല്പരനായിരുന്നു. ആൾ ഇന്ത്യ ന്യൂമാൻ അസ്സോസിയേഷന്റെ വൈസ് പ്രസിഡന്റായി പ്രവർത്തിച്ചു. 'Church in India Today' സമ്മേളനത്തിന് പോയത് ഒരു വഴിത്തിരിവായെന്ന് മാഷ് പറയാറുണ്ട്. ബാംഗ്ലൂരിൽ നടന്ന സമ്മേളനത്തിൽ മാർത്തോമാ ക്രിസ്ത്യാനികളുടെ പ്രത്യേക സ്ഥാനം നിലനിർത്തുന്നതുമായി ബന്ധപ്പെട്ട ഒരു 'റെസലൂഷൻ' അവതരിപ്പിക്കുവാൻ അവസരം ലഭിച്ചത്രെ. ഇതിനുശേഷം മാർത്തോമാ ക്രിസ്ത്യാനികളുടെ ചരിത്രത്തിൽ പ്രൊഫസർക്ക് താല്പര്യം ജനിച്ചുവെന്ന് പറയാറുണ്ട്. തൃശൂരിൽ 'ലെ ലീഡർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ട്' ആരംഭിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ധാരാളം പണിപ്പെട്ടിരുന്നു. ആലപ്പാട്ട് അന്തോണി അച്ചന്റെ കേച്ചേരിയിലെ ധ്യാനമന്ദിരത്തിലായിരുന്നു ഇതിന്റെ ആദ്യകാല ആസ്ഥാനം. ചിലപ്പോൾ അവിടെ ക്ലാസുകളെടുക്കുവാൻ എന്നെയും കൊണ്ടുപോകാറുണ്ടായിരുന്നു.

സഹപ്രവർത്തകരുമായി ചേർന്ന് തൃശൂർ കേളെജ് റോഡിൽ തുടങ്ങിയ ഈഫൽ ബുക്സ് ആരംഭദിശയിൽ നന്നായി നടത്തുന്നതിന് മാഷ് മുൻകൈ എടുത്തു. പിന്നീട് ആ സ്ഥാപനം ക്ഷയിക്കുകയും ബാധ്യതകളോടുകൂടി മാഷിന്റെ തലയിൽ വന്നുവീഴുകയും ചെയ്തതായി ഓർക്കുന്നു. ഈ കാലയളവിൽ ഭാരതീയ സാഹിത്യ സമിതി എന്ന പേരിൽ മലയാള സാഹിത്യ

ത്തിലെ നായകന്മാരുടെ മുപ്പതോളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് സാഹിത്യ സഹകരണസംഘം മുഖേന വിതരണംചെയ്തതായും ഓർക്കുന്നു. ഈ സംരംഭങ്ങളിൽ ചെറിയ തോതിൽ ഭാഗഭാക്കാകുവാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. അതിൽ ചാരിതാർത്ഥ്യവുമുണ്ട്. വിവാഹത്തിനുശേഷം ഒന്നു രണ്ടു കുട്ടികളായതിൽ പിന്നെയാണ് അറുപതുകളുടെ ഒടുവിൽ സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ (ഇപ്പോൾ തോമാപീഡിയ) പ്രസിദ്ധീകരിക്കുക എന്ന യത്നത്തിൽ ഏർപ്പെടുന്നത്. ചേട്ടനുമൊത്ത് ആദ്യമായി പാറേക്കാട്ടിൽ തിരുമേനിയെ കണ്ട് അനുഗ്രഹം വാങ്ങുവാൻ പോയത് ഓർക്കുന്നു. എൻസൈക്ലോപീഡിയ പദ്ധതിയിൽ ആകൃഷ്ടനായ തിരുമേനി ഒരു മണിക്കൂറോളം വാതോരാതെ സംസാരിച്ചു. കോണിയിറങ്ങിവരുമ്പോൾ രണ്ടു മെത്രനച്ചന്മാർ ഞങ്ങളിറങ്ങിവരാൻ പ്രാർത്ഥിച്ചു പരവശരായി നിൽക്കുന്നുണ്ടായിരുന്നു.

തോമാപീഡിയയുടെ ആദ്യ ഓഫീസ് അഞ്ചേരിയിലെ വീടുതന്നെയായിരുന്നു. അമ്മയുടെ വലിയ തേക്കുംപെട്ടി ഫയലിങ്ങ് കാബിനറ്റും. ഭഗീരഥപ്രയത്നത്തിൽകൂടെയാണ് പ്രൊഫസർ ആദ്യവോളിയം തോമാശ്ലീഹായുടെ 19–ാം ചരമശതാബ്ദിയുടെ ഭാഗമായി 1972 ൽ പ്രസിദ്ധീകരിച്ചത്. ഈ യത്നവുമായി ബന്ധപ്പെട്ട് വടവാതൂർ, ധർമ്മാരം സെമിനാരികളിലും, പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് ചെന്നെയിലും പ്രൊഫസറുടെ കൂടെ താമസിക്കുന്ന അവസരങ്ങളിൽ ഈ കാര്യങ്ങളിലുള്ള ചേട്ടന്റെ ഭാവനയും കാഴ്ചപ്പാടും വ്യക്തമായിരുന്നു. മാർ തോമാ പൈതൃകം മറ്റുള്ളവരെ മനസ്സിലാക്കുന്നതിനും, പഠിപ്പിക്കുന്നതിനും അങ്ങനെ നിലനിർത്തുന്നതിനുമായി മാഷ് അശ്രാന്തപരിശ്രമം നടത്തി. ഈ കുരിശുയുദ്ധത്തിൽ വ്യാപൃതനായിരുന്നപ്പോൾ കുടുംബത്തിന് വേണ്ടത്ര പരിഗണന കൊടുക്കുവാൻ കഴിഞ്ഞില്ലെന്ന് നാട്ടുകാർക്ക് അഭിപ്രായമുണ്ട്. ഇതിന് ഉത്തരം പറയേണ്ടത് മാഷിന്റെ ഭാര്യയും മക്കളുമാണല്ലോ. മാഷും ഭാര്യയും മക്കളുമെല്ലാം ഈ ഇനം പ്രസ്ഥാനത്തിന്റെ അവിഭാജ്യഘടകങ്ങളായി തീർന്നിട്ടുണ്ട്. ഗവേഷണപഠനങ്ങൾക്കായി സഹായം ചെയ്തുകൊടുക്കുക, മ്യൂസിയങ്ങൾ ആരംഭിക്കുക, എക്സിബിഷനുകൾ നടത്തുക, പഠനയാത്രകൾ സംഘടിപ്പിക്കുക, ഒരോ ഇടവകകളുടെയും പള്ളികളുടെയും മാഹാത്മ്യം വെളിച്ചത്തു കൊണ്ടുവരിക എന്നിങ്ങനെ വിവിധങ്ങളായ മേഖലകളിൽ ഇന്ന് മാഷിന്റെ പ്രവൃത്തിമണ്ഡലം വ്യാപിച്ചുകിടക്കുന്നു. 'സർക്കാരും പ്രസ്ഥാനങ്ങളും തോറ്റിടത്ത് പ്രൊഫസർ വിജയിച്ചുവത്രെ.' അതിന്റെ സംതൃപ്തി സപ്തതി ആഘോഷിക്കുന്ന ഈ അവസരത്തിൽ പ്രൊഫസർക്ക് ഉണ്ടെന്നുള്ളതിന് സംശയമില്ല.

ഫാ. ജെയ്ക്കബ്
ഏറനാട്ട്

# പ്രൊഫ. മേനാച്ചേരി എന്റെ സ്മരണയിൽ

1960കളിൽ ഞാൻ എറണാകുളം മെത്രാപ്പോലീത്ത മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ സെക്രട്ടറിയും അതിരൂപതാ ചാൻസലറുമായി സേവനം ചെയ്യുക യായിരുന്നു. അഭിവന്ദ്യ പിതാവിനെ സന്ദർശിച്ചിരുന്ന പല മഹത്തുക്കളെയും ഞാൻ സ്മരിക്കുന്നു. അവരിൽ പലരും പേരെടുത്ത എഴുത്തുകാരായിരുന്നു.

വിദ്വാൻ എം. ഒ. അവരാ, ശ്രീമതി ആനി തയ്യിൽ, ഫാ. ആബേൽ സി. എം. ഐ, ജെയിംസ്, കെ. സി. മണിമല, ഷെവ. വി. സി. ജോർജ്ജ്, പ്രൊഫ. മാത്യു ഉലകംതറ, ജോസഫ് കൈമാപറമ്പൻ, പ്രൊഫ. കെ. എം. തരകൻ, പ്രൊഫ. പി. സി. ദേവസ്യാ, ഡോ. എം. വി. പൈലി, സി. കെ. മറ്റം തുടങ്ങിയവർ അവരിൽ പെട്ടിരുന്നതായി ഓർക്കുന്നു.

പ്രൊഫ. ജോർജ്ജ് മേനാച്ചേരി ഒരു ദിവസം തന്റെ പ്രസിദ്ധമായ രചനയുമായി – സെന്റ് തോമസ് എൻസൈക്ലോപീഡിയയുമായി – അഭിവന്ദ്യ പിതാവിനെ സന്ദർശിച്ച സന്ദർഭം അവിസ്മരണീയമാണ്. സത്യദീപം വാരികയുടെ മുഖ്യപത്രാധിപരായി സേവനം ചെയ്തിട്ടുള്ള പാറേക്കാട്ടിൽ പിതാവിന് ആ സന്ദർഭം എന്തുമാത്രം ആഹ്ലാദവും സംതൃപ്തിയും പ്രദാനംചെയ്തുവെന്നു ഇന്നും ഞാൻ സ്മരിക്കുകയാണ്. പൊതുവേ എഴുത്തുകാരോടും പ്രസംഗകരോടും ധ്യാനഗുരുക്കന്മാരോടും മറ്റും സ്നേഹബഹുമാനങ്ങൾ പുലർത്തിയിരുന്ന അഭിവന്ദ്യ പിതാവ് കർദ്ദിനാൾ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടപ്പോൾ പ്രൊഫ. മേനാച്ചേരി ഒരു സെറ്റു ഗ്രന്ഥങ്ങളുമായി പിതാവിനെ സന്ദർശിച്ചു സൗഹൃദം പുലർത്തിയ സന്ദർഭം അവിസ്മരണീയമാണ്.

അഭിവന്ദ്യ പിതാവിനെ സന്ദർശിക്കാനും സൗഹൃദം പുലർത്താനും അരമനയിൽ വന്നിരുന്ന പ്രൊഫ. മേനാച്ചേരിയുമായി, പിതാവിന്റെ ദീർഘകാലസെക്രട്ടറിയെന്ന നിലയിൽ സേവനംചെയ്തിരുന്ന എനിക്കും സ്നേഹബന്ധം പുലർത്താൻ അവസരം ലഭിച്ചിട്ടുണ്ട്. എനിക്കു പ്രൊഫ. മേനാച്ചേരിയോടും, അദ്ദേഹത്തിന് എന്നോടും സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നു.

തന്റെ വിശിഷ്ടമായ സഭാസേവനങ്ങൾക്കുള്ള അംഗീകാരമായി ഷെവലിയർ എന്ന പേപ്പൽ ബഹുമതി ലഭിച്ചിരിക്കുന്ന പ്രൊഫ. മേനാച്ചേരിയുടെ സപ്തതിയാഘോഷങ്ങൾ വിജയിക്കുമാറാകട്ടെ എന്നു ഞാൻ ആശംസിക്കുന്നു, അതിനായി പ്രാർത്ഥിക്കുന്നു.

# പ്രൊഫ. ജോർജ്ജ് മേനാച്ചേരി
# – ചില കുടുംബാനുഭവക്കുറിപ്പുകൾ

വി. ജി. വർഗ്ഗീസ്

ശ്രീ ജോർജ്ജ് മേനാച്ചേരിയുമായി ബന്ധപ്പെട്ടിട്ടുള്ള ചില അനുഭവങ്ങൾ / സ്മരണകൾ അദ്ദേഹത്തിന്റെ ഭാര്യാസഹോദരൻ എന്ന നിലയ്ക്ക് അദ്ദേഹത്തിന്റെ സപ്തതി ആഘോഷിക്കുന്ന ഈ വേളയിൽ പങ്കുവയ്ക്കുന്നത് ഉചിതമായിരിക്കും എന്നു കരുതട്ടെ.

1966 ഒക്ടോബർ 19–ാം തിയതിയായിരുന്നു ശ്രീ ജോർജ്ജ് മേനാച്ചേരിയും എന്റെ പെങ്ങൾ മേഗിച്ചേച്ചിയും തമ്മിലുള്ള വിവാഹം. അളിയൻ അന്ന് തൃശൂർ സെന്റ് തോമസ് കോളെജിൽ ഇംഗ്ലീഷ് ലക്ചറർ ആയിരുന്നു. മേഗിച്ചേച്ചി അരിമ്പൂർ സെന്റ് ജമ്മാസ് കോൺവെന്റ് സ്കൂളിൽ അദ്ധ്യാപികയും. വിവാഹത്തിനു മുമ്പുതന്നെ മേഗിച്ചേച്ചി അദ്ധ്യാപികജോലി രാജിവെച്ചിരുന്നു. ഞങ്ങളുടെ, അതായത് വാഴപ്പിള്ളി തറവാട്ടുകാരുടെ, സ്വന്തമെന്ന് വിശേഷിപ്പിക്കാവുന്ന, തൃശൂരിൽനിന്നും ഏകദേശം 50 കി. മീ. അകലെയുള്ള തീരെ അവികസിതഗ്രാമമായ പുത്തൻവേലിക്കരയിൽ ഉണ്ണിമിശിഹാ പള്ളിയിലായിരുന്നു വിവാഹച്ചടങ്ങുകൾ.

എന്റെ പിതാവ് വി. പി. ജോർജ്ജ് അന്ന് തൃശൂർ ഡപ്യൂട്ടി കളക്ടറായിരുന്നു. എന്റെ ജ്യേഷ്ഠസഹോദരൻ പോളി സെന്റ് തോമസ് കോളെജിൽ പ്രീഡിഗ്രിക്കും, ഞാൻ സെന്റ് തോമസ് ഹൈസ്കൂളിൽ 8–ാം ക്ലാസിലും, എന്റെ അനുജൻ ജോയി 3–ാം ക്ലാസിലും ആയിരുന്നു പഠിച്ചിരുന്നത്. ഞങ്ങളുടെ ഏറ്റവും മൂത്ത സഹോദരി തങ്കമ്മച്ചേച്ചി അപ്പോഴെയ്ക്കും ഹോളി ഫാമിലി സന്യാസിനീസമൂഹത്തിൽ ചേർന്ന് സിസ്റ്റർ ജോൺ ഫിഷർ ആയിക്കഴിഞ്ഞിരുന്നു. ഒരു കോളെജ് അദ്ധ്യാപകൻ എന്ന നിലയിലും വേഷവിധാനത്തിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്ന ആൾ എന്ന നിലയിലും കോട്ടും സൂട്ടും ധരിച്ച് വിവാഹത്തിന് അളിയൻ എത്തുമെന്നായിരുന്നു പുത്തൻവേലിക്കര നാട്ടുകാരും വീട്ടുകാരും പ്രതീക്ഷിച്ചിരുന്നത്. എന്നാൽ, ഞങ്ങളുടെ പ്രതീക്ഷകളെയെല്ലാം അസ്ഥാനത്താക്കി, അളിയൻ വെള്ള മുണ്ടും വെള്ള ഷർട്ടും ധരിച്ചുകൊണ്ടായിരുന്നു വിവാഹത്തിന് എത്തിയത്. എന്റെ പിതൃസഹോദരനും തൃശൂർ രൂപതയുടെ അന്നത്തെ വികാരി ജനറാളുമായിരുന്ന

സക്കറിയാസ് വാഴപ്പിള്ളിയച്ചന്റെ മുഖ്യകാർമ്മികത്വത്തിലും തറവാട്ടിൽപ്പെട്ട മറ്റനേകം വൈദികരുടെ സഹകാർമ്മികത്വത്തിലും ആയിരുന്നു വിവാഹശുശ്രൂഷ. വിവാഹച്ചടങ്ങുകൾക്കുശേഷം ഉച്ചതിരിഞ്ഞ് നടന്ന കാപ്പിസൽക്കാര വേളയിലും അന്നു രാത്രിയിലും പെയ്ത ശക്തമായ മഴ എന്റെ മനസ്സിനെ ഏറെ അലോസരപ്പെടുത്തിയിരുന്നു.

വിവാഹത്തിനുശേഷം ഏതാണ്ട് ഒരാഴ്ചയ്ക്കുള്ളിൽ ഞങ്ങൾ അന്നു താമസിച്ചിരുന്ന അയ്യന്തോൾ സിവിൽ ലൈൻ ക്വാർട്ടേഴ്സ് കാമ്പസിൽ ഉള്ള ഓഫീസേഴ്സ് ക്ലബിൽ അളിയനും പെങ്ങൾക്കും പ്രൗഢഗംഭീരമായ ഒരു വിവാഹസ്വീകരണം ഒരുക്കിയിരുന്നു. ജില്ലാ ഭരണാധികാരികളിൽ മിക്കവരും പങ്കെടുത്തിരുന്ന ആ ചടങ്ങിൽ അളിയന്റെ ഇംഗ്ലീഷിലുള്ള മനോഹരമായ മറുപടിപ്രസംഗം അഭിമാനപൂർവ്വം കേട്ടിരുന്നത് ഞാൻ ഇപ്പോഴും ഓർക്കുന്നു. അളിയന്റെ അമ്മവീടായ കാട്ടൂർ പാലത്തിങ്കൽ തറവാട്ടുകുളത്തിൽ വിരിഞ്ഞ താമരപ്പൂക്കൾ അളിയനോടൊപ്പം ഞങ്ങളെല്ലാവരും കൂടി പറിച്ചുകൊണ്ടുവന്ന് ക്ലബ്ബിലെ സ്വീകരണയോഗത്തിൽ മേശമേൽ ഫ്ളവർ വേസിൽ വെച്ചിരുന്നത് കൗതുകപൂർവ്വം ഞാൻ ഓർക്കുകയാണ്.

വിവാഹത്തിനുശേഷം വിരുന്നിനോ മറ്റോ പെങ്ങളും അളിയനും ഞങ്ങളെല്ലാവരും കൂടി കാറിൽ തൃശൂരിൽനിന്നും പുത്തൻവേലിക്കരെയ്ക്ക് പോകുന്ന വഴിയിൽ ആളൂരിൽവെച്ച് ഒരു സൈക്കിൾയാത്രക്കാരൻ റോഡിൽ വീണതും (ഞങ്ങളുടെ കാർ തട്ടിയിട്ടല്ല) ഉടൻതന്നെ അളിയൻ കാർ നിർത്തിച്ച് കാറിൽനിന്നിറങ്ങി ആ യാത്രക്കാരനെ ഒറ്റയ്ക്ക് താങ്ങിയെടുത്ത് അടുത്തുതന്നെയുള്ള പ്രൈമറി ഹെൽത്ത് സെന്ററിൽ എത്തിച്ചത് ഇന്നും എന്റെ സജീവസ്മരണയിൽ ഉണ്ട്.

വിവാഹം കഴിഞ്ഞ് ഒന്നോ രണ്ടോ മാസങ്ങൾക്കുള്ളിൽ ആണെന്നു തോന്നുന്നു, ഒരിക്കൽ അളിയനും മേഗിച്ചേച്ചിയും ഞങ്ങൾ നാലു സഹോദരന്മാരും ഒരുമിച്ചിരുന്ന വേളയിൽ മേഗിച്ചേച്ചി, ഞങ്ങളോട് മുമ്പു സംസാരിച്ചിരുന്ന പതിവുശൈലിയിൽ, കുസൃതിയിൽ അളിയനോട് സംസാരിക്കാനിടയായതും ഉടൻതന്നെ അളിയൻ മേഗിച്ചേച്ചിയുടെ കൈ പിടിച്ച് മുറിയിൽ കൊണ്ടുപോയി, വാതിലടച്ച് ശകാരിച്ചതും ഓർമ്മയിൽ തങ്ങിനിൽക്കുന്നു.

അഖിലേന്ത്യപ്രശസ്തമായ ചാക്കോള ഫുട്ബോൾ ട്രോഫിയുടെ സംഘാടകരിൽ പ്രമുഖനും ആയുഷ്ക്കാല അംഗവുമായിരുന്ന അളിയൻ ഫുട്ബോൾ മത്സരങ്ങളുടെ റണ്ണിംഗ് കമന്ററി അതിമനോഹരമായി അവതരിപ്പിച്ചിരുന്നത് ഞങ്ങൾ റേഡിയോയിൽക്കൂടി ഉത്സാഹപൂർവ്വം കേട്ടിട്ടുണ്ട്. ആയുഷ്ക്കാല അംഗമെന്ന നിലയിൽ അളിയനു ലഭിച്ചിരുന്ന ചെയർ സീസൻ ടിക്കറ്റ് എല്ലാ വർഷവും ഞങ്ങൾക്കു തന്നിരുന്നതും ഞങ്ങൾ അതുപയോഗിച്ച് മാറി മാറി കളി കണ്ടിരുന്നതും സന്തോഷപൂർവ്വം ഓർക്കുന്നു. ഫുട്ബോൾ കളിയിൽ കമ്പം ഉണ്ടാകുന്നതിനും ഫുട്ബോൾ കളിക്കുന്നതിനും ഞങ്ങൾ നാലു സഹോദരർക്കും അത് ഉത്തേജനം നൽകി എന്നത് വാസ്തവമാണ്.

വർഷങ്ങൾക്കു ശേഷം 1976 ൽ ഞാൻ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഈറോഡ് ശാഖയിൽ ട്രെയിനി ഓഫിസറായി ജോലി നോക്കുന്ന വേളയിൽ അളിയനും മേഗിച്ചേച്ചിയും ഈറോഡിൽ വന്നത് ഓർക്കുകയാണ്. റെയിൽവേ സ്റ്റേഷനിൽനിന്നും ഒരു കുതിരവണ്ടിയിലായിരുന്നു അവർ ബാങ്കിൽ വന്നത്. അന്ന് ബ്രാഞ്ചിൽ ജോലി ചെയ്തിരുന്നവരിൽ ഭൂരിഭാഗവും ട്രെയിനീസ് ആയിരുന്നു. അവരെല്ലാവരും തൃശൂർ സെന്റ് തോമസ് കോളെജിലെ പൂർവ്വവിദ്യാർത്ഥികൾ ആയിരുന്നുവെന്നത് അവർക്ക് അളിയനുമായി പരിചയം പുതുക്കുവാനുള്ള ഒരു കാരണമായിത്തീർന്നു. ഈറോഡിലെ സി. എസ്. ഐ പള്ളി കാണുവാൻ ഇടയായ അളിയൻ ആ പള്ളിക്ക് മുസ്ലീം പള്ളി (മോസ്ക്ക്) യുമായുള്ള സാദൃശ്യം നിമിത്തം, ഉടൻതന്നെ ഒരു ഫോട്ടോഗ്രാഫറെ വിളിച്ചുവരുത്തി, പള്ളിയുടെ വിവിധ ഫോട്ടോകൾ എടുത്തതും എന്റെ ഓർമ്മയിൽ തങ്ങിനിൽക്കുന്നു. ആ ചിത്രങ്ങൾ പിന്നീട് പ്രസിദ്ധീകൃതമായ സെന്റ് തോമസ് എൻസൈക്ലോപീഡിയയിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.

1993 ൽ എന്റെ പിതാവ് നിര്യാതനായി. ഉടനടി ഒരു കുടുംബക്കല്ലറയുടെ ആവശ്യം ഞങ്ങളെ ബോധ്യപ്പെടുത്താനും ആയതിലേയ്ക്ക് തന്റെ ഓഹരി തരുവാനും അളിയൻ കാണിച്ച ഉത്സാഹം ഇന്നും എന്റെ മനസ്സിലുണ്ട്.

ഞങ്ങളുടെ പിതൃസഹോദരനായ മോൺ. സക്കറിയാസ് വാഴപ്പിള്ളി അച്ചനോട് അളിയന് ഒരു പ്രത്യേക പ്രതിപത്തി ഉണ്ടായിരുന്നു. 1989 ൽ സക്കറിയാസച്ചൻ പരലോകപ്രാപ്തനായി. അദ്ദേഹത്തിന്റെ സ്മരണകൾ വരുംതലമുറയ്ക്ക് വെളിച്ചമേകാൻ ഉപകരിക്കുന്ന ഒരു ഗ്രന്ഥം "മോൺസിഞ്ഞോർ വാഴപ്പിള്ളി" അളിയൻ എഡിറ്റുചെയ്ത് MMB യുടെ സഹകരണത്തോടെ, പ്രസിദ്ധീകരിച്ചു എന്നത് പ്രസ്താവയോഗ്യമാണ്.

വിവാഹത്തിനു മുമ്പെ പുസ്തകങ്ങളുമായി അളിയനുണ്ടായിരുന്ന അഭേദ്യബന്ധം വിവാഹശേഷവും അനുസ്യൂതം തുടർന്നിരുന്നു. കോളെജിലെ മറ്റദ്ധ്യാപകരുടെ പങ്കാളിത്തത്തോടെ നടത്തിയിരുന്ന ഈഫൽ ബുക്സ് അതിന്റെ ഭാഗമായിരുന്നു. പുസ്തകരചനയും അച്ചടിയും പ്രകാശനവും എക്സിബിഷനും മറ്റുമായി അളിയൻ കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലും വിദേശങ്ങളിലും ഇടവിടാതെ യാത്രനടത്തിയിരുന്നപ്പോൾ മക്കളെയും കുടുംബകാര്യങ്ങളും നോക്കി അളിയനു് എല്ലാവിധ പിന്തുണയും പ്രോത്സാഹനവും കൊടുത്തിരുന്നത് മേഗിച്ചേച്ചിയായിരുന്നു. ഏറ്റെടുത്ത് നടത്തിയിരുന്ന പ്രസ്ഥാനങ്ങളുടെ ലാഭനഷ്ടങ്ങൾ നോക്കിയല്ല അളിയൻ അവയിൽ വ്യാപൃതനായിരുന്നത്. തന്മൂലം പല സംരംഭങ്ങളിലും സാമ്പത്തിക നഷ്ടംതന്നെ സംഭവിച്ചിട്ടുണ്ട്. കുടുംബ കാര്യങ്ങളിൽ ശ്രദ്ധിക്കുവാൻപോലും സമയം കിട്ടാതെ, ക്രൈസ്തസഭയുടെ പൊതു ആവശ്യങ്ങൾക്കുവേണ്ടി തന്റെ സമയവും അദ്ധ്വാനവും സമ്പത്തും ചെലവഴിച്ച അളിയന് ദൈവം കൊടുത്ത സപ്തതിസമ്മാനമാണ് ഷെവലിയർ പദവി. വാസ്തവത്തിൽ ഈ പദവി വർഷങ്ങൾക്കു മുമ്പുതന്നെ അളിയനു കിട്ടുമെന്ന് ഞങ്ങളെല്ലാവരും പ്രതീ

ക്ഷിച്ചിരുന്നു. അർഹതയ്ക്കുള്ള അംഗീകാരം, കുറച്ചുവൈകിയാണെങ്കിലും ലഭിച്ചതിൽ സന്തോഷം!

കേരള / ഭാരത ക്രൈസ്തവസഭകൾക്ക് നൽകിയ സേവനത്തിനും, ചരിത്ര പുരാവസ്തു–ഗവേഷണ–വിഷയങ്ങളിൽ പ്രകടിപ്പിച്ച വൈദഗ്ധ്യത്തിനും ക്രൈസ്തസഭയുടെ ആധികാരികമെന്ന് വിശേഷിപ്പിക്കാവുന്ന ഈടുറ്റ ഗ്രന്ഥങ്ങളുടെ രചയിതാവും പ്രസാധകനും എന്ന നിലയിലും, ദേവാലയശില്പ ശാസ്ത്രജ്ഞൻ എന്ന നിലയിലും, ശ്രീ ജോർജ്ജ് മേനാച്ചേരിക്ക് ഞങ്ങളുടെ ഓരോ കുടുംബാംഗങ്ങളുടെയും പേരിൽ ഹൃദയം നിറഞ്ഞ ആശംസകൾ അർപ്പിക്കുന്നതോടൊപ്പം ദീർഘകാലം ഈ രംഗങ്ങളിലെല്ലാം കൂടുതൽ മാറ്റ് തെളിയിച്ച് മുന്നേറട്ടെ എന്ന് ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

■

*Basil Davis, New Orleans, USA*

*Congratulations on your elevation to the order of Gregory the Great! This is indeed a well deserved and signal honor for one who had tirelessly and humbly worked for the propagation of the truth about South Indian Christianity.*

*I wish you the very best on your anniversary celebrations. Unfortunately, I will not be able to come in April. I am coming in May, since that is the only time I am free from my work here in New Orleans.*

# പ്രൊഫ. ജോർജ്ജ് മേനാച്ചേരി

ലഘുജീവചരിത്രം

ജോൺ കച്ചിറമറ്റം

'ദ സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ ഓഫ് ഇന്ത്യ', 'ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്സ്' എന്നീ ബൃഹത്ഗ്രന്ഥങ്ങളിലൂടെ ഭാരതക്രൈസ്തവ ചരിത്രവും സാംസ്ക്കാരിക പൈതൃകവും ലോകത്തെങ്ങുമെത്തിച്ച പ്രശസ്ത സാംസ്ക്കാരിക ചരിത്രഗവേഷകനായ പ്രൊഫ. ജോർജ്ജ് മേനാച്ചേരി 1938 ഏപ്രിൽ രണ്ടിന് ഒല്ലൂർ എരിഞ്ഞേരി (മേനാച്ചേരി) കൊച്ചൗസേഫ് കുഞ്ഞേത്തി ദമ്പതികളുടെ ആറാമത്തെ സന്താനമായി ജനിച്ചു. ഒല്ലൂർ സർക്കാർ ഹൈസ്കൂൾ, കാട്ടൂർ പോംപെ സെന്റ് മേരീസ് സ്കൂൾ എന്നിവിടങ്ങളിൽ പഠിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തൃശ്ശിനാപ്പിള്ളി സെന്റ് ജോസഫ്സ്, കോളെജ്, തൃശൂർ സെന്റ് തോമസ് കോളെജ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളെജ് എന്നിവിടങ്ങളിൽ പഠിച്ച് ബി. ഏ., എം. ഏ. ഡിഗ്രികൾ കരസ്ഥമാക്കി. തുടർന്ന് തൃശൂർ സെന്റ് തോമസ് കോളെജിൽ ഇംഗ്ലീഷ് ലക്ചററായി ജോലിയിൽ പ്രവേശിച്ചു. കേരളസർവ്വകലാശാലയിൽ പി. എച്. ഡിയ്ക്ക് ചരിത്രത്തിൽ രജിസ്റ്റർ ചെയ്തെങ്കിലും ഗൈഡ് ഡോ. മാർത്താണ്ഡവർമ്മയുടെ നിര്യാണത്തെത്തുടർന്ന് തീസിസ്സ് പൂർത്തിയാക്കിയില്ല. ഇപ്പോൾ ബാംഗ്ലൂർ ധർമ്മാരാം വിദ്യാക്ഷേത്രത്തിൽ ഒരു ഡോക്ടറൽ സ്കോളറാണ്. പൂനാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽനിന്നും 1957ൽ ഡിപ്ലോമയും ലഭിച്ചു. വേൾഡ് അസംബ്ലി ഓഫ് യൂത്തിന്റെ പരിശീലനം (അലോക, മൈസൂർ 1963). വിദ്യാഭ്യാസം, ചരിത്രം, സംസ്ക്കാരം, ദൈവശാസ്ത്രം, സാമൂഹ്യശാസ്ത്രം, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഐ.ടി., ആർട്ട്, ആർക്കിടെക്ചർ എന്നിങ്ങനെയുള്ള വിവിധ വിഷയങ്ങളിൽ ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസം നേടി. അതുപോലെത്തന്നെ മറ്റനവധി പഠന പദ്ധതികൾ ആരംഭിക്കുകയും ചിലത് പൂർത്തിയാക്കുകയും ചെയ്തു. എല്ലാ വിഷയങ്ങളിലും അറിവ് സമ്പാദിക്കണമെന്ന തീവ്രമായ അഭിലാഷവും അറിവുകൾ മറ്റുള്ളവർക്ക് പകർന്നു നൽകാനുള്ള അഭിവാഞ്ചയും മേനാച്ചേരിയുടെ പ്രത്യേകതകളായിരുന്നു.

തൃശൂർ സെന്റ് തോമസ് കോളെജിൽ ലക്ചററായും പ്രൊഫസ്സറായും

മൂന്നുദശാബ്ദക്കാലം സേവനം അനുഷ്ഠിച്ചു. രണ്ടുപതിറ്റാണ്ടുകാലം ബിരുദാനന്തരവിദ്യാർത്ഥികളെ പഠിപ്പിക്കുകയും ചെയ്തു. 1992 ൽ ഗവേഷണത്തിനും പ്രസിദ്ധീകരണത്തിനുമായി സ്വയം വിരമിക്കുന്നതുവരെ പി. ജി. പ്രൊഫസറും വകുപ്പ് തലവനുമായിരുന്നു. ശാസ്ത്രീയമായി പഠിപ്പിച്ചാൽ പ്രിഡിഗ്രിക്കും എം. ഏ. യ്ക്കും എല്ലാ വിദ്യാർത്ഥികളെയും ജയിപ്പിക്കാനും ഉയർന്ന ക്ലാസുകൾ നേടിക്കൊടുക്കാനും കഴിയുമെന്ന തന്റെ "പെറ്റ് തിയറി" പരീക്ഷിച്ച് നോക്കുന്നതിനും അതിൽ വിജയിക്കുവാനും അദ്ദേഹത്തിന് സാധിച്ചു. 1984 മുതൽ മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിലും മറ്റുചില തിയോളജി സെമിനാരികളിലും വിസിറ്റിംഗ് പ്രൊഫസറാണ്.

ഇന്ത്യയിൽ ഇദംപ്രഥമമായി തൃശൂരാണ് ഒരു അൽമായ നേതൃത്വ പരിശീലനകേന്ദ്രം ആരംഭിച്ചത്. തുടക്കം മുതൽ ഇന്നോളം അതിന്റെ ഡയറക്ടറാണ് മേനാച്ചേരി. പല നൂതന പരിശീനപഠനപദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പാക്കികൊണ്ടിരിക്കുന്നു. 1965–67ൽ ഇന്ത്യയിലെ മുഴുവൻ ക്രൈസ്തവ കോളെജുകളെയും അമേരിക്കയിൽനിന്നുള്ള ഡോ. ഡിക്കിൻസന്റെ നേതൃത്വത്തിൽ പഠനവിധേയമാക്കിയപ്പോൾ റിസർച്ച് ഓഫീസറായി സഹകരിക്കുവാനും വിവിധ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അടുത്തറിയുവാനും നിരീക്ഷിക്കുവാനും അവസരം ലഭിച്ചു. ന്യൂമാൻ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ദേശീയ വൈസ് പ്രസിഡന്റായും മേനാച്ചേരി ദീർഘകാലം പ്രവർത്തിച്ചു. അസോസിയേഷന്റെ ചാപ്ലിൻ ജനറലായിരുന്ന ഫാ. ബലേഗറുമായി ഇടപഴകാനും ഭാരതത്തിലങ്ങോളമിങ്ങോളമുള്ള നിരവധി കോളെജുകൾ സന്ദർശിക്കുവാനും ഇതുമൂലം സാധിച്ചു. ഇന്ത്യയിലെ വിവിധ സംസ്ക്കാരങ്ങളും സഭകളുമായുള്ള ഈ ബന്ധങ്ങൾ ക്രിസ്ത്യൻ എൻസൈക്ലോപീഡിയയുടെ നിർമ്മിതിയ്ക്ക് മേനാച്ചേരിക്ക് സഹായകമായി. 1965 ൽ സഹ അദ്ധ്യപകരുമായി ചേർന്ന് ഐഫൽ ബുക്സ് എന്ന പ്രസിദ്ധീകരണ–വില്പനശാല ആരംഭിച്ചത് ഒടുവിൽ സ്വന്തമായി ഏറ്റെടുത്ത് നടത്തേണ്ടിവന്നു. 1967ൽ ഭാരതീയ സാഹിത്യസമിതി ആരംഭിച്ചു. 1968 ൽ കേരളത്തിലെ പ്രഗത്ഭരായ എഴുത്തുകാരുടെ 35 കൃതികൾ ഒന്നിച്ച് പ്രസിദ്ധീകരിച്ച് തുഛമായ വിലയ്ക്ക് സാധാരണക്കാരിലെത്തിക്കാൻ ഭാരതീയസാഹിത്യസമിതി ശ്രമം നടത്തി. അത് സാമ്പത്തികമായി പരാജയപ്പെടുകയാണ് ചെയ്തത്.

മേനാച്ചേരി ചെറുപ്പംമുതലേ വായനയിൽ തല്പരനായിരുന്നു. അമ്മവീട്ടിൽ താമസിച്ചാണ് ബാല്യകാലവിദ്യാഭ്യാസം നിർവ്വഹിച്ചത്. മറ്റുകുട്ടികളുമായി കളിക്കുന്നതിനൊ കൂട്ടുകൂടുന്നതിനോ അന്ന് അനുവദച്ചിരുന്നില്ല. വീട്ടിൽ ഉണ്ടായിരുന്ന ആയിരത്തോളം പുസ്തകങ്ങളടങ്ങിയ ലൈബ്രറിയും മാസികകളുമെല്ലാം വായനയ്ക്ക് പ്രചോദനം നൽകി. പുതൃഗൃഹത്തിലും ധാരാളം പുസ്തകങ്ങളും ഹിന്ദു തുടങ്ങിയ പത്രങ്ങളും ഉണ്ടായിരുന്നു. പ്രത്യേകിച്ച് ധാരാളം ഇംഗ്ലീഷ് പുസ്തകങ്ങളും. ഇതെല്ലാം വായിച്ചു വളരാൻ സാധിച്ചത് മഹാഭാഗ്യമായാണ് മേനാച്ചേരി ഇന്നു കാണുന്നത്. തൃശ്ശി

നാപ്പിള്ളി കോളെജിൽ പഠിച്ചിരുന്ന നാലുവർഷവും റഫറൻസ് ലൈബ്രറി ശരിക്കും പ്രയോജനപ്പെടുത്തുകയുണ്ടായി. ഫ്രഞ്ചും ഹിന്ദിയുമൊക്കെ രണ്ടാം ഭാഷയായി എടുത്താൽ ഉയർന്ന മാർക്കു ലഭിക്കുമായിരുന്നു. അതു നോക്കാതെ മലയാളഭാഷ എന്നും രണ്ടാംഭാഷയായി എടുത്ത് പഠിക്കുകയാണുണ്ടായത്. അഞ്ചാംക്ലാസുമുതൽ ബിരുദം നേടുന്നതുവരെ എല്ലാ ക്ലാസുകളിലും ഒരു കൈയെഴുത്തുമാസികയൊ, റിട്ടൺ ആഴ്ചപ്പതിപ്പൊ, അച്ചടിച്ച മാസികയൊ സ്വന്തം പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. വിദ്യാർത്ഥിയായിരുന്നപ്പോൾതന്നെ ആനുകാലികങ്ങളിലും ദിനപത്രങ്ങളിലും ഇംഗ്ലീഷിലും മലയാളത്തിലും ധാരാളം ലേഖനങ്ങൾ എഴുതിയിരുന്നു. ബി. ഏ.യ്ക്കു പഠിക്കുമ്പോൾ അച്ചടിച്ച് പ്രസിദ്ധീകരിച്ചിരുന്ന Ham Sick മാസികയിൽ കേരളത്തിലെ പ്രമുഖരായ എഴുത്തുകാർ എഴുതിയിരുന്നു. കേരള ക്രോണിക്കിൾ എന്ന ഇംഗ്ലീഷ് പത്രത്തിൽ കോളമിസ്റ്റായി. 1978 മുതൽ മലയാളം എക്സപ്രസ്സിൽ തുടർച്ചയായി ലേഖനങ്ങൾ എഴുതി. എം. ടി. യുടെ കാലത്ത് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച പള്ളികളിലെ കല എന്ന സുദീർഘലേഖന പരമ്പര കേരളത്തിലങ്ങോളമിങ്ങോളം എല്ലാവരുടെയും പ്രശംസക്ക് അർഹമായി. 1975 മുതൽ ആൾ ഇന്ത്യാ റേഡിയോ, വത്തിക്കാൻ റേഡിയോ, മറ്റു പാശ്ചാത്യ റേഡിയോ നിലയങ്ങൾ ഇവയിലൂടെ നിരവധി പ്രഭാഷണങ്ങൾ നടത്തുകയുണ്ടായി. ബ്രിട്ടീഷ്, അമേരിക്കൻ, ജർമ്മൻ, ഇന്ത്യൻ, ടി. വി. ചാനലുകളിൽ നിരവധി പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. നവോദയാ അപ്പച്ചന്റെ ഡൽഹി ദൂർദർശനിൽനിന്നുള്ള "ബൈബിൾ കീ കഹാനിയാം" എന്ന ദേശീയ പരമ്പരയിൽ ഗവേഷണം, പ്രോപ്പർട്ടി ഇവയ്ക്ക് ചുക്കാൻ പിടിച്ചു. ആർട്ട് & ആർക്കിടെക്ചർ (ഇംഗ്ലീഷിലും മലയാളത്തിലും), ഏഴരപ്പള്ളികൾ, "അൽഫോൻസാമ്മ" തുടങ്ങി നിരവധി ഡോക്കുമെന്ററികൾക്ക് സ്ക്രിപ്റ്റും നേതൃത്വവും നൽകി. മാർപാപ്പാ തെരഞ്ഞെടുപ്പുകൾ, ജോൺ പോൾ രണ്ടാമന്റെ മരണം, മദർ തെരേസായുടെ ബിയാറ്റിഫിക്കേഷൻ എന്നിങ്ങനെയുള്ള നിരവധി കാലിക പ്രാധാന്യമുള്ള വിഷയങ്ങളെ സംബന്ധിച്ച് ടി.വി. പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്.

ദുക്റാന, ക്രിസ്ത്യൻ ഓറിയന്റ് എന്നീ പ്രസിദ്ധീകരിണങ്ങളുടെ സ്ഥാപക പത്രാധിപസമിതിയിൽ മേനാച്ചേരി അംഗമായിരുന്നു. ജേർണൽ ഓഫ് സെന്തോമസ് ക്രിസ്ത്യൻസ് പത്രാധിപസമിതിയംഗമായ മേനാച്ചേരി വിദ്യാർത്ഥിയായിരിക്കെ സെന്റ് തോമസ് കോളെജ് മാഗസിൻ പത്രാധിപസമിതിയംഗമായും കേരള സാഹിത്യ അക്കാദമിയുടെ മലയാളം ലിറ്റററി സർവ്വേയുടെ ചിഫ് എഡിറ്ററായും പ്രവർത്തിച്ചു.

മാർപാപ്പാ സന്ദർശനസ്മരണികയുൾപ്പടെ ഒരു ഡസനോളം സ്മരണികകളുടെ ചീഫ് എഡിറ്ററോ, സഹപത്രാധിപരോ ആയി പ്രവർത്തിച്ച മേനാച്ചേരി, 1978 ലെ മാർപാപ്പാ തിരഞ്ഞെടുപ്പിന് വത്തിക്കാൻ അക്രഡിറ്റേഷൻ ലഭിച്ച ഏക ഇന്ത്യൻ പത്രപ്രവർത്തകനായിരുന്നു. ലോകമെമ്പാടുമുള്ള ആയിരത്തി അഞ്ഞൂറ് പത്രപ്രവർത്തകരിൽ അറുപതുപേർക്കു മാത്രമെ കോൺക്ലേവ്

ഏരിയാ സന്ദർശിക്കാൻ അനുവാദം കൊടുത്തുള്ളു. അതിൽ ഒരാളായി രുന്നു മേനാച്ചേരി. കോൺക്ലേവിലേക്ക് കർദ്ദിനാളന്മാർ പ്രവേശിക്കുന്നതിനു പ്രാരംഭമായുള്ള മാസ് ഫോർ ദ ഇലക്ഷൻ ഓഫ് ദി പോപ്പ് കവർ ചെയ്യാൻ അനുവദിക്കപ്പെട്ട പതിനാല് പ്രസ്സ് ഫോട്ടോഗ്രാഫർമാരിലും പ്രൊഫ. മേനാ ച്ചേരി ഉൾപ്പെട്ടിരുന്നു. മാർപാപ്പയായി തിരഞ്ഞെടുക്കപ്പെടുന്നതിനു തൊട്ടു മുമ്പ് ജോൺപോൾ രണ്ടാമന്റെ ഫോട്ടോ എടുക്കാൻ കഴിഞ്ഞതും പ്രൊഫ സർക്കു മാത്രമായിരുന്നു. തിരഞ്ഞെടുപ്പ് കഴിഞ്ഞ ഉടനെ മാർപ്പാപ്പയോട് സംസാരിക്കാൻ ലഭിച്ച അപൂർവ്വ അവസരം പ്രൊഫസർ ഇന്നും മനസ്സിൽ താല്പര്യപൂർവ്വം സൂക്ഷിക്കുന്നു.

കൊല്ലത്തെ കേരള പ്രസ്സ് സർവ്വീസിന്റെ റോവിംഗ് എഡിറ്റർ എന്ന നില യിൽ രാജഗോപാലാചാരി തുടങ്ങിയവരെ ഇന്റർവ്യൂ ചെയ്യാനും മേനാച്ചേ രിക്ക് അവസരം ലഭിച്ചിട്ടുണ്ട്. കോളെജ് യൂണിയൻ ജനറൽ സെക്രട്ടറിയാ യിരുന്ന കാലത്ത് കേന്ദ്രമന്ത്രിമാരെയും ദേശീയ നേതാക്കളെയും (ഉദാ: സുചേതാ കൃപലാനി, ആചാര്യ കൃപലാനി, അശോക മേത്ത, ടി. ടി. കൃഷ്ണൻ) കോളെജിൽ ക്ഷണിച്ച് പരിപാടികൾ നടത്താനും സാധിച്ചിട്ടു ണ്ട്. 1969 ൽ തുടക്കം കുറിച്ച സഭാചരിത്ര–സാംസ്ക്കാരിക രംഗത്തെ ഗവേ ഷണങ്ങളും പഠനങ്ങളും സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡി യായുടെ വാല്യങ്ങളായി പുറത്തുവന്നു. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള അറുനൂറോളം പണ്ഡിതന്മാരുടെ സഹായത്തോടെ എൻസൈക്ലോപീഡിയാ യുടെ ഒന്നും രണ്ടും വാല്യങ്ങൾ വെളിച്ചം കണ്ടു. അതിലെ എഴുത്തുകാ രിൽ മുപ്പതിലേറെ പേർ പിന്നീട് വൈദിക മേലദ്ധ്യക്ഷന്മാരായി തീർന്നുവെ ന്നത് ഒരു സന്തോഷപ്രദമാണ്. സഭാചരിത്രവും സംസ്ക്കാരവും അതോ ടൊപ്പം കേരള ഭാരത സംസ്ക്കാരങ്ങളും കൂടുതൽ ശ്രദ്ധയോടെ പഠിക്കാൻ പല പണ്ഡിതന്മാർക്കും ഗവേഷണ വിദ്യാർത്ഥികൾക്കും സംഘടനകൾക്കും പ്രചോദനമായി. ഇന്ത്യൻ ചർച്ച് ഹിസ്റ്ററി ക്ലാസിക്ക്സിന്റെ പ്രഥമ വാല്യ മായ നസ്രാണീസും എൻസൈക്ലോപീഡിയായുടെ കേരളവാല്യത്തിന്റെ വിപു ലികരിച്ച പതിപ്പായ തോമാപീഡിയയും ലോകമെമ്പാടുമുള്ള പണ്ഡിതലോകം താല്പര്യപൂർവ്വം വരവേറ്റു. 1990 ൽ പ്രവർത്തനം തുടങ്ങിയ ഏഴു വാല്യങ്ങ ളുള്ള ആയുർവ്വേദ എൻസൈക്ലോപീഡിയ ഓഫ് ഇന്ത്യയുടെ പ്രസിദ്ധീക രണം നടത്താൻ സാധിച്ചിട്ടില്ല. ദീപിക ക്രിസ്ത്യൻ ഡയറക്ടറിയുടെ പ്രസി ദ്ധീകരണത്തിലും മേനാച്ചേരി നല്ല പങ്കു വഹിച്ചിട്ടുണ്ട്.

പള്ളിക്കലകളും മറ്റും (1984) കൊടുങ്ങല്ലൂർ സിറ്റി ഓഫ് സെന്റ് തോമസ് (1987) ഡൈവുൺണ്ടർബാറെ ജെകസ്തെ ഡെർ നസ്രാണീസ് ഒഡർ മല ബാർ ക്രിസ്ത്യൻ വോൺ ഹെയ്ലിഗൻ ടോമസ് (1994 ജർമ്മൻ ഭാഷയിൽ) കൊടുങ്ങല്ലൂർ ക്രാഡിൽ ഓഫ് ക്രിസ്ത്യാനിറ്റി ഇൻ ഇന്ത്യ (2000) ഗ്ലീംപ്സസ് ഓഫ് നസ്രാണി ഹെറിറ്റേജ് (2005) പാതിരായ്ക്ക് ഒരു ഇറങ്ങിപ്പോക്ക് (2005) തുടങ്ങിയവ മേനാച്ചേരിയുടെ മറ്റു കൃതികളാണ്.

കേരളാഗവൺമെന്റ് ആർക്കിയോളജിക്കൽ അഡ്വൈസറി ബോർഡ് (1975

– 1982) കേരള ഹിസ്റ്ററി അസോസിയേഷൻ എക്സിക്യൂറ്റിവ് കമ്മിറ്റിയംഗം (1974 – 1984) കേരള സാഹിത്യ അക്കാദമി എക്സിക്യൂട്ടിവ് അംഗം (1982–1984) നാഷണൽ വൈസ് പ്രസിഡന്റ് ന്യൂമൻ അസോസിയേഷൻ ഓഫ് ഇന്ത്യ (1964–1972) കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് അംഗം (1980–1984) കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂറ്ററി ഫിനാൻസ് കമ്മിറ്റി അംഗം (1981–1985) തൃശൂർ അതിരൂപത പാസ്റ്ററൽ കൗൺസിൽ അംഗം (1978–2008) തൃശൂർ കലാസദൻ പ്രസിഡന്റ് (1985–1993) തൃശൂർ സഹൃദയ വേദി സ്ഥാപക മെമ്പർ, തൃശൂർ ക്രിസ്ത്യൻ കൾച്ചറൽ മ്യൂസിയം ക്യൂറേറ്റർ ഡയറക്ടർ (1980 മുതൽ) ന്യൂമിസ്മാറ്റിക് സൊസൈറ്റി ഓഫ് സൗത്ത് ഇന്ത്യ ലൈഫ് മെമ്പർ, ന്യൂമിസ്മാറ്റിക് സൊസൈറ്റി ഓഫ്  തമിഴ്നാട് മെമ്പർ, ചർച്ച് ഹിസ്റ്ററി അസോസിയേഷൻ ഓഫ് ഇന്ത്യ വൈസ് പ്രസിഡന്റ്, ലൈഫ് മെമ്പർ എൽ. എസ്. പി. എസ്സ്. എസ്സ്. ആയുർവ്വേദ കോയമ്പത്തൂർ, ഒല്ലൂർ ഐ. ഐ. റ്റി. ഫൗണ്ടിംങ് സമിതിയംഗം, ഡയോസിഷ്യൻ മീഢിയാ കമ്മീഷൻ ചെയർമാൻ, ആർച്ച് ഡയോസിഷ്യൻ ആർക്കൈവ്സ് കമ്മീഷൻ മെമ്പർ, പാലയൂർ ഡവലപ്പ്മെന്റ് കമ്മീഷൻ മെമ്പർ, പാലയൂർ മ്യൂസിയം തീർത്ഥാനട കേന്ദ്രം കമ്മിറ്റി മെമ്പർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്രിസ്ത്യൻ ചെയർ ഗവേണിംഗ് ബോഡി അംഗം, കേരള ഹിസ്റ്റോറിക്കൽ റിസർച്ച് സൊസൈറ്റി ഫൗണ്ടർ പ്രസിഡന്റ്, സെൻസസ് ബോർഡ് പ്രസീദ്ധീകരണ വിഭാഗം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം എന്നിങ്ങനെ വിവിധ നിലകളിൽ മേനാച്ചേരി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

കേരളത്തിലും കേരളത്തിനു വെളിയിലും ഇന്ത്യയ്ക്കു വെളിയിലുംവെച്ച് നടത്തപ്പെട്ട നിരവധി സെമിനാറുകളിൽ മേനാച്ചേരി പങ്കെടുത്തിട്ടുണ്ട്. ഇന്നത്തെ ഇന്ത്യയിലെ സഭാ റീജിയണൽ സെമിനാർ (1968) ചർച്ച് ഇൻ ഇന്ത്യ നാഷണൽ സെമിനാർ ബാഗ്ലൂർ (1969) പാക്സ്റൊമാന, അമേരിക്കൻ നാഷണൽ ഡയറക്ടേഴ്സ് ന്യൂയോർക്ക് (1972) യു. എസ്. കാത്തലിക് കൗൺസിൽ, എസ്. പെറ്റീഷണർ – ഒബ്സർവർ അറ്റ്ലാന്റാ, യു. എസ്. എ. (1972) ന്യൂയോർക്ക് സെമിനാർ ഓൺ ഏർളി ക്രിസ്ത്യാനിറ്റി (2005) വേൾഡ് കോൺഫ്രൻസ് ഓൺ ഫൈവ് ഡയമൻഷനൽ പെയിന്റിംഗ് റോം (1978) തുടങ്ങി നിരവധി സമ്മേളനങ്ങളിൽ അദ്ദേഹം പ്രബന്ധം അവതരിപ്പിക്കുകയോ അദ്ധ്യക്ഷത വഹിക്കുകയോ ചെയ്തിട്ടുണ്ട്.

ചരിത്രം, സംസ്ക്കാരം, കലകൾ, കലാവസ്തുക്കൾ, വാസ്തുശില്പം ഇവയുമായി ബന്ധപ്പെട്ട ഇരുപതിനായിരത്തിലേറെ ഫോട്ടോകൾ എടുക്കുകയോ, എടുപ്പിക്കുകയോ ചെയ്തിട്ടുണ്ട്. അവയിൽ 1300 ൽ ഏറെ ഫോട്ടോകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.  ഇന്ത്യയുടെ ഒരു ചരിത്ര ഭാഷാ സംസ്ക്കാരിക അറ്റ്ലസ് ഉൾപ്പടെ നിരവധി മാപ്പുകളും ഗ്രാഫുകളും സകെച്ചുകളും നിർമ്മിച്ചിട്ടുണ്ട്.

ചെറുതും വലുതുമായ നൂറിലേറെ ബിബ്ളിയോഗ്രാഫികളും ടൈംലനുകളും ക്രോണോളജികളും നൂതനവും വ്യത്യസ്തവുമായ തോമാപീഢിയ ഇൻഡക്സുകൾ ഉൾപ്പടെ നിരവധി ഇൻഡക്സുകളും രൂപകല്പന ചെയ്ത്

നിർമ്മിച്ച് പ്രസിദ്ധീകരിച്ചു. 1992 മുതൽ കമ്പ്യൂട്ടറുകൾ ഉപയോഗിക്കാൻ തുടങ്ങി. 1998 മുതൽ നിരവധി വെബ്സൈറ്റുകൾ ഡിസൈൻ ചെയ്ത് ഹോസ്റ്റ് ചെയ്തിട്ടുണ്ട്.

പ്രിന്റ് ഇലക്ട്രോണിക് മീഡിയകൾക്കുപുറമെ തന്റെ ആശയങ്ങളും ആദർശങ്ങളും പ്രചരിപ്പിക്കുവാൻ 1966 മുതൽ അന്തർരാഷ്ട്ര ഭാഗഭാഗിത്തമുള്ള പുസ്ത പ്രദർശനങ്ങളും 1971 മുതൽ ഫോട്ടോഗ്രാഫുകളുടെ പ്രദർശനങ്ങളും 1977 മുതൽ ചരിത്ര സാംസ്ക്കാരിക– കലാ പ്രദർശനങ്ങളും നടത്തിപ്പോരുന്നു. വേൾഡ് ഓഫ് ബുക്സ് എക്സിബിഷനുകൾ, പനോരമ ഓഫ് ഇന്ത്യൻ ക്രിസ്ത്യാനിറ്റി എക്സിബിഷനുകൾ തുടങ്ങിയവ അതിൽ പ്രധാനങ്ങളാണ്. നിരവധി മ്യൂസിയങ്ങളുടെ കൺസൾട്ടന്റ് കൂടിയാണ് പ്രൊഫ. മേനാച്ചേരി.

ജോർജ്ജ് മേനാച്ചേരി കൈവയ്ക്കാത്തതായ ശാസ്ത്ര സാങ്കേതിക – സാംസ്ക്കാരിക – സാഹിത്യ രംഗങ്ങൾ ഏറെയില്ലെന്നു പറയാം. കൈവച്ചിടത്തെല്ലാം തന്റെ പാണ്ഡിത്യംകൊണ്ടും ലളിതവും വിനീതവുമായ പെരുമാറ്റരീതികൊണ്ടും മേധാശക്തികൊണ്ടും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ബൃഹത്തായ സേവനങ്ങൾ കണക്കിലെടുത്ത് നിരവധി അവാർഡുകൾ നൽകി ആദരിക്കപ്പെട്ടിട്ടുണ്ട്.

മേനാച്ചേരിയുടെ പ്രവർത്തനങ്ങളെ ആദരിച്ചുകൊണ്ട് നിരവധി സംഘടനകളും പ്രസ്ഥാനങ്ങളും വിവിധ സ്ഥലങ്ങളിലും രാജ്യങ്ങളിലും വെച്ച് ഉപഹാരങ്ങൾ നൽകിയിട്ടുണ്ട്.

വിലാസം – പ്രൊഫ. ജോർജ്ജ് മേനാച്ചേരി, ഒല്ലൂർ – 680 306

# നന്ദിയുടെ
# വസന്തകുസുമങ്ങൾ

പുസ്തകച്ചാറ് ഏറെ മോന്തി വളർന്ന്
അറിവിന്റെ ആഴക്കടലിൽ പവിഴപ്പുറ്റുകളും മുത്തുച്ചിപ്പികളും
വാരിക്കൂട്ടിയ പ്രൊഫ. ജോർജ്ജ് മേനാച്ചേരിയുടെ സപ്തതി
ചരിത്രപ്രേമികൾക്കും കലാകുതുകികൾക്കും വസന്തോത്സവം!

കേരള സഭാചരിത്രത്തിലും കലാസാംസ്ക്കാരിക പൈതൃകങ്ങ
ളിലും വാസ്തുശില്പത്തിലും പുരാവസ്തുസ്മാരകങ്ങളിലും
വിസ്മയംകൊണ്ട് വളർന്ന്, അവയെ ഉപരി സമ്പന്നമാക്കിയ
അപൂർവ്വപ്രതിഭാധനനായ പ്രൊഫ. മേനാച്ചേരിയുടെ സപ്തതി
സാമൂഹ്യ-സാംസ്ക്കാരികപ്രവർത്തകർക്ക് വസന്തോത്സവം!

ഏകനായും ഏകാഗ്രചിത്തനായും, നിരന്തരതപസ്യയിലൂടെ,
അദ്ദേഹം സമാർജ്ജിച്ച അറിവിന്റെ പത്തായപ്പുരയുടെ
മൂല്യം നിർണ്ണയിക്കുവാൻ കഴിവുള്ളവർ ആരുണ്ട്?

ഭിന്നശാഖകളിലെ തന്റെ അതിവിപുലജ്ഞാനശേഖരം
സമകാലികർക്കും വരുംതലമുറകൾക്കും ചോർത്തിക്കൊടുക്കു
വാൻ അദ്ദേഹം നടത്തിയ മഹാസംരംഭങ്ങൾക്കു
സാക്ഷികളായ നാമെല്ലാവരും എത്ര ഭാഗ്യവാന്മാർ!

പാലയൂരിൽ 2008-ലെ മഹാതീർത്ഥാനടസമാപനവേദിയിൽ
പതിനാറാം ബനഡിക്ട് മാർപാപ്പയുടെ ഉന്നതാംഗീകാരമായ
**ഷെവലിയർ** പദവി ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്
പ്രൊഫ. മേനാച്ചേരിക്ക് സമർപ്പിക്കുന്നതിനു
സാക്ഷികളായ നാമെല്ലാവരും എത്ര ഭാഗ്യവാന്മാർ!

പ്രൊഫ. മേനാച്ചേരിയുടെ സപ്തതി സമാഘോഷിക്കുവാൻ
സുഹൃദ്സമിതി സജ്ജമാക്കിയ ബഹുവിധപരിപാടികളിൽ
ഒന്നുമാത്രമാണ് ഈ *എഴുപതു വസന്തങ്ങൾ.*
ഷെവലിയർ സ്ഥാനലബ്ദിയോടെ വർദ്ധിതപ്രശസ്തനായിരിക്കുന്ന
അദ്ദേഹത്തിന്റെ സപ്തതിസ്മരണിക ഇത്ര കൊച്ചായിപ്പോയതിൽ
അനല്പമായ ദു:ഖമുണ്ട് സംഘാടകർക്ക്.
പ്രൊഫ. മേനാച്ചേരിയുമായി വിവിധ തലങ്ങളിൽ ബന്ധപ്പെട്ടിട്ടുള്ള
ഏതാനും സജ്ജനങ്ങൾ സഹർഷം നൽകിയ ലഘുലേഖനങ്ങളും
അദ്ദേഹത്തിന്റെ ലഘുജീവചരിത്രവും ഏതാനും ചിത്രങ്ങളും
മാത്രമേ ഇതിൽ ഉൾപ്പെടുത്തുവാൻ ഞങ്ങൾ ശ്രമിച്ചിട്ടുള്ളൂ.

ജീവിതത്തികവിന്റെ ആഘോഷമായ
ഈ സപ്തതിസ്മരണികയുടെ നിർമ്മിതിയിൽ
പല വിധത്തിൽ സഹകരിച്ചിട്ടുള്ളവർ അനേകരാണ്.
അവരോരോരുത്തരോടും ഒന്നേ ഞങ്ങൾക്കു പറയാനുള്ളൂ: നന്ദി!
നന്ദി!!

എഴുപതു ദിനങ്ങളുടെ പരിമിതിയിൽ ഉയർന്ന
ഈ വസന്തോത്സവപന്തലിൽ, എത്താൻ വൈകിയതിനാൽ,
ഇടം കിട്ടാത്തവരോട് ഒന്നേ പറയാനുള്ളൂ:
സദയം ക്ഷമിക്കണേ!
സഹകരിച്ചവർക്കെല്ലാം ഒന്നേ ഞങ്ങൾക്കു നൽകാനുള്ളൂ:
സ്നേഹത്തിന്റെ തങ്കനൂലിൽ കൊരുത്ത
നന്ദിയുടെ വസന്തകുസുമങ്ങൾ!

**ബ്രദർ ലൂയിസ് മഞ്ഞളി** MMB
അസോസിയേറ്റ് എഡിറ്റർ



Saras, Pallinada, Ollur - 680 306
Ph : 0487 - 2352468. Mob : 984603371
Email : kunjethy@gmail.com
www.indianchristianity.com, www.menachery.org